أصول العقيدة

ഇസ്‌ലാമിക വിശ്വാസം

തൗഹീദ് (ഏകദൈവ വിശ്വാസം)

അല്ലാഹുവിനുമാത്രം നിർബന്ധവും, അനിവാര്യവുമായിട്ടുള്ള ആരാധനാകർമ്മങ്ങളിൽ അവനെ ഏകനാക്കുക എന്നതാണ് തൗഹീദ്. അല്ലാഹുപറയുന്നു:

﴿ وَمَا خَلَقْتُ الْجِنَّ وَالإِنْسَ إِلاَّ لِيَعْبُدُونِ ﴾ (الذاريات:٥٦)

എന്നെമാത്രം ആരാധിക്കാൻ വേണ്ടിയല്ലാതെ, ജിന്നിനെയും മനുഷ്യനെയും ഞാൻ സൃഷ്ടിച്ചിട്ടില്ല.(അദ്ദാരിയാത്-56)

﴿ وَاعْبُدُوا اللَّهَ وَلاَ تُشْرِكُوا بِهِ شَيْئًا ﴾ (النساء:٣٦)

നിങ്ങൾ അല്ലാഹുവെ ആരാധിക്കുകയും, അവനോട് യാതൊന്നിനെയും പങ്കു ചേർക്കാതിരിക്കുകയും ചെയ്യുക. (അന്നിസാഅ്-36)

തൗഹീദ് മൂന്നു ഇനങ്ങളുണ്ട്. രക്ഷാകർതൃത്വത്തിലുള്ള ഏകത്വം, ദിവ്യത്വത്തിലുള്ള ഏകത്വം, നാമവിശേഷണങ്ങളിലുള്ള ഏകത്വം.

1-രക്ഷാകർതൃത്വത്തിലുള്ള ഏകത്വം

ഈ പ്രപഞ്ചത്തിൻെറ സൃഷ്ടിപ്പ്, നിയന്ത്രണം, ഇവയിൽ അല്ലാഹുവിനെ ഏകനാക്കലാണ് ഇത്. അവൻ മാത്രമാകുന്നം ആകാശ ഭൂമികളുടെ പൂർണ്ണ ആധിപത്യമുള്ള അന്നദാതാവും ജീവിപ്പിക്കുന്നവനും മരിപ്പിക്കുന്നവനും. അല്ലാഹു പറയുന്നു:

﴿ هَلْ مِنْ خَالِقٍ غَيْرُ اللَّهِ يَرْزُقُكُمْ مِنَ السَّمَآءِ وَالأَرْضِ لآإِلَهَ إِلاَّ هُوَ ﴾ (فاطر:٣)

ആകാശത്തു നിന്നും ഭൂമിയിൽനിന്നും നിങ്ങൾക്ക് ഉപജീവനം നൽകാൻ അല്ലാഹുവല്ലാത്ത വല്ല സ്രഷ്ടാവുമുണ്ടോ? അവനല്ലാതെ യാതൊരു ദൈവവുമില്ല. (ഫാത്വിർ-3).

﴿ تَبَارَكَ الَّذِي بِيَدِهِ الْمُلْكُ وَهُوَ عَلَى كُلِّ شَيْءٍ قَدِيرٌ ﴾ (الملك:١)

ആധിപത്യം ഏതൊരുവൻെറ കയ്യിലാണോ, അവൻ അനുഗ്രഹ പൂർണ്ണനായിരിക്കുന്നു. അവൻ ഏതു കാര്യത്തിനും കഴിവുള്ളവനാകുന്നു (മുൽക്-1).

അവൻെറ ആധിപത്യം ഈ പ്രപഞ്ചത്തിലെ മുഴുവൻ വസ്തുക്കളെയും ചുഴുന്നു നിൽക്കുന്നതും, അവൻ ഉദ്ദേശിക്കുന്നതു പോലെ അവൻ കൈകാര്യം ചെയ്യുന്നതുമാകുന്നു.

നിയന്ത്രണത്തിലുള്ള അവൻെറ ഏകത്വം എന്നാൽ അതിലൊന്നും അവന്ന് യാതൊരു പങ്കുകാരുമില്ലാതെ അവൻ എല്ലാം നിയന്ത്രിക്കുന്നു എന്നതാണ്. അല്ലാഹു പറയുന്നു:

﴿ أَلاَ لَهُ الْخَلْقُ وَالأَمْرُ تَبَارَكَ اللَّهُ رَبُّ الْعَالَمِينَ ﴾ (الأعراف:٥٤)

അറിയുക, സൃഷ്ടിപ്പും ശാസനാധികാരവും അവന്നു തന്നെയാണ്. ലോകരക്ഷിതാവായ അല്ലാഹു മഹത്വപൂർണ്ണനായിരിക്കുന്നു (അഅ്റാഫ്-54).

മുഴുവൻ സൃഷ്ടികളെയും അവൻ മാത്രം നിയന്ത്രിക്കുന്നു.

തൗഹീദിൻെറ ഈ വശത്തെ ഒരു മനുഷ്യരും നിഷേധിച്ചിട്ടില്ല. നിഷേധിക്കുന്നവർ എന്നു പറയുന്ന ന്യൂനാൽ ന്യൂനപക്ഷം തന്നെ ബാഹ്യമായി അവരത് നിഷേധിക്കുന്നുണ്ടെങ്കിലും മനസ്സിൻെറ അടിത്തട്ടിൽ അവരും ആന്തരികമായി ഇതംഗീകരിക്കുന്നുണ്ട്. അല്ലാഹു പറയുന്നു:

﴿ وَجَحَدُوا بِهَا وَاسْتَيْقَنَتْهَا أَنْفُسُهُمْ ﴾ (النمل:١٤)

അവയെപ്പറ്റി അവരുടെ മനസ്സുകൾക്ക് ദൃഢമായ ബോധ്യം വന്നിട്ടും അവരതിനെ നിഷേധിച്ചു കളഞ്ഞു. [വി.ഖു. 27:14]

2-ദിവ്യത്വത്തിലുള്ള ഏകത്വം

എല്ലാ ആരാധനയിലും അല്ലാഹുവെ ഏകപ്പെടുത്തലാണ് ഇത്. മനുഷ്യന്‍ അല്ലാഹുവിന്‍െറ കൂടെ ആരാധനയിലോ, സാമീപ്യം തേടുന്നതിലോ യാതൊന്നിനെയും സ്വീകരിക്കരുത്. തൗഹീദിന്‍െറ ഈ വശമാണ് മനുഷ്യസൃഷ്ടിപ്പിന്‍െറ ലക്ഷ്യം. അല്ലാഹു പറയുന്നു:

﴿ وَمَا خَلَقْتُ الْجِنَّ وَالإِنْسَ إِلاَّ لِيَعْبُدُونِ ﴾ (الذاريات:٥٦)

എന്നെമാത്രം ആരാധിക്കാന്‍ വേണ്ടിയല്ലാതെ, ജിന്നിനെയും മനുഷ്യനെയും ഞാന്‍ സൃഷ്ടിച്ചിട്ടില്ല. (അദ്ദാരിയാത്-56)

ഇതിനു വേണ്ടിയാണ് പ്രവാചകരെ അല്ലാഹു നിയോഗിച്ചതും, വേദഗ്രന്ഥങ്ങള്‍ അവതരിപ്പിച്ചതും. അല്ലാഹു പറയുന്നു:

﴿وَمَآ أَرْسَلْنَا مِنْ قَبْلِكَ مِنْ رَسُولٍ إِلاَّ نُوحِي إِلَيْهِ أَنَّهُ لآ إِلَهَ إِلاَّ أَنَا فَاعْبُدُونِ ﴾ (الأنبياء:٢٥)

ഞാനല്ലാതെ യാതൊരു ദൈവവുമില്ല, അതിനാല്‍ എന്നെ നിങ്ങള്‍ ആരാധിക്കൂ എന്ന് ബോധനം നല്‍കിക്കൊണ്ടല്ലാതെ നിനക്ക് മുമ്പ് ഒരു ദൂതനെയും നാം അയച്ചിട്ടില്ല. [വി.ഖു. 21:25]

പ്രവാചകര്‍ അവരുടെ ജനങ്ങളെ ക്ഷണിച്ചപ്പോള്‍ ബഹുദൈവ വിശ്വാസികളായ ജനത നിരാകരിച്ചതും ഈ തൗഹീദ് തന്നെയായിരുന്നു.

﴿ قَالُوآ أَجِئْتَنَا لِنَعْبُدَ اللَّهَ وَحْدَهُ وَنَذَرَ مَا كَانَ يَعْبُدُ آبَاؤُنَا ﴾ (الأعراف:٧٠)

അവര്‍ പറഞ്ഞു; ഞങ്ങള്‍ അല്ലാഹുവെ മാത്രം ആരാധിക്കുവാനും, ഞങ്ങളുടെ പിതാക്കള്‍ ആരാധിച്ചിരുന്നതിനെ ഞങ്ങള്‍ വിട്ടുകളയുവാനും വേണ്ടിയാണോ നീ ഞങ്ങളുടെ അടുത്തു വന്നിരിക്കുന്നത്? [വി.ഖു. 7:70]

അതുകൊണ്ട് മനുഷ്യന്‍ തന്‍െറ ആരാധനകളൊന്നും തന്നെ അല്ലാഹു അല്ലാത്തവര്‍ക്ക് ചെയ്യരുത്. അവര്‍ ദൈവ സാമീപ്യം സിദ്ധിച്ച മലക്ക്, പ്രവാചകന്‍, സദ്‌വൃത്തനായ വലിയ്യ് പോലെയുള്ള സൃഷ്ടികള്‍ ആരുതന്നെ ആയിരുന്നാലും പാടില്ല. കാരണം, ആരാധനക്ക് അല്ലാഹുവിനു മാത്രമേ അര്‍ഹതയുള്ളൂ.

3-നാമവിശേഷണങ്ങളിലുള്ള ഏകത്വം

അല്ലാഹുവോ അവന്‍െറ പ്രവാചകനോ അല്ലാഹുവിനെ എന്തു പേര്‍ വിളിച്ചുവോ, എന്തു വിശേഷിപ്പിച്ചുവോ അത് വ്യാഖ്യാനങ്ങളോ, നിരാകരണമോ, രൂപസങ്കല്‍പമോ, സദൃശ്യപ്പെടുത്തലോ കൂടാതെ അവയെല്ലാം യാഥാര്‍ത്ഥ്യമാണെന്ന നിലക്ക് അല്ലാഹുവിന്‍െറ മഹത്വത്തിന് അനുയോജ്യമാം വിധം വിശ്വസിക്കലാണ് തൗഹീദിന്‍െറ ഈ വശം.

ഉദാ:-

1-അല്ലാഹുവിന്ന് അല്‍ഹയ്യു, അല്‍ഖയ്യൂം (എന്നെന്നും ജിവിച്ചിരിക്കുന്നവന്‍, എല്ലാം നിയന്ത്രിക്കുവന്‍) തുടങ്ങിയ പേരുകളുണ്ട്. അല്‍ഹയ്യ് എന്നത് അല്ലാഹുവിന്‍െറ ഒരുപേരാണെന്ന് നാം വിശ്വസിക്കണം. മുമ്പ് ഇല്ലായ്മയോ, ഇനിയൊരു നാശത്തിനോ വിധേയമാകാത്തവിധം എന്നെന്നുമുള്ള ജിവിതം എന്നതില്‍ നിന്നും ഉല്‍ഭൂതമാകുന്ന ഒരു പേരാണെന്ന് വിശ്വസിക്കല്‍ നിര്‍ബന്ധമാണ്. അസ്സമീഅ് (എല്ലാം കേള്‍ക്കുന്നവന്‍) എന്നൊരുപേരും അല്ലാഹുവിനുണ്ട്. അതും അല്ലാഹുവിന്‍െറ പേരാണെന്ന് നാം വിശ്വസിക്കണം, കേള്‍വി എന്നുള്ളത് അല്ലാഹുവിന്‍െറ വിശേഷണമാണെന്നും വിശ്വസിക്കണം. കാരണം, അവന്‍ കേള്‍ക്കുന്നുണ്ട്.

2-അല്ലാഹുപറയുന്നു:

﴿وَقَالَتِ الْيَهُودُ يَدُ اللَّهِ مَغْلُولَةٌ غُلَّتْ أَيْدِيهِمْ وَلُعِنُوا بِمَا قَالُوا بَلْ يَدَاهُ مَبْسُوطَتَانِ يُنْفِقُ كَيْفَ يَشَاءُ ﴾
(المائدة:٦٤)

അല്ലാഹുവിന്‍െറ കൈകള്‍ ബന്ധിക്കപ്പെട്ടിരിക്കുകയാണ് എന്ന് യഹൂദന്മാര്‍ പറഞ്ഞു. അവരുടെ കൈകള്‍ ബന്ധിതമാകട്ടെ- അവര്‍ ആ പറഞ്ഞ വാക്കുകാരണം അവര്‍ ശപിക്ക

പ്പെട്ടിരിക്കുന്നു. അല്ല, അവൻെറ ഇരുകൈകളും നിവർത്തപ്പെട്ടവയാകുന്നു. അവൻ എങ്ങനെ ഉദ്ദേശിക്കുന്നുവോ, അങ്ങനെ ചെലവഴിക്കുന്നു. (മാഇദ-64)

വളരെ വിശാലമായി കൊടുക്കുന്ന, നിവർത്തപ്പെട്ടവ എന്ന വിശേഷണത്തോടു കൂടിയ രണ്ടു കൈകൾ അല്ലാഹുവിനുണ്ടെന്ന് അവൻ തന്നെ സ്ഥിരപ്പെടുത്തിയിരിക്കുന്നു. ആയതിനാൽ അനുഗ്രഹങ്ങളാലും, ദാനങ്ങളാലും നിവർത്തപ്പെട്ട രണ്ടു കൈകൾ അല്ലാഹുവിനുണ്ടെന്ന് നാം വിശ്വസിക്കൽ നിർബന്ധമത്രെ. പക്ഷെ നമ്മുടെ മനസ്സിൻെറ ഭാവനയിലോ, വാക്കുകൾ കൊണ്ടോ ആ കൈകൾക്ക് സൃഷ്ടികളുടെ കൈകളുമായി സദൃശ്യമാക്കലോ, രൂപസാദൃശ്യം സങ്കൽപിക്കുവാനോ പാടില്ല. കാരണം അല്ലാഹു തന്നെ പറയുന്നു:

﴿ لَيْسَ كَمِثْلِهِ شَيْءٌ وَهُوَ السَّمِيعُ الْبَصِيرُ ﴾ (الشورى:١١)

അവനുതുല്യമായി യാതൊന്നുമില്ല. അവൻ എല്ലാം കാണുന്നവനും കേൾക്കുന്നവനും ആകുന്നു (അശ്ശൂറാ-11)

തൗഹീദിൻെറ ഈ വിഭാഗത്തിൻെറ രത്നച്ചുരുക്കം; അല്ലാഹുവോ അവൻെറ പ്രവാചകനോ സ്ഥിരപ്പെടുത്തിയത് നാം യാഥാർത്ഥ്യമായി സ്ഥിരപ്പെടുത്തുക. അതിൽ വ്യാഖ്യാനങ്ങളോ, നിരാകരണമോ, രൂപ സങ്കൽപമോ, സദൃശ്യപ്പെടുത്തലോ പാടില്ല.

ലാഇലാഹ ഇല്ലല്ലാഹ്; ആശയം

ലാഇലാഹ ഇല്ലല്ലാഹ് ആണ് മതത്തിൻെറ അടിത്തറ. ഇസ്ലാം മതത്തിൽ അതിന് മഹത്തായ സ്ഥാനമാണുള്ളത്. ഇസ്ലാമിൻെറ പഞ്ചസ്തംഭങ്ങളിൽ ഒന്നാമത്തെ സ്തംഭവും, വിശ്വാസത്തി (ഈമാനി) ൻെറ പരമോന്നത ശ്രേണിയുമാണത്. മനുഷ്യരുടെ എല്ലാ പ്രവർത്തനങ്ങളുടെയും സ്വീകാര്യത, ഈവാക്കു പറയുന്നതിലും തതനുസാരമുള്ള പ്രവർത്തനങ്ങളിലുമാണ് നിലനിൽക്കുന്നത്. യാതൊരു ആശയ വ്യതിയാനവും കൂടാതെ മനസ്സിലാക്കിയിരിക്കേണ്ട അതിൻെറ ശരിയായ അർത്ഥം;

യഥാർത്ഥ ആരാധനക്കർഹമായി ഒന്നും തന്നെയില്ല, അല്ലാഹു ഒഴികെ എന്നതാകുന്നു.

സ്രഷ്ടാവായി അല്ലാഹു അല്ലാതെ മറ്റാരുമില്ല, പുതിയ വസ്തുക്കൾ ഉണ്ടാക്കാൻ കഴിയുന്നവൻ അല്ലാഹു അല്ലാതെ മറ്റാരുമില്ല, ആസ്തിക്യമുള്ളവൻ അല്ലാഹു അല്ലാതെ മറ്റാരുമില്ല എന്നിവയൊന്നും ഇതിൻെറ പൂർണ്ണ അർത്ഥങ്ങളല്ല.

ഈ വാക്യത്തിന് രണ്ട് മുഖ്യഘടകങ്ങളുണ്ട്

1-*നിഷേധം:* لا إله എന്ന നമ്മുടെ വാക്കിലുള്ള **"യാതൊരു ആരാധ്യനുമില്ല"** എന്ന നിഷേധമാണത്. എല്ലാ വസ്തുക്കളുടെയും ആരാധ്യതയെ നിഷേധിക്കുന്നു എന്നർത്ഥം.

2-*സ്ഥിരീകരണം:* إلا الله **–അല്ലാഹു ഒഴികെ** എന്ന വാക്കിലൂടെയാണത്. ആരാധ്യത അല്ലാഹുവിന് മാത്രം, അവന്ന് യാതൊരു പങ്കുകാരുമില്ലെന്ന് സ്ഥിരീകരിക്കലാണത്.

അല്ലാഹുവിനെയല്ലാതെ ആരാധിക്കുവാൻ പാടില്ല. ആരാധനയുടെ ഏതൊരു രൂപവും അല്ലാഹുവല്ലാത്തവർക്ക് അർപ്പിക്കുവാൻ പാടില്ല. എല്ലാ പങ്കാളികളെയും നിഷേധിച്ചുകൊണ്ട്, അല്ലാഹുവിൻെറ ഏകത്വത്തെ സ്ഥിരീകരിച്ചു കൊണ്ടുള്ള ആശയം മനസ്സിലാക്കി ഒരാൾ ഈ വാക്ക് ഉച്ചരിക്കുകയും അതനുസരിച്ചു പ്രവർത്തിക്കുവാൻ തീരുമാനിക്കുകയും ചെയ്താൽ അയാൾ ഒരു യഥാർത്ഥ മുസ്ലിമായി. വിശ്വാസമില്ലാതെ പ്രവർത്തനങ്ങൾ മാത്രം ചെയ്താൽ അവൻ കപടവിശ്വാസിയായിത്തീരും. അതിനു വിപരീതമായി ബഹുദൈവ വിശ്വാസങ്ങൾ വച്ചു പുലർത്തുന്നവൻ -നാവുകൊണ്ട് ഈ വാക്യം ഉച്ചരിച്ചാലും ശരി- ബഹുദൈവ വിശ്വാസിയും, സത്യനിഷേധിയും ആയിത്തീരും.

ലാഇലാഹ ഇല്ലല്ലാഹ്; മഹത്വം:

ഈ വാക്യത്തിന് വലിയ മഹത്വങ്ങളും ആശയങ്ങളുമുണ്ട്. അവയിൽ പെട്ടതാണ്

<u>1-നരകത്തിൽ പ്രവേശിപ്പിക്കപ്പെട്ടവന് അതിലെ സ്ഥിരതാമസം തടയപ്പെടും.</u> നബിﷺ പറഞ്ഞു: **ഹൃദയത്തിൽ ഒരുഗോതമ്പു മണിയോളം നന്മയുണ്ടായിരിക്കെ ഒരാൾ ലാഇലാഹ ഇല്ലല്ലാഹ് പറഞ്ഞിട്ടുണ്ടെങ്കിൽ അവൻ നരകത്തിൽ നിന്നും പുറത്താക്കപ്പെടും. മനസ്സിൽ ഒരു അണുമണി**

യോളം നന്മയുള്ളവൻ ലാഇലാഹ ഇല്ലല്ലാഹ് പറഞ്ഞിട്ടുണ്ടെങ്കിൽ അവൻ നരകത്തിൽ നിന്നും പുറത്തു കടത്തപ്പെടും (ബുഖാരി- മുസ്‌ലിം.)

2-മനുഷ്യ സൃഷ്ടിപ്പിൻെറ ലക്ഷ്യം തന്നെ ഈവാക്യത്തിൻെറ ആശയമാണ്. അല്ലാഹു പറയുന്നു:

﴿ وَمَا خَلَقْتُ الْجِنَّ وَالإِنْسَ إلاَّ لِيَعْبُدُونِ ﴾ (الذاريات:٥٦)

എന്നെ ആരാധിക്കുവാൻ വേണ്ടിയല്ലാതെ ജിന്നിനെയും മനുഷ്യനെയും ഞാൻ സൃഷ്ടിച്ചിട്ടില്ല (ദാരിയാത്-56)

3-അതിന്നു വേണ്ടിയാണ് പ്രവാചകന്മാർ നിയോഗിതരായതും, വേദഗ്രന്ഥങ്ങൾ ഇറക്കപ്പെട്ടതും. അല്ലാഹു പറയുന്നു:

﴿ وَمَآ أَرْسَلْنَا مِنْ قَبْلِكَ مِنْ رَّسُولٍ إلاَّ نوُحِي إِلَيْهِ أَنَّهُ لآإِلَهَ إلاَّ أَنَا فَاعْبُدُونِ ﴾ (الأنبياء:٢٥)

ഞാനല്ലാതെ യാതൊരുദൈവവുമില്ല. അതിനാൽ എന്നെ നിങ്ങൾ ആരാധിക്കൂ എന്ന് ബോധനം നൽകിക്കൊണ്ടല്ലാതെ നിനക്കുമുമ്പ് ഒരുദൂതനെയും നാം അയച്ചിട്ടില്ല (21-25.)

4-മുഴുവൻ പ്രവാചകരുടെയും പ്രബോധനത്തിൻെറ സമാരംഭം അതായിരുന്നു. എല്ലാ പ്രവാചകരും അവരുടെ ജനങ്ങളോട് പറഞ്ഞത്;

{ يَا قَوْمِ اعْبُدُوا اللَّهَ مَالَكُمْ مِّنْ إِلَهٍ غَيْرُهُ ﴾ (الأعراف:٧٣)

എൻെറ ജനങ്ങളേ, നിങ്ങൾ അല്ലാഹുവിനെ ആരാധിക്കുവിൻ, അവനല്ലാതെ നിങ്ങൾക്ക് യാതൊരു ദൈവവുമില്ല (അഅ്റാഫ്- 73) എന്നതായിരുന്നു.

5-ദൈവസ്മരണയുടെ വാക്കുകളിൽ (ദിക്റുകളിൽ) ഏറ്റവും മഹത്തരമായ വാക്യവും അതുതന്നെ. നബിﷺ പറഞ്ഞു: **ഞാനും, എനിക്കു മുമ്പുള്ള പ്രവാചകരും പറഞ്ഞതിൽ ഏറ്റവും ശ്രേഷ്ഠമായ വചനം "ആരാധനക്കർഹനായി അല്ലാഹുവല്ലാതെ മറ്റൊന്നുമില്ല, അവന്ന് യാതൊരു പങ്കാളിയുമില്ല" എന്നതാകുന്നു** (മുവത്വഅ്- മാലിക്)

ലാഇലാഹ ഇല്ലല്ലാഹ്; നിബന്ധനകൾ

ഈ വാക്യം ഉച്ചരിക്കുന്നവൻ താഴെ പറയുന്ന ഏഴു ശർത്വുകൾ പാലിച്ചെങ്കിൽ മാത്രമേ അത് പൂർണ്ണാർത്ഥത്തിൽ ആകുകയുള്ളു.

1-അറിവ്: (العلم) :

നിഷേധ -സ്ഥിരീകരണങ്ങളോടു കൂടി അതു മനസ്സിലാക്കിയിരിക്കണം. അതിൻെറ തുടർ പ്രവർത്തനങ്ങളും അറിഞ്ഞിരിക്കണം. ഒരാൾ അല്ലാഹു മാത്രമേ ആരാധനക്ക് അർഹനായുള്ളു എന്നും അവനല്ലാത്തവർക്കുള്ള ആരാധനകളെല്ലാം നിഷ്ഫലമാണെന്നും മനസ്സിലാക്കുന്നു. ആ അറിവനുസരിച്ച് അവൻ പ്രവർത്തിക്കുകയും ചെയ്യുന്നു. എന്നാൽ അവൻ ഈ വാക്യത്തിൻെറ ആശയം മനസ്സിലാക്കിയവനായിത്തീരും. അല്ലാഹു പറയുന്നു:

﴿ فَاعْلَمْ أَنَّهُ لآإِلَهَ إلاَّ اللَّهُ ﴾ (محمد:١٩)

ആകയാൽ അല്ലാഹുവല്ലാതെ യാതൊരു ദൈവവുമില്ലെന്ന് നീ മനസ്സിലാക്കുക (47:19)

നബിﷺ പറഞ്ഞു: **ആരാധനക്കർഹനായി അല്ലാഹുവല്ലാതെ ആരുമില്ലെന്ന് മനസ്സിലാക്കിക്കൊണ്ട് ഒരാൾ മരിച്ചാൽ അവൻ സ്വർഗ്ഗത്തിൽ പ്രവേശിക്കും.** [മുസ്‌ലിം]

2-ദൃഢത: (اليقين) :

മാനസികമായ സംതൃപ്തിയോടും, നിശ്ചയ ദാർഢ്യത്തോടുംകൂടി അത് ഉച്ചരിക്കുക. ജിന്നുകളിലും മനുഷ്യരിലും ഉള്ള യാതൊരു പൈശാചിക ശക്തിക്കും ഒരു സംശയത്തിൻെറ കണികയിലൂടെയും കടന്നുവരാൻ പറ്റാത്ത രൂപത്തിൽ മനസ്സിലാക്കി ഉറച്ചു വിശ്വസിക്കണം. അല്ലാഹു പറയുന്നു:

﴿ إِنَّمَا الْمُؤْمِنُونَ الَّذِينَ آمَنُوا بِاللَّهِ وَرَسُولِهِ ثُمَّ لَمْ يَرْتَابُوا ﴾ (الحجرات:١٥)

അല്ലാഹുവിലും അവൻെറ ദൂതനിലും വിശ്വസിക്കുകയും, പിന്നീട് സംശയിക്കാതിരിക്കുകയും ചെയ്തവരാരോ, അവർ മാത്രമാകുന്നു സത്യവിശ്വാസികൾ (ഹുജറാത്-15.)

ആരാധനക്കു അർഹനായി അല്ലാഹുവല്ലാതെ മറ്റാരുമില്ലെന്നും, ഞാൻ (മുഹമ്മദ്നബി) അല്ലാഹുവിൻെറ ദൂതനാണെന്നും സംശയ ലേശമന്യെ സാക്ഷ്യം വഹിച്ചുകൊണ്ട്, ഒരു ദാസൻ അല്ലാഹുവിനെ കണ്ടുമുട്ടിയാൽ അവൻ സ്വർഗ്ഗത്തിൽ പ്രവേശിക്കാതിരിക്കില്ലെന്ന് നബിﷺപറഞ്ഞിരിക്കുന്നു.

3-സ്വീകാര്യത:(القبول) :

ഈ വാക്യം കൊണ്ട് ഉദ്ദേശിക്കപ്പെട്ട എല്ലാ കാര്യങ്ങളും മനസ്സാ വാചാ സ്വീകരിച്ചിരിക്കണം. എല്ലാദൈവിക വചനങ്ങളും മുഹമ്മദു നബി (സ) കൊണ്ടുവന്ന എല്ലാ കാര്യങ്ങളും ഒന്നൊഴിയാതെ സത്യമായംഗീകരിച്ചിരിക്കണം. അല്ലാഹു പറയുന്നു:

﴿ آمَنَ الرَّسُولُ بِمَا أُنْزِلَ إِلَيْهِ مِنْ رَبِّهِ وَالْمُؤْمِنُونَ كُلٌّ آمَنَ بِاللَّهِ وَمَلَئِكَتِهِ وَكُتُبِهِ وَرُسُلِهِ لاَ نُفَرِّقُ بَيْنَ أَحَدٍ مِّنْ رُّسُلِهِ وَقَالُوا سَمِعْنَا وَأَطَعْنَاغُفْرَانَكَ رَبَّنَا وَإِلَيْكَ الْمَصِيرُ ﴾ (البقرة:٢٨٥)

തൻെറ രക്ഷിതാവിങ്കൽ നിന്നും തനിക്ക് അവതരിപ്പിക്കപ്പെട്ടതിൽ റസൂൽ വിശ്വസിച്ചിരിക്കുന്നു. (അതിനെ തുടർന്ന്) സത്യവിശ്വാസികളും, അവരെല്ലാം അല്ലാഹുവിലും, അവൻെറ മലക്കുകളിലും, അവൻെറ വേദഗ്രന്ഥങ്ങളിലും, അവൻെറ ദൂതന്മാരിലും വിശ്വസിച്ചിരിക്കുന്നു. അവൻെറ ദൂതന്മാരിൽ ആർക്കുമിടയിൽ ഒരു വിവേചനവും ഞങ്ങൾ കൽപിക്കുന്നില്ല (എന്നതാണ് അവരുടെ നിലപാട്) അവർ പറയുകയും ചെയ്തു, ഞങ്ങളിതാ കേൾക്കുകയും അനുസരിക്കുകയും ചെയ്തിരിക്കുന്നു. ഞങ്ങളുടെ നാഥാ, ഞങ്ങളോട് പൊറുക്കേണമേ, നിന്നിലേക്കാകുന്നു (ഞങ്ങളുടെ) മടക്കം (അൽബഖറ-285.)

ഇസ്‌ലാമിലെ മതനിയമങ്ങളിൽ ഏതെങ്കിലും ഒന്നിനെ നിഷേധിച്ചാൽ അത് ഈ വാക്യത്തെ തിരസ്കരിക്കലാകും. ഇസ്‌ലാമിലെ അനന്തരാവകാശ നിയമങ്ങൾ, ബഹുഭാര്യത്വ നിയമം, വ്യഭിചാരം, കളവ് ഇവക്കുള്ള ശിക്ഷാനിയമങ്ങൾ എന്നിവയിൽ ഏതെങ്കിലും ഒന്ന് നിഷേധിക്കുന്നതു പോലെത്തന്നെ. അല്ലാഹു പറയുന്നു:

﴿وَمَا كَانَ لِمُؤْمِنٍ وَلاَ لِمُؤْمِنَةٍ إِذَا قَضَى اللَّهُ وَرَسُولُهُ أَمْرًا أَنْ يَكُونَ لَهُمُ الْخِيَرَةُ مِنْ أَمْرِهِمْ ﴾ (الأحزاب:٣٦)

അല്ലാഹുവും അവൻെറ റസൂലും ഒരുകാര്യത്തിൽ തീരുമാനമെടുത്തു കഴിഞ്ഞാൽ സത്യ വിശ്വാസിയായ ഒരുപുരുഷനാകട്ടെ സ്ത്രീയാകട്ടെ, തങ്ങളുടെ കാര്യത്തെ സംബന്ധിച്ച് സ്വതന്ത്രമായ അഭിപ്രായം ഉണ്ടായിരിക്കാവുന്നതല്ല (അൽഅഹ്സാബ്-36.)

4-കീഴ്പെടൽ: (الانقياد)

ഈ വാക്യം സൂചിപ്പിക്കുന്ന എല്ലാ കാര്യങ്ങൾക്കും കീഴ്പെട്ടിരിക്കണം. സ്വീകാര്യത വാക്കുകളിലൂടെ ആണെങ്കിൽ, കീഴ്പെടൽ പ്രവർത്തനത്തിലൂടെ ആയിരിക്കും. ഈ വാക്യത്തിൻെറ ആശയം പൂർണ്ണമായി മനസ്സിലാക്കി, അതു സ്വീകരിച്ചയാൾ അതനുസരിച്ചു പ്രവർത്തിക്കുന്നില്ലെങ്കിൽ അതവന്ന് യാതൊരു ഫലവും ചെയ്യില്ല. അല്ലാഹു പറയുന്നു:

﴿ وَأَنِيبُوا إِلَى رَبِّكُمْ وَأَسْلِمُوا لَهُ ﴾ (الزمر:٥٤)

നിങ്ങൾ നിങ്ങളുടെ രക്ഷിതാവിങ്കലേക്ക് താഴ്മയോടെ മടങ്ങുകയും, അവന്ന് കീഴ്പെടുകയും ചെയ്യുവീൻ (സുമർ-54).

﴿ فَلاَ وَرَبِّكَ لاَ يُؤْمِنُونَ حَتَّى يُحَكِّمُوكَ فِيمَا شَجَرَ بَيْنَهُمْ ثُمَّ لاَ يَجِدُوا فِي أَنْفُسِهِمْ حَرَجًا مِمَّا قَضَيْتَ وَيُسَلِّمُوا تَسْلِيمًا ﴾ (النساء:٦٥)

ഇല്ല, നിൻെറ രക്ഷിതാവിനെ തന്നെയാണെ സത്യം, അവർക്കിടയിൽ ഭിന്നതയുണ്ടായ കാര്യത്തിൽ അവർ നിന്നെ വിധികർത്താവാക്കുകയും, നീ വിധികൽപിച്ചതിനെപ്പറ്റി പിന്നീടവരുടെ മനസ്സുകളിൽ ഒരുവിഷമവും തോന്നാതിരിക്കുകയും, അതു പൂർണ്ണമായി സമ്മതിച്ച് അനുസരിക്കുകയും ചെയ്യുന്നതു വരെ അവർ വിശ്വാസികളാവുകയില്ല (4-65.)

5-സത്യസന്ധത: (الصدق)

ഈ വാക്യത്തിലുള്ള തൻെറ വിശ്വാസത്തിൽ സത്യവാനായിരിക്കണം. അല്ലാഹു പറയുന്നു:

﴿ يَآ أَيُّهَا الَّذِينَ آمَنُوا اتَّقُوا اللَّهَ وَكُونُوا مَعَ الصَّادِقِينَ ﴾ (التوبة:١١٩)

സത്യവിശ്വാസികളേ, നിങ്ങൾ അല്ലാഹുവെ സൂക്ഷിക്കുകയും, സത്യവാന്മാരുടെ കൂട്ടത്തിൽ ആയിരിക്കുകയും ചെയ്യുക (9:119)

നബി ﷺ പറഞ്ഞു: **ആരെങ്കിലും തൻെറ മനസ്സിൽ സത്യസന്ധമായി "ലാഇലാഹ ഇല്ലല്ലാഹ്" പറഞ്ഞാൽ അവൻ സ്വർഗ്ഗത്തിൽ പ്രവേശിക്കും** (അഹ്മദ്).

നാവുകൊണ്ട് ഉച്ചരിച്ച് മനസ്സു കൊണ്ട് തിരസ്കരിച്ചാൽ അതവനെ രക്ഷപ്പെടുത്തുകയില്ലെന്ന് മാത്രമല്ല, അവൻ കപടവിശ്വാസി (മുനാഫിഖു)കളുടെ ഗണത്തിൽ പെടുകയും ചെയ്യും. നബിയുടെ ചര്യയെ പൂർണ്ണമായോ, ഭാഗികമായോ കളവാക്കൽ ഈ വാക്യത്തിലുള്ള സത്യസന്ധതയുടെ വിപരീതമായിത്തീരും. കാരണം പ്രവാചകനെ അനുസരിക്കാൻ അല്ലാഹു നമ്മോട് കൽപിച്ചിരിക്കുന്നു. മാത്രമല്ല അല്ലാഹുവിനെ അനുസരിക്കാനുള്ള കൽപനയോട് ചേർത്താണ് പറഞ്ഞിട്ടുള്ളതും. അല്ലാഹു പറയുന്നു:

﴿ قُلْ أَطِيعُوا اللَّهَ وَأَطِيعُوا الرَّسُولَ ﴾ (النور:٥٤)

പറയുക, നിങ്ങൾ അല്ലാഹുവിനെ അനുസരിക്കുക, പ്രവാചകനെയും അനുസരിക്കുക (അന്നൂർ-54.)

6-നിഷ്കളങ്കത:(الإخلاص) :

ബഹുദൈവ വിശ്വാസത്തിൻെറ ചാഞ്ചല്യങ്ങൾ പോലുമേശാത്ത, സദ്വിചാരത്തോടെയുള്ള പ്രവർത്തന പരിശുദ്ധിയാണ് ഇതുകൊണ്ടുള്ള വിവക്ഷ. ഈവാക്യം പറയുന്നവൻെറ എല്ലാ വാക്കും പ്രവർത്തിയും ദൈവപ്രീതിക്കു വേണ്ടിയായിരിക്കണം. അതിൽ നാട്യത്തിനോ, പ്രശസ്തിക്കോ, ഭൗതിക നേട്ടത്തിനോ, വ്യക്തി താൽപര്യങ്ങൾക്കോ, രഹസ്യമോ പരസ്യമോ ആയ വികാരങ്ങൾക്കോ, ഏതെങ്കിലും വ്യക്തിയോടോ, ആദർശത്തോടോ, ദൈവികമല്ലാത്ത തത്വസംഹിതയോടോ ഉള്ള അനുരാഗാത്മക ഭ്രമത്തിനോ സ്ഥാനമില്ല. ദൈവപ്രീതിയും പരലോക മോക്ഷവും മാത്രമേ ലക്ഷ്യമായിട്ടുള്ളൂ. സ്രഷ്ടാവിൻെറ തൃപ്തിയല്ലാതെ സൃഷ്ടികളിൽ നിന്നും ഒരു പ്രതിഫലമോ, നന്ദിവാക്കോ അതിൽ പ്രതീക്ഷിക്കുന്നില്ല. അല്ലാഹു പറയുന്നു:

﴿ أَلَا لِلَّهِ الدِّينُ الْخَالِصُ ﴾ (الزمر:٣)

അറിയുക, അല്ലാഹുവിന്ന് മാത്രം അവകാശപ്പെട്ടതാകുന്നു നിഷ്കളങ്കമായ കീഴ്വണക്കം (സുമർ-3.)

﴿ وَمَا أُمِرُوا إِلَّا لِيَعْبُدُوا اللَّهَ مُخْلِصِينَ لَهُ الدِّينَ حُنَفَاءَ ﴾ (البينة:٥)

കീഴ്വണക്കം അല്ലാഹുവിന് മാത്രമാക്കിക്കൊണ്ട്, ഋജുമനസ്കരായ നിലയിൽ അവനെ ആരാധിക്കുവാനല്ലാതെ അവർ കൽപിക്കപ്പെട്ടിട്ടില്ല (ബയ്യിന-5.)

നബി ﷺ പറഞ്ഞു:

അല്ലാഹുവിൻെറ പ്രീതിമോഹിച്ചുകൊണ്ട് ലാഇലാഹ ഇല്ലല്ലാഹ് പറഞ്ഞവന് അല്ലാഹു നരകം നിഷിദ്ധമാക്കിയിരിക്കുന്നു (ബുഖാരി- മുസ്‌ലിം).

7-സ്നേഹം: (المحبة) :

ഈ വാക്യത്തെയും, അതിൻെറ ആശയത്തെയും സ്നേഹിക്കണം. അല്ലാഹുവിനെയും അവൻെറ റസൂലിനെയും മറ്റെല്ലാറ്റിനും ഉപരിയായി ഇഷ്ടപ്പെടണം. ബഹുമാനാദരവും, ഭയ-പ്രതീക്ഷാദികളോടെയും അല്ലാഹുവിനെ ഇഷ്ടപ്പെടുകയും അല്ലാഹു ഇഷ്ടപ്പെട്ട എല്ലാറ്റിനെയും സ്നേഹിക്കുകയും വേണം. മക്ക, മദീന, പള്ളികൾ, എന്നീ സ്ഥലങ്ങൾ, റമദാൻമാസം, ദുൽഹിജ്ജ മാസത്തിലെ ആദ്യത്തെ പത്തുദിവസങ്ങൾ എന്നീ കാലങ്ങൾ, ദൂതന്മാർ, പ്രവാചകന്മാർ, മലക്കുകൾ, സ്വഹാബികൾ, രക്തസാക്ഷികൾ, സദ്വൃത്തർ എന്നിവർ, നമസ്കാരം, സകാത്ത്, നോമ്പ്, ഹജ്ജ് എന്നീ പ്രവർത്തനങ്ങൾ, ഖുർആൻ പാരായണം, ദിക്റുകൾ എന്നീ വചനങ്ങൾ ഇവയൊക്കെയാണ് അല്ലാഹുവിന്ന് ഇഷ്ടപ്പെട്ടവ.

തൻെറ ദേഹേഛകളെക്കാൾ, അല്ലാഹുവിന്ന് ഇഷ്ടമുള്ള കാര്യങ്ങൾക്ക് മുൻഗണന നൽക പ്പെടണം. അല്ലാഹുവിന്ന് വെറുപ്പുള്ള കാര്യങ്ങളോട് വെറുപ്പ് പ്രകടിപ്പിക്കണം. സത്യനിഷേധത്തോ ടും, നിഷേധികളോടും, അധർമ്മത്തോടും വെറുപ്പുള്ളവനായിത്തീരണം. അല്ലാഹു പറയുന്നു:

﴿ يَآ أَيُّهَا الَّذِينَ آمَنُوا مَنْ يَرْتَدَّ مِنْكُمْ عَنْ دِينِهِ فَسَوْفَ يَأْتِي اللَّهُ بِقَوْمٍ يُحِبُّهُمْ وَيُحِبُّونَهُ أَذِلَّةٍ عَلَى الْمُؤْمِنِينَ أَعِزَّةٍ عَلَى الْكَافِرِينَ يُجَاهِدُونَ فِي سَبِيلِ اللَّهِ وَلَايَخَافُونَ لَوْمَةَ لَائِمٍ ﴾ (المائدة:٥٤)

സത്യവിശ്വാസികളേ, നിങ്ങൾ ആരെങ്കിലും തൻെറ മതത്തിൽ നിന്നും പിന്തിരിഞ്ഞു കളയു ന്നപക്ഷം അല്ലാഹു ഇഷ്ടപ്പെടുന്നവരും അല്ലാഹുവെ ഇഷ്ടപ്പെടുന്നവരുമായ മറ്റൊരു ജ നവിഭാഗത്തെ അല്ലാഹു പകരം കൊണ്ടുവരുന്നതാണ്. അവർ സത്യവിശ്വാസികളോട് വി നയം കാണിക്കുന്നവരും, സത്യനിഷേധികളോട് പ്രതാപം പ്രകടിപ്പിക്കുന്നവരുമായിരി ക്കും. അവർ അല്ലാഹുവിൻെറ മാർഗ്ഗത്തിൽ സമരത്തിലേർപ്പെടും. ഒരാക്ഷേപകൻെറ ആ ക്ഷേപവും അവർ ഭയപ്പെടുകയില്ല. (മാഇദ-54).

മുഹമ്മദുർ റസൂലുല്ലാഹി; ആശയം

മുഹമ്മദുനബിﷺ അല്ലാഹുവിൻെറ ദാസനും, മുഴുവൻ ജനങ്ങൾക്കുമുള്ള പ്രവാചകനും ആ ണെന്ന് ആന്തരികവും ബാഹ്യവുമായി അംഗീകരിക്കലാണ് അതിൻെറ ഉദ്ദേശ്യം. ആ വിശ്വാസമനു സരിച്ചു പ്രവർത്തിക്കുകയും വേണം. മതത്തിൽ നിയമമല്ലാത്ത ദൈവികാരാധന ഉപേക്ഷിക്കുക, അദ്ദേഹം കൽപിച്ച കാര്യങ്ങൾ ജീവിതത്തിൽ പകർത്തലും, അദ്ദേഹത്തെ അനുസരിക്കലും, അദ്ദേ ഹം വിരോധിച്ച കാര്യങ്ങളിൽ നിന്നും ഒഴിഞ്ഞു നിൽക്കലും ഈ ആശയത്തിൻെറ വിശദാംശങ്ങ ളിൽ പെടുന്നതാണ്.

മുഹമ്മദുൻ റസൂലുല്ലാഹി (മുഹമ്മദ് അല്ലാഹുവിൻെറ ദൂതനാകുന്നു) എന്ന സാക്ഷ്യവാക്യത്തിന് **<u>രണ്ടുമുഖ്യഘടകങ്ങൾ</u>** ഉണ്ട്. അദ്ദേഹം **<u>അല്ലാഹുവിൻെറ ദാസനും ദൂതനുമാണ്</u>** എന്നതാണ് ആ രണ്ടു ഘടകങ്ങൾ. നബിﷺ യെ അനർഹമായി പുകഴ്ത്തലും, വ്യക്തി പ്രശംസ നടത്തലും ഇതു ത ടയുന്നു. അദ്ദേഹം ഈ രണ്ടു ഘടകങ്ങൾ കൊണ്ടു തന്നെ സൃഷ്ടികളിൽ പരിപൂർണ്ണത നേടിയവ നാകുന്നു. അദ്ദേഹം അല്ലാഹുവിൻെറ അടിമയും, ആരാധകനുമാണ് എന്നാണതിൻെറ ആശയം. അദ്ദേഹം മറ്റു മനുഷ്യർ സൃഷ്ടിക്കപ്പെട്ട ധാതുവിൽ നിന്നും സൃഷ്ടിക്കപ്പെട്ടവനും, മറ്റു മനുഷ്യർ ക്കു സംഭവിക്കുന്ന എല്ലാകാര്യങ്ങളും സംഭവിക്കാവുന്ന ഒരു മനുഷ്യനുമാണെന്നു സാരം. അല്ലാഹു പറയുന്നു:

﴿ قُلْ إِنَّمَا أَنَا بَشَرٌ مِّثْلُكُمْ ﴾ (الكهف : ١١٠)

(നബിയേ) പറയുക, ഞാൻ നിങ്ങളെപ്പോലെയുള്ള ഒരുമനുഷ്യൻ മാത്രമാകുന്നു (18-110.)

﴿ اَلْحَمْدُ لِلَّهِ الَّذِي أَنْزَلَ عَلَى عَبْدِهِ الْكِتَابَ وَلَمْ يَجْعَلْ لَهُ عِوَجًا ﴾ (الكهف:١)

തൻെറ ദാസൻെറമേൽ വേദഗ്രന്ഥമവതരിപ്പിക്കുകയും, അതിന്നു യാതൊരു വക്രതയും വരുത്താതെ ചൊവ്വായ നിലയിൽ ആക്കുകയും ചെയ്ത അല്ലാഹുവിന് സ്തുതി (18-1.)

മുന്നറിയിപ്പുകാരനും, സന്തോഷവാർത്ത അറിയിക്കുന്നവനുമായി അല്ലാഹുവിൻെറ മാർഗ്ഗത്തി ലേക്കുള്ള പ്രബോധകനുമായി, മുഴുവൻ ജനങ്ങളിലേക്കും നിയോഗിക്കപ്പെട്ടവൻ എന്നാണ് റസൂ ൽ എന്നപദം കൊണ്ട് ഉദ്ദേശിക്കപ്പെടുന്നത്. (അദ്ദേഹം അല്ലാഹുവിൻെറ ദാസനും, ദൂതനുമാ ണെന്നുള്ള) ഈ രണ്ടു വിശേഷണങ്ങൾ ഉൾക്കൊള്ളുന്ന സാക്ഷ്യവാക്യം അദ്ദേഹത്തിൻെറ യഥാർ ത്ഥ പദവിയെ അംഗീകരിക്കുന്നു. ഒരുദാസൻ എന്നനിലവിട്ട് ജനങ്ങൾ അദ്ദേഹത്തെ ആരാധ്യനായി സങ്കൽപിക്കുന്നതിൽ നിന്നും അത് തടയുന്നു.

ഗുണം നൽകൽ, ദോഷത്തെ തടയൽ, കാര്യങ്ങൾ സാധിപ്പിക്കൽ പോലെയുള്ള, അല്ലാഹുവിനു മാത്രം കഴിയുന്ന, അവനോടു മാത്രം ചോദിക്കപ്പെടേണ്ടുന്ന കാര്യങ്ങൾ നബിﷺ യോട് ചോദിക്കാ ൻ പാടില്ലെന്നും ഈവാക്ക് അർത്ഥമാക്കുന്നു. മറ്റൊരു വിഭാഗം അദ്ദേഹത്തിൻെറ ദൗത്യം തന്നെ നി ഷേധിക്കുകയും, അദ്ദേഹത്തെ പിൻപറ്റുന്നതിൽ വീഴ്ച വരുത്തുകയും ചെയ്തിരിക്കുന്നു. അതും ഈ ആശയത്തിന്നു വിപരീതമാണ്.

ഈമാൻ കാര്യങ്ങൾ

മനുഷ്യ പ്രവർത്തനങ്ങളുടെയും വാക്കുകളുടെയും സാധുതയും, സ്വീകാര്യതയും നിലകൊള്ളുന്നത് ശരിയായ വിശ്വാസത്തിന്മേലാണ്. വിശ്വാസം പിഴച്ചുപോയാൽ അതിലൂടെ ഉടലെടുക്കുന്ന എല്ലാ പ്രവർത്തനങ്ങളും നിഷ്ഫലമായിത്തീരുമെന്നാണ് ഖുർആനും സുന്നത്തും പഠിപ്പിക്കുന്നത്. അല്ലാഹു പറയുന്നു:

﴿ وَمَنْ يَكْفُرْ بِالإِيمَانِ فَقَدْ حَبِطَ عَمَلُهُ وَهُوَ فِي الآخِرَةِ مِنَ الْخَاسِرِينَ ﴾ (المائدة:٥)

സത്യവിശ്വാസത്തെ ആരെങ്കിലും തള്ളിക്കളയുന്ന പക്ഷം അവൻെറ കർമ്മം നിഷ്ഫലമായിക്കഴിഞ്ഞു. പരലോകത്തിൽ അവൻ നഷ്ടം പറ്റിയവരുടെ കൂട്ടത്തിൽ ആകുകയും ചെയ്യും (മാഇദ:5)

﴿وَلَقَدْ أُوحِيَ إِلَيْكَ وَإِلَى الَّذِينَ مِنْ قَبْلِكَ لَئِنْ أَشْرَكْتَ لَيَحْبَطَنَّ عَمَلُكَ وَلَتَكُونَنَّ مِنَ الْخَاسِرِينَ﴾ (الزمر:٦٥)

തീർച്ചയായും നിനക്കും നിൻെറ മുമ്പുള്ളവർക്കും സന്ദേശം നൽകപ്പെട്ടിട്ടുള്ളത് ഇതത്രെ: (അല്ലാഹുവിന്) നീ പങ്കാളിയെ ചേർക്കുന്ന പക്ഷം തീർച്ചയായും നിൻെറ കർമ്മം നിഷ്ഫലമായിപ്പോകുകയും തീർച്ചയായും നീ നഷ്ടക്കാരുടെ കൂട്ടത്തിൽ ആകുകയും ചെയ്യും. (സുമർ-65.)

ഇസ്‌ലാമിക വിശ്വാസ സംഹിത, അല്ലാഹുവിലും അവൻെറ മലക്കുകളിലും, വേദഗ്രന്ഥങ്ങളിലും, പ്രവാചകരിലും അന്ത്യദിനത്തിലും, വിധിയിലും ഉള്ള വിശ്വാസത്തിൽ നിന്നാണ് ഉദ്ഭൂതമാകുന്നത്. ഈ ആറു കാര്യങ്ങളാണ് ഇസ്‌ലാമിക വിശ്വാസത്തിൻെറ ആണിക്കല്ല്. അതു പഠിപ്പിക്കാനാണ് പരിശുദ്ധഖുർആൻ അവതീർണമായത്. അതിനുവേണ്ടി തന്നെയാണ് മുഹമ്മദ് നബി ﷺ പ്രവാചകനായി നിയമിതനായതും.

1-അല്ലാഹുവിലുള്ള വിശ്വാസം:

ആരാധനക്ക് അർഹതയുള്ളവൻ അല്ലാഹു മാത്രമേയുള്ളു എന്നതാണ് അല്ലാഹുവിലുള്ള വിശ്വാസത്തിൻെറ സത്ത. കാരണം അവനാണ് എല്ലാ സൃഷ്ടികളുടെയും സ്രഷ്ടാവും, അന്ന ദാതാവും. അവൻ തന്നെയാണ് അവരുടെ രഹസ്യ പരസ്യങ്ങൾ അറിയുന്നവനും, സച്ചരിതർക്ക് പ്രതിഫലവും, ധിക്കാരികൾക്ക് ശിക്ഷയും നൽകാൻ കഴിവുള്ളവനും. ഈ ആരാധനക്കു വേണ്ടിയാണ് അല്ലാഹു ജിന്നുകളെയും മനുഷ്യരെയും സൃഷ്ടിച്ചിട്ടുള്ളത്. അല്ലാഹു പറയുന്നു:

﴿وَمَا خَلَقْتُ الْجِنَّ وَالإِنْسَ إِلاَّ لِيَعْبُدُونِ مَا أُرِيدُ مِنْهُمْ مِنْ رِزْقٍ وَمَا أُرِيدُ أَنْ يُطْعِمُونَ إِنَّ اللَّهَ هُوَ الرَّزَّاقُ ذُو الْقُوَّةِ الْمَتِينُ﴾ (الذاريات:٥٦-٥٨)

ജിന്നുകളെയും മനുഷ്യരെയും എന്നെ മാത്രം ആരാധിക്കുവാൻ വേണ്ടിയല്ലാതെ ഞാൻ സൃഷ്ടിച്ചിട്ടില്ല. ഞാൻ അവരിൽ നിന്നും ഉപജീവനമൊന്നും ആഗ്രഹിക്കുന്നില്ല. അവർ എനിക്കു ഭക്ഷണം നൽകണമെന്നും ഞാൻ ആഗ്രഹിക്കുന്നില്ല. തീർച്ചയായും അല്ലാഹു തന്നെയാണ് ഉപജീവനം നൽകുന്നവനും, ശക്തനും പ്രബലനും (51-56-58).

ഇക്കാര്യം പ്രഖ്യാപിക്കുവാനാണ് അല്ലാഹു പ്രവാചകന്മാരെ നിയോഗിച്ചതും വേദഗ്രന്ഥങ്ങൾ ഇറക്കിയതുമെന്ന് അല്ലാഹു പറയുന്നു.

﴿ وَلَقَدْ بَعَثْنَا فِي كُلِّ أُمَّةٍ رَسُولاً أَنِ اعْبُدُوا اللَّهَ وَاجْتَنِبُوا الطَّاغُوتَ ﴾ (النحل:٣٦)

തീർച്ചയായും ഓരോ സമുദായത്തിലും നാം ദൂതനെ നിയോഗിച്ചിട്ടുണ്ട്. നിങ്ങൾ അല്ലാഹുവെ ആരാധിക്കുകയും ദുർമൂർത്തികളെ വെടിയുകയും ചെയ്യണമെന്ന് (പ്രബോധനം ചെയ്യുന്നതിനു വേണ്ടി) (നഹ്ൽ-36).

ആരാധനാ കർമ്മങ്ങളായി ചെയ്യപ്പെടുന്ന എല്ലാകാര്യത്തിലും അല്ലാഹുവിനെ ഏകനാക്കുക എന്നതാണ് ഇതിൻെറ വിവക്ഷ. പ്രാർത്ഥന, നമസ്കാരം, നോമ്പ്, ശിക്ഷാ രക്ഷകളിലുള്ള ഭയവും പ്രത്യാശയും, മൃഗബലി, നേർച്ച തുടങ്ങിയ എല്ലാ ആരാധനകളും വിനയത്തോടും ഭവ്യതയോടും കൂ

ടി, അല്ലാഹുവോടുള്ള സ്നേഹ-ബഹുമാനാദര പുരസ്സരം സമർപിക്കുകയത്രെ അത്. ഖുർആനിന്റെ മുഖ്യ പ്രദിപാദ്യ വിഷയം ഈ അടിസ്ഥാന തത്വമാണ്. അല്ലാഹു പറയുന്നു:

﴿... فَاعْبُدِ اللَّهَ مُخْلِصًا لَهُ الدِّينَ أَلاَ لِلَّهِ الدِّينُ الْخَالِصُ ﴾ (الزمر:٢-٣)

അതിനാൽ കീഴ്വണക്കം അല്ലാഹുവിന് നിഷ്കളങ്കമാക്കിക്കൊണ്ട് അവനെ ആരാധിക്കുക. അല്ലാഹുവിനു മാത്രം അവകാശപ്പെട്ടതാകുന്നു നിഷ്കളങ്കമായ കീഴ്വണക്കം (39:3.)

﴿ وَقَضَى رَبُّكَ أَلاَّ تَعْبُدُوا إِلاَّ إِيَّاهُ ﴾ (الإسراء:٢٣)

തന്നെയല്ലാതെ നിങ്ങൾ ആരാധിക്കരുതെന്ന് നിന്റെ രക്ഷിതാവ് വിധിച്ചിരിക്കുന്നു (17:23).

﴿ فَادْعُوا اللَّهَ مُخْلِصِينَ لَهُ الدِّينَ وَلَوْ كَرِهَ الْكَافِرُونَ ﴾ (المؤمن:١٤)

അതിനാൽ കീഴ്വണക്കം അല്ലാഹുവിന് നിഷ്കളങ്കമാക്കിക്കൊണ്ട് അവനോട് നിങ്ങൾ പ്രാർത്ഥിക്കുക. അവിശ്വാസികൾക്ക് അനിഷ്ടമായാലും ശരി (മുഅ്മിൻ-14).

ഇസ്ലാംകാര്യങ്ങൾ എന്നപേരിൽ അറിയപ്പെടുന്ന അഞ്ചു നിർബന്ധ കാര്യങ്ങളിലും, പരിശുദ്ധ ശരീഅത്ത് നിർബന്ധമാക്കിയിട്ടുള്ള മറ്റുകാര്യങ്ങളിലും വിശ്വാസം നിർബന്ധമാണ്. ഇതിലെ മുഖ്യസ്തംഭം "ലാഇലാഹ ഇല്ലല്ലാഹ്, മുഹെമ്മദുൻ റസൂലുല്ലാഹി" എന്ന സാക്ഷ്യ വാക്യമാണ്. ഥാഴെ പറയുന്ന കാര്യങ്ങൾ അല്ലാഹുവിലുള്ള വിശ്വാസത്തിൽ പെട്ടതാണ്. അല്ലാഹു ലോകസ്രഷ്ടാവാണ്, അവൻ എല്ലാ കാര്യങ്ങളും നിയന്ത്രിക്കുന്നവനാണ്, അവന്റെ കഴിവും ഇച്ഛയുമനുസരിച്ചേ ലോകത്ത് എന്തുകാര്യവും നടക്കുകയുള്ളു. അവൻ ഇഹത്തിന്റെയും പരത്തിന്റെയും ഉടമസ്ഥനാണ്. അഖില പ്രപഞ്ചനാഥനാണ്. അവനൊഴികെ ഒരു സ്രഷ്ടാവോ, രക്ഷിതാവോ ഇല്ല. ജനങ്ങൾക്ക് ഇഹപര സൗഖ്യത്തിന്റെ മാർഗ്ഗം കാണിച്ചു കൊടുക്കാനും, അതിലേക്ക് അവരെ ക്ഷണിക്കുവാനും പ്രവാചകന്മാരെ നിയോഗിച്ചവനും, വേദഗ്രന്ഥങ്ങൾ ഇറക്കിയവനും അവനാകുന്നു. അവൻ പരമപരിശുദ്ധനത്രെ. ഇക്കാര്യത്തിലൊന്നും തന്നെ അവന് യാതൊരു പങ്കുകാരുമില്ല. അല്ലാഹു പറയുന്നു:

﴿ اللَّهُ خَالِقُ كُلِّ شَيْءٍ وَهُوَ عَلَى كُلِّ شَيْءٍ قَدِيرٌ ﴾ (الزمر:٦٢)

അല്ലാഹു എല്ലാവസ്തുക്കളുടെയും സ്രഷ്ടാവാകുന്നു. അവൻ എല്ലാ വസ്തുക്കളുടെ മേലും കൈകാര്യ കർത്താവുമാകുന്നു (സുമർ-62).

അല്ലാഹുവിന്ന് ഉന്നതങ്ങളായ വിശേഷണങ്ങളും, ഉത്തമങ്ങളായ പേരുകളും ഉണ്ട്. ഖുർആനിലും നബിﷺയുടെ തിരുസുന്നത്തിലും സ്ഥിരപ്പെട്ടവയാണവ. ആ വിശേഷണങ്ങളും നാമങ്ങളും അങ്ങനെത്തന്നെ വിശേഷിപ്പിക്കലും അല്ലാഹുവിലുള്ള വിശ്വാസത്തിന്റെ ഭാഗമാണ്. അതിൽ നിരാകരണമോ, രൂപസങ്കൽപമോ, സാദൃശ്യപ്പെടുത്തലോ, വ്യാഖ്യാനങ്ങളോ പാടില്ല. അവയെല്ലാം അല്ലാഹുവിന്റെ മഹത്തായ വിശേഷണങ്ങളാണെന്ന ആശയത്തോടെ വിശ്വസിക്കുക. അവന്റെ സൃഷ്ടികളിൽപെട്ട യാതൊന്നിനോടും അവനെ സദൃശ്യപ്പെടുത്താത്ത വിധത്തിലേ അവനെ വിശേഷിപ്പിക്കാവൂ. അല്ലാഹു പറയുന്നു:

﴿ لَيْسَ كَمِثْلِهِ شَيْءٌ وَهُوَ السَّمِيعُ الْبَصِيرُ ﴾ (الشورى:١١)

അവനെപോലെ യാതൊരു വസ്തുവുമില്ല. അവൻ എല്ലാം കേൾക്കുന്നവനും കാണുന്നവനുമാകുന്നു (അശ്ശൂറാ-11).

2-മലക്കുകളിലുള്ള വിശ്വാസം:

അല്ലാഹുവിന്ന് മലക്കുകൾ എന്നു പേരുള്ള ഒരുവിഭാഗം സൃഷ്ടികളുണ്ട്. അവർ അവന്റെ കൽപന അനുസരിക്കാൻ മാത്രമായി സൃഷ്ടിക്കപ്പെട്ടവരാണ്. അവരുടെ ജോലികളുടെ അടിസ്ഥാനത്തിൽ പല വിഭാഗക്കാരുണ്ട്. അല്ലാഹുവിന്റെ സിംഹാസനം ചുമക്കാൻ ഏൽപിക്കപ്പെട്ടവർ, സ്വർഗ്ഗ നരകങ്ങളുടെ കാവൽക്കാർ, മനുഷ്യരുടെ മുഴുവൻ പ്രവർത്തനങ്ങളും രേഖപ്പെടുത്തുന്നവർ. . . . . .

അല്ലാഹുവും പ്രവാചകനും പേരെടുത്തു പറഞ്ഞ ജിബ്‌രീൽ, മീകാഈൽ, നരകത്തിൻെറ കാവൽക്കാരൻ മാലിക്, അന്ത്യനാളിൽ കാഹളം (സൂർ) മുഴക്കാൻ ഏൽപ്പിക്കപ്പെട്ട ഇസ്റാഫീൽ എന്നിവരിൽ പ്രത്യേകമായും പേരെടുത്തു പറയാത്തവരിലും മൊത്തത്തിൽ മുസ്ലിം വിശ്വസിക്കണം.

ആയിശഃ (റ) യിൽ നിന്നു നിവേദനം, നബിﷺ പറഞ്ഞു:

(خلقت الملائكة من نور وخلق الجان من مارج من نار وخلق آدم ممّا وُصِفَ لكم)

മലക്കുകൾ പ്രകാശത്താൽ സൃഷ്ടിക്കപ്പെട്ടവരാകുന്നു. ജിന്നുകൾ തിയ്യിൻെറ പുകയില്ലാത്ത ജ്വാലയാൽ സൃഷ്ടിക്കപ്പെട്ടവരാകുന്നു. ആദം (അ) നിങ്ങളോട് പറയപ്പെട്ടിട്ടുള്ള വസ്തുവി (കലം പോലെ മുട്ടിയാൽ മുഴക്കമുണ്ടാകുന്ന ഉണങ്ങിയ കളിമണ്ണി) ൽ നിന്നും സൃഷ്ടിക്കപ്പെട്ടു (മുസ്ലിം)

3-വേദഗ്രന്ഥങ്ങളിവുള്ള വിശ്വാസം:

അല്ലാഹു, അവൻെറ യഥാർത്ഥ മാർഗ്ഗം വിശദീകരിക്കുവാനും, ജനങ്ങളെ അതിലേക്ക് ക്ഷണിക്കുവാനും പ്രവാചകന്മാർക്ക് വേദഗ്രന്ഥങ്ങൾ ഇറക്കിക്കൊടുത്തിട്ടുണ്ട് എന്ന് മൊത്തത്തിൽ വിശ്വസിക്കണം. അല്ലാഹു പേരെടുത്തു പറഞ്ഞ തൗറാത്ത്, ഇൻജീൽ, സബൂർ, ഖുർആൻ എന്നിവയിൽ പ്രത്യേകമായും വിശ്വസിക്കണം. ഖുർആൻ അവയിൽ അവസാനത്തേതും വളരെ ശ്രേഷ്ഠമായതുമാണ്. ഖുർആൻ മുൻ വേദഗ്രന്ഥങ്ങളെ സത്യപ്പെടുത്തുന്നു.

ഖുർആനിനെയും, നബിﷺ യിൽ നിന്നും സ്ഥിരപ്പെട്ട ചര്യകളെയും പിന്തുടരലും, അതിൻെറ നിയമങ്ങളെ അനുസരിക്കലും എല്ലാ ജനസമൂഹത്തിനും നിർബന്ധമാണ്. കാരണം മുഹെമ്മദു നബിﷺയെ അല്ലാഹു മുഴുവൻ ജിന്നുകളിലേക്കും മനുഷ്യരിലേക്കുമാണ് നിയോഗിച്ചത്. അവർക്കിടയിൽ വിധികൽപ്പിക്കാൻ വേണ്ടിയാണ് ഖുർആൻ അവതരിപ്പിക്കപ്പെട്ടത്. മനസ്സിലുള്ളതിന് (രോഗങ്ങൾക്കും സംശയങ്ങൾക്കും) ശമനം നൽകുന്നതുമാണ്. എല്ലാ കാര്യങ്ങളുടെയും വിശദീകരണവും ലോകർക്കെല്ലാം സന്മാർഗ്ഗവും കാരുണ്യവുമാണ് ഖുർആൻ. അല്ലാഹു പറയുന്നു:

﴿ وَهَذَا كِتَابٌ أَنْزَلْنَاهُ مُبَارَكٌ فَاتَّبِعُوهُ لَعَلَّكُمْ تُرْحَمُونَ ﴾ (الأنعام:١٥٥)

ഇതാകട്ടെ നാം അവതരിപ്പിച്ച നന്മ നിറഞ്ഞ ഗ്രന്ഥമത്രെ. അതിനെ നിങ്ങൾ പിൻപറ്റുകയും സൂക്ഷ്മത പാലിക്കുകയും ചെയ്യുക. നിങ്ങൾക്കു കാരുണ്യം ലഭിച്ചേക്കാം (6-155).

﴿وَنَزَّلْنَا عَلَيْكَ الْكِتَابَ تِبْيَانًا لِكُلِّ شَيْءٍ وَّهُدًى وَّرَحْمَةً وَّبُشْرَى لِلْمُسْلِمِينَ ﴾ (النحل:٨٩)

എല്ലാ കാര്യത്തിനും വിശദീകരണമായിക്കൊണ്ടും, മാർഗ്ഗദർശനവും, കാരുണ്യവും, കീഴ്പെട്ടു ജീവിക്കുന്നവർക്ക് സന്തോഷ വാർത്തയുമായിക്കൊണ്ടുമാണ് നിനക്ക് നാം വേദഗ്രന്ഥം അവതരിപ്പിച്ചിരിക്കുന്നത് (അന്നഹ്ൽ-89.)

4-പ്രവാചകരിലുള്ള വിശ്വാസം:

സദ്പാന്ഥാവിലേക്ക് മനുഷ്യരെ ക്ഷണിക്കുന്നവരും, അവർക്കു സന്തോഷവാർത്ത അറിയിക്കുന്നവരും, താക്കീതുകാരുമായി അല്ലാഹു ദൂതന്മാരെ അയച്ചു. അവരെ സ്വീകരിച്ചവർക്ക് വിജയവും സൗഭാഗ്യവും ലഭിക്കും. അവരെ തിരസ്കരിച്ചവർക്ക് സങ്കടവും പരാജയവുമായിരിക്കും ലഭിക്കുക. അവരിൽ ശ്രേഷ്ഠനും അവസാനത്തെയാളും നമ്മുടെ നബി മുഹമ്മദ്ﷺ ആകുന്നു.
അല്ലാഹു പറയുന്നു:

﴿ وَلَقَدْ بَعَثْنَا فِي كُلِّ أُمَّةٍ رَّسُولاً أَنِاعْبُدُوا اللَّهَ وَاجْتَنِبُوا الطَّاغُوتَ ﴾ (النحل:٣٦)

തീർച്ചയായും നാം ഓരോ സമുദായത്തിലും ദൂതനെ നിയോഗിച്ചിട്ടുണ്ട്. നിങ്ങൾ അല്ലാഹുവെ ആരാധിക്കുകയും ദുർമൂർത്തികളെ വെടിയുകയും ചെയ്യണം എന്ന് (പ്രബോധനം ചെയ്യുന്നതിനു വേണ്ടി) (അന്നഹ്ൽ-36).

﴿مَا كَانَ مُحَمَّدٌ أَبَا أَحَدٍ مِّنْ رِّجَالِكُمْ وَلَكِنْ رَّسُولَ اللَّهِ وَخَاتَمُ النَّبِيِّينَ وَكَانَ اللَّهُ بِكُلِّ شَيْءٍ عَلِيمًا﴾
(الأحزاب:٤٠)

മുഹമ്മദ് നിങ്ങളുടെ പുരുഷരിൽ ഒരാളുടെയും പിതാവായിട്ടില്ല. പക്ഷെ അദ്ദേഹം അല്ലാഹുവിൻെറ ദൂതനും, പ്രവാചകരിൽ അവസാനത്തെ ആളുമാകുന്നു. അല്ലാഹു ഏതു കാര്യത്തെ പറ്റിയും അറിവുള്ളവനാകുന്നു (അഹ്സാബ്-40).
അല്ലാഹുവും പ്രവാചകനും പേരെടുത്തു പറഞ്ഞ നൂഹ്, ഇബ്റാഹീം, സ്വാലിഹ്... എന്നിവരിലും, പേരെടുത്തു പറയാത്തവരിലും നാം വിശ്വസിക്കണം.

5-പരലോകത്തിലുള്ള വിശ്വാസം:

മരണത്തിനു ശേഷം ഓരോരുത്തർക്കും ശിക്ഷാ രക്ഷകൾ ലഭിക്കും. ഖബ്റിൽവച്ചും ശിക്ഷാരക്ഷകൾ ലഭിക്കും. അന്ത്യദിനത്തിൽ വളരെ ഭീതിതമായ അവസ്ഥയുണ്ടാകും. അല്ലാഹുവിൻെറ മുമ്പിൽ ഹാജറാക്കപ്പെടുമ്പോൾ എല്ലാ പ്രവർത്തനങ്ങളുടെയും രേഖ അവൻെറ കയ്യിൽ നൽകപ്പെടും. വലതുകയ്യിൽ രേഖ ലഭിക്കുന്നവനുണ്ടാകും, പിൻഭാഗത്തുകൂടി ഇടതുകയ്യിൽ രേഖ ലഭിക്കുന്നവരും ഉണ്ടാകും. പ്രവർത്തനങ്ങൾ വിചാരണക്കു വിധേയമാകും. പ്രവർത്തനങ്ങൾ തൂക്കിക്കണക്കാക്കി ശിക്ഷാരക്ഷകൾ ലഭിക്കും. സ്വർഗ്ഗ നരകങ്ങൾക്കിടയിൽ സ്വിറാത് സ്ഥാപിക്കപ്പെടും. മുഹമ്മദു നബിﷺ ക്കു പ്രത്യേകമായി ഒരുഹൗള് (തടാകം) ഉണ്ടാകും. സ്വർഗ്ഗവും നരകവും ഉണ്ടാകും. സത്യവിശ്വാസികൾ അവരുടെ രക്ഷിതാവായ അല്ലാഹുവിനെ കാണും. അവൻ അവരോട് സംസാരിക്കും. ഇങ്ങനെ ഇവ്വിഷയകമായി ഖുർആനിലും സുന്നത്തിലും പറയപ്പെട്ട എല്ലാ കാര്യങ്ങളും വിശ്വസിക്കലും സത്യപ്പെടുത്തലും നിർബന്ധമാണ്.

6-വിധിയിലുള്ള വിശ്വാസം:

പ്രധാനമായും നാലുകാര്യങ്ങളാണ് ഈ വിശ്വാസത്തിൽ ഉൾപ്പെട്ടിരിക്കുന്നത്.

A-കഴിഞ്ഞുപോയതും വരാനിരിക്കുന്നതുമായ എല്ലാ കാര്യങ്ങളും അല്ലാഹുവിന്ന് അറിയാം. അവൻെറ സൃഷ്ടികളുടെ ഉപജീവനവും, ആയുഷ്കാലവും, പ്രവർത്തനങ്ങളും, മറ്റെല്ലാ സ്ഥിതി വിശേഷങ്ങളും അവന്ന് അജ്ഞാതമല്ല. അല്ലാഹു പറയുന്നു:

﴿...إِنَّ اللَّهَ بِكُلِّ شَيْءٍ عَلِيمٌ ﴾ (التوبة:١١٥)

തീർച്ചയായും അല്ലാഹു ഏതു കാര്യത്തെപ്പറ്റിയും അറിവുള്ളവനാകുന്നു (തൗബ-115).

B-അല്ലാഹുവിൻെറ വിധികൾ മുഴുവൻ അവൻ രേഖപ്പെടുത്തി വച്ചിരിക്കുന്നു. അല്ലാഹു പറയുന്നു:

﴿ وَكُلَّ شَيْءٍ أحْصَيْنَاهُ فِي إِمَامٍ مُّبِينٍ ﴾ (يس:١٢)

എല്ലാ കാര്യങ്ങളും വ്യക്തമായ ഒരു രേഖയിൽ നാം നിജപ്പെടുത്തി വച്ചിരിക്കുന്നു (36-12).

C-അല്ലാഹു ഉദ്ദേശിച്ചതു മാത്രമേ സംഭവിക്കുകയുള്ളു. അവൻ ഉദ്ദേശിക്കാത്ത ഒന്നും തന്നെ സംഭവിക്കുകയില്ല. അല്ലാഹുപറയുന്നു:

﴿ قَالَ كَذَٰلِكَ اللَّهُ يَفْعَلُ مَا يَشَاءُ ﴾ (آل عمران:٤٠)

അല്ലാഹു പറഞ്ഞു: അങ്ങനെ തന്നെയാകുന്നു അല്ലാഹു താനുദ്ദേശിക്കുന്നത് ചെയ്യുന്നു (ആലുഇംറാൻ-40.)

D-എല്ലാ ചരാചരങ്ങളെയും അല്ലാഹുവാണ് സൃഷ്ടിച്ചത്. മറ്റൊരു സ്രഷ്ടാവോ രക്ഷകർത്താവോ ഇല്ല തന്നെ. അല്ലാഹു പറയുന്നു:

﴿ الله خَالِقُ كُلِّ شَيْءٍ فَاعْبُدُوهُ وَهُوَ عَلَى كُلِّ شَيْءٍ وَكِيلٌ ﴾ (الأنعام:١٠٢)

എല്ലാ വസ്തുക്കളുടെയും സ്രഷ്ടാവാണവൻ, അതിനാൽ അവനെ നിങ്ങൾ ആരാധിക്കുക. അവൻ സകല കാര്യങ്ങളുടെയും കൈകാര്യക്കാരനാകുന്നു (ആൻആം-102).

മതപരിത്യാഗം

പലകാരണങ്ങളാൽ ഒരുമുസ്ലിം തൻെറ മതത്തിൽനിന്നും പുറത്താകും. അവയിൽ വളരെ പ്രധാനപ്പെട്ടവ പത്തുകാര്യങ്ങളാണ്.

1-അല്ലാഹുവിൽ പങ്കുചേർക്കൽ (ശിർക്ക്): അല്ലാഹു പറയുന്നു;

﴿إِنَّهُ مَنْ يُشْرِكْ بِاللَّهِ فَقَدْ حَرَّمَ اللَّهُ عَلَيْهِ الْجَنَّةَ وَمَأْوَاهُ النَّارُ وَمَالِلظَّالِمِينَ مِنْ أَنْصَارٍ﴾ (المائدة :٧٢)

അല്ലാഹുവോട് വല്ലവനും പങ്കുചേർക്കുന്ന പക്ഷം തീർച്ചയായും അല്ലാഹു അവന് സ്വർഗ്ഗം നിഷിദ്ധമാക്കുന്നതാണ്. നരകം അവൻെറ വാസസ്ഥലമായിരിക്കുകയും ചെയ്യും. അക്രമികൾക്ക് സഹായികളായി ആരും തന്നെയില്ല (അൽമാഇദ-72).

മരിച്ചവരെ വിളിച്ചു പ്രാർത്ഥിക്കലും, അവരോട് സഹായംതേടലും, അവർക്കുള്ള നേർച്ചയും ബലികർമ്മങ്ങളും ഈ ഗണത്തിൽപെടും.

2-അല്ലാഹുവിനും തനിക്കുമിടയിൽ മദ്ധ്യവർത്തികളെ സ്വീകരിക്കൽ. അവരോട് ശുപാർശക്കു വേണ്ടി ചോദിക്കലും, അവരിൽ തവക്കുൽചെയ്യ (ഭരമേൽപിക്ക) ലും.

3-ബഹുദൈവ വിശ്വാസികൾ കാഫിറാണെന്ന് വിശ്വസിക്കാതെ, അതിൽ സംശയം പ്രകടിപ്പിക്കുക, അല്ലെങ്കിൽ അവരുടെ മതവിശ്വാസവും ശരിയാണെന്ന് വാദിക്കുക.

4-മുഹമ്മദു നബിയുടെ മാർഗ്ഗദർശനത്തെക്കാൾ സമ്പൂർണ്ണമാണ് മറ്റു പലരുടെയും മാർഗ്ഗദർശനം എന്ന വിശ്വാസം. മറ്റുള്ളവരുടെ മതശാസനകളാണ് നബിﷺയുടെ വിധിയെക്കാൾ ഉത്തമമെന്ന വിശ്വാസം. അതായത് ഇസ്ലാമിക ശരീഅത്തിനെ (നിയമങ്ങളെ) ക്കാൾ ഉത്തമം മറ്റു ഭൗതിക നിയമങ്ങളാണെന്നും, അല്ലെങ്കിൽ ഇസ്ലാമിക നിയമങ്ങൾക്ക് കാലിക പ്രസക്തിയില്ലെന്നോ, മുസ്ലിംകളുടെ പിന്നോക്കാവസ്ഥക്കു കാരണം അതാണെന്നോ വിശ്വസിക്കൽ കുഫ്ർ (ദൈവനിഷേധം) ആകുന്നു. മതത്തെ ദൈവവും മനുഷ്യനും തമ്മിലുള്ള ഒരു സ്വകാര്യ ഏർപ്പാടാക്കി, പൊതുജീവിതത്തിൽ നിന്നും മാറ്റി നിറുത്തലും ഇതിൽപ്പെടും. മോഷ്ടാവിൻെറ കരഛേദവും, വിവാഹിതരായ വ്യഭിചാരികളെ എറിഞ്ഞു കൊല്ലലും പഴഞ്ചനും കാടത്തവുമാണെന്ന് വിശ്വസിക്കൽ, അല്ലാഹു നിഷിദ്ധമാക്കിയതിനെ അനുവദനീയമാക്കലും, ദൈവനിഷേധവുമാണ്.

5-മുഹെമ്മദുനബി കൊണ്ടുവന്ന ഏതെങ്കിലും ഒരുകാര്യത്തോട് വെറുപ്പും വിദ്വേഷവും പ്രകടിപ്പിക്കലും, മതകാര്യങ്ങൾ വെറുപ്പോടെ പ്രവർത്തിക്കലും. അല്ലാഹു പറയുന്നു:

﴿ ذَلِكَ بِأَنَّهُمْ كَرِهُوا مَا أَنْزَلَ اللَّهُ فَأَحْبَطَ أَعْمَالَهُمْ ﴾ (محمد:٩)

അതെന്തു കൊണ്ടെന്നാൽ അല്ലാഹു അവതരിപ്പിച്ചതിനെ അവർ വെറുത്തു കളഞ്ഞു. അപ്പോൾ അവരുടെ കർമ്മങ്ങളെ അല്ലാഹു നിഷ്ഫലമാക്കിത്തീർത്തു (മുഹമ്മദ്-9).

6-പ്രവാചകൻ ﷺ പഠിപ്പിച്ച മതത്തിലെ അധ്യാപനങ്ങളെയോ, ശിക്ഷാരക്ഷകളെയോ പരിഹസിക്കൽ. അല്ലാഹു പറയുന്നു:

﴿ قُلْ أَبِاللَّهِ وآياته وَرَسُولِهِ كُنْتُمْ تَسْتَهْزِءُونَ،لاَ تَعْتَذِرُوا قَدْ كَفَرْتُمْ بَعْدَ إِيمَانِكُمْ ﴾ (التوبة:٦٥-٦٦)

പറയുക, അല്ലാഹുവെയും അവൻെറ ദൃഷ്ടാന്തങ്ങളെയും, അവൻെറ ദൂതനെയുമാണോ നിങ്ങൾ പരിഹസിച്ചു കൊണ്ടിരിക്കുന്നത്? നിങ്ങൾ ഒഴികഴിവുകളൊന്നും പറയേണ്ട. വിശ്വസിച്ചതിനു ശേഷം നിങ്ങൾ അവിശ്വസിച്ചു കഴിഞ്ഞിരിക്കുന്നു (ഖു.9:65-66).

7-മാരണം: അതുചെയ്യലും അതുകൊണ്ട് തൃപ്തിയടയലും. അല്ലാഹു പറയുന്നു:

﴿ وَمَا يُعَلِّمَانِ مِنْ أَحَدٍ حَتَّى يَقُولاَ إِنَّمَا نَحْنُ فِتْنَةٌ فَلاَ تَكْفُرْ ﴾ (البقرة :١٠٢)

എന്നാൽ (ഹാറൂത്തും മാറൂത്തും) ഏതൊരാൾക്ക് പഠിപ്പിക്കുമ്പോഴും, ഞങ്ങളുടേത് ഒരു പരീക്ഷണം മാത്രമാകുന്നു, (ഇതുപയോഗിച്ച്) ദൈവനിഷേധത്തിൽ ഏർപ്പെടരുത് എന്ന് അവർ പറഞ്ഞു കൊടുക്കാതിരുന്നില്ല (അൽബഖറ-102).

8-മുസ്ലിംകൾക്കെതിരിൽ ബഹുദൈവാരാധകരെ സഹായിക്കൽ. അല്ലാഹു പറയുന്നു:

﴿ وَمَنْ يَتَوَلَّهُمْ مِّنْكُمْ فَإِنَّهُ مِنْهُمْ إِنَّ اللَّهَ لاَ يَهْدِي الْقَوْمَ الظَّالِمِينَ ﴾ (المائدة:٥١)

നിങ്ങളിൽ നിന്ന് ആരെങ്കിലും അവരെ മിത്രങ്ങളായി സ്വീകരിക്കുന്ന പക്ഷം അവനും അവരിൽ പെട്ടവൻ തന്നെയാണ്. അക്രമികളായ ആളുകളെ അല്ലാഹു നേർവഴിയിലാക്കുകയില്ല, തീർച്ച (മാഇദ-51).

9-മനുഷ്യരിൽ ചിലർക്ക് ഇസ്‌ലാമിക നിയമങ്ങളിൽ നിന്നും പുറത്തുപോകാൻ അവകാശമുണ്ടെന്ന വിശ്വാസം. അല്ലാഹു പറയുന്നു:

﴿ وَمَنْ يَبْتَغِ غَيْرَ الإِسْلَامِ دِينًا فَلَنْ يُقْبَلَ مِنْهُ وَهُوَ فِي الأَخِرَةِ مِنَ الْخَاسِرِينَ ﴾ (آل عمران:٨٥)

ഇസ്‌ലാം (ദൈവത്തിനുള്ള ആത്മാർപ്പണം) അല്ലാത്തതിനെ ആരെങ്കിലും മതമായി ആഗ്രഹിക്കുന്നപക്ഷം അത് അവനിൽ നിന്ന് ഒരിക്കലും സ്വീകരിക്കപ്പെടുന്നതല്ല. പരലോകത്തിൽ അവൻ നഷ്ടക്കാരിൽ പെട്ടവനുമായിരിക്കും (ആലുഇംറാൻ-85).

10-അല്ലാഹുവിൻെറ മതം പഠിക്കുന്നതിൽ നിന്നും അതനുസരിച്ചു പ്രവർത്തിക്കുന്നതിൽ നിന്നും പിന്തിരിയൽ. അല്ലാഹു പറയുന്നു:

﴿ وَمَنْ أَظْلَمُ مِمَّنْ ذُكِّرَ بِآيَاتِ رَبِّهِ ثُمَّ أَعْرَضَ عَنْهَآ إِنَّا مِنَ الْمُجْرِمِينَ مُنْتَقِمُونَ ﴾ (السجدة:٢٢)

തൻെറ രക്ഷിതാവിൻെറ ദൃഷ്ടാന്തങ്ങളെപ്പറ്റി ഉൽബോധനം നൽകപ്പെട്ടിട്ട് അവയിൽ നിന്ന് തിരിഞ്ഞു കളഞ്ഞവനെക്കാൾ അക്രമിയായി ആരുണ്ട്? തീർച്ചയായും അത്തരം കുറ്റവാളികളുടെ പേരിൽ നാം ശിക്ഷാനടപടി എടുക്കുന്നതാണ്. (സജദ-22).

മേൽ പറഞ്ഞവയിൽ തമാശയെന്നോ, കാര്യമെന്നോ വ്യത്യാസമില്ല. നിർബന്ധിതാവസ്ഥയിൽ ഇക്കാര്യങ്ങൾക്ക് വശംവദനായാൽ ഒഴികെ

أحكام الطهارة والصلاة

ശുദ്ധി, നമസ്കാരം

മാലിന്യവും ശുദ്ധീകരണവും

മഴ, സമുദ്രം എന്നിവ പോലെയുള്ളവയുടെ ജലമാണ് ശുദ്ധീകരണത്തിന് ഉപയോഗിക്കുക. ശുദ്ധീകരണത്തിനു പറ്റിയ ഉപയോഗിച്ച മറ്റു വെള്ളവും ഉപയോഗിക്കാം. ശുദ്ധിയായ ഒരു വസ്തു കലർന്നതാണെങ്കിലും വെള്ളം എന്ന അതിൻെറ പേര് അവശേഷിക്കുന്നുണ്ടെങ്കിൽ ആ വെള്ളവും ഉപയോഗിക്കാം. എന്നാൽ മാലിന്യം കലർന്ന ജലം ഉപയോഗയോഗ്യമല്ല. മാലിന്യം കലർന്നതിനാൽ വെള്ളത്തിൻെറ രുചി, വാസന, നിറം എന്നിവ മാറിയാലാണിത്. ഈ ഗുണങ്ങളൊന്നും മാറിയിട്ടില്ലെങ്കിൽ ആ ജലവും ഉപയോഗിക്കാം. നായ, പന്നി എന്നീ നജസായ ജീവികൾ അല്ലാത്ത ജീവികൾ കുടിച്ചതിൻെറ ബാക്കിയുള്ള പാത്രത്തിലെ വെള്ളവും ശുദ്ധീകരണത്തിന് ഉപയോഗിക്കാം.

ഒരു മുസ്‌ലിം നിർബന്ധമായും കഴുകി വൃത്തിയാക്കിയിരിക്കേണ്ടവയാണ് മാലിന്യങ്ങൾ എന്ന് പറയുന്നത്. രക്തം പോലെ കാണപ്പെടുന്നതാണ് മാലിന്യമെങ്കിൽ അത് നീങ്ങുവോളം വസ്ത്ര

വും ശരീരവും കഴുകൽ നിർബന്ധമാണ്. കഴുകിയിട്ടും നീക്കാൻ കഴിയാതെ അടയാളം അവശേഷിക്കുന്നുവെങ്കിൽ അതിൽ തെറ്റില്ല. മാലിന്യം കാണാൻ പറ്റാത്തതാണെങ്കിൽ ഒരു പ്രാവശ്യമെങ്കിലും കഴുകിയാൽ മതിയാകും.

നിലത്ത് മാലിന്യമായാൽ അവിടെ വെള്ളം ഒഴിച്ചാൽ ശുദ്ധമാകും. നിലത്തെ മാലിന്യം ദ്രവ രൂപത്തിലുള്ളതാണെങ്കിൽ അത് ഉണങ്ങുന്നതോടെ ശുദ്ധിയാകും. ഖര രൂപത്തിലുള്ളതാണെങ്കിൽ മാലിന്യം എടുത്തു നീക്കം ചെയ്താൽ മാത്രമേ ശുദ്ധമാകുകയുള്ളു.

നജസിന്റെ വിധികൾ

1-മാലിന്യമാണോ അല്ലയോ എന്ന് വ്യക്തമല്ലാത്ത ഒരുവസ്തു ശരീരത്തിലായാൽ അതിനെ കുറിച്ച് അന്വേഷിക്കലോ കഴുകലോ നിർബന്ധമില്ല.

2-ഒരാൾ നമസ്കാര ശേഷം തൻെറ വസ്ത്രത്തിലോ ശരീരത്തിലോ മാലിന്യം കാണുന്നു, നമസ്കാരത്തിനു മുമ്പ് അത് അറിഞ്ഞിരുന്നില്ല, അല്ലെങ്കിൽ അറിഞ്ഞിരുന്നു പിന്നീട് മറന്നു പോയി, എന്നാൽ അയാളുടെ നമസ്കാരം സ്വീകാര്യമാണ്.

3-മാലിന്യം വസ്ത്രത്തിലായ സ്ഥലം അറിയാതെ വന്നാൽ വസ്ത്രം മുഴുവൻ കഴുകൽ നിർബന്ധമാണ്.

4-മാലിന്യങ്ങൾ പലവിധമാണ്:

a-**മലം, മൂത്രം.**

b-**വദ്യ്.** മൂത്രത്തിൻെറ കൂടെ പുറത്തു വരുന്ന കട്ടിയുള്ള ദ്രാവകം.

c-**മദ്യ്.** (മദജലം) ലൈംഗിക ഉത്തേജന സമയത്ത് പുറപ്പെടുന്ന വെളുത്ത ദ്രാവകം.

ഈ മാലിന്യങ്ങൾ ശരീരത്തിലോ വസ്ത്രത്തിലോ ആയാൽ കഴുകൽ നിർബന്ധമാണ്. എന്നാൽ മനുഷ്യൻെറ ഇന്ദ്രിയം ശുദ്ധമാണ്. എന്നാലും ഇന്ദ്രിയം നനവോടെയാണെങ്കിൽ കഴുകലും ഉണങ്ങിയതാണെങ്കിൽ തിരുമ്പിക്കളയലും നല്ലതാണ്.

d-മാംസം ഭക്ഷ്യയോഗ്യമല്ലാത്ത ജീവികളുടെ മലവും മൂത്രവും നജസാണ്. മാംസം ഭക്ഷ്യയോഗ്യമായവയുടെ മലവും മൂത്രവും നജസല്ല.

മലമൂത്ര വിസർജ്ജനം

മലമൂത്ര വിസർജന സമയത്ത് താഴെ പറയുന്ന മര്യാദകൾ പാലിക്കണം.

1-വിസർജന സ്ഥലത്ത് പ്രവേശിക്കുമ്പാൾ ഇടതുകാൽ മുന്തിച്ചു കൊണ്ട്

بِسْمِ اللَّهِ،اَللَّهُمَّ إِنِّي أَعُوذُ بِكَ مِنَ الْخُبْثِ وَالْخَبَائِثِ

'ബിസ്മില്ലാഹി, അല്ലാഹുമ്മ ഇന്നീ അഊദുബിക മിനൽ ഖുബ്ഥി വൽ ഖബാഇഥി' എന്ന് പറയുക.

അർത്ഥം: അല്ലാഹുവിൻെറ പേരിൽ, അല്ലാഹുവേ എല്ലാ ചീത്തകളിൽ നിന്നും ഞാൻ നിന്നിൽ ശരണം തേടുന്നു.

പുറത്തു വരുമ്പോൾ വലതു കാൽ മുന്തിക്കുക,

غُفْرَانَكَ

ഗുഫ്റാനക

എന്ന് പറയുക.

അർത്ഥം: അല്ലാഹുവേ, എനിക്ക് പൊറുത്തു തരിക.

2-അല്ലാഹുവിൻെറ നാമം എഴുതപ്പെട്ട വസ്തുക്കൾ, നഷ്ടപ്പെട്ടേക്കുമെന്ന് ഭയമില്ലാത്തപ്പോൾ, കൂടെ കൊണ്ടുപോകാതിരിക്കുക.

3-തുറന്ന സ്ഥലങ്ങളിൽ ആയിരിക്കുമ്പോൾ ഖിബ്‌ലക്ക് മുന്നിട്ടോ പിന്നിട്ടോ ഇരിക്കരുത്.

4-ജനങ്ങളിൽ നിന്ന് നഗ്നത മറച്ചു ഇരിക്കുക. അതിൽ അശ്രദ്ധ പാടില്ല. നമസ്കാരത്തിൽ പുരുഷൻെറ നഗ്നത മുട്ടു പൊക്കിളിൻെറ ഇടയിലുള്ള ഭാഗവും സ്ത്രീയുടേത് മുഖവും മുൻകയ്യും ഒഴികെയുള്ള ഭാഗങ്ങളുമാകുന്നു.

5-മലം, മൂത്രം എന്നിവ ശരീരത്തിലോ വസ്ത്രത്തിലോ പുരളാതെ സൂക്ഷിക്കുക.

6-വിസർജനാനന്തരം വെള്ളം കൊണ്ട് ശുദ്ധിയാക്കുക. വെള്ളം ലഭ്യമല്ലെങ്കിൽ കല്ല്, കടലാസ് എന്നിവ ഉപയോഗിച്ച് നജസിൻെറ അടയാളം നീക്കം ചെയ്യുക. ശുചീകരണത്തിന് ഇടതു കൈ മാത്രം ഉപയോഗിക്കുക.

വുദു (അംഗശുദ്ധി)

വുദുവില്ലാതെ നമസ്കാരം സ്വീകാര്യമല്ല. നബി ﷺ പറഞ്ഞു:

((إنّ الله لا يقبل صلاة أحدكم إذا أحدث حتى يتوضّأ)) الترمذي وأبوداود

നിങ്ങളിൽ വുദ്വു ഇല്ലാത്തവൻെറ നമസ്കാരം അവൻ വുദ്വു എടുക്കും വരെ അല്ലാഹു സ്വീകരിക്കുകയില്ല. (തിർമിദി, അബൂദാവൂദ്.)

വുദുവിൽ ക്രമം പാലിക്കുക, തുടർച്ച എന്നിവയുണ്ടായിരിക്കണം. വെള്ളം ഉപയോഗിക്കുന്നതിൽ മിതത്വം പാലിക്കൽ സുന്നത്താണ്. **ഒരാൾ വുദൂവെടുക്കുന്നത് നബി ﷺ കാണാനിടയായി. അന്നേരം അദ്ദേഹം പറഞ്ഞു: നീ അമിതം ചെയ്യരുത്, നീ അമിതം ചെയ്യരുത്.**

വുദുവിന്റെ രൂപം

1-മനസ്സിൽ നിയ്യത്തു ചെയ്യണം. നിയ്യത്ത് നാവുകൊണ്ട് ഉച്ചരിക്കരുത്. ഒരു കാര്യം ചെയ്യുന്നു എന്ന് മനസ്സിൽ കരുതുന്നതിനാണ് നിയ്യത്ത് എന്ന് പറയുക. അനന്തരം **ബിസ്മില്ലാഹി** എന്ന് ചൊല്ലുക.

2-രണ്ടു കൈപ്പടങ്ങളും മൂന്നു പ്രാവശ്യം കഴുകുക.

3-മൂന്നു പ്രാവശ്യം വായിൽ വെള്ളം കൊള്ളുക, അതോടൊപ്പം മൂക്കിൽ വെള്ളം കയറ്റി ചീറ്റിക്കളയുക.

4-മുഖം മൂന്നു പ്രാവശ്യം കഴുകുക. ഒരു ചെവി മുതൽ മറു ചെവി വരെയും, തലയിൽ മുടി മുളക്കുന്ന സ്ഥലം മുതൽ താടിയുടെ അടിഭാഗം വരെയുമാണ് മുഖം.

5-രണ്ടു കൈകളും വിരലറ്റം മുതൽ കൈമുട്ടുൾപ്പെടെ മൂന്നു പ്രാവശ്യം കഴുകുക. വലതിനെ മുന്തിക്കുക.

6-തല ഒരു പ്രാവശ്യം തടവുക. കൈ വെള്ളം നനച്ചശേഷം തലയുടെ മുൻഭാഗത്തു നിന്ന് തുടങ്ങി പിരടി വരെ തടവുക, പിന്നീട് തുടങ്ങിയ സ്ഥാനത്തേക്ക് തന്നെ മടക്കുക.

7-ചെവി ഒരു പ്രാവശ്യം തടവുക. ചൂണ്ടുവിരൽ ചെവിക്കുള്ളിൽ വച്ചു പെരുവിരൽ കൊണ്ട് ചെവിയുടെ പുറഭാഗം തടവുക.

8-രണ്ടു കാലുകളും വിരലറ്റം മുതൽ നെരിയാണി ഉൾപ്പെടെ മൂന്നു വട്ടം കഴുകുക. വലതു കാൽ ആദ്യം, പിന്നീട് ഇടതു കാൽ.

9-വുദുവിനു ശേഷം

أَشْهَدُ أَن لاَ إِلَهَ إِلاَّ اللَّهُ وَحْدَهُ لاَ شَرِيكَ لَهُ وَأَشْهَدُ أَنَّ مُحَمَّدًا عَبْدُهُ وَرَسُولُهُ

എന്ന നബി ﷺ യിൽ നിന്നു സ്ഥിരപ്പെട്ട പ്രാർത്ഥന ചൊല്ലുക.

ഖുഫ്ഫയിൽ തടവൽ

കാലിൽ ധരിക്കുന്ന മേൽജോഡിയിൽ തടവാൻ ഇസ്ലാം അനുവാദം നൽകുന്നു. നബി ﷺയിൽ നിന്ന് അത് സ്ഥിരപ്പെട്ടിരിക്കുന്നു.

عن أبي جعفر بن عمرو أنه قال: ((رأيت رسول الله ﷺ يمسح على عمامته وخفيه)) البخاري

അബൂജഅ്ഫറുബ്നു അംറിൽ നിന്ന് നിവേദനം; **അദ്ദേഹം പറയുന്നു: നബി (സ്വ) തൻെറ തലപ്പാവിലും പാദരക്ഷയിലും തടവുന്നതായി ഞാൻ കണ്ടു.** (ബുഖാരി.)

وعن المغيرة بن شعبة قال:((بينا أنا مع رسول الله ﷺ ذات ليلة إذ نزل فقضى حاجته ثم جاء فصببت عليه من إداوة كانت معي فتوضّأ ومسح على خفيه)) مسلم

മുഗീറതുബ്നു ശുഅ്ബഃയിൽ നിന്ന് നിവേദനം, **ഒരു രാത്രി ഞാൻ നബി ﷺ യുടെ കൂടെ ആയിരിക്കെ അദ്ദേഹം മലമൂത്ര വിസർജനം കഴിഞ്ഞു വന്നു. എൻെറ കയ്യിലുണ്ടായിരുന്ന ഒരു പാത്രത്തിൽ നിന്നും ഞാൻ അദ്ദേഹത്തിനു വെള്ളം ഒഴിച്ചു കൊടുത്തു. അദ്ദേഹം വുദു എടുത്തു. അദ്ദേഹത്തിൻെറ പാദരക്ഷയിൽ തടവുകയും ചെയ്തു.** (മുസ്ലിം.)

ഈ തടവലിനു ചില നിബന്ധനകൾ പാലിച്ചിരിക്കണം.

a-അവ വുദുവോടു കൂടി ധരിച്ചതായിരിക്കണം.

b-ഖുഫ്ഫയുടെ മുകളിലാണ് തടവുക, അടിഭാഗത്തല്ല.

c-നാട്ടിൽ താമസിക്കുന്നവന് ഒരു രാവും ഒരു പകലും മാത്രമേ തടവാവൂ.

d-യാത്രക്കാരന് മൂന്നു പകലും മൂന്ന് രാവും.

തടവൽ ബാത്വിൽ (നിഷ്ഫലം) ആകും:

1-നിശ്ചിത സമയം കഴിഞ്ഞാൽ.

2-തടവിയതിനു ശേഷം അഴിച്ചാൽ.

3-ജനാബത്ത് (വലിയ അശുദ്ധി) ഉണ്ടായാൽ. അപ്പോൾ കുളി നിർബന്ധമാകും.

വുദു മുറിയുന്ന കാര്യങ്ങൾ

1-മുൻ-പിൻ ദ്വാരങ്ങളിലൂടെ മലം, മൂത്രം, വായു, ഇന്ദ്രിയം, മദ്‌യ്, വദ്‌യ് എന്നിവ ഏതെങ്കിലും പുറപ്പെടുക. ഇന്ദ്രിയ സ്ഖലനമുണ്ടായാൽ കുളി നിർബന്ധമാണ്.

2-ഉറക്കം.

3-മറ കൂടാതെ ഗുഹ്യാവയവം സ്പർശിക്കുക.

4-ഒട്ടകത്തിൻെറ മാംസം ഭക്ഷിക്കുക.

5-സ്വബോധം നഷ്ടപ്പെടുക.

കുളി

'വലിയ അശുദ്ധിയിൽ നിന്നു ശുദ്ധമാകാൻ' എന്ന നിയ്യത്തോടെ ശരീരം മുഴുവൻ വെള്ളം ഒഴുക്കി കഴുകുന്നതിനാണ് കുളി എന്ന് പറയുക. കുളിക്കുമ്പോൾ ശരീരത്തിൻെറ മുഴുവൻ ഭാഗവും നനയുകയും വായിൽ വെള്ളം കൊപ്ളിക്കുകയും മൂക്കിൽ വെള്ളം കയറ്റി ചീറ്റുകയും വേണം.

അഞ്ചു കാരണങ്ങളാൽ കുളി നിർബന്ധമാകും.

1-സ്ത്രീ പുരുഷന്മാരിൽ നിന്ന് ഉറക്കത്തിലോ ഉണർന്നിരിക്കുമ്പോളോ വികാരത്തോടു കൂടി ഇന്ദ്രിയ സ്ഖലനം ഉണ്ടാകുക. വൈകാരിക ഉത്തേജനമില്ലാതെ (ഉദാ: രോഗം,ഭയം, പരിഭ്രമം) സ്ഖലനം നടന്നാൽ കുളി നിർബന്ധമില്ല. സ്വപ്നസ്ഖലനം ഉണ്ടായി, പക്ഷെ ഇന്ദ്രിയം പുറത്തു വന്നതായി കണ്ടില്ലെങ്കിൽ കുളി നിർബന്ധമില്ല. എന്നാൽ ഇന്ദ്രിയം കാണപ്പെട്ടാൽ കുളിക്കണം.

2-സ്ത്രീ പുരുഷ ലൈംഗിക ബന്ധം. പുരുഷൻെറ ലിംഗാഗ്രം സ്ത്രീയുടെ ലൈംഗികാവയവത്തിൽ പ്രവേശിച്ചാൽ മാത്രം മതി. ഇന്ദ്രിയ സ്ഖലനം നടന്നിട്ടില്ലെങ്കിലും കുളി നിർബന്ധമാകും.

3-സ്ത്രീകൾ ആർത്തവം, പ്രസവാശുദ്ധി എന്നിവയിൽ നിന്ന് ശുദ്ധമാകൽ.

4-മരണം. മൃതശരീരത്തെ കുളിപ്പിക്കൽ നിർബന്ധമാണ്.

5-അമുസ്‌ലിം മുസ്‌ലിമാകുമ്പോൾ.

വലിയ അശുദ്ധി (ജനാബത്) ഉള്ളവന് പാടില്ലാത്ത കാര്യങ്ങൾ

1-മുസ്വ്ഹഫ് തൊടുക, അതു കൊണ്ടു നടക്കുക, രഹസ്യമായോ ഉച്ചത്തിലോ ഖുർആൻ പാരായണം ചെയ്യുക. അത് മുസ്വ്ഹഫ് നോക്കിയായാലും മനഃപാഠമായാലും പാടില്ല.

2-പള്ളിയിൽ തങ്ങുക. ജനാബത്തുകാരനോ ആർത്തവകാരിക്കോ ഇതു പാടില്ല. എന്നാൽ പള്ളിയിലൂടെ നടന്നു പോകുന്നതിൽ തെറ്റില്ല.

തയമ്മും

വുദു, കുളി എന്നിവക്കു പകരമായി (കൈ മണ്ണിൽ അടിച്ചു കൊണ്ട് തടവുന്ന) തയമ്മും ചെയ്യാം. ഇത് യാത്രയിലും അല്ലാത്തപ്പോഴും അനുവദനീയമാണ്. താഴെ പറയുന്നവയാണ് അതിനുള്ള കാരണങ്ങൾ.

1-വെള്ളം ലഭ്യമല്ലാത്തപ്പോൾ. അല്ലെങ്കിൽ വെള്ളം ഉണ്ട്, ശുദ്ധീകരണത്തിനു തികയില്ല. അന്നേരം ആദ്യം വെള്ളം അന്വേഷിക്കണം. ലഭ്യമല്ലെങ്കിൽ മാത്രം തയമ്മും ചെയ്യുക. വെള്ളം സമീപത്തു

തന്നെയുണ്ട്. പക്ഷെ അതന്വേഷിച്ചു പോയാൽ സ്വശരീരത്തിനോ സമ്പത്തിനോ അപകടം വരുമെന്ന് ഭയപ്പെട്ടാൽ തയമ്മും ചെയ്യാം.
2-ശുദ്ധീകരിക്കേണ്ട അവയവങ്ങളിൽ ഏതെങ്കിലും ഒന്നിൽ മുറിവുണ്ടായാലും കഴുകണം. കഴുകാൻ വിഷമമാണെങ്കിൽ കൈ വെള്ളം നനച്ച് തടവണം. തടവുന്നതും വിഷമമാണെങ്കിൽ തയമ്മും ചെയ്യണം.
3-വെള്ളമോ അന്തരീക്ഷമോ അതിശൈത്യമുള്ളതാവുകയും വെള്ളം ഉപയോഗിച്ചാൽ അപകടമുണ്ടാകുമെന്ന് ഭയപ്പെടുകയും ചെയ്താൽ.
4-കയ്യിൽ വെള്ളമുണ്ട്, പക്ഷെ കുടിക്കാൻ മാത്രമേ തികയുകയുള്ളൂ. അന്നേരവും തയമ്മും ചെയ്യാം.

തയമ്മുമിന്റെ രൂപം

നിയ്യത്തോടു കൂടി രണ്ടു കൈപ്പടങ്ങളും മണ്ണിൽ ഒരു പ്രാവശ്യം അടിക്കുക. പിന്നീട് മുഖവും മുൻകയ്യും തടവുക.
വുദു മുറിയുന്ന മുഴുവൻ കാരണങ്ങളാലും തയമ്മും മുറിയും. വെള്ളം ലഭിക്കാത്തതിനാൽ തയമ്മും ചെയ്ത ആൾക്ക് നമസ്കാരത്തിനു മുമ്പോ നമസ്കാരത്തിനിടയിലോ വെള്ളം ലഭിച്ചാൽ തയമ്മും മുറിയും. നമസ്കാരത്തിൽ നിന്നു വിരമിച്ച ശേഷമാണെങ്കിൽ നമസ്കാരം സ്വഹീഹായിരിക്കും.

നമസ്കാരം

1-നമസ്കാരം ഇസ്ലാം കാര്യങ്ങളിൽ രണ്ടാമത്തേതാകുന്നു. ബുദ്ധിയുള്ള, പ്രായപൂർത്തിയെത്തിയ മുസ്ലിം സ്ത്രീക്കും പുരുഷനും അത് നിർബന്ധമാകുന്നു. നമസ്കാരം ഒഴിവാക്കുന്നവൻ കാഫിറാണെന്ന് പണ്ഢിതർ ഏകോപിച്ച് അഭിപ്രായപ്പെട്ടിരിക്കുന്നു. അന്ത്യനാളിൽ ആദ്യമായി വിചാരണ ചെയ്യപ്പെടുന്ന മനുഷ്യ പ്രവർത്തനം ഇതായിരിക്കും.
2-ഒരു ദിവസത്തെ അഞ്ചു നമസ്കാരങ്ങളും പള്ളിയിൽ വച്ച് ജമാഅത്തായി നമസ്കരിക്കൽപുരുഷന്മാർക്ക് നിർബന്ധമാകുന്നു. സ്വുബ്ഹ്, ദുഹ്ർ, അസ്വ്ർ, മഗ്രിബ്, ഇശാഅ് എന്നിവയാണീ അഞ്ചു നമസ്കാരങ്ങൾ. പള്ളിയിലേക്ക് ശാന്തമായി ഗാംഭീര്യത്തോടെയാണ് മുസ്ലിം വരേണ്ടത്. പള്ളിയിൽ പ്രവേശിച്ചാൽ ഇരിക്കുന്നതിനു മുമ്പ് രണ്ട് റക്അത്ത് നമസ്കരിക്കൽ സുന്നത്താകുന്നു.
3-നമസ്കാരത്തിൽ നഗ്നത മറക്കൽ നിർബന്ധമാണ്. പുരുഷൻെറ ഔറത്ത് മുട്ടു പൊക്കിളിനിടയിലുള്ള ഭാഗവും സ്ത്രീയുടേത് മുഖവും മുൻകയ്യും ഒഴികെയുള്ള ഭാഗവുമാകുന്നു. ഖിബ്ലക്ക് അഭിമുഖമായി നമസ്കരിക്കുക എന്നത് നമസ്കാരം സ്വീകാര്യമാകാനുള്ള ഒരു നിബന്ധനയാകുന്നു.
4-ഓരോ നമസ്കാരവും അതിൻെറ കൃത്യസമയത്തു തന്നെ നിർവ്വഹിക്കണം. സമയത്തിനു മുമ്പ് നിർവ്വഹിക്കുന്ന നമസ്കാരം സ്വഹീഹാകുകയില്ല. കൃത്യ സമയത്തെക്കാൾ പിന്തിക്കുന്നതും ഹെറാമാണ്.

നമസ്കാര സമയങ്ങൾ

ദുഹ്ർ: സൂര്യൻ മദ്ധ്യാഹ്നത്തിൽ നിന്നു തെറ്റിയതു മുതൽ ഒരു വസ്തുവിൻെറ നിഴൽ ആ വസ്തുവോളമാകുന്നതു വരെ.
അസ്വ്ർ: ഒരു വസ്തുവിൻെറ നിഴൽ ആ വസ്തുവോളം ആയതു മുതൽ സൂര്യാസ്തമയം വരെ.
മഗ്രിബ്: സൂര്യാസ്തമയം മുതൽ അസ്തമയ ശോഭ മായുന്നതു വരെ.
ഇശാഅ്: അസ്തമയ ശോഭ മാഞ്ഞതു മുതൽ അർദ്ധരാത്രി വരെ.
ഫജ്ർ: ഉണ്മപ്രഭാതം ഉദിച്ചതു മുതൽ സൂര്യോദയം വരെ.

നമസ്കാരത്തിന്റെ രൂപം

നമസ്കാരത്തിൽ ഭയഭക്തിയും അടക്കവും അനിവാര്യമാണ്. നമസ്കാരത്തിൻെറ രൂപം താഴെ പറയുന്നു.
1-നമസ്കരിക്കുന്നവൻ പൂർണ്ണമായി ഖിബ്ലക്ക് അഭിമുഖമായി നിൽക്കുക.
2-നിർവ്വഹിക്കാൻ പോകുന്ന നമസ്കാരത്തെ മനസ്സിൽ കരുതുക. നാവുകൊണ്ട് പറയരുത്.

3-الله أكبر (അല്ലാഹു അക്ബർ) എന്ന് തക്ബീർ ചൊല്ലുക. ഇതിന് തക്ബീറതുൽ ഇഹ്റാം എന്ന് പറയുന്നു. തക്ബീർ ചൊല്ലുമ്പോൾ കൈരണ്ടും ചുമലിനു നേരെയോ ചെവിക്കു നേരെയോ ഉയർത്തുക.

4-വലതു കൈപ്പത്തി ഇടതു കൈപ്പത്തിക്കു പുറത്തായി കൊണ്ട് നെഞ്ചത്ത് വക്കുക.

5-പ്രാരംഭ പ്രാർത്ഥന ചൊല്ലുക.

سُبْحَانَكَ اللَّهُمَّ وَبِحَمْدِكَ، وَتَبَارَكَ اسْمُكَ، وَتَعَالَى جَدُّكَ وَلاَإِلَهَ غَيْرُكَ

സുബ്ഹാനകല്ലാഹുമ്മ വബിഹംദിക, വതബാറകസ്മുക, വതആലാ ജദ്ദുക, വലാഇലാഹ ഗൈറുക.

അർത്ഥം: അല്ലാഹുവേ, നിന്നെ സ്തുതിക്കുന്നതോടൊപ്പം നിൻെറ പരിശുദ്ധിയെ ഞാൻവാഴ്ത്തുന്നു. നിൻെറ നാമം പരിശുദ്ധമാകുന്നു. നിൻെറ കഴിവുകൾ പരമോന്നതമാകുന്നു. നീയൊഴികെ ആരാധ്യനില്ല.

6- **أَعُوذُ بِاللَّهِ مِنَ الشَّيْطَانِ الرَّجِيمِ** (അഊദു ബില്ലാഹി മിനശ്ശൈത്വാനി-ർ-റജീം എന്ന് ചൊല്ലുക.
അർത്ഥം: ശപിക്കപ്പെട്ട പിശാചിൽ നിന്നും ഞാൻ അല്ലാഹുവിൽ ശരണം തേടുന്നു.

7- **بِسْمِ اللَّهِ الرَّحْمَنِ الرَّحِيمِ** (ബിസ്മില്ലാഹി-ർ-റഹ്മാനി-ർ-റഹീം) എന്ന് ചൊല്ലുക.
അർത്ഥം: പരമകാരുണികനും കരുണാനിധിയുമായ അല്ലാഹുവിൻെറ നാമത്തിൽ.

തുടർന്ന് സൂറതുൽ ഫാതിഹഃ പാരായണം ചെയ്യുക. അത് ഇപ്രകാരമാണ്.

اَلْحَمْدُ لِلَّهِ رَبِّ الْعَالَمِينَ (١) اَلرَّحْمَنِ الرَّحِيمِ (٢) مَلِكِ يَوْمِ الدِّينَ (٣) إِيَّاكَ نَعْبُدُ وَإِيَّاكَ نَسْتَعِينُ (٤) إِهْدِنَا الصِّرَاطَ الْمُسْتَقِيمَ (٥) صِرَاطَ الَّذِينَ أَنْعَمْتَ عَلَيْهِمْ (٦) غَيْرِ الْمَغْضُوبِ عَلَيْهِمْ وَلاَ الضَّالِّينَ (٧) آمِينْ

അൽഹംദു ലില്ലാഹി റബ്ബിൽ ആലമീൻ, അരറഹ്മാനി-ർ-റഹീം, മാലികി യൗമിദ്ദീൻ, ഇയ്യാക നഅ്ബുദു വഇയ്യാക നസ്തഈൻ, ഇഹ്ദിനസ്സ്വിറാത്വൽ മുസ്തഖീം, സ്വിറാത്വല്ലദീന അൻഅംത അലൈഹിം ഗൈരിൽ മഗ്ദൂബി അലൈഹിം വലദ്ദാല്ലീൻ. ആമീൻ.

അർത്ഥം: സ്തുതി സർവ്വലോക പരിപാലകനായ അല്ലാഹുവിനാകുന്നു. പരമ കാരുണികനും കരുണാനിധിയും, പ്രതിഫല ദിവസത്തിൻെറ ഉടമസ്ഥനുമായ (അല്ലാഹുവിന്). നിന്നെ മാത്രം ഞങ്ങൾ ആരാധിക്കുന്നു. നിന്നോട് മാത്രം ഞങ്ങൾ സഹായം തേടുന്നു. ഞങ്ങളെ നീ നേർമാർഗ്ഗത്തിൽ അഥവാ നീ അനുഗ്രഹിച്ചവരുടെ മാർഗ്ഗത്തിൽ ചേർക്കണമേ. കോപത്തിന്നിരയായവരുടെ മാർഗ്ഗത്തിലല്ല, പിഴച്ചു പോയവരുടെ മാർഗ്ഗത്തിലുമല്ല.

8-ശേഷം ഖുർആനിൽ നിന്നും അറിയാവുന്നത് ഓതുക.

9-രണ്ടു കൈകളും ചുമലിനു നേരെ ഉയർത്തിക്കൊണ്ട് اَللّـــهُ أَكْبَـــرُ (അല്ലാഹു അക്ബർ) എന്നു പറഞ്ഞു റുകൂഅ് ചെയ്യുക. റുകൂഇൽ (കുമ്പിട്ടു നിൽക്കുമ്പോൾ) വിരലുകൾ വിടർത്തി കൈകൾ കാൽമുട്ടിൽ വക്കണം. റുകൂഇൽ

سُبْحَانَ رَبِّيَ الْعَظِيمْ (സുബ്ഹാന റബ്ബിയൽ അദ്വീം)

എന്നു പറയുക.

അർത്ഥം: മഹാനായ എൻെറ നാഥൻ പരിശുദ്ധൻ.

ഇത് മൂന്നുപ്രാവശ്യം പറയൽ സുന്നത്താകുന്നു. ഇതല്ലാത്ത മറ്റു പ്രാർത്ഥനകളും ആവാം. ഏതു പ്രാർത്ഥനയും ചുരുങ്ങിയത് ഒരു പ്രാവശ്യമെങ്കിലും ചൊല്ലിയിരിക്കണം.

10-പിന്നീട്

سَمِعَ اللَّهُ لِمَنْ حَمِدَهُ (സമിഅഃല്ലാഹു ലിമൻ ഹമിദഃ)

(സ്തുതിച്ചവൻെറ സ്തുതി അല്ലാഹു കേട്ടിരിക്കു) എന്നു പറഞ്ഞു കൊണ്ട് റുകൂഇൽ നിന്ന് തല ഉയർത്തുക. ഉയരുമ്പോൾ കൈകൾ രണ്ടും ചുമലിനു നേരെ ഉയർത്തുക. ഇമാമിൻെറ കൂടെയാണ് നമസ്കരിക്കുന്നതെങ്കിൽ ഉയരുമ്പോൾ

سمع اللع لمن حمده എന്നതിനു പകരം رَبَّنَا وَلَكَ الْحَمْدُ (റബ്ബനാവലകൽ ഹംദു) എന്നാണ് ചൊല്ലുക. വലതു കൈപ്പത്തി ഇടതു കൈപ്പത്തിക്കു മുകളിലായി നെഞ്ചത്തു വക്കുക.

11-ഈ നിറുത്തത്തിൽ

رَبَّنَا لَكَ الْحَمْدُ مِلْءَ السَّمَاوَاتِ وَمِلْءَ الأَرْضِ وَمِلْءَ مَا شِئْتَ مِنْ شَيْءٍ بَعْدُ

'റബ്ബനാ ലകൽ ഹംദു മിൽഅഃ സ്സമാവാതി വമിൽഅൽ അർദ്വി വമിൽഅമാ ശിഅ്ത മിൻ ശൈഇൻ ബഅ്ദു' എന്ന് ചൊല്ലുക.

അർത്ഥം: ഞങ്ങളുടെ നാഥാ, ആകാശങ്ങൾ നിറയെയും ഭൂമി നിറയെയും അവക്കപ്പുറം നീ ഉദ്ദേശിച്ച വസ്തു നിറയേുള്ള സ്തുതികൾ നിനക്കു മാത്രമാകുന്നു.

12-പിന്നീട് അല്ലാഹു അക്ബർ എന്നു പറഞ്ഞു കൊണ്ട് സുജൂദ് ചെയ്യുക. ഏഴു അവയവങ്ങളിലാണ് സുജൂദ് ചെയ്യേണ്ടത്. മൂക്ക് നിലത്തു തട്ടുന്ന രൂപത്തിൽ നെറ്റി വക്കുക. രണ്ടു കൈപ്പടങ്ങൾ, രണ്ടു കാൽമുട്ടുകൾ, രണ്ടു കാൽപാദങ്ങളുടെ അറ്റങ്ങൾ എന്നിവയാണ് 7 അവയവങ്ങൾ. രണ്ടു കൈഭുജങ്ങളെയും പാർശ്വങ്ങളിൽ നിന്നു വിടർത്തിവക്കണം. കാൽ വിരലുകൾ ഖിബ്ലക്കഭിമുഖമായി വക്കണം. സുജൂദിൽ

سُبْحَانَ رَبِّيَ الأَعْلَى **(സുബ്ഹാന റബ്ബിയൽ അഅ്ലാ)**

എന്ന് മൂന്നുവട്ടം പറയൽ സുന്നത്താകുന്നു.

അർത്ഥം: ഏറ്റവും ഉന്നതനായ എൻെറ നാഥൻ പരിശുദ്ധൻ.

ഒരു പ്രാവശ്യമാണെങ്കിലും മതിയാകും. ഇതല്ലാത്ത മറ്റു ദുആകളും ചൊല്ലാവുന്നതാണ്.

13-അല്ലാഹു അക്ബർ എന്നു പറഞ്ഞുകൊണ്ട് സുജൂദിൽ നിന്ന് ഉയരുക. വലതു കാൽപാദം നാട്ടി വച്ച് ഇടതുകാൽപാദത്തിന്മേൽ ചന്തിയൂന്നി ഇടയിലെ ഇരുത്തം ഇരിക്കുക. രണ്ടുകൈപ്പത്തികളും തുടയുടെ അറ്റത്ത് കാൽമുട്ടിനു മുകളിലായി വക്കുക. ഇരുത്തത്തിൽ

رَبِّ اغْفِرْ لِي وَارْحَمْنِي وَاهْدِنِي وَارْزُقْنِي وَاجْبُرْنِي وَعَافِنِي

റബ്ബിഗ്ഫിർ ലീ, വർഹംനീ, വഹ്ദിനീ, വർസുഖ്നീ, വജ്ബുർനീ, വആഫിനീ എന്ന് ചൊല്ലുക.

അർത്ഥം: അല്ലാഹുവേ, എനിക്കു പാപങ്ങൾ പൊറുത്തു തരികയും കരുണ ചെയ്യുകയും എന്നെ നേർവഴിയിലാക്കുകയും എനിക്ക് ആഹാരം നൽകുകയും എൻെറ ന്യൂനത പരിഹരിക്കുകയും എനിക്ക് സുഖം നൽകുകയും ചെയ്യേണമേ.

14-പിന്നീട് ആദ്യത്തെ പോലെ രണ്ടാമത്തെ സുജൂദും ചെയ്യുക.

15-പിന്നീട് اَللّـــهُ أَكْبَـــرُ (അല്ലാഹു അക്ബർ) എന്നു പറഞ്ഞു കൊണ്ട് എഴുന്നേറ്റു നിൽക്കുക. ഒന്നാമത്തെ റക്അത്തിൽ ചെയ്തതു പോലെ, പ്രാരംഭ പ്രാർത്ഥന ഒഴികെ എല്ലാം ചെയ്യുക. രണ്ടാം റക്അത്തിലെ രണ്ടാമത്തെ സുജൂദിനു ശേഷം ഇരിക്കുക. ഈ ഇരുത്തത്തിൽ തശഹ്ഹുദ് ചൊല്ലുക. അതിപ്രകാരമാണ്.

اَلتَّحِيَّاتُ لِلَّهِ وَالصَّلَوَاتُ وَالطَّيِّبَاتُ، السَّلَامُ عَلَيْكَ أَيُّهَا النَّبِيُّ وَرَحْمَةُ اللَّهِ وَبَرَكَاتُهُ، السَّلَامُ عَلَيْنَا وَعَلَى عِبَادِ اللَّهِ الصَّالِحِينَ، أَشْهَدُ أَن لاَ إِلَهَ إِلاَّ اللَّهُ وَأَشْهَدُ أَنَّ مُحَمَّدًا عَبْدُهُ وَرَسُولُهُ

അത്തഹിയ്യാതു ലില്ലാഹി, വസ്സ്വലവാതു, വത്ത്വയ്യിബാതു, അസ്സലാമു അലൈക അയ്യുഹന്നബിയ്യു വറഹ്മതുല്ലാഹി വബറകാതുഹു, അസ്സലാമു അലൈനാ വഅലാ ഇബാദില്ലാഹി-സ്-സ്വാലിഹീൻ. അശ്ഹദു അൻ-ലാഇലാഹ ഇല്ലല്ലാഹു വഅശ്ഹദു അന്ന മുഹമ്മദൻ അബ്ദുഹു വറസൂലുഹു.

അർത്ഥം: എല്ലാ അഭിവാദ്യങ്ങളും ആരാധനകളും നന്മയുള്ള കാര്യങ്ങളും അല്ലാഹുവിനാകുന്നു. പ്രവാചകന് അല്ലാഹുവിൻെറ കരുണാ കടാക്ഷങ്ങൾ ഉണ്ടാകുമാറാകട്ടെ. ഞങ്ങൾക്കും നല്ലവരായ അല്ലാഹുവിൻെറ ദാസർക്കും രക്ഷ നൽകേണമേ. ആരാധനക്കർഹൻ അല്ലാഹു അല്ലാതെ മറ്റാരുമില്ലെന്ന് ഞാൻ സാക്ഷ്യം വഹിക്കുന്നു. മുഹമ്മദ് അല്ലാഹുവിൻെറ ദാസനും ദൂതനുമാണെന്നും ഞാൻ സാക്ഷ്യം വഹിക്കുന്നു.

أَشْهَدُ أَن لاَ إِلَهَ إِلاَّ اللَّهُ وَأَشْهَدُ أَنَّ مُحَمَّدًا عَبْدُهُ وَرَسُولُهُ

എന്ന് പറയുമ്പോൾ വലതു കയ്യിലെ ചൂണ്ടുവിരൽ ഉയർത്തണം.

തുടർന്ന് നബിയുടെ പേരിൽ സ്വലാത് ചൊല്ലുക.

اَللّٰهُمَّ صَلِّ عَلَى مُحَمَّدٍ وَعَلَى آلِ مُحَمَّدٍ كَمَا صَلَّيْتَ عَلَى إِبْرَاهِيمَ وَعَلَى آلِ إِبْرَاهِيمَ إِنَّكَ حَمِيدٌ مَجِيدٌ. اَللّٰهُمَّ بَارِكْ عَلَى مُحَمَّدٍ وَعَلَى آلِ مُحَمَّدٍ كَمَا بَارَكْتَ عَلَى إِبْرَاهِيمَ وَعَلَى آلِ إِبْرَاهِيمَ إِنَّكَ حَمِيدٌ مَجِيدٌ.

അല്ലാഹുമ്മ സ്വല്ലി അലാ മുഹമ്മദിൻ വഅലാ ആലി മുഹമ്മദിൻ കമാ സ്വല്ലൈത അലാ ഇബ്റാഹീമ വഅലാ ആലി ഇബ്റാഹീമ ഇന്നക ഹമീദുൻ മജീദ്. അല്ലാഹുമ്മ ബാരിക് അലാ മുഹമ്മദിൻ വഅലാ ആലി മുഹമ്മദിൻ കമാ ബാറക്ത അലാ ഇബ്റാഹീമ വ അലാ ആലി ഇബ്റാഹീമ ഇന്നക ഹമീദുൻ മജീദ്.

അർത്ഥം: അല്ലാഹുവേ, ഇബ്റാഹീം നബിക്കും കുടുംബത്തിനും നീ കരുണ ചെയ്തതു പോലെ മുഹമ്മദു നബിക്കും കുടുംബത്തിനും നീ കരുണ ചെയ്യേണമേ. അല്ലാഹുവേ, ഇബ്റാഹീം നബിക്കും കുടുംബത്തിനും നീ അനുഗ്രഹം ചെയ്തതു പോലെ മുഹമ്മദു നബിക്കും കുടുംബത്തിനും നീ അനുഗ്രഹം ചെയ്യേണമേ.

പിന്നീട് ഈ പ്രാർത്ഥന ചൊല്ലുക.

أَعُوذُ بِاللَّهِ مِنْ عَذَابِ جَهَنَّمَ، وَمِنْ عَذَابِ الْقَبْرِ، وَمِنْ فِتْنَةِ الْمَحْيَا وَالْمَمَاتِ، وَمِنْ فِتْنَةِ الْمَسِيحِ الدَّجَّالِ.

അഊദു ബില്ലാഹി മിൻ അദാബി ജഹന്നമ, വമിൻ അദാബിൽ ഖബ്റി, വമിൻ ഫിത്നതിൽ മഹ്യാ വൽമമാതി, വമിൻ ഫിത്നതിൽ മസീഹിദ്ദജ്ജാൽ.

അർത്ഥം: നരക ശിക്ഷയിൽ നിന്നും, ഖബ്റിലെ ശിക്ഷയിൽ നിന്നും ജീവിത മരണങ്ങളിലെ പരീക്ഷണത്തിൽ നിന്നും മസീഹുദ്ദജ്ജാലിൻെറ കുഴപ്പത്തിൽ നിന്നും ഞാൻ അല്ലാഹുവിൽ ശരണം തേടുന്നു.

ശേഷം ഇഹപര നന്മക്കായുള്ള ഏതു പ്രാർത്ഥനയുമാകാം.

16-പിന്നീട്

السَّلَامُ عَلَيْكُمْ وَرَحْمَةُ اللَّهِ

(അസ്സലാമു അലൈകും, വറഹ്മതുല്ലാഹി)

എന്നു പറഞ്ഞു കൊണ്ട് ആദ്യം വലതു വശത്തേക്കും പിന്നീട് ഇടതു വശത്തേക്കും സലാം വീട്ടണം.

രണ്ടു റക്അത്തുള്ള നമസ്കാരം ഇതോടെ അവസാനിക്കും.

മൂന്നു റക്അത്തുള്ള മഗ്രിബ്, നാലു റക്അത്തുള്ള ദുഹ്ർ, അസ്വ്ർ, ഇശാ എന്നീ നമസ്കാരങ്ങളാണ് നിർവ്വഹിക്കുന്നതെങ്കിൽ തശഹ്ഹുദിൽ أن محمدا عبده ورسوله എന്ന് ചൊല്ലിയാൽ) അല്ലാഹു അക്ബർ എന്നു പറഞ്ഞു കൊണ്ട് എഴുന്നേറ്റ് നിൽക്കണം. എഴുന്നേൽക്കുമ്പോൾ കൈരണ്ടും ചുമലിനു നേരെ ഉയർത്തി അനന്തരം ഇടതു കൈപ്പത്തിക്കു പുറത്ത് വലതു കൈപ്പത്തി വച്ചു നെഞ്ചത്തു വക്കണം. ബാക്കിയുള്ള റക്അത്തുകൾ രണ്ടാം റക്അത്ത് നമസ്കരിച്ചതു പോലെ നിർവ്വഹിക്കുക. ഈ റക്അത്തുകളുടെ നിറുത്തത്തിൽ ഫാതിഹഃ മാത്രം പാരായണം ചെയ്താൽ മതിയാകും.

17-രണ്ടിലധികം റക്അത്തുള്ള നമസ്കാരങ്ങളിൽ അവസാനത്തെ തശഹ്ഹുദിനു വേണ്ടി ഇരിക്കുന്ന രൂപത്തിന് 'തവർറുക്' എന്ന് പറയുന്നു. അതായത് വലതു കാൽപാദം നാട്ടിവച്ചു, ഇടതു കാൽപാദം വലതു കണങ്കാലിനടിയിലൂടെ പുറത്തേക്കു വച്ച് ചന്തി (പൃഷ്ടം) നിലത്ത് ഊന്നിയിരിക്കുക. കൈകൾ രണ്ടും ഒന്നാമത്തെ തശഹ്ഹുദിൽ വച്ചതു പോലെ തന്നെ വക്കുക. ഈ ഇരുത്തത്തിൽ തശഹ്ഹുദിൻെറ മേൽ പറഞ്ഞ മുഴുവൻ രൂപവും ചൊല്ലിയ ശേഷം സലാം വീട്ടുക.

മസ്ബൂഖിന്റെ നമസ്കാരം

ഒന്നോ അതിലധികമോ റക്അത്ത് ഇമാമിനെക്കാൾ പിന്നിലാവുന്നതിനാണ് മസ്ബൂഖ് എന്ന് പറയുക.

നമസ്കരിക്കുന്നവന് ഇമാമിൻെറ കൂടെ ലഭിക്കാതെ പോയ റക്അത്തുകൾ ഇമാം സലാം വീട്ടിയ ശേഷം പൂർത്തിയാക്കണം. അങ്ങനെയുള്ളവരുടെ നമസ്കാരത്തിൻെറ തുടക്കം ഇമാമിൻെറ കൂടെ ലഭിച്ച റക്അത്ത് മുതൽ ആയിരിക്കും. ഇമാമിൻെറ കൂടെ റുകൂഅ് ലഭിച്ചാൽ മാത്രമേ റക്അത്താവുകയുള്ളൂ. എന്നാൽ ഇമാമിൻെറ കൂടെ റുകൂഅ് പോലും ലഭിച്ചിട്ടില്ലെങ്കിൽ അവന്ന് ആ റക്അത്ത് പൂർണ്ണമായും നഷ്ടമായി. മസ്ബൂഖ് ആയിക്കൊണ്ട് പള്ളിയിൽ പ്രവേശിക്കുന്നവൻ ഇമാം അടുത്ത റക്അത്തിലേക്ക് എഴുന്നേൽക്കുന്നത് കാത്തു നിൽക്കാതെ, ഇമാം ഏതവസ്ഥയിലാണോ അതേ അവസ്ഥയിൽ ഇമാമിനെ ഉടനെ തുടരണം. അപ്പോഴും അവൻ തക്ബീറത്തുൽ ഇ

ഹ്റാമോടെയാണ് നമസ്കാരത്തിൽ പ്രവേശിക്കേണ്ടത്. രോഗം പോലെ വല്ല അസൗകര്യവും ഉള്ള വരൊഴികെ.

നമസ്കാരം നിഷ്ഫലമാകുന്ന കാര്യങ്ങൾ

താഴെ പറയുന്ന കാരണങ്ങളാൽ നമസ്കാരം ബാത്വിൽ (നിഷ് ഫലം) ആകും.
1-കരുതിക്കൂട്ടിയുള്ള സംസാരം. കുറച്ചാണെങ്കിലും നിഷ്ഫലമാകും.
2-ശരീരം മുഴുവനായി ഖിബ്‌ലയുടെ ഭാഗത്തു നിന്ന് തെറ്റൽ.
3-വുദുവോ കുളിയോ നിർബന്ധമാകുന്ന കാര്യങ്ങൾ സംഭവിച്ചാൽ.
4-അത്യാവശ്യത്തിനല്ലാതെ തുടരെത്തുടരെയുള്ള അധികമായ ചലനങ്ങൾ.
5-ചിരി ,അൽപമാണെങ്കിലും.
6-റുകൂഅ്, സുജൂദ്, നിറുത്തം, ഇരുത്തം എന്നിവ കരുതിക്കൂട്ടി വർദ്ധിക്കൽ.
7-കരുതിക്കൂട്ടി ഇമാമിനെ മുൻകടക്കൽ.

നമസ്കാരത്തിലെ മറവി

നമസ്കാരത്തിൽ മറവി മൂലം -രണ്ടാമത്തെ റക്അത്തിലെ തശഹ്ഹുദ് പോലെയുള്ള ഏതെങ്കിലും ഒരു വാജിബ് മറന്നു- പിഴവു പറ്റി, നമസ്കാരത്തിൽ കുറവാണ് സംഭവിച്ചതെങ്കിൽ സലാം വീട്ടുന്നതിനു മുമ്പ് മറവിയുടെ സുജൂദ് രണ്ടെണ്ണം ചെയ്യുക.

മറവി മൂലം നമസ്കാരത്തിൽ വർദ്ധനവാണ് സംഭവിച്ചതെങ്കിൽ സലാം വീട്ടിയ ശേഷം രണ്ടു സുജൂദ് ചെയ്യണം. നമസ്കാരത്തിലെ ഒരു റുക്നാണ് മറന്നതെങ്കിൽ ആ റുക്നിലേക്ക് മടങ്ങിയാലേ നമസ്കാരം സ്വഹീഹാവാകയുള്ളു. മറവിയുടെ സുജൂദും ചെയ്യണം.

നമസ്കാരത്തിലെ വാജിബുകൾ

1-തക്ബീറത്തുൽ ഇഹ്റാം ഒഴികെയുള്ള എല്ലാ തക്ബീറുകളും.
2-റുകൂഇൽ സുബ്ഹാന റബ്ബിയൽ അദ്വീം എന്നു പറയൽ.
3-ഒറ്റക്ക്, അല്ലെങ്കിൽ ഇമാമായി നമസ്കരിക്കുന്നവൻ സമിഅഃല്ലാഹു ലിമൻ ഹെമിദഃ എന്നു പറയൽ.
4-റുകൂഇൽ നിന്ന് ഉയർന്ന ശേഷം റബ്ബനാ വലകൽ ഹെംദു എന്ന് പറയുക.
5-സുജൂദിൽ സുബ്ഹാന റബ്ബിയൽ അഅ്ലാ എന്നു പറയൽ.
6-സുജൂദിന്നിടയിൽ ഇരിക്കുമ്പോൾ റബ്ബിഗ്ഫിർലീ എന്ന് ചൊല്ലൽ.
7-ഒന്നാമത്തെ തശഹ്ഹുദ്.
8-ഒന്നാമത്തെ തശഹ്ഹുദിനു വേണ്ടിയുള്ള ഇരുത്തം.

നമസ്കാരത്തിന്റെ റുക്നുകൾ

1-കഴിവുള്ളവൻ നിൽക്കൽ. 2-തക്ബീറത്തുൽ ഇഹ്റാം. 3-എല്ലാ റക്അത്തിലും ഫാതിഹെ ഓതൽ. 4-റുകൂഅ്. 5-ഇഅ്തിദാൽ (നിവർന്നു നിൽക്കൽ). 6-സുജൂദ് (ഏഴു അവയവങ്ങളിൽ). 7-സുജൂദിൽ നിന്ന് ഉയരൽ. 8-സുജൂദിന്നിടയിൽ ഇരുത്തം. 9-ശാന്തത (അടങ്ങിപ്പാർക്കൽ). 10-അവസാനത്തെ തശഹ്ഹുദ്. 11-അതിനു വേണ്ടിയുള്ള ഇരുത്തം. 12-നബിയുടെ പേരിൽ സ്വലാത്. 13-സലാം വീട്ടൽ. 14- റുക്നുകൾക്കിടയിൽ ക്രമം (തർതീബ്) പാലിക്കൽ.

നമസ്കാര ശേഷമുള്ള ദിക്റുകൾ

أَسْتَغْفِرُ اللَّهَ، أَسْتَغْفِرُ اللَّهَ، أَسْتَغْفِرُ اللَّهَ.

അസ്തഗ്ഫിറുല്ലാഹ് എന്ന് മൂന്നു പ്രാവശ്യം പറയുക.
അർത്ഥം: ഞാൻ അല്ലാഹുവിനോട് പൊറുക്കലിനെ തേടുന്നു.

اَللَّهُمَّ أَنْتَ السَّلَامُ وَمِنْكَ السَّلَامُ تَبَارَكْتَ يَا ذَاالْجَلَالِ وَالإِكْرَامِ

അല്ലാഹുമ്മ അൻതസ്സലാം, വമിൻക സ്സലാം, തബാറക്ത യാദൽ ജലാലി വൽ ഇക്റാം.

അർത്ഥം: അല്ലാഹുവേ, നീയാണ് രക്ഷ, നിന്നിൽ നിന്നാണ് സമാധാനം, ഔന്നത്യവും ഔദാര്യവും ഉള്ളവനേ നീ അനുഗ്രഹപൂർണ്ണൻ.

لآ إِلَهَ إِلاَّ اللَّهُ وَحْدَهُ لاَ شَرِيكَ لَهُ، لَهُ الْمُلْكُ وَلَهُ الْحَمْدُ وَهُوَ عَلَى كُلِّ شَيْءٍ قَدِيرٌ.

ലാഇലാഹ ഇല്ലല്ലാഹു വഹ്ദഹൂ ലാശരീക ലഹൂ, ലഹുൽ മുൽകു വലഹുൽ ഹംദു വഹുവ അലാ കുല്ലിശൈഇൻ ഖദീർ.

അർത്ഥം: അല്ലാഹു ഒഴികെ ആരാധ്യനില്ല, അവന്നു യാതൊരു പങ്കാളിയുമില്ല, രാജാധിപത്യവും സ്തുതിയും അവനുള്ളതാകുന്നു, അവൻ എല്ലാറ്റിനും കഴിവുള്ളവനുമാകുന്നു.

اَللَّهُمَّ لاَ مَانِعَ لِمَا أَعْطَيْتَ، وَلاَ مُعْطِيَ لِمَا مَنَعْتَ، وَلاَ يَنْفَعُ ذَاالْجَدِّ مِنْكَ الْجَدُّ.

അല്ലാഹുമ്മ ലാ മാനിഅഃ ലിമാ അഅ്ത്വയ്ത, വലാ മുഅ്ത്വിയ ലിമാ മനഅ്ത, വലായൻഫഉ ദൽജദ്ദി മിൻകൽ ജദ്ദു.

അർത്ഥം: അല്ലാഹുവേ, നീ നൽകിയത് തടയുന്നവനോ, നീ തടഞ്ഞതു നൽകുന്നവനോ ഇല്ല. സ്ഥാനമാനങ്ങളുള്ളവൻെറ പദവികൾ നിന്നിൽ നിന്നുള്ള സ്ഥാനത്തെക്കാൾ ഒട്ടും ഉപകാരപ്രദമല്ല.

لاَ حَوْلَ وَلاَ قُوَّةَ إِلاَّ بِاللَّهِ، لآإِلَهَ إِلاَّ اللَّهُ وَلاَنَعْبُدُ إِلاَّ إِيَّاهُ، لَهُ النِّعْمَةُ وَلَهُ الْفَضْلُ وَلَهُ الثَّنَاءُ الْحَسَنُ، لآإِلَهَ إِلاَّ اللَّهُ مُخْلِصِينَ لَهُ الدِّينَ وَلَوْ كَرِهَ الْكَافِرُونَ.

ലാ ഹൗല വലാ ഖുവ്വത ഇല്ലാ ബില്ലാഹി, ലാഇലാഹ ഇല്ലല്ലാഹു വലാ നഅ്ബുദു ഇല്ലാ ഇയ്യാഹു, ലഹുന്നിഅ്മത്തു, വലഹുൽ ഫദ്‌ലു, വലഹുഥ്ഥനാഉൽ ഹസനു, ലാഇലാഹ ഇല്ലല്ലാഹു മുഖ്‌ലിസ്വീന ലഹുദ്ദീന വലൗ കരിഹൽ കാഫിറൂൻ.

അർത്ഥം: ഒരു കഴിവും ശക്തിയും അല്ലാഹുവിൽ നിന്നല്ലാതെ ഇല്ല. ആരാധനക്കർഹൻ അല്ലാഹുവല്ലാതെയില്ല, അവനെയല്ലാതെ ഞങ്ങൾ ആരാധിക്കുകയുമില്ല, മുഴുവൻ അനുഗ്രഹങ്ങളും അവൻേറതാകുന്നു, എല്ലാപുകഴ്ത്തലുകളും അവന്നുള്ളതാകുന്നു, ആരാധനക്കർഹൻ അല്ലാഹു അല്ലാതെ ഇല്ല, സത്യനിഷേധികൾക്ക് വെറുപ്പാണെങ്കിലും ആരാധനകളെല്ലാം ഞങ്ങൾ അവനു മാത്രമാക്കുന്നു.

لاَإِلَهَ إِلاَّ اللَّهُ وَحْدَهُ لاَ شَرِيكَ لَهُ، لَهُ الْمُلْكُ وَلَهُ الْحَمْدُ يُحْيِي وَيُمِيتُ وَهُوَ عَلَى كُلِّ شَيْءٍ قَدِيرٌ.

'ലാഇലാഹ ഇല്ലല്ലാഹു വഹ്ദഹൂ ലാശരീക ലഹൂ, ലഹുൽ മുൽകു വലഹുൽ ഹംദു യുഹ്‌യീ വയുമീതു വഹുവ അലാ കുല്ലി ശൈഇൻ ഖദീർ' എന്ന ദിക്ർ ഫജ്ർ, മഗ്‌രിബ് എന്നിവയുടെ ശേഷം പത്തു പ്രാവശ്യം ചൊല്ലുക.

അർത്ഥം: അല്ലാഹു ഒഴികെ ആരാധ്യനില്ല, അവന്നു യാതൊരു പങ്കാളിയുമില്ല, രാജാധിപത്യവും സ്തുതിയും അവനുള്ളതാകുന്നു, അവൻ ജീവിപ്പിക്കുകയും മരിപ്പിക്കുകയും ചെയ്യുന്നു, അവൻ എല്ലാറ്റിനും കഴിവുള്ളവനുമാകുന്നു.
പിന്നീട്

سُبْحَانَ اللَّهِ، الْحَمْدُ لِلَّهِ، اللَّهُ أَكْبَرُ

സുബ്ഹാനല്ലാഹ്, അൽഹംദു ലില്ലാഹ്, അല്ലാഹു അക്ബർ എന്നിവ മുപ്പത്തിമൂന്നു പ്രാവശ്യം വീതം ചൊല്ലുക. നൂറു തികക്കുവാൻ

لآ إِلَهَ إِلاَّ اللَّهُ وَحْدَهُ لاَ شَرِيكَ لَهُ، لَهُ الْمُلْكُ وَلَهُ الْحَمْدُ وَهُوَ عَلَى كُلِّ شَيْءٍ قَدِيرٌ.

ലാഇലാഹ ഇല്ലല്ലാഹു വഹ്ദഹൂ ലാശരീക ലഹൂ, ലഹുൽ മുൽകു വലഹുൽ ഹംദു, വഹുവ അലാ കുല്ലിശൈഇൻ ഖദീർ എന്ന് ചൊല്ലുക.

അർത്ഥം: അല്ലാഹു ഒഴികെ ആരാധ്യനില്ല, അവന്നു യാതൊരു പങ്കാളിയുമില്ല, രാജാധിപത്യവും സ്തുതിയും അവനുള്ളതാകുന്നു, അവൻ എല്ലാറ്റിനും കഴിവുള്ളവനുമാകുന്നു.

ആയതുൽ കുർസീ, സൂറത്തുൽ ഇഖ്‌ലാസ്വ്, ഫലഖ്, നാസ് എന്നിവ ഓതുക. ഫജ്റിൻെറയും മഗ്‌രിബിൻെറയും ശേഷം ഈ മൂന്നുസൂറത്തുകൾ മൂന്നു പ്രാവശ്യം വീതം പാരായണം ചെയ്യുക.

സുന്നത്തു നമസ്കാരം

ഓരോ മുസ്‌ലിം പുരുഷനും സ്ത്രീയും ഒരു ദിവസം -യാത്രയിലല്ലാത്തപ്പോൾ- പന്ത്രണ്ടു റക്അത്ത് സുന്നത്ത് നമസ്കരിക്കണം. അവ ഇപ്രകാരമാകുന്നു. ദുഹ്റിനു മുമ്പ് നാല്, ശേഷം രണ്ട്. മഗ്‌രിബിനു ശേഷം രണ്ട്. ഇശാഇന്നു ശേഷം രണ്ട്. ഫജ്റിന്നു മുമ്പ് രണ്ട്. നബിﷺ ഈ നമസ്കാരങ്ങൾ പതിവാക്കിയിരുന്നു. നബിﷺ പറഞ്ഞു:

((من صلى اثنتي عشرة ركعة في يوم وليلة بُنِيَ له بيت في الجنة)) مسلم

ഒരു ദിവസം (ഫർദല്ലാത്ത) പന്ത്രണ്ടു റക്അത്ത് ആരെങ്കിലും നമസ്കരിച്ചാൽ അവന്നു വേണ്ടി സ്വർഗത്തിൽ ഒരു വീടു നിർമ്മിക്കപ്പെടും. (മുസ്‌ലിം)

പ്രബലമായ മറ്റൊരു സുന്നത്താണ് വിത്ർ (ഒറ്റയാക്കിയുള്ള) നമസ്കാരം. ഇശാ നമസ്കാരത്തിനു ശേഷം ഫജ്ർ വരെയാണ് ഇതിൻെറ സമയം. വിത്റും സ്വുബ്ഹിൻെറ മുമ്പുള്ള രണ്ടു റക്അത്തും നബിﷺ യാത്രയിലോ അല്ലാത്തപ്പോളോ ഒഴിവാക്കാത്ത സുന്നത്താകുന്നു.

□

أحكام الزكاة

സകാത്

സകാതിൻെറ വിധി: ഇസ്‌ലാമിൻെറ സ്തംഭങ്ങളിൽ മൂന്നാമത്തേതാണ് സകാത്. ഒരുമുസ്‌ലിം നിശ്ചിത അളവ് സമ്പത്തിൻെറ ഉടമസ്ഥനായി, ഒരുവർഷം പൂർത്തിയായാൽ അവന്ന് സകാത് നിർബന്ധമായി. അല്ലാഹു പറയുന്നു:

﴿ وَأَقِيمُوا الصَّلَوٰةَ وَآتُوا الزَّكَوٰةَ ﴾ (البقرة:١١٠)

നിങ്ങൾ പ്രാർത്ഥന മുറപ്രകാരം നിർവ്വഹിക്കുകയും സകാത് നൽകുകയും ചെയ്യുക (വി.ഖു. 2:110)

സകാത് നിയമമാക്കിയതിൽ ചില തത്വങ്ങളും ഉപകാരങ്ങളുമുണ്ട്.

1-ആത്മസംസ്കരണം. പിശുക്ക്, ലുബ്ധത എന്നിവയിൽനിന്ന് അതിനെ അകറ്റിനിറുത്തൽ.

2-മുസ്‌ലിമിനെ ഔദാര്യശീലം പരിശീലിപ്പിക്കൽ.

3-ഉള്ളവനും ഇല്ലാത്തവനും തമ്മിലുള്ള സ്നേഹത്തിൻെറകണ്ണി ശക്തമാക്കൽ. കാരണം തനിക്കു നന്മചെയ്യുന്നവരെ സ്നേഹിക്കാൻ മനസ്സു നിർബന്ധിതമാകും.

4-ദരിദ്രൻെറ ആവശ്യപൂർത്തികരണം. ദാരിദ്ര്യ നിർമാർജ്ജനം.

5-മനുഷ്യനെ വൻദോഷങ്ങളിൽനിന്നും, പാപങ്ങളിൽനിന്നും ശുദ്ധിയാക്കൽ സകാതിൻെറ ഗുണങ്ങളിൽപെട്ടതാണ്. അതുമൂലം അവൻെറ പാപങ്ങൾ മായ്ക്കപ്പെടുകയും, പദവികൾ ഉയർത്തപ്പെടുകയും ചെയ്യും.

എന്തിനെല്ലാം?

സ്വർണ്ണം, വെള്ളി, വ്യാപാരവസ്തുക്കൾ, നാൽകാലികൾ, ഭൂമിയിൽനിന്നും ഉൽപാദിപ്പിക്കപ്പെടുന്ന ധാന്യങ്ങൾ, ഫലവർഗ്ഗങ്ങൾ, ഖനിജങ്ങൾ എന്നിവക്ക് സകാത് നിർബന്ധമാണ്.

സ്വർണ്ണം, വെള്ളി

ഇവരണ്ടും ഏതവസ്ഥയിലിരുന്നാലും സകാത് നിർബന്ധമാണ്. സ്വർണ്ണവും വെള്ളിയും നിസ്വാബ് (നിശ്ചിത തോത്) കയ്യിലുള്ളവർ സകാത് നൽകണം. സ്വർണ്ണത്തിൻെറ നിസ്വാബ് 20 മിഥ്ഖാൽ ആകുന്നു. 20മിഥ്ഖാൽ മെട്രിക് തൂക്കത്തിൽ 70*ഗ്രാം ആകുന്നു. വെള്ളിയുടെ നിസ്വാബ് -നബിയുടെ കാലത്തെ-200 ദിർഹം ആകുന്നു. അതായത് 460ഗ്രാം. നിശ്ചിത തോത് സ്വർ

ണ്ണം ഉടമസ്ഥതയിലുള്ളവൻ 2.5% സകാത് നൽകണം. വെള്ളിയും ഇപ്രകാരം തന്നെ. ഇവയുടെ സകാത് പണമായിട്ട് നൽകാൻ ഉദ്ദേശിക്കുന്നവർ, വർഷം തികയുന്ന അവസരത്തിൽ സ്വർണ്ണത്തിന്റെയും വെള്ളിയുടെയും വിലയന്വേഷിച്ച് തദടിസ്ഥാനത്തിൽ സകാത് നൽകണം. ഉദാ:- ഒരാളുടെ കയ്യിൽ 100 ഗ്രാം സ്വർണ്ണമുണ്ട്. നിസ്വാബ് എത്തിയതുകൊണ്ട് സകാത് നിർബന്ധമാണ്. 2.5% ആണ് സകാത്. സകാത് നാണയമായി നൽകുവാനാണ് ഉദ്ദേശിക്കുന്നത്. ഒരുവർഷം തികയുമ്പോൾ സ്വർണ്ണത്തിന്റെവില അന്വേഷിക്കണം. 2.5% സകാത് നൽകണം.

നാണയങ്ങൾ

നാണയങ്ങൾക്കും സകാത് നിർബന്ധമാണ്. നിസ്വാബ് എത്തി ഒരുവർഷം തികഞ്ഞാൽ സകാത് നൽകണം. 70ഗ്രാം സ്വർണ്ണത്തിന്റെ വിലക്ക് തുല്യമായസംഖ്യ കൈവശമുള്ളവർ -സ്വർണമാണ് അടിസ്ഥാനമെങ്കിൽ- ഓരോവർഷവും 2.5% നൽകൽ നിർബന്ധമാണ്. വെള്ളിയാണ് അ

---

*85ഗ്രാം ആണെന്ന സുപ്രസിദ്ധ അഭിപ്രായവും ഉണ്ട്. മിഥ്ഖാലിനെ ഗോതമ്പു മണിക്കു സമമായി തൂക്കിക്കണക്കാക്കി പറഞ്ഞിട്ടുള്ളതാണ് 70 ഗ്രാം എന്നത്. ദാദാവിന്റെ സൂക്ഷ്മതക്കും ദരിദ്രന്റെ അവകാശം കൂടുതലായി കിട്ടുവാനും ഏറ്റവും നല്ലതെന്ന നിലക്ക് ഈ അഭിപ്രായം പണ്ഢിതർ മുൻതൂക്കം നൽകിയിരിക്കുന്നു. വെള്ളിയുടെ നിസ്വാബും(590ഗ്രാം)അങ്ങനെ തന്നെ [വിവ:]

ടിസ്ഥാനമെങ്കിൽ 460ഗ്രാം വെള്ളിയുടെ വിലക്ക് തുല്യമായ സംഖ്യയാണ് നിസ്വാബ്.
ഉദാ:- ഒരാളുടെപക്കൽ 25,000രൂപയുണ്ട്. ഒരുവർഷം പൂർത്തിയായി. വെള്ളിയുടെ/ സ്വർണ്ണത്തിന്റെ മാർക്കറ്റ് അന്വേഷിച്ചു. 70 ഗ്രാം സ്വർണ്ണത്തിന്/460ഗ്രാംവെള്ളിക്ക് 30,000 രൂപയാണെന്നറിഞ്ഞു. അയാൾക്ക് സകാത് നിർബന്ധമില്ല. കാരണം അയാളുടെ കൈവശമുള്ള സംഖ്യ നിസ്വാബ് എത്തിയിട്ടില്ല.

ഓഹരികൾ

ഇന്ന് മനുഷ്യർ എസ്റ്റേറ്റുകൾ (റിയൽ എസ്റ്റേറ്റ്) വ്യവസായങ്ങൾ എന്നിവയുടെ ഓഹരി (ഷെയർ) വിപണിയിൽ പണം നിക്ഷേപിക്കുന്നവരാണ്. പലരും വൻസംഖ്യകൾ ദീർഘ കാലത്തേക്ക് നിക്ഷേപിക്കുന്നു. പലപ്പോഴും അവയുടെ വില കൂടുകയും കുറയുകയും ചെയ്തു കൊണ്ടിരിക്കും. ഈ ഓഹരികൾക്ക് സകാത് ഉണ്ട്. കാരണം അവ വ്യാപാരത്തിലെ ക്രയവിക്രയ വസ്തുക്കളാണ്. ഓരോ വർഷവും ഓഹരിയുടെ വിലകണക്കാക്കി മുസ്ലിം സകാത് നൽകണം. അല്ലെങ്കിൽ ഓഹരി വിൽക്കുമ്പോൾ മുഴുവൻ വർഷത്തേയും സകാത് നൽകണം.

കച്ചവടത്തിന്റെ സകാത്

കച്ചവടം ചെയ്യാനും അതിലൂടെ സമ്പാദിക്കുവാനും അല്ലാഹു മുസ്ലിംകൾക്ക് അനുവാദം നൽകിയിരിക്കുന്നു. ധനത്തിന്റെ ഉടമയും, അത്‌വ്യാപാരത്തിൽ ഇറക്കുകയും ചെയ്ത മുസ്ലിമിന് വാർഷിക സകാത് നിർബന്ധമാണ്. അല്ലാഹുവിന്റെ അനുഗ്രഹത്തിനുള്ള കൃതജ്ഞതയും തന്റെ സമസൃഷ്ടികളോടുള്ള ബാധ്യതയും നിറവേറ്റാൻ വേണ്ടി. ലാഭം ഉദ്ദേശിച്ചു കൊണ്ടു് കൊള്ളക്കൊടുക്കകൾ നടത്തപ്പെടുന്ന ഭൂമി, ജീവികൾ, ഭക്ഷണപാനീയങ്ങൾ, വാഹനങ്ങൾ പോലെയുള്ള എല്ലാം കച്ചവടത്തിൽ ഉൾപ്പെടും. കച്ചവടത്തിന്റെ സകാതിനും നിസ്വാബ് എത്തൽ നിർബന്ധനയാണ്. അത് സ്വർണ്ണത്തിന്റെയോ, വെള്ളിയുടെയോ വിലയോട് തുലനം ചെയ്തു മൊത്തവിലയുടെ 2.5% നൽകണം. ഉദാ: ഒരുകച്ചവടക്കാരന് ഒരുലക്ഷം രൂപയുടെ ചരക്കുകളുണ്ട്. അയാൾ 2,500 രൂപ സകാത് നൽകണം. വ്യാപാര സ്ഥാപന ഉടമകൾ ഓരോ വർഷവും തങ്ങളുടെ മുഴുവൻ വ്യാപാര വസ്തുക്കളുടെയും കണക്കെ(സ്റ്റോക്കെ)ടുപ്പു നടത്തണം. അവയുടെ മൊത്തം (വിലകണക്കാക്കി) സകാത് നൽകണം. ഒരുകച്ചവടക്കാരൻ തന്റെ കച്ചവടത്തിന് ഒരുവർഷം തികയുന്നതിനു 10 ദിവസം മുമ്പ് ഒരുചരക്കു വാങ്ങിയാലും, മറ്റു വസ്തുക്കളുടെ കൂടെ ആ പുതിയ വസ്തുവിന്റെ സകാതും നൽകണം. കച്ചവടം തുടങ്ങുന്ന ദിവസം മുതലാണ് വർഷം ആരംഭിക്കുന്നത്. സകാത് വാർഷികവുമാണ്. ഓരോ വർഷവും തന്റെ പക്കലുള്ളതിന്റെ സകാത് മുസ്ലിം നൽകണം.

കച്ചവട ആവശ്യത്തിനായി തീറ്റകൊടുത്ത് വളർത്തപ്പെടുന്ന മൃഗങ്ങൾക്ക്-കാലികളുടെ നിസ്വാബിൻെറ എണ്ണം എത്തിയാലും ഇല്ലെങ്കിലും-സകാത് നിർബന്ധമാണ്. നാണയക്കണക്കിൽ അവയുടെ നിസ്വാബ് തികഞ്ഞിട്ടുണ്ടെങ്കിൽ സകാത് നാണയമായി നൽകണം.

ഉൽപന്നങ്ങളുടെ സകാത്

അളന്നെടുക്കപ്പെടുകയും, സൂക്ഷിക്കപ്പെടുകയും ചെയ്യുന്ന ധാന്യങ്ങൾ, ഫലങ്ങൾ എന്നിവക്ക് സകാത് നിർബന്ധമാണ്. ഉദാ: ഈത്തപ്പഴം, ഉണക്കമുന്തിരി, ഗോതമ്പ്, ബാർലി, നെല്ല് മുതലായവ. പഴങ്ങൾ, പച്ചക്കറികൾ എന്നിവക്ക് സകാത് നിർബന്ധമില്ല. ഉൽപന്നങ്ങളുടെ നിസ്വാബ് 675 കി.ഗ്രാം ആകുന്നു. ബാർലിയുടെ നിസ്വാബ് 552 കി.ഗ്രാം ആകുന്നു. ഇവയുടെ സകാതിന് വർഷം തികയുക എന്ന നിബന്ധനയില്ല. കാർഷിക ചെലവുകൾ ഇല്ലാതെ മഴ, പുഴ എന്നിവയിൽ നിന്നും നനക്കപ്പെട്ടവയാണെങ്കിൽ പത്തിലൊന്ന് (10%) സകാത് നൽകണം. കാർഷിക ചെലവുകൾ വന്നു, നനച്ചുണ്ടാക്കിയവക്ക് ഇരുപതിലൊന്ന് (5%) സകാത് ഉണ്ട്.

ഉദാ: ഒരാൾ നെൽകൃഷി ചെയ്തു. വരുമാനം 800 കി.ഗ്രാം. അയാൾക്ക് സകാത് നിർബന്ധമാണ്. കാരണം നിസ്വാബ് (675കി.ഗ്രാം) തികഞ്ഞിട്ടുണ്ട്. ജലസേചനനത്തിനു ചെലവു വന്നിട്ടില്ലെങ്കിൽ അയാൾ പത്തിലൊന്ന് (80കി.ഗ്രാം) സകാത് നൽകണം. കൃഷി നനക്കുവാൻ ചെലവു വന്നിട്ടുണ്ടെങ്കിൽ ഇരുപതിലൊന്ന് (40കി.ഗ്രാം) നൽകണം.

കന്നുകാലികൾ

ഒട്ടകം, മാട്, ചെമ്മരിയാട്, കോലാട്, എന്നിവയാണ് ഇതുകൊണ്ടുദ്ദേശ്യം. ഇവക്ക് സകാത് നിർബന്ധമാകാൻ നാലു നിബന്ധനകളുണ്ട്.

1-നിസ്വാബ്. ഒട്ടകം-5. ചെമ്മരിയാട്/ കോലാട്-40. മാട്-30. ഇതിൽ കുറഞ്ഞവക്ക് സകാതില്ല.

2-ഉടമസ്ഥൻെറ പക്കൽ ഒരുവർഷം തികയൽ.

3-വർഷത്തിൽ അധികകാലവും മേഞ്ഞു നടക്കുന്നവയായിരിക്കണം.

തീറ്റവസ്തുക്കൾ വാങ്ങി, സൂക്ഷിച്ചുവച്ച് തീറ്റകൊടുക്കപ്പെടുന്നവയാണെങ്കിൽ സകാത് നിർബന്ധമില്ല. വർഷത്തിൽ ഭൂരിഭാഗം കാലവും മേഞ്ഞു നടക്കുന്നവയായാലല്ലെങ്കിൽ.

4-കൃഷി, ഭാരംവഹിക്കൽ എന്നീ ജോലിക്ക് ഉപയോഗിക്കാത്തവ ആയിരിക്കണം.

ഒട്ടകത്തിന്റെ സകാത്

5 മുതൽ	9 വരെ	ഒരു ആട്
10മുതൽ	14വരെ	ർണ്ട് ആട്
15മുതൽ	19വരെ	ൗന്ന് ആട്
20മുതൽ	24വരെ	ൻാല് ആട്
25മുതൽ	35വരെ	ഒരുവയസ്സായ ഒട്ടകം-1/രണ്ടു വയസ്സായ ഒട്ടകം - 1
36മുതൽ	45വരെ	ർണ്ടുവയസ്സായ ഒട്ടകം - 1
46മുതൽ	60വരെ	ൗന്നുവയസ്സായ ഒട്ടകം - 1
61മുതൽ	75വരെ	ൻാലുവയസ്സായ ഒട്ടകം - 1
76മുതൽ	90വരെ	ർണ്ടുവയസ്സായ ഒട്ടകം- 2
91മുതൽ	120വരെ	ൗന്നുവയസ്സായ ഒട്ടകം - 2

ഇതിൽകൂടുതൽ ഉള്ളവക്ക് ഓരോ നാൽപതിനും രണ്ടുവയസ്സ് തികഞ്ഞ ഒട്ടകം - 1 ഓരോ 50നും മൂന്നുവയസ്സു തികഞ്ഞ ഒട്ടകം - 1 എന്നതോതിലും സകാത് നൽകുക.

പശു

30മുതൽ	39വരെ	ഒരുവയസ്സുതികഞ്ഞ കാളക്കുട്ടി-1
40മുതൽ	59വരെ	2 വയസ്സുതികഞ്ഞ പശുക്കുട്ടി-1

60മുതൽ	69വരെ	ഒരുവയസ്സുതികഞ്ഞ കാളക്കുട്ടി-2
70മുതൽ	79വരെ	2 വയസ്സായ ഒരുപശുക്കുട്ടിയും 1 വയസ്സായ ഒരുകാളക്കുട്ടിയും

അതിൽകൂടുതലുള്ള ഓരോ 30നും ഒരുവയസ്സു തികഞ്ഞ കാളക്കുട്ടിയും, ഓരോ നാൽപതിനും രണ്ടു വയസ്സു തികഞ്ഞ പശുക്കുട്ടിയും കൊടുക്കണം.

ആട്

40 മുതൽ	120 വരെ	ആട് -1
121 മുതൽ	200 വരെ	ആട് -2
201 മുതൽ	300 വരെ	ആട് -3
301 മുതൽ	400 വരെ	ആട് -4
401 മുതൽ	500 വരെ	ആട് -5

കൂടുതലുള്ള ഓരോ നൂറിനും ഒരുആട്വീതം.

സകാതിൻ്റെ അവകാശികൾ

അല്ലാഹു പറയുന്നു:

﴿ إِنَّمَا الصَّدَقَاتُ لِلْفُقَرَاءِ وَالْمَسَاكِينِ وَالْعَامِلِينَ عَلَيْهَا وَالْمُؤَلَّفَةِ قُلُوبُهُمْ وَفِي الرِّقَابِ وَالْغَارِمِينَ وَفِي سَبِيلِ اللَّهِ وَابْنِ السَّبِيلِ فَرِيضَةً مِّنَ اللَّهِ وَاللَّهُ عَلِيمٌ حَكِيمٌ ﴾ (التوبة:٦٠)

ദാനധർമ്മങ്ങൾ (നൽകേണ്ടത്) ദരിദ്രന്മാർക്കും, അഗതികൾക്കും, അതിൻെറ കാര്യത്തിൽ പ്രവർത്തിക്കുന്നവർക്കും, (ഇസ്ലാമുമായി) മനസ്സുകൾ ഇണക്കപ്പെട്ടവർക്കും, അടിമകളുടെ (മോചനത്തിൻെറ) കാര്യത്തിലും, കടംകൊണ്ട് വിഷമിക്കുന്നവർക്കും, അല്ലാഹുവിൻെറ മാർഗ്ഗത്തിലും, വഴിപോക്കനും മാത്രമാണ്. അല്ലാഹുവിൽ നിന്ന് നിശ്ചയിക്കപ്പെട്ടതത്രെ ഇത്. അല്ലാഹു എല്ലാം അറിയുന്നവനും യുക്തിമാനുമാണ്. (വി-ഖു- 9:60)

സകാതിന് അർഹരായി എട്ടുവിഭാഗം ആൾക്കാരെ അല്ലാഹു വിശദമാക്കിയിരിക്കുന്നു. ഇസ്ലാമിലെ സകാത് സമൂഹത്തിനും, ആവശ്യക്കാർക്കും ഉള്ളതാണ്. മറ്റു മതങ്ങളിലെപ്പോലെ മത പുരോഹിതർക്കുള്ളതല്ല.

1-ദരിദ്രൻ: ജീവിതാവശ്യത്തിൻെറ പകുതിയിൽ താഴെ വരുമാനമുള്ളവർ.

2-അഗതി: ജീവിതാവശ്യത്തിൻെറ പകുതിയിൽകൂടുതൽ ലഭിക്കുന്നു. പക്ഷെ അത് തികയാത്തവർക്ക് ആവശ്യത്തിനുള്ളത് കുറച്ചു മാസത്തേക്കോ, ഒരുവർഷം മുഴുവനായോ സകാതിൽ നിന്ന് നൽകാം.

3-ഉദ്യോഗസ്ഥർ: സകാത് ശേഖരിക്കാൻ ഉത്തരവാദപ്പെട്ടവരാൽ ചുമതലയേൽപിക്കപ്പെട്ടവർ. അയാളുടെ ജോലിക്കും പദവിക്കും അനുസൃതമായ കൂലികൊടുക്കണം. ധനികനാണെങ്കിലും ശരി.

4-മനസ്സുകൾ ഇണക്കപ്പെട്ടവൻ: സമൂഹത്തിൽ സ്വാധീനമുള്ളവരും, ഇസ്ലാമിലേക്ക് വരുമെന്ന് പ്രതീക്ഷിക്കപ്പെടുന്നവരോ, സകാത് മുഖേന, അയാൾ മൂലുള്ള ദുരിതം മുസ്ലിംകൾക്ക് കുറയുമെന്ന് പ്രതീക്ഷിക്കപ്പെടുന്നതോ ആയ നേതാക്കൾ. നവമുസ്ലിംകൾ, അവർക്ക് വിശ്വാസ ദാർഢ്യവും മാനസിക സ്ഥൈര്യവും ലഭിക്കാൻ സകാത് നൽകാം.

5-അടിമമോചനം: അടിമകളെയും, ശത്രുക്കളുടെ കയ്യിലകപ്പെട്ട തടവുകാരെയും മോചിപ്പിക്കാൻ സകാത് ചെലവഴിക്കാം.

6-കടംഉള്ളവർ: കടബാദ്ധ്യതയുള്ളവന് കടംവീട്ടാൻ ആവശ്യമായത് കൊടുക്കണം. ഇതിൻെറ നിബന്ധനകൾ :-

1-മുസ്ലിമായിരിക്കണം.

2-കടംവീട്ടാൻ കഴിവുള്ള ധനികനായിരിക്കരുത്.

3-കടം അനാവശ്യ വഴിയിൽ വന്നതാകരുത്.

4-കടം അവധിയായതായിരിക്കണം.

7-അല്ലാഹുവിൻെറ മാർഗ്ഗം: ശമ്പളംപറ്റാതെ ദൈവമാർഗ്ഗത്തിൽ ജിഹാദ് ചെയ്യുന്നവർ. അവർക്കോ, അല്ലെങ്കിൽ ആയുധങ്ങൾ വാങ്ങിക്കൊടുക്കാനോ സകാത് ഉപയോഗിക്കാം. മതപഠനവും ഈ

ഗണത്തിൽപെടും. ഒരാൾ മതപഠനം ഉദ്ദേശിക്കുന്നു. സാമ്പത്തിക ശേഷിയില്ല. അയാളുടെ മത പഠനത്തിനു മാത്രം ആവശ്യമായത് സകാതിൽ നിന്നു നൽകാം.

8-വഴിപോക്കൻ: വഴിയിൽവച്ച് സമ്പത്ത് നഷ്ടപ്പെട്ട യാത്രക്കാരൻ. നാട്ടിലെത്താൻ യാതൊന്നും കയ്യിലില്ല. അയാൾ നാട്ടിൽ ധനികനാണെങ്കിലും, അയാൾക്ക് നാട്ടിലെത്താൻ ആവശ്യമായത് സകാതിൽ നിന്ന് നൽകാം.

പള്ളി, വഴി, എന്നിവയുടെ നിർമ്മാണത്തിന് സകാത് ഉപയോഗിക്കാൻ പാടില്ല.

കുറിപ്പുകൾ

1-സമുദ്രത്തിൽ നിന്നും ലഭിക്കുന്ന മുത്ത്, പവിഴം, മത്സ്യം എന്നിവക്ക് സകാത് നിർബന്ധമില്ല. അവ വ്യാപാര വസ്തുക്കളാകുമ്പോൾ കച്ചവടത്തിൻെറ സകാത് നൽകണം.

2-വാടകക്കെട്ടിടങ്ങൾ, ഫാക്ടറികൾ എന്നിവക്ക് സകാതില്ല. എന്നാൽ അവയുടെ വാടക സംഖ്യക്ക് ഒരുവർഷം തികയുമ്പോൾ (നാണയത്തിൻെറ) സകാത് നൽകണം.

ഉദാ:- ഒരാൾ ഒരുകെട്ടിടം വാടകക്കു കൊടുക്കുന്നു. ഈ വാടക സംഖ്യയോ അതിൻെറ ഒരു അംശമോ വർഷം തികയുകയും, നാണയത്തിൻെറ സകാത്തിൻെറ നിസ്വാബ് എത്തുകയും ചെയ്താൽ ആ സംഖ്യക്കു സകാത് നിർബനന്ധമാകുന്നു.

أحكام الصيام

വ്രതം: വിധിവിലക്കുകൾ

നോമ്പ് ഇസ്‌ലാം കാര്യങ്ങളിൽ പെട്ട ഒന്നാകുന്നു. നബി ﷺ പറഞ്ഞു:

((بني الإسلام على خمس: شهادة أن لاَإله إلاّ الله وأنّ محمّدا رسول الله، وإقام الصلاة وإيتاء الزكوة، والحج، وصوم رمضان)) (البخاري)

ഇസ്‌ലാം അഞ്ചുകാര്യങ്ങളിൽ സ്ഥാപിതമായിരിക്കുന്നു; ആരാധനക്കർഹനായി യാതൊന്നുമില്ല, അല്ലാഹു ഒഴികെ, മുഹെമ്മദ് അല്ലാഹുവിന്റെ സന്ദേശവാഹകനാകുന്നു എന്ന സത്യസാക്ഷ്യം, നമസ്കാരം നിലനിർത്തൽ, സകാത് നൽകൽ, ഹെജ്ജ് നിർവ്വഹിക്കൽ, റമദാനിലെ വ്രതമനുഷ്ഠിക്കൽ. (ബുഖാരി)

പ്രഭാതം മുതൽ പ്രദോഷം വരെ ദൈവപ്രീതി കാംക്ഷിച്ചു കൊണ്ട് അന്ന-പാന, ഭോഗാതികളിൽ നിന്ന് വിട്ടു നിൽക്കലാണ് വ്രതം.

റമദാനിൽ നോമ്പ് നിർബന്ധമാകുന്നു. അല്ലാഹു പറയുന്നു:

﴿...فَمَنْ شَهِدَ مِنْكُمُ الشَّهْرَ فَلْيَصُمْهُ﴾ (البقرة:١٨٥)

...അതുകൊണ്ട് നിങ്ങളിൽ ആർ ആ മാസത്തിൽ സന്നിഹിതരാണോ, അവർ ആ മാസം നോമ്പനുഷ്ഠിക്കേണ്ടതാണ്. (വി.ഖു. 2:185)

പ്രായപൂർത്തിയെത്തിയ, ബുദ്ധിയുള്ള ഓരോ മുസ്‌ലിമിനും ഇതു നിർബന്ധമാണ്. 15 വയസ്സ് തികയുക, ഗുഹ്യരോമം മുളക്കുക, ഇന്ദ്രിയസ്ഖലനം എന്നിവ കൊണ്ട് പ്രായപൂർത്തിയായതായി പരിഗണിക്കാം. സ്ത്രീയാണെങ്കിൽ ഇവക്കെല്ലാം പുറമെ ആർത്തവ രക്തം പുറപ്പെടുന്നതു കൊണ്ടുമാകാം. കുട്ടികളിൽ ഈ അടയാളങ്ങൾ ഏതെങ്കിലുമൊന്ന് ദൃശ്യമായാൽ ആ കുട്ടിക്കു പ്രായപൂർത്തിയായി.

റമദാനിന്റെ മഹത്വങ്ങൾ

മറ്റു മാസങ്ങൾക്കില്ലാത്ത പല മഹത്വങ്ങളും റമദാൻ മാസത്തിന് അല്ലാഹു നൽകിയിട്ടുണ്ട്. അവയിൽ ചിലത്:

1-നോമ്പുകാരൻ നോമ്പ് മുറിക്കുന്നതു വരെ മലക്കുകൾ അവന്നു വേണ്ടി പാപമോചനം നടത്തിക്കൊണ്ടേയിരിക്കും.

2-അല്ലാഹു അവന്റെ സ്വർഗ്ഗം അലങ്കരിക്കും. എന്നിട്ട് പറയും: സദ്‌വൃത്തരായ എന്റെ ദാസന്മാർ അവരുടെ കുറ്റങ്ങളും പാപങ്ങളും വലിച്ചെറിഞ്ഞു നിന്നിലേക്ക് വന്നേക്കും.

3-റമദാനിൽ ധിക്കാരികളായ പിശാചുക്കൾ ചങ്ങലയിൽ ബന്ധിക്കപ്പെടും.

4-റമദാനിലാണ് ലൈലതുൽ ക്വദ്ർ (നിർണ്ണിത രാത്രി). അത് ആയിരം മാസത്തെക്കാൾ ഉത്തമമാകുന്നു.

5-റമദാനിലെ അവസാനത്തെ രാത്രിയിൽ നോമ്പുകാരന്ന് പാപങ്ങൾ പൊറുത്തു കൊടുക്കപ്പെടും.

6-നരകത്തിൽ നിന്നും അല്ലാഹു നരകാവകാശികളെ മോചിപ്പിക്കും. റമദാനിലെ എല്ലാ രാത്രിയിലും ഇതുണ്ടാകും.

7-റമദാനിലെ ഒരു ഉംറഃ ഹെജ്ജിനു സമമാകുന്നു.

പ്രവാചകൻ ﷺ പറയുന്നു:

((من صام رمضان إيمانا واحتسابا غُفر له ما تقدّم من ذنبه))

വിശ്വാസവും പ്രതിഫലേച്ഛയോടും കൂടി റമദാനിൽ നോമ്പെടുത്തവന്റെ മുൻ പാപങ്ങൾ പൊറുക്കപ്പെടും.

മറ്റൊരു ഹെദീഥിൽ ഇങ്ങനെ കാണാം:

((كلّ عمل ابن آدم له الحسنة بعشر أمثالها إلى سبعمائة ضعف. يقول الله عزوجل: إلاّ الصوم فإنه لي وأنا أجزي به)) ابن ماجه

മനുഷ്യന്റെ എല്ലാ പ്രവർത്തനങ്ങൾക്കും പ്രതിഫലം പത്തിരട്ടി മുതൽ എഴുനൂറിരട്ടി വരെയാകുന്നു. അല്ലാഹു പറയുന്നു: നോമ്പൊഴികെ; അത് എനിക്കുള്ളതാകുന്നു. ഞാനതിനു പ്രതിഫലം (കണക്കാക്കി) നൽകും. (ഇബ്നുമാജഃ)

മാസപ്പിറവി

റമദാൻ മാസമായി എന്നത് രണ്ടു വിധത്തിലാണ് സ്ഥിരീകരിക്കപ്പെടുന്നത്.

1-മാസപ്പിറവി ദൃശ്യമാകൽ. ഉദയചന്ദ്രൻ ദൃശ്യമായാൽ നോമ്പ് നിർബന്ധമായി. നബി ﷺ പറഞ്ഞു:

((إذا رأيتم الهلال فصوموا، وإذا رأيتموه فأفطرو)) متفق عليه

നിങ്ങൾ ഉദയചന്ദ്രനെ കണ്ടാൽ നോമ്പ് പിടിക്കുക. വീണ്ടും അതിനെ കണ്ടാൽ നോമ്പ് മുറിക്കുക. (ബുഖാരീ, മുസ്‌ലിം.)

റമദാനിലെ മാസപ്പിറവി സ്ഥിഃീകറിക്കാൻ നീതിമാനായ ഒരു സാക്ഷി മതി. എന്നാൽ ശവ്വാൽ പിറവിക്ക് രണ്ടു സാക്ഷികൾ വേണം.

2-ശഅ്ബാൻ മുപ്പതു ദിവസം പൂർത്തിയാക്കൽ. ശഅ്ബാൻ മുപ്പതു ദിവസം പൂർത്തിയായാൽ മുപ്പത്തിയൊന്നാമത്തെ ദിവസം, റമദാനിലെ ഒന്നാമത്തെ ദിവസമായിരിക്കും. നബി ﷺ പറയുഞ്ഞു:

((...فإن غُمّ عليكم فأكملوا العدة ثلاثين يوما))

നിങ്ങൾക്ക് മേഘം മൂടപ്പെട്ടാൽ എണ്ണം നിങ്ങൾ മുപ്പത് പൂർത്തിയാക്കുക.

നോമ്പിൽ ഇളവനുവദിക്കപ്പെട്ടവർ

1-സുഖപ്പെടുമെന്ന് പ്രതീക്ഷിക്കപ്പെടുന്ന രോഗി:

ഈ രോഗിക്ക് നോമ്പ് വിഷമകരമാണെങ്കിൽ, നോമ്പ് മുറിക്കൽ അനുവദനീയമാകുന്നു. ഒഴിവാക്കിയ നോമ്പ് പിന്നീട് നോറ്റു വീട്ടേണ്ടതാണ്.

എന്നാൽ ശമനപ്രതീക്ഷയില്ലാതെ നീണ്ടുനിൽക്കുന്ന രോഗമാണെങ്കിൽ അയാൾക്ക് നോമ്പ് നിർബന്ധമില്ല. അയാൾ ഓരോ ദിവസത്തെ നോമ്പിനും പകരം ഒരു അഗതിക്ക് ഭക്ഷണം നൽകണം. 550 ഗ്രാം ഭക്ഷണം എന്ന തോതിൽ.

2.യാത്രക്കാരൻ:

യാത്രക്കാരൻ യാത്ര പുറപ്പെട്ടു, സ്വദേശത്ത് തിരിച്ചെന്നുത്തതു വരെ നോമ്പ് ഒഴിവാക്കൽ അനുവദനീയമാകുന്നു. ഉദ്ദിഷ്ട സ്ഥലത്തെത്തി, കുറച്ചുകാലം തങ്ങേണ്ടി വരുന്നു, തന്റെ ആവശ്യ പൂർത്തീകരണത്തിനു ശേഷം അവിടെ താമസിക്കുകയില്ലെന്ന ഉദ്ദേശ്യസ്ഥിലായിരിക്കുമ്പോഴെല്ലാം അവൻ യാത്രക്കാരൻ തന്നെ. 80 കിലോമീറ്ററിൽ അധികമുള്ള യാത്രക്ക് മാത്രമാണ് ഇതു ബാധകം. യാത്രയുടെ ദൂരപരിധിയിൽ വ്യത്യസ്ത അഭിപ്രായങ്ങൾ വന്നിട്ടുണ്ട്.

3.ഗർഭിണി, മുലയൂട്ടുന്ന മാതാവ്:

ഇവർ തന്റെയോ കുഞ്ഞിന്റെയോ ആരോഗ്യത്തെ ബാധിക്കുമെന്ന് ഭയപ്പെട്ടാൽ നോമ്പ് ഒഴിവാക്കൽ അനുവദനീയമാകുന്നു. ഈ കാരണം നീങ്ങിക്കഴിഞ്ഞാൽ വിട്ട നോമ്പുകൾ നോറ്റു വീട്ടണം.

4.നോമ്പനുഷ്ടിക്കൽ വിഷമമായിത്തീരുന്ന വൃദ്ധൻ:

ഇവർക്ക് നോമ്പിൽ ഇളവനുവദിക്കപ്പെട്ടിട്ടുണ്ട്. അവർ നോറ്റു വീട്ടേണ്ടതുമില്ല. എന്നാൽ അവർ ഓരോ ദിവസത്തിനും ഒരു അഗതിക്കു ഭക്ഷണം കൊടുക്കണം.

നേമ്പ് മുറിയുന്ന കാര്യങ്ങൾ

1-കരുതിക്കൂട്ടിയുള്ള തീറ്റ, കുടി:

മറന്നു കൊണ്ടാണെങ്കിൽ അത് നോമ്പിനെ ബാധിക്കുകയില്ല. നബി ﷺ പറഞ്ഞു:

((من أكل أو شرب ناسيا فليتم صومه...)) رواه مسلم

മറന്നു കൊണ്ട് തിന്നുകയോ കുടിക്കുകയോ ചെയ്തവൻ തന്റെ നോമ്പ് പൂർത്തിയാക്കട്ടെ. (മുസ്‌ലിം)

മൂക്കിലൂടെ കടന്നു വെള്ളം അകത്തെത്തിയാലും നോമ്പ് മുറിയും. ഞരമ്പുകളിലൂടെ ഗ്ലൂകോസ് പോലെയുള്ളവ സ്വീകരിക്കൽ, രക്തം കുത്തിവെക്കൽ എന്നിവ മൂലവും നോമ്പ് മുറിയും. കാരണം അത് ഭക്ഷണം സ്വീകരിക്കലാകുന്നു.

2-സംയോഗം:

നോമ്പുകാരൻ ലൈംഗിക ബന്ധത്തിലേർപ്പെട്ടാൽ നോമ്പ് മുറിയും. അവൻ നോമ്പു നോറ്റു വീട്ടുന്നതോടൊപ്പം കനത്ത പ്രായശ്ചിത്തവും ചെയ്യണം.

പ്രായശ്ചിത്തം:

ഒരു അടിമയെ മോചിപ്പിക്കുക. അതു ലഭ്യമല്ലെങ്കിൽ രണ്ടുമാസം തുടർച്ചയായി നോമ്പു പിടിക്കുക. പെരുന്നാൾ, അയ്യാമുത്തശ്‌രീക്വ് എന്നീ മതപരമായ കാരണങ്ങളോ, രോഗം, നോമ്പ് മുറിക്കണമെന്ന ഉദ്ദേശ്യത്തോടെയല്ലാത്ത യാത്ര എന്നീ ഭൗതിക കാരണങ്ങളോ ഇല്ലാതെ ഈ നോമ്പ് മുറിക്കാൻ പാടില്ല. അകാരണമായി ഒരു ദിവസമെങ്കിലും നോമ്പൊഴിവാക്കിയാൽ തുടർച്ചക്കു ഭംഗം നേരിട്ടതിനാൽ പുതുതായി നോമ്പു പിടിക്കൽ അവനു നിർബന്ധമാകുന്നു. ഇങ്ങനെ രണ്ടു മാസം തുടർച്ചയായി നോമ്പെടുക്കാൻ സാദ്ധ്യമല്ലെങ്കിൽ അവൻ 60 അഗതികൾക്ക് ഭക്ഷണം നൽകണം.

3-ഇന്ദ്രിയ സ്ഖലനം:

ചുംബനം, സ്വയംഭോഗം എന്നിവ നിമിത്തം അിറഞ്ഞു കൊണ്ട് സ്ഖലനം ഉണ്ടായാൽ നോമ്പ് മുറിയും. ആ നോമ്പ് നോറ്റു വീട്ടൽ നിർബന്ധമാകുന്നു. പ്രായശ്ചിത്തം ചെയ്യേണ്ടതില്ല. എന്നാൽ സ്വപ്ന സ്ഖലനം നോമ്പ് മുറിക്കുകയില്ല.

4. രക്തം പുറത്തെടുക്കൽ:

ശരീരത്തിൽ നിന്ന് കൊമ്പുവെച്ചോ, ദാനം ചെയ്യുന്നതിനു വേണ്ടിയോ രക്തം പുറത്തെടുക്കൽ. (ഈ വിഷയത്തിൽ പണ്ഡിതന്മാർക്കിടയിൽ വ്യത്യസ്ത അഭിപ്രായങ്ങളുണ്ട്. വിവഃ). പരിശോധനക്കു വേണ്ടി രക്തം പുറത്തെടുത്താൽ നോമ്പു മുറിയുകയില്ല. മൂക്കിൽ നിന്നുള്ള രക്തവാർച്ച, പല്ലു പറിക്കുമ്പോൾ വരുന്ന രക്തം, വ്രണങ്ങളിൽ നിന്നും വരുന്ന രക്തം തുടങ്ങി കരുതിക്കൂട്ടാതെയുള്ള രക്തസ്രാവം കൊണ്ടും നോമ്പ് മുറിയുകയില്ല.

5-കരുതിക്കൂട്ടിയുള്ള ഛർദ്ദി:

കരുതിക്കൂട്ടാതെയാണെങ്കിൽ പ്രശ്നമില്ല.

മേൽപറയപ്പെട്ട കാര്യങ്ങൾ അറിവോടെ, മനഃപൂർവ്വം ചെയ്തതല്ലെങ്കിൽ നോമ്പ് മുറിയുകയില്ല. മതനിയമത്തെ കുറിച്ചുള്ള അജ്ഞത മൂലം ചെയ്താലും നോമ്പ് മുറിയുകയില്ല. സമയത്തെ കുറിച്ചുള്ള അജ്ഞതമൂലം-പ്രഭാതമായില്ലെന്ന ധാരണയിൽ, അല്ലെങ്കിൽ സൂര്യൻ അസ്തമിച്ചിരിക്കുന്നു എന്ന ധാരണയിൽ-ചെയ്തതാണെങ്കിലും നോമ്പിനെ ബാധിക്കുകയില്ല. മറന്നു കൊണ്ട് ചെയ്താലും നോമ്പ് മുറിയുകയില്ല.

മേൽപറയപ്പെട്ട കാര്യങ്ങൾ സ്വമേധയാ ചെയ്തെങ്കിൽ മാത്രമേ നോമ്പ് മുറിയുകയുള്ളൂ. നിർബന്ധിക്കപ്പെട്ട നിലയിൽ ചെയ്തതാണെങ്കിൽ അത് അവന്റെ നോമ്പിനെ ബാധിക്കുകയില്ല. അവൻ ആ നോമ്പ് നോറ്റു വീട്ടേണ്ടതില്ല.

6-ആർത്തവം, പ്രസവാശുദ്ധി:

സ്ത്രീയിൽ ഈ രക്തം കാണപ്പെട്ടാൽ അവളുടെ നോമ്പ് മുറിയും. ഈ രക്തമുള്ള സ്ത്രീകൾ നോമ്പെടുക്കൽ ഹറാം (നിഷിദ്ധം) ആകുന്നു. അവൾ റമദാനിനു ശേഷം നഷ്ടപ്പെട്ട നോമ്പുകൾ നോറ്റു വീട്ടണം.

നോമ്പിനെ ബാധിക്കാത്ത കാര്യങ്ങൾ

1- മുങ്ങിക്കുളിക്കൽ, നീന്തൽ, ചൂടുകാലത്ത് ശരീരം തണുപ്പിക്കാൻ വേണ്ടി വെള്ളം കോരിയൊഴിക്കൽ.

2- പ്രഭാതം ഉറപ്പാകുന്നതു വരെ രാത്രിയിൽ ഭക്ഷണ പാനീയങ്ങൾ കഴിക്കുക, സ്ത്രീ പുരുഷ ബന്ധത്തിലേർപ്പെടുക.

3- പല്ലു തേക്കൽ. പകൽ ഏതു സമയത്താണെങ്കിലും നോമ്പ് മുറിയുകയില്ല. മാത്രവുമല്ല പല്ലു തേക്കൽ ഏറ്റവും നല്ല കാര്യവുമാകുന്നു.

4- ഭക്ഷണത്തിനു പകരമ,യുള്ളതോ, അകത്തേക്കു കഴിക്കുന്നതോ അല്ലാത്ത അനുവദനീയമായ ഏതു മരുന്നുകൾ കൊണ്ടും ചികിത്സ ചെയ്യൽ. ഭക്ഷണത്തിനു പകരമയുള്ളതല്ലാത്ത ഇഞ്ചക്ഷൻ സ്വീകരിക്കാം. കണ്ണിലും ചെവിയിലും തുള്ളിമരുന്നുകൾ ഉപയോഗിക്കാം. അവയുടെ രുചി തൊണ്ടയിൽ അിറഞ്ഞാലും കുഴപ്പമില്ല. ആസ്തമക്ക് വായിലുപയോഗിക്കുന്ന ഇൻഹേലർ (സ്പ്രേ) ഉപയോഗിക്കാം. ഉള്ളിലേക്കു പ്രവേശിക്കാത്ത വിധം ഭക്ഷണം രുചി നോക്കിയാൽ നോമ്പ് മുറിയില്ല. വെള്ളം കവിൾ കൊള്ളുക, മൂക്കിൽ കയറ്റി ചീറ്റുക എന്നിവ തെറ്റില്ല. ഉള്ളിലേക്കു പ്രവേശിക്കും വിധം അധികമാകരുത്. സുഗന്ധം ഉപയോഗിക്കുന്നതും, സുഗന്ധമുള്ളവ വാസനിക്കുന്നതും തെറ്റില്ല.

5- ആർത്തവം, പ്രസവരക്തം എന്നിവയുള്ളവർ രാത്രിയിൽ അവ നിന്നു പോയാൽ പ്രഭാതം വരെ അവരുടെ കുളി പിന്തിക്കുന്നത് അനുവദനീയമാകുന്നു. ഫജ്ർ നമസ്കാരത്തിനു വേണ്ടി അവൾ കുളിക്കണം. അപ്രകാരം തന്നെയാകുന്നു വലിയ അശുദ്ധി (ജനാബത്) ഉള്ള ആളും.

പ്രത്യേക ശ്രദ്ധക്ക്

1- റമദാനിലെ പകലിൽ ഒരു അമുസ്‌ലിം ഇസ്‌ലാം സ്വീകരിച്ചാൽ ആ പകലിൽ ബാക്കിസമയം അവൻ ഭക്ഷണ പാനീയങ്ങൾ ഉപേക്ഷിക്കൽ നിർബന്ധമാകുന്നു. അവൻ അന്നത്തെ നോമ്പ് നോറ്റുവീട്ടൽ നിർബന്ധമില്ല.

2- പ്രഭാതമാകുന്നതിനു മുമ്പ്, രാത്രിയിൽ എപ്പോഴെങ്കിലും നോമ്പാനുഷ്ഠിക്കാനുള്ള നിയ്യത്ത് ചെയ്യൽ നിർബന്ധമാകുന്നു. ഇത് നിർബന്ധ നോമ്പിനു മാത്രം ബാധകമാകുന്നു. എന്നാൽ സുന്നത്ത് നോമ്പിന് പ്രഭാതത്തിനു ശേഷമായാലും മതി. അത് പകൽ ഉദിച്ചുയർന്ന ശേഷമായാലും മതി. അതിനു മുമ്പ്, ഫജ്റിനു ശേഷം ഒന്നും ഭക്ഷിച്ചിട്ടുണ്ടാകരുത്.

3- നോമ്പു തുറക്കുന്ന സമയത്ത് ആവശ്യമുള്ളത് പ്രാർത്ഥിക്കുന്നത് നല്ലതാണ്. നബിﷺ പറഞ്ഞു:

((إن للصائم عند فطره دعوة لا ترد)) سنن ابن ماجه

നിശ്ചയം, നോമ്പുകാരന്, അവൻ നോമ്പു മുറിക്കുന്ന സമയത്ത് നിരസിക്കപ്പെടാത്ത ഒരു പ്രാർത്ഥനയുണ്ട്. (ഇബ്നുമാജഃ)

നബിﷺ ഇങ്ങനെ പ്രാർത്ഥിച്ചിരുന്നു:

((ذَهَبَ الظَّمَأُ وَابْتَلَّتْ الْعُرُوقُ وَثَبَتَ الأَجْرُ إِنْ شَاءَ اللَّهُ)) (أبوداود)

ദാഹം തീർന്നു, ഞരമ്പുകൾ നനഞ്ഞു, അല്ലാഹു ഉദ്ദേശിച്ചാൽ പ്രതിഫലവും സ്ഥിരപ്പെട്ടു. (അബൂദാവൂദ്)

4- റമദാൻ മാസമായ വിവരം അറിയുന്നത് പകൽ സമയത്താണെങ്കിൽ അവൻ അന്ന് അന്നപാനീയ, ഭോഗാതികൾ വെടിയണം. അവൻ ആ നോമ്പ് പിന്നീട് നോറ്റു വീട്ടണം.

5. നോമ്പു നോറ്റു വീട്ടാനുള്ളവൻ തന്റെ ബാദ്ധ്യത പൂർത്തീകരണത്തിനായി അതു വേഗം നോറ്റുവീട്ടണം. പിന്തിക്കൽ നിഷിദ്ധമല്ല. നോറ്റുവീട്ടാനുള്ള നോമ്പ് തുടർച്ചയായോ അല്ലാതെയോ അനുഷ്ഠിക്കാവുന്നതാണ്. അടുത്ത റമദാനിന്റെ പിന്നിലേക്ക് അകാരണമായി പിന്തിക്കാൻ പാടില്ല.

നോമ്പിന്റെ സുന്നത്തുകൾ

1- അത്താഴം:

നബിﷺ പറഞ്ഞു:

((تسحّروا فإن في السحور بركة))

നിങ്ങൾ അത്താഴം കഴിക്കുക. കാരണം, അത്താഴത്തിൽ അനുഗ്രഹമുണ്ട്. (ബു.മു)

അത്താഴം രാത്രിയുടെ അന്ത്യ സമയത്തേക്ക് പിന്തിക്കുന്നതാകുന്നു സുന്നത്ത്. നബിﷺ പറഞ്ഞു:

((ما تزال أمتي بخير ما عجلوا الفطر وأخروا السحور)) أحمد

അത്താഴം പിന്തിക്കുകയും, നോമ്പുതുറയിൽ ധൃതികാണിക്കുകയും ചെയ്തു കൊണ്ടിരിക്കുമ്പോഴെല്ലാം എന്റെ സമുദായം നന്മയിലായിക്കൊണ്ടേയിരിക്കും. (അഹ്മദ്)

2- സൂര്യാസ്തമയം ഉറപ്പായാൽ വേഗത്തിൽ നോമ്പ് തുറക്കുക.

ഈത്തപ്പഴം കൊണ്ട് തുറക്കുന്നതാണ് സുന്നത്ത്. അതില്ലെങ്കിൽ ഉണങ്ങിയ കാരക്ക. അതുമില്ലെങ്കിൽ ശുദ്ധജലം. ഇവ ലഭ്യമല്ലെങ്കിൽ നിഷിദ്ധമല്ലാത്ത എന്തുകൊണ്ടും ആകാം. ബീഡി, സിഗററ്റ് എന്നിവ നിഷിദ്ധ വസ്തുക്കളാകുന്നു.

3. നോമ്പ് തുറക്കുന്ന സമയത്ത് പ്രാർത്ഥനകൾ അധികരിപ്പിക്കുക. വിശിഷ്യ നോമ്പു തുറക്കുന്ന സമയത്ത്. നബിﷺ പറഞ്ഞു:

((ثلاث دعوات مستجابات، دعوة الصائم، ودعوة المظلوم، ودعوة المسافر)) البيهقي

മൂന്ന് പ്രാർത്ഥനകൾ ഉത്തരം ലഭിക്കുന്നവയാകുന്നു; നോമ്പുകാരന്റെ പ്രാർത്ഥന, മർദ്ദിതന്റെ പ്രാർത്ഥന, യാത്രക്കാരന്റെ പ്രാർത്ഥന. (ബയ്ഹക്വീ).

നോമ്പുകാരൻ ചെയ്തിരിക്കേണ്ട കാര്യങ്ങളിൽ പെട്ടതാകുന്നു രാത്രിനമസ്കാരം. നബി ﷺ പറഞ്ഞു:

((من قام رمضان إيمانا واحتسابا غفر له ما تقدّم من ذنبه))

വിശ്വാസത്തോടെ, പ്രതിഫലേച്ഛയോടെ റമദാനിൽ രാത്രി ആരെങ്കിലും നിന്നു നമസ്കരിച്ചാൽ അവന്റെ മുൻകഴിഞ്ഞ പാപങ്ങൾ പൊറുക്കപ്പെടും. (മുസ്ലിം)

ഇമാമിന്റെ കൂടെ തറാവീഹ് പൂർണ്ണമായും നമസ്കരിക്കലാണ് ഏറ്റവും ഉത്തമം. നബി ﷺ പറഞ്ഞു:

((من قام مع إمامه حتى ينصرف كتب له قيام ليلة)) أهل السنن

തന്റെ ഇമാം നമസ്കാരത്തിൽ നിന്ന് വിരമിക്കുന്നതു വരെ അദ്ദേഹത്തിന്റെ കൂടെ നമസ്കരിച്ചാൽ, ഒരു രാത്രി മുഴുവനുള്ള നമസ്കാരമായി അവന്ന് എഴുതപ്പെടും. (അഹ്ലുസ്സുനൻ)

നോമ്പുകാരൻ ദാനധർമ്മങ്ങൾ വർദ്ധിപ്പിക്കണം. നബി ﷺ പറഞ്ഞു:

((أفضل الصدقة صدقة رمضان)) الترمذي

റമദാനിലെ ദാനമാണ് ഏറ്റവും നല്ലദാനം. (തുർമുദീ).

ക്വുർആൻ പാരായണത്തിൽ മുഴുകുക. റമദാൻ മാസം ക്വുർആനിന്റെ മാസമാകുന്നു. പാരായണം ചെയ്യുന്നയാൾക്ക് ഓരോ അക്ഷരത്തിനും നന്മയുണ്ട്. ഓരോ നന്മക്കും പത്തിരട്ടിയാണ് പ്രതിഫലം.

തറാവീഹ് നമസ്കാരം

രാത്രി നമസ്കാരം സംഘടിതമായി നടത്തുന്നതാണ് തറാവീഹ്. ഇശായുടെ ശേഷം പ്രഭാതം വരെയാണിതിന്റെ സമയം. നബി ﷺ തറാവീഹിനെ പ്രോത്സാഹിപ്പിച്ചിട്ടുണ്ട്. പതിനൊന്ന് റക്അത്താണ് സുന്നത്ത്. ഓരോ രണ്ടു റക്അതിലും സലാം വീട്ടണം. പതിനൊന്നിൽ അധികരിക്കുന്നതു കൊണ്ട് തെറ്റില്ലെന്ന അഭിപ്രായക്കാരുമുണ്ട്. തറാവീഹ് നമസ്കാരം സാവധാനത്തിലും കൂടെയുള്ള നമസ്കാരക്കാരെ വിഷമിപ്പിക്കാത്ത വിധം ദീർഘിപ്പിക്കലും സുന്നത്താകുന്നു. കുഴപ്പം ഭയപ്പെടാത്തപ്പോൾ സ്ത്രീകൾ പള്ളിയിൽ തറാവീഹിൽ പങ്കെടുക്കുന്നത് തെറ്റില്ല. സുഗന്ധം ഉപയോഗിക്കാതെ, സൗന്ദര്യം വെളിവാക്കാതെ, ശരീരം മറച്ചു കൊണ്ടായിരിക്കണം അവർ പുറപ്പെടുന്നത്.

സുന്നത്ത് നോമ്പുകൾ

നബി ﷺ പ്രോത്സാഹിപ്പിച്ചതും പ്രേരിപ്പിച്ചതുമായ സുന്നത്ത് നോമ്പുകൾ താഴെ പറയുന്നു:

1-ശവ്വാലിലെ ആറു ദിവസം: നബി ﷺ പറഞ്ഞു:

((من صام رمضان وأتبعه ستا من شوال كان كصيام الدهر)) مسلم

ആരെങ്കിലും റമദാനിൽ നോമ്പനുഷ്ഠിച്ചു, ശവ്വാലിലെ ആറെണ്ണം അതിനെ തുടർന്നും അനുഷ്ഠിച്ചാൽ അവൻ ഒരു വർഷം മുഴുവൻ നോമ്പെടുത്തവനെപ്പോലെയാകുന്നു. (മുസ്ലിം.)

2-എല്ലാ തിങ്കളാഴ്ചയും വ്യാഴാഴ്ചയും.

3-എല്ലാ ചന്ദ്രമാസത്തിലെയും മൂന്ന് (പൗർണ്ണമി) ദിനങ്ങൾ. 13,14,15.

4-ആശൂറാഅ്, മുഹർറം മാസത്തിലെ പത്താം ദിവസം. ഇതിനു മുമ്പോ ശേഷമോ ഒരു ദിവസം നോമ്പനുഷ്ഠിക്കുന്നത് നല്ലതാണ്.

5.അഃറഫാ ദിനം. ദുൽഹിജ്ജഃ ഒമ്പത്.

നോമ്പ് നിഷിദ്ധമായ നാളുകൾ

1- ചെറിയ പെരുന്നാൾ, ബലിലെനുന്നാൾ ദിനങ്ങൾ.

2- അയ്യാമുത്തശ്‌രീക്വ്. ദുൽഹിജ്ജ മാസത്തിലെ 11,12,13 ദിവസങ്ങൾ. മൃഗബലി നിർബന്ധമായ ഹേജിക്ക് അതു ലഭ്യമായില്ലെങ്കിൽ നോമ്പെടുക്കേണ്ടതുണ്ട്. അങ്ങനെയുള്ളവർക്ക് അയ്യാമുത്തശ്‌രീക്വിൽ നോമ്പനുഷ്ഠിക്കാം.

3- ആർത്തവം, പ്രസവ രക്തം എന്നിവ ഉള്ള സമയം.

4- ഭർത്താവ് സ്ഥലത്തുള്ളപ്പോൾ അദ്ദേഹത്തിന്റെ സമ്മതം കൂടാതെ ഭാര്യ സുന്നത്ത് നോമ്പെടുക്കരുത്. നബി ﷺ പറഞ്ഞു:

((لآ تصم المرأة وبعلها شاهد إلا بإذنه غير رمضان)) متفق عليه

ഭർത്താവ് സ്ഥലത്തുള്ളപ്പോൾ അദ്ദേഹത്തിന്റെ സമ്മതം കൂടാതെ റമദാൻ മാസത്തിലൊഴികെ ഒരു സ്ത്രീ നോമ്പെടുക്കരുത്. (ബു.മു.)

أحكام الحج

ഹെജ്ജ്: വിധികൾ

ഹെജ്ജ് ഓരോ മുസ്‌ലിം സ്ത്രീക്കും പുരുഷനും ജീവിതത്തിൽ ഒരിക്കൽ മാത്രം നിർബന്ധമാകുന്നു. ഇസ്‌ലാം കാര്യങ്ങളിൽ അഞ്ചാമത്തേതാകുന്നു ഇത്. അല്ലാഹു പറയുന്നു:

﴿وَلِلَّهِ عَلَى النَّاسِ حِجُّ الْبَيْتِ مَنِ اسْتَطَاعَ إِلَيْهِ سَبِيلاً﴾ (آل عمران:٩٧)

ആ മന്ദിരത്തിൽ എത്തിച്ചേരാൻ കഴിവുള്ള മനുഷ്യർ അതിലേക്ക് തീർത്ഥാടനം നടത്തൽ അവർക്ക് അല്ലാഹുവോടുള്ള ബാദ്ധ്യതയാകുന്നു. (വി.ക്വു. 3:97)

നബി ല പറഞ്ഞു:

((بني الإسلام على خمس، شهادة أن لآإله إلا الله وأن محمدا رسول الله، وإقام الصلاة وإيتاء الزكوة، وصوم رمضان، وحج البيت من استطاع إليه سبيلا))

ഇസ്‌ലാം അഞ്ചുകാര്യങ്ങളിൽ സ്ഥാപിതമാകുന്നു. ആരാധനക്കർഹനായി യാതൊന്നുമില്ല, അല്ലാഹു ഒഴികെ, മുഹമ്മദ് അല്ലാഹുവിന്റെ ദൂതനാകുന്നു എന്ന സാക്ഷ്യവാക്യം. നമസ്കാരം നിലനിർത്തൽ, സകാത് നൽകൽ, റമദാനിൽ നോമ്പനുഷ്ഠിക്കൽ, കഴിവുള്ളവൻ അല്ലാഹുവിന്റെ പരിശുദ്ധ ;വനത്തിലേക്ക് തീർത്ഥയാത്ര നടത്തുക.

മഹത്വങ്ങൾ

അല്ലാഹു തന്റെ ദാസന്മാർക്ക് മഹത്തായ പ്രതിഫലം വാഗ്ദത്തം ചെയ്തിട്ടുള്ള പ്രവർത്തനങ്ങളിൽ പെട്ടതാകുന്നു ഹെജ്ജ്. നബി ല പറഞ്ഞു:

((من حج هذا البيت، فلم يرفث ولم يفسق، رجع كيوم ولدته أمه))

അനാവശ്യങ്ങളോ, ഭാര്യാഭർതൃ ബന്ധമോ ചെയ്യാതെ ഈ ഭവനത്തിൽ വന്നു ഹെജ്ജ് നിർവ്വഹിക്കുന്നവൻ, അവന്റെ മാതാവ് അവനെ പ്രസവിച്ച നാളിലെപ്പോലെ (വിശുദ്ധനായി) മടങ്ങും.

നിബന്ധനകൾ

ബുദ്ധിയുള്ള, പ്രായപൂർത്തിയെത്തിയ മുസ്‌ലിമിന് കഴിവുണ്ടായാൽ ഹെജ്ജ് നിർബന്ധമാകും. ആത്രക്കുള്ള വാഹനം, ഭക്ഷണം, വസ്ത്രം മറ്റു ചിലവുകൾ എന്നിവക്കുള്ള കഴിവാണ് ഇതുകൊണ്ട് വിവക്ഷ. തന്റെ കുടുംബത്തിന്റെയും, താൻ ചെലവിനു കൊടുക്കൽ നിർബന്ധമായിട്ടുള്ളവരുടെയും ിലവു കഴിച്ചു ബാക്കിയുള്ളതായിരിക്കണം ഇത്. അവന് രോഗമോ, ഹെജ്ജിനു തടസ്സമായേക്കാവുന്ന ബലഹീനതയോ ഉണ്ടാകാൻ പാടില്ല. നിർഭയമായ യാത്രയും

കഴിവിൽ ഉൾപ്പെടും. സ്ത്രീയാണെങ്കിൽ മേൽപറയപ്പെട്ടവക്കെല്ലാം പുറമെ ഹെജ്ജിനു അവളുടെ കൂടെ ഭർത്താവോ, വിവാഹബന്ധം നിഷിദ്ധമാക്കപ്പെട്ട മറ്റൊരു പുരുഷനോ ഉണ്ടായിരിക്കണം. അവൾ വിവാഹമോചന ശേഷമുള്ള ഇദ്ദ (ദീക്ഷ) കാലത്തിലുള്ളവളായിരിക്കാനും പാടില്ല. കാരണം, ഇദ്ദയിലുള്ള സ്ത്രീ വീടു വിട്ടു പോകുന്നത് അല്ലാഹു വിലക്കിയിട്ടുള്ള കാര്യമാകുന്നു. മേൽപറയപ്പെട്ട ഏതെങ്കിലും തടസ്സമുള്ളവർക്ക് ഹെജ്ജ് നിർബന്ധമില്ല.

ഹെജ്ജിന്റെ മര്യാദകൾ

1.യാത്രക്കു മുമ്പു തന്നെ ഹെജ്ജിപെ കുറിച്ചു വായിച്ചോ, വിവരമുള്ളവരോട് ചോദിച്ചോ പഠിച്ചിരിക്കണം.

2.നന്മയിൽ സഹകരിക്കുന്ന നല്ല കൂട്ടുകാരെ കണ്ടെത്താൻ ശ്രമിക്കണം. അവരിൽ ഒരു പണ്ഡിതൻ ഉണ്ടായിരിക്കുന്നത് നല്ലതാണ്.

3.ഹെജ്ജ് കൊണ്ട് ദൈവ സാമീപ്യവും പ്രീതിയും കാംക്ഷിക്കുക.

4.അനാവശ്യ വർത്തമാനങ്ങളിൽ നിന്നും നാവിനെ നിയന്ത്രിക്കുക.

5.ദിക്റുകളും ദുആകളും വർദ്ധിപ്പിക്കുക.

6.ജനങ്ങൾക്കും മറ്റു ഹേജിമാർക്കും ഉപദ്രവങ്ങളും വിഷമങ്ങളും സൃഷ്ടിക്കാതിരിക്കുക.

7.സ്ത്രീ അവളുടെ നഗ്നത മറക്കാൻ കൂടുതൽ ശ്രദ്ധിക്കണം. പരപുരുഷന്മാരുമായി തിക്കും തിരക്കും ഉണ്ടാക്കാതിരിക്കാനും ശ്രദ്ധക്കണം.

8.ഒരു ആരാധനാ കർമ്മത്തിലാണെന്ന ബോധം ഉണ്ടായിരിക്കണം. ഇതൊരു വിനോദ യാത്രയല്ല. ചില ഹേജിമാർ ഫോട്ടോ എടുക്കുക തുടങ്ങിയ കാര്യങ്ങൾ ചെയ്തു കൊണ്ട്, ഇതൊരു വിനോദത്തിനുള്ള അവസരം പോലെയാക്കിത്തീർക്കുന്നു. അല്ലാഹു ഇത്തരക്കാർക്ക് സൽബുദ്ധി പ്രദാനം ചെയ്യട്ടെ.

*ഇഹ്റാം

ഇഹ്റാം എന്ത്? എവിടെ വെച്ച്?

ഹെജ്ജിന്റെ കർമ്മങ്ങളിൽ പ്രവേശിക്കുന്നതിനാണ് ഇഹ്റാം എന്നു പറയുന്നത്. ഹെജ്ജോ ഉംറയോ ചെയ്യാൻ ഉദ്ദേശിച്ചവൻ ഇഹ്റാം ചെയ്യൽ നിർബന്ധമാകുന്നു. മക്കയുടെ പുറത്തു നിന്നാണ് വരുന്നതെങ്കിൽ നബി ല നിശ്ചയിച്ച ഏതെങ്കിലും ഒരു മീക്വാതിൽ വെച്ചാണ് ഇഹ്റാമിൽ പ്രവേശിക്കേണ്ടത്. മീക്വാതുകൾ താഴെ പറയുന്നവയാകുന്നു:

1.ദുൽഹുലൈഫഃ: മദീനയുടെ അടുത്തുള്ള ഒരു ചെറിയ ഗ്രാമം. ഇപ്പോൾ ഈ സ്ഥലത്തിന്റെ പേര് അബ്യാർ അലീ എന്നാണ്. മദീനക്കാരുടെ മീക്വാത്.

2.ജുഹ്ഫഃ: റാബിഗിന്നടുത്തുള്ള ഒരു ഗ്രാമം. ഇപ്പോൾ ജനൾ ജനങ്ങൾ റാബിഗിൽ വെച്ചു തന്നെയാണ് ഇഹ്റാം ിയ്യാറുള്ളത്. കാം (സിറിയ) കാരുടെ മീക്വാത്.

3.ക്വർനുൽ മനസസിൽ: (സയ്‌ലുൽ കബീർ). ത്വാഇഫിനടുത്തുള്ള സ്ഥലം. നജ്ദുകാരുടെ മീക്വാത്. (ഇന്ത്യയിൽ നിന്നും വിമാനം വഴി ഹെജ്ജിനു വരുന്നവരുടെ മീക്വാത് ഇതാണ്.)

4.യലംലം: മക്കയിൽ നിന്നും ഏകദേശം 70 കി.മീ. അകലത്തിൽ. ആമൻകാരുടെ മീക്വാത്. (ഇന്ത്യയിൽ നിന്ന് കപ്പലിൽ വരുന്നവരുടെ മീക്വാത് ഇതാണ്.)

5.ദാതുഇർക്വ്: ഇറാക്വുകാരുടെ മീക്വാത്.

ഇഹ്റാമിന്റെ സുന്നത്തുകൾ

ഇഹ്റാമിനു മുമ്പ് താഴെ പറയുന്ന സുന്നത്തായ കാര്യങ്ങൾ ചെയ്യുക.

1.നഖം മുറിക്കുക. കക്ഷം, ഗുഹ്യഭാഗം എന്നിവയിലെ രോമങ്ങൾ നീക്കം ചെയ്യുക. മീശ വെട്ടുക. കുളിക്കുക. സുഗന്ധം പൂശുക. സുഗന്ധം ശരീരത്തിൽ മാത്രമേ ഉപയോഗിക്കാവൂ. ഒസ്ത്രത്തിൽ പുരട്ടരുത്.

2.കൂട്ടിത്തുന്നിയ വസ്ത്രങ്ങൾ ഒഴിവാക്കുക. ഒരു തുണിയും മേൽ മുണ്ടും മാത്രം ധരിക്കുക. സ്ത്രീകൾക്ക് ശരീരം മറക്കുന്ന ഏതു വസ്ത്രവും ധരിക്കാം. ആർഭാടം പ്രകടിപ്പിക്കാത്ത, അന്യ പുരുഷരുടെ അടുത്തെത്തുമ്പോൾ മുഖവും മുൻകയ്യും മറക്കാൻ കഴിയുന്നതായിരിക്കണം ആ വസ്ത്രം.സ്ത്രീ കയ്യുറയും മുഖം മൂടുന്ന വസ്ത്രവും ഒഴിവാക്കണം.

3.പള്ളിയിൽ പ്രവേശിച്ചു, നമസ്കാരത്തിന്റെ സമയമാണെങ്കിൽ ജമാഅഃതിന്റെ കൂടെ നമസ്കരിക്കുക. അല്ലെങ്കിൽ വുദുവിന്റെ രണ്ട് റക്അഃത് നമസ്കരിക്കുക. ഇഹ്റാമിനായി പ്രത്യേക സുന്നത്ത് നമസ്കാരമില്ല. തുടർന്ന് ഇഹ്റാം ചെയ്യുക. വസ്ത്രം ധരിക്കുന്നതോടെ ഇഹ്റാമിൽ പ്രവേശിക്കുകയില്ല എന്നത് പ്രത്യേകം ഓർത്തിരിക്കുക.

---

*ഈ അടയാളം ഹെജ്ജിന്റെ റുക്നുകളെ സൂചിപ്പിക്കുന്നു.

ഹെജ്ജ് മൂന്നു വിധം

1.തമത്തുഅഃ: ഉംറഃക്കു വേണ്ടി മാത്രം ഇഹ്റാം ചെയ്യുക. പിന്നീട് മീക്വസതിൽ വെച്ച് ഇങ്ങനെ പറയുക:

لَبَّيْكَ عُمْرَةً مُتَمَتِّعًا بِهَا إِلَى الحَجِّ

ലബ്ബയ്ക ഉംറതൻ മുതമത്തിഅൻ ബിഹാ ഇലൽ ഹെജ്ജി.

ഉംറക്കു ശേഷം ഇഹ്റാമിൽ നിന്ന് ഒഴിയുക. ഇതാണ് ഹെജ്ജിന്റെ ഏറ്റവും നല്ല രൂപം. വിശിഷ്യ ഹെജ്ജിന്റെ മുമ്പ് മക്കയിൽ വന്നാൽ. ടഹളിനു വേണ്ടി വീണ്ടും ഇഹ്റാം ചെയ്യുമ്പോൾ മക്കയിൽ തന്റെ താമസ സ്ഥലത്തു വെച്ച്

لَبَّيْكَ حَجًّا

ലബ്ബയ്ക ഹെജ്ജൻ എന്നു പറയുക. ഈ ഘെജ്ജിന് മൃഗബലി നിർബന്ധമാകുന്നു. ഒരാൾ ഒരു ആടിനെയാണ് ബലി നൽകേണ്ടത്. ഒട്ടകം, പശു എന്നിവ ഏഴു പേർ ചെർന്നും അറുക്കാം.

2.ക്വിറാൻ: ഒരേ സമയത്തു തന്നെ ഹെജ്ജിനും ഉംറക്കും ഒരുമിച്ചു ഇഹ്റാം ചെയ്യുക.

لَبَّيْكَ عُمْرَةً وَحَجًّا

ലബ്ബയ്ക ഉംറതൻ വഹെജ്ജൻ എന്നു പറഞ്ഞു കൊണ്ടാണ് ഇതു ചെയ്യുക. ആദ്യം ഉംറഃ നിർവ്വഹിക്കുക. തുടർന്ന് ദുൽഹെജ്ജ് പത്തു വരെ ഇഹ്റാമിൽ തന്നെ തുടരുക. ടഹളിന് ഇഹ്റാമിൽ പ്രവേശിക്കുന്നതിന് അൽപം മുമ്പ് വരികയും, ഉംറയുടെ ഇഹ്റാമിൽ നിന്ന് തഹെല്ലുലായി ഹെജ്ജിനു ഇഹ്റാം ചെയ്യാൻ സമയം മതിയാകാതെ വരികയും ചെയ്യുമ്പോൾ സാധാരണയായി ഉംറയെ ഘെജ്ജുമായി ചേർത്താണിത് ചെയ്യാറുള്ളത്. ഈ ഹെജ്ജിനു ംബലി നിർബന്ധമാകുന്നു.

3.ഇഫ്റാദ്: ഹെജ്ജു മാത്രം ഉദ്ദേശിച്ചു കൊണ്ട് മീക്വാതിൽ വെച്ച്;

لَبَّيْكَ حَجًّا

എന്നു പറയുക. ഈ ഹെജ്ജിൽ മൃഗബലി നിർബന്ധമില്ല.

ഇഹ്റാമിൽ പറയേണ്ടത്

1.തമത്തുഅഃ:

لَبَّيْكَ عُمْرَةً مُتَمَتِّعًا بِهَا إِلَى الحَجِّ

ലബ്ബയ്ക ഉംറതൻ മുതമത്തിഅഃൻ ബിഹാ ഇലൽ ഹെജ്ജി.

2.ക്വിറാൻ:

لَبَّيْكَ عُمْرَةً وَحَجًّا

ലബ്ബയ്ക ഉംറതൻ വഹെജ്ജൻ.

3.ഇഫ്റാദ്:

لَبَّيْكَ حَجًّا

ലബ്ബയ്ക ഹെജ്ജൻ.

ഇഹ്റാമിനു ശേഷം തൽബിയ്യതു ചൊല്ലൽ സുന്നത്താകുന്നു. ഇഹ്റാമിൽ പ്രവേശിച്ചതു മുതൽ കഅഃബയിലെത്തി ത്വവാഫ് ആരംഭിക്കുന്നതു വരെ ഇത് ആവർത്തിച്ചു കൊണ്ടിരിക്കണം.

لَبَّيْكَ اللَّهُمَّ لَبَّيْكَ، لَبَّيْكَ لاَ شَرِيكَ لَكَ لَبَّيْكَ، إِنَّ الْحَمْدَ وَالنِّعْمَةَ لَكَ وَالْمُلْكُ لاَ شَرِيكَ لَكَ

ലബ്ബയ്കല്ലാഹുമ്മ ലബ്ബയ്ക്, ലബ്ബയ്ക ലാ ശരീക ലക ലബ്ബയ്ക്, ഇന്നൽ ഹംദ വന്നിഅ്മത ലക, വൽമുൽകു ലാ ശരീക ലക്.
എന്നതാണ് തൽബിയ്യത്തിന്റെ വാക്കുകൾ.
അർത്ഥം: അല്ലാഹുവേ, നിന്റെ വിളിക്കിതാ ഞാനുത്തരം നൽകിയിരിക്കുന്നു. നിന്റെ വിളി കേട്ടെത്തിയിരിക്കുന്നു. നിന്റെ വിളി ഞാനിതാ ചെവിക്കൊണ്ടിരിക്കുന്നു. നിനക്ക് യാതൊരു പങ്കുകാരനുമില്ല. നിന്റെ വിളിക്ക് ഞാനുത്തരം നൽകിയിരിക്കുന്നു. സ്തുതിയും അനുഗ്രഹവും നിനക്ക്, രാജാധികാരവും നിനക്കു തന്നെ; തീർച്ച. നിനക്കു പങ്കാളിയായി ആരും തന്നെയില്ല.
ഇഹ്റാമിൽ നിഷിദ്ധമായ കാര്യങ്ങൾ
ഇഹ്റാമിനു മുമ്പ് അനുവദനീയമായിരുന്ന ചില കാര്യങ്ങൾ ഇഹ്റാമിനു ശേഷം നിഷിദ്ധമാകും. അവ താഴെ പറയുന്നു:
1.തലയിൽ നിന്നോ ശരീരത്തിന്റെ മറ്റു ഭാഗങ്ങളിൽ നിന്നോ മുടി നീക്കം ചെയ്യൽ. ആവശ്യമായി വരുമ്പോൾ പതുക്കെ ചൊറിയുന്നതു കൊണ്ട് തെറ്റില്ല.
2-നഖം മുറിക്കൽ. നഖം പൊട്ടിപ്പോയി, അല്ലെങ്കിൽ കഠിനവേദനയെടുക്കുന്നു. അത്തരം സന്ദർഭങ്ങളിൽ നഖം നീക്കം ചെയ്യുന്നതിൽ തെറ്റില്ല.
3-സുഗന്ധം ഉപയോഗിക്കൽ. സുഗന്ധ സോപ്പുകളും ഇതിലുൾപ്പെടും.
4-ലൈംഗികബന്ധവും ഇതിൻെറ പ്രേരകങ്ങളും. വിവാഹം കഴിക്കുക, വികാരത്തോടെയുള്ള നോട്ടം, ആലിംഗനം, ചുംബനം എന്നിവ.
5-കയ്യുറ ധരിക്കൽ.
6-വേട്ടയാടൽ.

മേൽപറയപ്പെട്ടവയെല്ലാം സ്ത്രീകൾക്കും പുരുഷന്മാർക്കും പൊതുവായതാകുന്നു. ഇവക്കെല്ലാം പുറമെ പുരുഷന്മാർക്കു മാത്രം നിഷിദ്ധമാകുന്നവ താഴെ പറയുന്നു.
1-കൂട്ടിത്തുന്നിയ വസ്ത്രം ധരിക്കൽ. എന്നാൽ ഇഹ്റാമിൽ ബെൽറ്റ്, വാച്ച്, കണ്ണട എന്നിവ ധരിക്കാം.
2-തലയിൽ ചേർന്നുനിൽക്കുന്ന വസ്തുക്കൾ കൊണ്ടു തലമറക്കൽ. കുട, കാർ, ടെൻറ് തുടങ്ങിയ തലയിൽതട്ടാത്ത വസ്തുക്കൾ കൊണ്ട് തലമറയുന്നതു തെറ്റില്ല.
3-കാലുറ ധരിക്കൽ. ചെരുപ്പ് ലഭ്യമായില്ലെങ്കിൽ നെരിയാണി മറയുന്ന കാലുറയും (ഖുഫ്ഫ) ധരിക്കാം.

ഇതിൽ ഏതെങ്കിലുമൊന്നു ചെയ്തവർക്കു മൂന്നാൽ ഒരവസ്ഥയുണ്ടാകും

1-അകാരണമായി ചെയ്യുന്നവൻ. അയാൾ കുറ്റക്കാരനാകുന്നു. അയാൾക്കു പ്രായശ്ചിത്തം നിർബന്ധം.
2-അത്യാവശ്യം നിമിത്തം ചെയ്തവൻ. അയാൾ കുറ്റക്കാരനാകില്ല. പക്ഷെ പ്രായശ്ചിത്തം ചെയ്യൽ നിർബന്ധം.
3-നിയമം അറിയാതെയോ മറന്നോ നിർബന്ധിതനായോ ചെയ്യുന്നവൻ ഒഴികഴിവു ലഭിക്കുന്നവനാണ്. അവന് കുറ്റമൊന്നുമില്ല. പ്രായശ്ചിത്തവുമില്ല.

ത്വവാഫ്

മസ്ജിദുൽ ഹറാമിൽ പ്രവേശിക്കുമ്പോൾ വലതുകാൽ മുന്തിക്കുക.

بِسْمِ اللَّهِ وَالصَّلاَةُ والسلام عَلَى رَسُولِ اللَّهِ أَللَّهُمَّ اغْفِرْ لِي ذُنُوبِي وَافْتَحْ لِي أَبْوَابَ رَحْمَتِكَ

ബിസ്മില്ലാഹി വസ്സ്വലാതു വസ്സലാമു അലാറസൂലില്ലാഹി, അല്ലാഹുമ്മഗ്ഫിർലീ ദുനൂബീ, വഫ്തഹ്ലീ അബ്വാബ റഹ്മതിക എന്നു പറഞ്ഞു പ്രവേശിക്കുക.
അർത്ഥം: **അല്ലാഹുവിൻെറ പേരിൽ, അല്ലാഹുവിൻെറ തിരുദൂതരിൽ അവൻെറ കൃപാകടാക്ഷവും ശാന്തിയുമുണ്ടാകട്ടെ. അല്ലാഹുവേ, നിൻെറ കൃപാകവാടങ്ങൾ നീ എനിക്കു തുറന്നു തരേണമേ.**

ഇപ്രകാരം ചെയ്യൽ എല്ലാപള്ളികൾക്കും ബാധകമാകുന്നു. തുടർന്ന് ത്വാവാഫിനു വേണ്ടി കഅ്ബയുടെ നേരെ പോകുക.

അല്ലാഹുവിനുള്ള ഒരു ആരാധന എന്നനിലയിൽ കഅ്ബയെ ഇടതു വശത്താക്കി, ഹെജറുൽ അസ്‌വദിൽ നിന്നും ആരംഭിച്ചു, അതിൽ തന്നെ അവസാനിക്കുന്ന ഏഴു പ്രദക്ഷിണം ചെയ്യലാകുന്നു ത്വവാഫ്. ഇതിനു വുദു നിർബന്ധമാണ്. ത്വവാഫിൻെറ രൂപം താഴെ പറയുന്നു.
1-ഹെജറുൽ അസ്‌വദിൻെറ അടുത്തേക്കു പോകുക.

بِسْمِ اللَّهِ واَللَّهُ أَكْبَرُ

ബിസ്മില്ലാഹി വല്ലാഹുഅക്ബർ എന്നു പറഞ്ഞു സാധ്യമെങ്കിൽ കല്ലിനെ ചുംബിക്കുക. സാധ്യമല്ലെങ്കിൽ വലതു കൈകൊണ്ടു അതിനെ തൊട്ടു മുത്തുക. തൊട്ടുമുത്താനും സാധിച്ചില്ലെങ്കിൽ ഹജറുൽ അസ്‌വദിൻെറ നേരെ തിരിഞ്ഞുനിന്നു അല്ലാഹുഅക്ബർ എന്നു പറഞ്ഞു കൊണ്ട് കൈകൊണ്ട് ആംഗ്യം കാണിക്കുക. കൈ ചുംബിക്കേണ്ടതില്ല. കഅ്ബയെ ഇടതു വശത്താക്കി **(നിലത്തു കാണുന്ന വീതിയുള്ള കറുത്തവരയിൽ നിന്നു)** ത്വവാഫ് ആരംഭിക്കുക. ഇഷ്ടമുള്ള പ്രാർത്ഥനകൾ നടത്താം. തനിക്കറിയാവുന്ന ഭാഷയിലാകാം. തനിക്കും മറ്റുള്ളവർക്കു വേണ്ടിയും പ്രാർത്ഥിക്കാം. ഖുർആൻ പാരയണമാകാം. ത്വവാഫിനു വേണ്ടി മാത്രം പ്രത്യേക പ്രാർത്ഥനകൾ ഇല്ല.
2-റുക്നുൽയമാനി (ഹെജറുൽ അസ്‌വദിനു തൊട്ടുമുമ്പുള്ള മൂല) യിൽ എത്തിയാൽ,-സാധിക്കുമെങ്കിൽ

بِسْمِ اللَّهِ واَللَّهُ أَكْبَرُ

ബിസ്മില്ലാഹി വല്ലാഹു അക്ബർ

എന്നു പറഞ്ഞുകൊണ്ട് അവിടെ തൊടുക. കൈ ചുംബിക്കേണ്ടതില്ല. സാധിച്ചില്ലെങ്കിൽ ത്വവാഫ് തുടരുക. കൈകൊണ്ടു ആംഗ്യം കാണിക്കുകയോ, തക്ബീർ ചൊല്ലുകയോ ചെയ്യേണ്ടതില്ല. ഇവിടം മുതൽ ഹെജറുൽ അസ്‌വദു വരെ

رَبَّنَا آتِنَا فِي الدُّنْيَا حَسَنَةً وَفِي الآخِرَةِ حَسَنَةً وَقِنَا عَذَابَ النَّارِ

റബ്ബനാ ആതിനാ ഫിദ്ദുൻയാ ഹെസനതൻ വഫിൽആഖിറതി ഹെസനതൻ വഖിനാ അദാബന്നാർ എന്ന് പ്രാർത്ഥിക്കൽ സുന്നത്താകുന്നു.

അർത്ഥം: **ഞങ്ങളുടെനാഥാ, ഇഹത്തിലും പരത്തിലും നീ ഞങ്ങൾക്കു നന്മ നൽകേണമേ, ഞങ്ങളെ നീ നരക ശിക്ഷയിൽ നിന്നു കാക്കേണമേ.**

3-ഹജറുൽ അസ്‌വദിൽ എത്തിയാൽ കൈകൊണ്ടു തൊടുക. സാധിച്ചില്ലെങ്കിൽ അല്ലാഹുഅക്ബർ എന്നു പറഞ്ഞുകൊണ്ട് ആംഗ്യം കാണിക്കുക. ഇപ്പോൾ ഒരുത്വവാഫ് പൂർത്തിയായി. ബാക്കി പൂർത്തിയാക്കുവാൻ:

4-ഒന്നാമത്തെ വട്ടം ചെയ്തതു പോലെത്തന്നെ തുടരുക. അങ്ങനെ ഏഴുപ്രാവശ്യം പൂർത്തിയാക്കുക. ഹജറുൽ അസ്‌വദിൻെറ അടുത്തെത്തുമ്പോളും, ഏഴാം പ്രാവശ്യം അവസാനിക്കുമ്പോളും അല്ലാഹു അക്ബർ എന്നു പറയുക. ആദ്യത്തെ മൂന്നുവട്ടം കാലടികൾ അടുപ്പിച്ചു വച്ചുകൊണ്ട് അൽപം വേഗത കൂട്ടി നടക്കുക. ബാക്കിയുള്ള നാലെണ്ണത്തിൽ സാധാരണ നടത്തവുമായിരിക്കണം. ത്വവാഫിൻെറ സമയത്ത് മേൽമുണ്ട് വലതു കക്ഷത്തിനു താഴെയാക്കി രണ്ടറ്റങ്ങളും ഇടതു ചുമലിൽ വരത്തക്ക വിധം ആക്കുക. ഇതിന് إضطباع എന്നാണ് പറയുക. വേഗതയിലുള്ള നടത്തവും മേൽമുണ്ട് ഇപ്രകാരം ചെയ്യുന്നതും ആദ്യത്തെ ത്വവാഫിൽ മാത്രമേ സുന്നത്തുള്ളൂ.

ത്വവാഫിനു ശേഷം

ഇബ്റാഹീം മഖാമിൻെറ പിന്നിൽ നിന്നു, കഅ്ബയുടെ നേരെ തിരിഞ്ഞു രണ്ടുറക്അത് നമസ്കരിക്കൽ സുന്നത്താകുന്നു. മഖാമു ഇബ്റാഹീം തൻെറയും കഅ്ബയുടെയും ഇടയിൽ വരണം. ഒന്നാമത്തെ റക്അത്തിൽ ഫാതിഹെക്കു ശേഷം സൂറത്തുൽ കാഫിറൂൻ (ഖുൽയാഅയ്യുഹൽ കാഫിറൂൻ) ഓതുക. രണ്ടാമത്തെതിൽ സൂറത്തുൽ ഇഖ്‌ലാസ്വ് (ഖുൽഹുവല്ലാഹു അഹെദ്) ഓതുക. തിരക്കു കാരണം മഖാമിൻെറ പിന്നിൽ നിന്നു നമസ്കരിക്കാൻ സാധിച്ചില്ലെങ്കിൽ, മസ്ജിദുൽ ഹെറാമിൽ എവിടെ വച്ചും ഇതു നിർവ്വഹിക്കാം. തുടർന്നു സംസം വെള്ളം കുടിക്കൽ സുന്നത്താകുന്നു. അതു വയറു നിറയെ കുടിക്കണം.

സഅ്‌യ്

ഇനി സഅ്‌യിനു വേണ്ടി സ്വഫയിലേക്കു പോകുക. അവിടെയെത്തിയാൽ

إِنَّ الصَّفَا وَالْمَرْوَةَ مِنْ شَعَائِرِ اللَّهِ (البقرة:١٥٨)

'ഇന്നസ്സ്വഫാ വലമർവത മിൻശആഇരില്ലാഹി'

എന്ന് ഓതുക.

സ്വഫയിൽ കയറി, കഅ്ബയെ കാണുന്ന രൂപത്തിൽ നിൽക്കുക. കഅ്ബക്കു നേരെ തിരിഞ്ഞു നിന്ന് അൽഹംദുലില്ലാഹി എന്ന് പറഞ്ഞു, രണ്ടു കൈകളും ഉയർത്തി

لآإِلَهَ إِلاَّ اللَّهُ وَاللَّهُ أَكْبَرُ، وَلآإِلَهَ إِلاَّ اللَّهُ وَحْدَهُ لاَ شَرِيكَ لَهُ لَهُ الْمُلْكُ وَلَهُ الْحَمْدُ يُحْيِي وَيُمِيتُ وَهُوَ عَلَى كُلِّ شَيْءٍ قَدِيرٌ لآ إِلَهَ إِلاَّ اللَّهُ وَحْدَهُ أَنْجَزَ وَعْدَهُ وَنَصَرَ عَبْدَهُ وَهَزَمَ الأَحْزَابَ وَحْدَهُ.

'ലാഇലാഹ ഇല്ലല്ലാഹു, വല്ലാഹു അക്ബർ, ലാഇലാഹ ഇല്ലല്ലാഹു വഹ്ദഹൂ ലാശരീക ലഹൂ, ലഹുൽ മുൽകു വലഹുൽ ഹംദു യുഹ്‌യീ വയുമീതു, വഹുവ അലാ കുല്ലിശയ്ഇൻ ഖദീർ. ലാഇലാഹ ഇല്ലല്ലാഹു വഹ്ദഹൂ, അൻജസ വഅ്ദഹൂ, വനസ്വറ അബ്ദഹൂ, വഹസമൽ അഹ്സാബ വഹ്ദഹൂ'

എന്നു ചൊല്ലി സുദീർഘമായി പ്രാർത്ഥിക്കുക.

അർത്ഥം: **അല്ലാഹുവല്ലാതെ മറ്റൊരാരാധ്യനുമില്ല. അല്ലാഹു ഏറ്റവും മഹാനാണ്. അല്ലാഹുവല്ലാതെ മറ്റൊരാരാധ്യനുമില്ല. അവൻ ഏകൻ, അവന്ന് ഒരു പങ്കുകാരുമില്ല. രാജാധിപത്യം അവന്നുള്ളതാണ്. സ്തുതിയും അവന്നുള്ളത് തന്നെ. അവൻ ജീവിപ്പിക്കുകയും മരിപ്പിക്കുകയും ചെയ്യുന്നു. അവൻ സർവ്വശക്തനാണ്. അല്ലാഹുവല്ലാതെ മറ്റൊരാരാധ്യനുമില്ല. അവൻ ഏകൻ മാത്രം. തൻെറ വാഗ്ദത്തം അവൻ നിറവേറ്റി., തൻെറ അടിമയെ സഹായിച്ചു, ശത്രുസേനകളെ അവൻ ഒറ്റക്ക് പരാജയപ്പെടുത്തി.**

പ്രാർത്ഥനകളെല്ലാം മൂന്നുപ്രാവശ്യം ആവർത്തിക്കുക.

അവിടെ നിന്നും ഇറങ്ങി മർവയുടെ നേരെ നടക്കുക. പച്ച അടയാളമുള്ള സ്ഥലത്തെത്തിയാൽ കഴിയും പ്രകാരം അൽപം വേഗത കൂട്ടുക. അടുത്ത പച്ചഅടയാളം വരെ മാത്രം. ഇതു മറ്റുള്ളവർക്കു വിഷമമാകുന്ന വിധത്തിലായിരിക്കരുത്. **സ്ത്രീകൾ ഓടാൻ പാടില്ല.** മർവയിൽ എത്തിയാൽ അതിൽ കയറി കഅ്ബക്കുനേരെ തിരിഞ്ഞു നിൽക്കുക. രണ്ടു കൈകളും ഉയർത്തി സ്വഫയിൽ പറഞ്ഞതു പോലെ പറയുക. ഇതോടെ ഒരുസഅ്യ് പൂർത്തിയായി. പ്രാർത്ഥനക്കു ശേഷം മർവയിൽ നിന്നും ഇറങ്ങി സ്വഫയിലേക്കു പോകുക. ഒന്നാം സഅ്യിൽ ചെയ്തതു പോലെ തന്നെ ചെയ്യുക. 7 സഅ്യിലും പ്രാർത്ഥനകൾ ധാരാളമായി ചൊല്ലുന്നത് സുന്നത്താകുന്നു. തമത്തുഅ് ആയിട്ടാണ് ഹജ്ജ് ചെയ്യുന്നതെങ്കിൽ സഅ്യിനു ശേഷം മുടിയെടുത്തു ഉംറ അവസാനിപ്പിക്കാം. ഇഹ്റാമിൽ നിന്നു മോചിതനായി, സാധാരണ വസ്ത്രം ധരിക്കാം. ദുൽഹിജ്ജ എട്ടിനു താൻ താമസിക്കുന്ന സ്ഥലത്തുവച്ച്, ദുഹ്റിനു മുമ്പായി ഹജ്ജിനുള്ള ഇഹ്റാം ചെയ്യുക. ഉംറക്കു വേണ്ടി ഇഹ്റാമിൽ പ്രവേശിച്ചപ്പോൾ ചെയ്തതെല്ലാം അപ്പോളും ചെയ്യണം.

لَبَّيْكَ حَجًّا، لَبَّيْكَ لاَ شَرِيكَ لَكَ لَبَّيْكَ، إِنَّ الْحَمْدَ وَالنِّعْمَةَ لَكَ وَالْمُلْكُ لاَ شَرِيكَ لَكَ

ലബ്ബയ്ക ഹജ്ജൻ, ലബ്ബയ്ക ലാശരീകലക ലബ്ബയ്ക, ഇന്നൽ ഹംദ വന്നിഅ്മത ലക വൽമുൽകു ലാശരീകലക്

എന്നു പറഞ്ഞു കൊണ്ട് ദുൽഹജ്ജ് എട്ടിന് ഹജ്ജിൽ പ്രവേശിക്കണം.

ദുൽഹെജ്ജ്-8 (യൗമുത്തർവിയ്യഃ)

ഇഹ്റാമിനുശേഷം തൽബിയ്യത്തു ചൊല്ലിക്കൊണ്ട് മിനായിൽ പോകുക. അവിടെ വച്ചു ദുഹ്ർ, അസ്വർ, മഗ്രിബ്, ഇശാ, സുബ്ഹ് എന്നീ നാലുറക്അത്തുള്ള നമസ്കാരങ്ങൾ രണ്ടാക്കി ചുരുക്കി, അതാതു സമയത്തു തന്നെ നമസ്കരിക്കുക. ദിക്ർ, ദുആകൾ ചൊല്ലുന്നതിൽ മുഴുകി അവിടെ കഴിച്ചു കൂട്ടണം.

*ദുൽഹെജ്ജ്-9 അറഫ

ഇന്നു താഴെ പറയുന്ന കാര്യങ്ങൾ ചെയ്യുക.

1-സൂര്യോദയത്തിനു ശേഷം അറഫായിലേക്കു പോകുക. **സൂര്യാസ്തമയം വരെ അവിടെ കഴിച്ചു കൂട്ടുക. ദുഹ്ർ, അസ്വർ എന്നിവ രണ്ടു റക്അത്താക്കി, ദുഹ്റിൻെറ സമയത്തു നമസ്കരിക്കുക.

നമസ്കാര ശേഷം ദിക്ർ, ദുആ, തൽബിയ്യത്, ഖുർആൻ പാരായണം എന്നിവയിൽ മുഴുകുക. വിനയാന്വിതനായി അല്ലാഹുവിനോട് പ്രാർത്ഥന അധികരിപ്പിക്കലും, തനിക്കും മറ്റു മുസ്ലിംകൾക്കു വേണ്ടിയും പ്രാർത്ഥിക്കലും സുന്നത്താകുന്നു. തനിക്കാവശ്യമുള്ളതെല്ലാം പ്രാർത്ഥിക്കാം. പ്രാർത്ഥനാ വേളകളിൽ കൈ ഉയർത്തുന്നത് നല്ലതാണ്. അറഫയിൽ നിൽക്കൽ ഹെജ്ജിൻെറ ഒരു റുക്ൻ(മുഖ്യഘടകം) ആകുന്നു. അറഫയില്ലാത്തവൻെറ ഹെജ്ജ് സ്വീകാര്യമല്ല. ദുൽഹജ്ജ് ഒമ്പതിനു സൂര്യൻ ഉദിച്ചതു മുതൽ ദുൽഹജ്ജ് പത്ത് ഫജ്ർ വരെയാകുന്നു ഇതിൻെറ സമയം ഈ സമയത്തിന്നിടയിൽ രാത്രിയോ, പകലോ ഒരുമണിക്കൂർ ആരെങ്കിലും അറഫായിൽ നിന്നാൽ അവൻെറ ഹജ്ജ് പൂർണ്ണമാകും. അറഫയുടെ അതിർത്തിക്കകത്തു തന്നെയാണ് നിൽക്കുന്നതെന്ന് ഉറപ്പു വരുത്തിയിരിക്കണം.

2-അറഫയുടെ ദിവസം സൂര്യൻ അസ്തമിച്ചു എന്നുറപ്പായാൽ തൽബിയ്യത്തു ചൊല്ലി, ശാന്തമായി മുസ്ദലിഫയിലേക്കു പോകുക.

മുസ്ദലിഫഃ**

മുസ്ദലിഫയിൽ എത്തിയ ശേഷം മഗ്രിബും ഇശാഉം ഖസ്റും, ജംഉമാക്കി നമസ്കരിക്കുക. തുടർന്നു ഭക്ഷണം പാകംചെയ്യുക പോലെയുള്ള കാര്യങ്ങൾ ചെയ്യാം. സുബ്ഹ് നമസ്കാരത്തിനു ഉന്മേഷവാനായി ഉണരാൻ വേണ്ടി നേരത്തെ ഉറങ്ങുന്നത് നല്ലതാണ്.

ദുൽഹെജ്ജ്-10 പെരുന്നാൾ

1-സുബ്ഹ് സമയമായാൽ നമസ്കരിക്കുക. അവിടെത്തന്നെ ഇരുന്ന് നേരം വെളുക്കുവോളം ദിക്ർ, ദുആകൾ ചൊല്ലുക.

2-ചെറിയ ഏഴുകല്ലുകൾ പെറുക്കുക. സൂര്യൻ ഉദിക്കുന്നതിനു മുമ്പായി തൽബിയ്യത്തു ചൊല്ലിക്കൊണ്ട് മിനായിലേക്കു പുറപ്പെടുക. സ്ത്രീകൾ ബലഹീനർ എന്നിവർക്ക് പാതിരാവിനുശേഷം പുറപ്പെടാം.

3-ജംറതുൽ അഖബഃയിൽ എത്തുന്നതു വരെ തൽബിയ്യത്തു ചൊല്ലിക്കൊണ്ടിരിക്കുക. ഓരോ കല്ലു വീതം എറിയുക. ഓരോ കല്ലേറിയുമ്പോളും അല്ലാഹുഅക്ബർ എന്നു പറയുക. കല്ലേറിനു ശേഷം തൽബിയ്യത്ത് നിർത്തുക. തക്ബീർ ചൊല്ലുക.

4-കല്ലേറിനു ശേഷം ബലി നിർബന്ധമുള്ളവർ ബലി അറുക്കുക. അതിൻെറ മാംസത്തിൽ നിന്നും ഭക്ഷിക്കലും, സമ്മാനമായും, ദാനമായും വിതരണം ചെയ്യലും നല്ലതാകുന്നു.

5-**അറവിനു ശേഷം മുടികളയുക. അല്ലെങ്കിൽ മുറിക്കുക. മുടി വടിക്കലാണ് ഉത്തമം. സ്ത്രീകൾ തലയുടെ മൂന്നു ഭാഗത്തു നിന്നായി മൂന്നു സെൻറിമീറ്റർ വലിപ്പത്തിൽ മുടി മുറിക്കുക. ഇതോടുകൂടി ഇഹ്റാമിൽ നിഷിദ്ധമായ -ലൈംഗിക ബന്ധമല്ലാത്ത- എല്ലാം അനുവദനീയമാകും. ത്വവാഫുൽ ഇഫാദ (ഹജ്ജിൻെറ ത്വവാഫ്) നിർവ്വഹിച്ച ശേഷമേ അത് അനുവദനീയമാകുകയുള്ളു. ശേഷം കുളിച്ചു വൃത്തിയായി സുഗന്ധം പൂശി വസ്ത്രങ്ങൾ ധരിക്കുക.

*6-ത്വവാഫുൽ ഇഫാദഃ നിർവ്വഹിക്കാൻ കഅ്ബയിലേക്കു പോകുക. ഏഴു ത്വവാഫ് ചെയ്യുക. രണ്ടു റക്അത്ത് നമസ്കരിക്കുക.

*സ്വഫാ മർവയിൽ ഏഴുസഅ്യ് നടത്തുക. ഇതോടെ ഇഹ്റാമിൽ നിഷിദ്ധമായ ലൈംഗിക ബന്ധമുൾപ്പെടെയുള്ള എല്ലാകാര്യങ്ങളും അനുവദനീയമായി.

7-**പത്തിൻെറയും, പതിനൊന്നിൻെറയും അന്നു രാത്രി മിനായിൽ താമസിക്കൽ നിർബന്ധമാകുന്നു. പിന്തിക്കാൻ ഉദ്ദേശിക്കുന്നവർക്ക് പന്ത്രണ്ടിൻെറ അന്നു രാത്രിയും. രാത്രിയുടെ അധിക സമയം അവിടെയായിരിക്കുക എന്നതാണ് ഇതുകൊണ്ടുദ്ദേശ്യം.

മേൽപറയപ്പെട്ട കല്ലേറ്, മൃഗബലി, മുടികളയൽ, ത്വവാഫ് എന്നിവ ക്രമം പാലിക്കൽ സുന്നത്താകുന്നു. ഏതെങ്കിലും ഒന്നിനെ മുന്തിച്ചു ചെയ്യുന്നതുകൊണ്ട് തെറ്റില്ല.

ദുൽഹെജ്ജ്-11

ഇന്ന് കല്ലേറ് നിർബന്ധമാണ്. സൂര്യൻ മദ്ധ്യാഹ്നത്തിൽ നിന്നു തെറ്റിയാൽ എറിഞ്ഞു തുടങ്ങാം. അതിനുമുമ്പ് പാടില്ല. **ദുഹ്റിനു ശേഷം ജംറതുസ്സുഗ്റാ, ജംറതുൽവുസ്ത്വാ, ജംറതുൽ കുബ്റാ എന്ന ക്രമത്തിലാണ് എറിയേണ്ടത്. എറിയുന്ന രൂപം:

**ഈ അടയാളം വാജിബുകളെ സൂചിപ്പിക്കുന്നു.

1-ഇരുപത്തൊന്ന് ചെറിയ കല്ലുകൾ പെറുക്കുക. ജംറതുസ്സുഗ്റായിലേക്കു പോകുക. അല്ലാഹു അക്ബർ എന്നു ചൊല്ലിക്കൊണ്ട് ഏഴുകല്ലുകൾ ഓരോന്നായി എറിയുക. കല്ല് തടത്തിൽ വീഴണം.
2-വലതു ഭാഗത്തേക്കു മാറി കഅ്ബക്കുനേരെ തിരിഞ്ഞുനിന്നു ദീർഘമായി പ്രാർത്ഥിക്കൽ സുന്നത്താകുന്നു.
3-തുടർന്ന് ജംറതുൽ വുസ്ത്വയിലേക്കു പോകുക. അല്ലാഹുഅക്ബർ എന്നു ചൊല്ലിക്കൊണ്ട് ഏഴു കല്ലുകൾ ഓരോന്നായി എറിയുക.
4-ഇവിടെ ഇടത്തോട്ടു മാറിനിന്നു ദീർഘമായി പ്രാർത്ഥിക്കൽ സുന്നത്താകുന്നു.
5-ഇനി ജംറതുൽ കുബ്റായിലേക്കു പോകുക. അവിടെയും മേൽ പറഞ്ഞ പ്രകാരം കല്ലെറിയുക. അവിടെ മാറിനിന്നു പ്രാർത്ഥിക്കേണ്ടതില്ല.

ദുൽഹെജ്ജ്-12

1-ഇന്നലെ (11ന്) ചെയ്തതു പോലെത്തന്നെ ചെയ്യുക. പതിമൂന്നിന്റെ അന്നുകൂടി അവിടെ നിൽക്കാൻ ആഗ്രഹിക്കുന്നവർ, കഴിഞ്ഞ രണ്ടു ദിവസങ്ങളിൽ ചെയ്തതെല്ലാം അന്നും ചെയ്യുക. പതിമൂന്നിന്റെ അന്നുകൂടി തങ്ങലാണ് അത്യുത്തമം.
2-പന്ത്രണ്ടിന്റെ അന്നോ, പിന്തിനിന്നവർ പതിമൂന്നിന്റെ അന്നോ കല്ലേറു കഴിഞ്ഞശേഷം കഅ്ബയിൽപോയി**ത്വവാഫുൽവിദാഅ് നിർവ്വഹിക്കുക. ഈ ത്വവാഫിനു ശേഷവും സുന്നത്തു നമസ്കരിക്കുക. ആർത്തവം, പ്രസവാശുദ്ധി എന്നിവയുള്ള സ്ത്രീകൾ ഈ ത്വവാഫ് നിർവ്വഹിക്കേണ്ടതില്ല.
3-പിന്നെ മറ്റുകാര്യങ്ങളിലൊന്നും മുഴുകാതിരിക്കൽ നിർബന്ധമാണ്. സമയം ദിക്ർ, ദുആ, നല്ലകാര്യങ്ങൾ കേൾക്കൽ എന്നിവക്കു ചെലവഴിച്ചു കൊണ്ട് ഉടൻ മക്കവിടണം. ത്വവാഫുൽ വിദാഇനു ശേഷം കൂട്ടുകാരെ പ്രതീക്ഷിച്ചോ, അത്യാവശ്യ സാധനങ്ങൾ വാങ്ങുവാനോ, സാധനങ്ങൾ എടുക്കാനോ അൽപസമയം അവിടെ തങ്ങുന്നതു കൊണ്ട് തെറ്റില്ല.

ഹെജ്ജിന്റെ റുക്നുകൾ

1-ഇഹ്റാം. 2-അറഫ. 3-ത്വവാഫുൽ ഇഫാദ (പെരുന്നാൾ ദിവസം). 4-സഅ്യ്.
ഇതിൽ ഏതെങ്കിലുമൊന്ന് ഒഴിവായാൽ ഹജ്ജ് സ്വീകാര്യമല്ല.

ഹെജ്ജിന്റെ വാജിബുകൾ

1-മീഖാതിൽ വച്ചു ഇഹ്റാം ചെയ്യൽ.
2-അറഫയിൽ പകൽ സമയത്തു നിൽക്കുന്നവർ സൂര്യാസ്തമയം വരെ നിൽക്കൽ.
3-നേരം വെളുക്കുവോളം മുസ്ദലിഫയിൽ രാപാർക്കുക. സ്ത്രീകൾ ദുർബലർ എന്നിവർ ഇതിൽ നിന്നു ഒഴിവാകുന്നു. അവർക്കു അർദ്ധരാത്രിവരെ ആയാലും മതി.
4-അയ്യാമുത്തശ്‌രീഖിൽ മിനായിൽ രാപാർക്കുക.
5-അയ്യാമുത്തശ്‌രീഖിൽ ജംറകളിൽ എറിയുക.
6-മുടി കളയുക, അല്ലെങ്കിൽ മുറിക്കുക.
7-ത്വവാഫഫുൽ വിദാഅ്.

ഇതിൽ ഏതെങ്കിലും ഒന്നു ഉപേക്ഷിച്ചാൽ അതിനു പകരമായി ഒരു മൃഗത്തെ അറുക്കുക. ആട്, മാട്, ഒട്ടകം ഏതുമാകാം. മാട്, ഒട്ടകം എന്നിവ ഏഴുപേർ ചേർന്നുമാകാം. ഈ മാംസം മക്കയിലെ ദരിദ്രർക്കാണ് വിതരണം ചെയ്യേണ്ടത്.

മദീന സന്ദർശനം

മദീനയിലുള്ള നബി ﷺ യുടെ പള്ളിയിൽ വച്ചു നമസ്കരിക്കാൻ വേണ്ടി സന്ദർശിക്കൽ നല്ലതാകുന്നു. മസ്ജിദുൽഹറാം ഒഴികെയുള്ള മറ്റു പള്ളികളിൽ നമസ്കരിക്കുന്നതിനെക്കാൾ ആയിരം ഇരട്ടി പ്രതിഫലമുണ്ട് ആ പള്ളിയിലെ നമസ്കാരത്തിന് എന്ന് നബി ﷺ പറഞ്ഞിട്ടുണ്ട്. ഈ സന്ദർശനം എപ്പോൾ വേണമെങ്കിലും നടത്താം. ഇതിനു നിശ്ചിത സമയമില്ല. ഇത് ഹെജ്ജിന്റെ ഭാഗവുമല്ല. ഈ പള്ളിയിൽ എത്തിയാൽ നബി ﷺ യുടെയും, അബൂബകർ, ഉമർ (റ) എന്നിവരുടെയും ഖബ്റുകൾ സന്ദർശിക്കൽ പുരുഷന്മാർക്ക് സുന്നത്താകുന്നു. സ്ത്രീകൾ അതു ചെയ്യരുത്. നബി

യുടെ ഖബ്റിന്റെ ചുമര്‍ തൊട്ടുമുത്തല്‍, അതിനു ത്വവാഫ് ചെയ്യല്‍, പ്രാര്‍ത്ഥനക്കു വേണ്ടി അതിനുനേരെ തിരിഞ്ഞു നില്‍ക്കല്‍ എന്നിവ പാടില്ലാത്തതാകുന്നു.

أحكام النكاح

വൈവാഹിക നിയമങ്ങൾ

വിവാഹം; നിബന്ധനകൾ

1-ഇണകൾ തമ്മിലുള്ള സംതൃപ്തി:- സ്ത്രീയെ ഇഷ്ടപ്പെടാത്ത പുരുഷനെയോ, പുരുഷനെ ഇഷ്ടപ്പെടാത്ത സ്ത്രീയേയോ വിവാഹത്തിന് നിർബന്ധിക്കുന്നത് ശരിയല്ല. സ്ത്രീയെ അവളുടെ സമ്മതം കൂടാതെ വിവാഹം ചെയ്തു കൊടുക്കുന്നത് ഇസ്ലാം വിരോധിച്ചിരിക്കുന്നു. ഒരു പുരുഷനുമായുള്ള വിവാഹത്തിന് സ്ത്രീ വിസമ്മതിച്ചാൽ, ഒരാൾക്കും -അവളുടെ പിതാവിന് പോലും-അവളെ നിർബന്ധിക്കാൻ പാടില്ല.

2-രക്ഷിതാവ്:- സ്ത്രീയുടെ രക്ഷിതാവില്ലാതെ വിവാഹം സാധുവാകുകയില്ല. നബി (സ) പറഞ്ഞു:

(لآنكاح إلاّ بولي)

രക്ഷിതാവ് (വലിയ്യ്) ഇല്ലാതെ വിവാഹമില്ല.

ഒരുവൾ സ്വയം വിവാഹം ചെയ്താൽ അത് അസാധുവാണ്. അവൾ സ്വയം വിവാഹ ഉടമ്പടിയിൽ ഏർപ്പെട്ടാലും, മറ്റൊരാളുടെ വകാലത് ഏറ്റെടുത്താലും ശരി. അമുസ്ലിമിന് ഒരു മുസ്ലിം സ്ത്രീയുടെ രക്ഷാകർതൃത്വം ഉണ്ടാകില്ല. രക്ഷിതാവില്ലാത്തവരെ വിവാഹം ചെയ്തു കൊടുക്കേണ്ടത് ഭരണാധികാരി ആകുന്ന.

സ്ത്രീയുടെ ബന്ധത്തിൽപെട്ട, സ്ഥിരബുദ്ധിയും, തൻേറടവുമുള്ള താഴെ പറയുന്നവരായിരിക്കും രക്ഷിതാക്കൾ.

പിതാവ്, അദ്ദേഹം വസ്വിയ്യത്ത് ചെയ്തവർ, പിതാവ് വഴിക്കുള്ള പിതാമഹൻ-എത്ര മേലെയുള്ളതായാലും-അതിൽ ഏറ്റവും അടുത്തവർ, അവളുടെ മകൻ, മകൻെറ മക്കൾ-എത്ര താഴോട്ടും, സഹോദരൻ, പിതാവൊത്ത സഹോദരൻ, സഹോദര പുത്രന്മാർ, പിതാവൊത്ത സഹോദരൻെറ പുത്രന്മാർ, അതിൽ ഏറ്റവും അടുത്തവർ, പിതൃവ്യൻ, പിതാവൊത്ത പിതൃവ്യൻ, അവരുടെ മക്കൾ, അതിൽ ഏറ്റവും അടുത്തവർ, പിതാവിൻെറ പിതൃവ്യൻ, അദ്ദേഹത്തിൻെറ മക്കൾ, എന്നിവരാണ് യഥാക്രമം രക്ഷിതാക്കളാകുക.

സ്ത്രീയെ വിവാഹം ചെയ്തു കൊടുക്കുന്നതിന്ന്മുമ്പ് രക്ഷിതാവ് അവളുടെ സമ്മതം വാങ്ങിയിരിക്കണം. ഒരു രക്ഷിതാവിൻെറ സാന്നിദ്ധ്യം ആവശ്യപ്പെടുന്നതിലുള്ള തത്വം, വ്യഭിചാരത്തിൻെറ മാർഗ്ഗങ്ങൾ അടക്കുക എന്നതാണ്. ഒരു വ്യഭിചാരിക്ക് ഒരു സ്ത്രീയോട് "നീ നിന്നെ എനിക്ക് വിവാഹം ചെയ്തു തരൂ" എന്നു പറയാൻ വിഷമമുണ്ടാകില്ല. അതിന്നു പറ്റിയ രണ്ടു സാക്ഷികളെയും ഉണ്ടാക്കാൻ കഴിയുമല്ലോ.

3-സാക്ഷികൾ: വിവാഹ ഉടമ്പടി നടക്കുമ്പോൾ രണ്ടോ, അതിലധികമോ മുസ്ലിംകളും, നീതിമാന്മാരുമായ പുരുഷ സാക്ഷികൾ ഉണ്ടായിരിക്കണം. രണ്ടോ, അതിൽ കൂടുതലോ പേർ നിർബന്ധമായും ഉണ്ടായിരിക്കണം. മദ്യപാനം, വ്യഭിചാരം പോലെയുള്ള കുറ്റകൃത്യങ്ങൾ ചെയ്യാത്ത വിശ്വസ്ഥരായിരിക്കണം അവർ.

ഉടമ്പടിയുടെ വാക്കുകൾ: രക്ഷിതാവ്: എൻെറ മകൾ/ രക്ഷാകർതൃത്വത്തിലുള്ള ഇന്ന സ്ത്രീയെ നിനക്ക് ഞാൻ വിവാഹം ചെയ്തു തന്നു. വരൻ/വകാലത്ഏറ്റയാൾ: താങ്കളിൽ നിന്നും അവളുടെ വിവാഹം ഞാൻ സ്വികരിച്ചിരിക്കുന്നു. അത്യാവശ്യ ഘട്ടങ്ങളിൽ ഉടമ്പടിയിൽ വരന് താൻ ഇഷ്ടപ്പെടുന്ന ഒരാളെ വകാലത് ഏൽപിക്കാവുന്നതാണ്.

4-മഹ്ർ നിർബന്ധമാകുന്നു. മഹ്ർ കുറയുന്നതാണ് നല്ലത്. കുറഞ്ഞതും, ലളിതമായതുമാണ് ഏറ്റവും ഉത്തമം. മഹ്റിന്ന് സ്വദാഖ് എന്ന മറ്റൊരു പേരുണ്ട്. ഉടമ്പടി സമയത്ത് മഹ്ർ പരസ്യ

പ്പെടുത്തലും, ഉടമ്പടിയോടൊപ്പം അത്വേഗത്തിൽ കൊടുക്കലും സുന്നത്താകുന്നു. മഹ്ർ മുഴുവനായോ, ഭാഗികമായോ നിശ്ചിത അവധിയിലേക്ക് പിന്തിക്കലും അനുവദനീയമാണ്.

ലൈംഗികവേഴ്ചക്കു മുമ്പായി ഒരാൾ സ്ത്രീയെ വിവാഹമോചനം ചെയ്താൽ, മഹ്റിൻെറ പകുതി അവൾക്കെടുക്കാം. വിവാഹ ഉടമ്പടിക്കു ശേഷം, ലൈംഗിക ബന്ധത്തിന്ന് മുമ്പ് ഭർത്താവ് മരിച്ചാൽ, മഹ്ർ പൂർണ്ണമായി അവൾക്കുള്ളതാണ്. അവൾക്ക് അവൻെറ സ്വത്തിൻെറ അനന്തരാവകാശവും ലഭിക്കും.

വിവാഹാനന്തരം

1-ചെലവുകൾ: ഭാര്യയുടെ ഭക്ഷണം, വസ്ത്രം, താമസം തുടങ്ങിയവക്ക് മര്യാദ പ്രകാരമുള്ള മുഴുവൻ ചെലവും ഭർത്താവാണ് വഹിക്കേണ്ടത്. ഇതിൽ വല്ല പിശുക്കും കാണിച്ചാൽ, അവൻ കുറ്റക്കാരനായിരിക്കും. അപ്പോൾ അയാളുടെ സ്വത്തിൽ നിന്നും, അവളുടെ ചെലവിന്ന് മതിയാകുന്നത് അവൾക്ക് എടുക്കാവുന്നതാണ്. ഇല്ലെങ്കിൽ അയാൾ നിർബന്ധമായി വീട്ടേണ്ട ഒരു കടമായി അത് അവശേഷിക്കുന്നതാണ്. ചെലവിൻെറ ഇനത്തിൽ വലീമത്തും ഉൾപ്പെടും. കല്യാണ ശേഷം ജനങ്ങളെ ക്ഷണിച്ച് നടത്തപ്പെടുന്ന സദ്യക്കാണ് വലീമഃ എന്ന് പറയുന്നത്. അത് നബി ﷺ യുടെ ചര്യയിൽ പെട്ടതാകുന്നു. നബി ﷺ വലീമത് നടത്തുകയും, അങ്ങനെ ചെയ്യാൻ കൽപിക്കുകയും ചെയ്തിട്ടുണ്ട്.

2-അനന്തരാവകാശം: ഒരുപുരുഷനും സ്ത്രീയും തമ്മിൽ നിയമ പ്രകാരമുള്ള വിവാഹം നടന്നു കഴിഞ്ഞാൽ, അവർ പരസ്പരം അനന്തരാവകാശികളായി. അല്ലാഹുപറയുന്നു:

﴿ وَلَكُمْ نِصْفُ مَا تَرَكَ أَزْوَاجُكُمْ إِنْ لَمْ يَكُنْ لَهُنَّ وَلَدٌ فَلَكُمُ الرُّبُعُ مِمّا تَرَكْنَ مِنْ بَعْدِ وَصِيَّةٍ يُوصِينَ بِهَا أَوْ دَيْنٍ وَلَهُنَّ الرُّبُعُ مِمَّا تَرَكْتُمْ إِنْ لَمْ يَكُنْ لَكُمْ وَلَدٌ فَإِنْ كَانَ لَكُمْ وَلَدٌ فَلَهُنَّ الثُّمُنُ مِمَّا تَرَكْتُمْ مِنْ بَعْدِ وَصِيَّةٍ تُوصُونَ بِهَا أَوْ دَيْنٍ...﴾ (النساء:١٢)

നിങ്ങളുടെ ഭാര്യമാർക്ക് സന്താനങ്ങളില്ലാത്തപക്ഷം, അവർ വിട്ടേച്ചുപോയ ധനത്തിൻെറ പകുതി നിങ്ങൾക്കാകുന്നു. ഇനി അവർക്ക് സന്താനമുണ്ടായിരുന്നാൽ അവർ വിട്ടേച്ചു പോയതിൻെറ നാലിലൊന്ന് നിങ്ങൾക്കായിരിക്കും. അവർ ചെയ്യുന്ന വസ്വിയ്യത്തും, കടമുണ്ടെങ്കിൽ അതും കഴിച്ച് ആണിത്. നിങ്ങൾക്ക് സന്താനമില്ലെങ്കിൽ നിങ്ങൾ വിട്ടേച്ചു പോയ ധനത്തിൽ നിന്ന് നാലിലൊന്നാണ് അവർക്ക് (ഭാര്യമാർക്ക്) ഉള്ളത്. ഇനി നിങ്ങൾക്ക് സന്താനമുണ്ടായിരുന്നാൽ നിങ്ങൾ വിട്ടേച്ചു പോയതിൽ നിന്ന് എട്ടിലൊന്നാണ് അവർക്കുള്ളത്. നിങ്ങൾ ചെയ്യുന്ന വസ്വിയ്യത്തും കടമുണ്ടെങ്കിൽ അതും കഴിച്ചാണിത്. [വി.ഖു.4:12]

ലൈംഗിക വേഴ്ച നടന്നവരെന്നോ, അല്ലാത്തവരെന്നോ അതിൽ വ്യത്യാസമില്ല.

സ്ത്രീധനം: നബിﷺയുടെകാലത്ത് വിവാഹത്തിൽ ഇങ്ങനെയൊരാചാരം ഇല്ലാത്തതു കൊണ്ട് ഇത് അനാചാരമാണ്. മുസ്ലിമിന് അനുവദനീയമായ സമ്പാദ്യം ഏതെല്ലാമാണെന്ന് ഖുർആനും, സുന്നത്തും വ്യക്തമാക്കിയിട്ടുണ്ട്. സ്ത്രീധനം, പോക്കറ്റ്മണി, വരദക്ഷിണ എന്നീ പേരുകളിൽ വാങ്ങുന്ന ഈ സമ്പാദ്യം ഈ ഗണത്തിലൊന്നും ഉൾപ്പെടാത്തതായതു കൊണ്ട് അത് അനിസ്ലാമികമാണ്. മറ്റു മതസ്ഥരിൽ നിന്നും കടമെടുക്കപ്പെട്ട ഈ അനാചാരം വർജ്ജിക്കേണ്ടതാണ്. ഇത്തരം അധികപ്പറ്റുകൾ സരളമായ ഇസ്ലാം മതത്തെ പ്രയാസകരമാക്കുക കൂടി ചെയ്യും. *[പരിഭാഷകൻ]*

3-അന്യമതവിവാഹം: മുസ്ലിം, അവിശ്വാസിനിയെ വിവാഹം ചെയ്യൽ നിഷിദ്ധമാകുന്നു. വേദക്കാരികളായ (ജൂത, കൃസ്തീയ) സ്ത്രീകൾ നിഷിദ്ധമല്ല. മുസ്ലിം സ്ത്രീക്ക് അമുസ്ലിമിനെ വിവാഹം ചെയ്യൽ നിഷിദ്ധമാണ്. ജൂതനോ, കൃസ്ത്യാനിയോ ആണെങ്കിലും പാടില്ല.

വിവാഹം; സുന്നത്തുകളും മര്യാദകളും

1-വിവാഹം പരസ്യപ്പെടുത്തൽ സുന്നത്താകുന്നു. വിവാഹം കഴിഞ്ഞാൽ വരനോടോ, വധുവിനോടോ:

بارك الله لك، وبارك عليك، وجمع بينكما في خير

അല്ലാഹു താങ്കളെ അനുഗ്രഹിക്കട്ടെ, അവൻെറ അനുഗ്രഹം താങ്കളുടെ മേൽ വർഷിക്കുമാറാകട്ടെ, നിങ്ങളെ രണ്ടു പേരെയും നന്മയിൽ ഒരുമിച്ചു കൂട്ടട്ടെ. എന്നു പറഞ്ഞുകൊണ്ട് ആശിർവദിക്കണം.

2-ലൈംഗികബന്ധത്തിൽ ഏർപ്പെടുമ്പോൾ രണ്ടുപേരും:

بسم الله، اللهم جنّبنا الشيطان،وجنّب الشيطان ما رزقتنا

അല്ലാഹുവിൻെറ നാമത്തിൽ, അല്ലാഹുവേ, പിശാചിനെ ഞങ്ങളിൽ നിന്നും, ഞങ്ങളെ പിശാചിൽ നിന്നും അകറ്റേണമേ എന്ന് പ്രാർത്ഥിക്കൽ സുന്നത്താകുന്നു.

3-കിടപ്പറ രഹസ്യങ്ങൾ രണ്ടാളും പുറത്ത് പറയരുത്.

4-ആർത്തവം, പ്രസവരക്തം എന്നീ അവസ്ഥകളിൽ, അതിൽ നിന്ന് ശുദ്ധിവന്ന്, കുളിച്ച ശേഷമല്ലാതെ, അവളുമായി സംയോഗത്തിൽ ഏർപ്പെടൽ ഹറാമാകുന്നു.

5-സ്ത്രീയുടെ പിൻദ്വാരത്തിലൂടെ ബന്ധപ്പെടൽ നിഷിദ്ധമാണ്. ഇസ്ലാം നിഷിദ്ധമാക്കിയ ഒരു മഹാപാപമാണിത്.

6-ലൈംഗിക ബന്ധത്തിൽ അവൾക്കുള്ള അവകാശം (സംതൃപ്തി) പൂർണ്ണമായി അനുവദിച്ചു കൊടുക്കണം. നിർബന്ധഘട്ടങ്ങളിലോ, ഗർഭധാരണം ഭയന്നോ അവളുടെ സമ്മതം കൂടാതെ *അസ്ൽ ചെയ്യാൻ പാടില്ല.

ഇണയുടെ ഗുണങ്ങൾ

സുഖജീവിതവും, ഉത്തമ കുടുംബവും, നല്ലസമൂഹവും ഉണ്ടാകലാണ് വൈവാഹിക ജീവിതത്തിൻെറ ലക്ഷ്യം. വിവാഹം ചെയ്യപ്പെടുന്ന സ്ത്രീ ഈ ലക്ഷ്യങ്ങളെല്ലാം പൂർത്തീകരിക്കാൻ പറ്റിയവളായിരിക്കണം. അവൾ ആന്തരികവും, ബാഹ്യവുമായി സൗന്ദര്യമുള്ളവളായിരിക്കണം. ബാഹ്യസൗന്ദര്യം അവളുടെ ശാരീരിക സൗന്ദര്യമാണ്. ആന്തരിക സൗന്ദര്യം മതനിഷ്ഠയും, സൽസ്വഭാവവുമാണ്. ആന്തരികവും ബാഹ്യവുമായ സൗന്ദര്യങ്ങളോടു കൂടിയ ഒരു സ്ത്രീയെ വരിക്കാൻ കഴിഞ്ഞാൽ, അത് അല്ലാഹു നൽകുന്ന മഹത്തായ ഭാഗ്യവും, തൗഫീഖും തന്നെയാകുന്നു. സൽസ്വഭാവിയും ദൈവഭയവുമുള്ള പുരുഷനെ വരിക്കാൻ തന്നെയാണ് സ്ത്രീയും കൊതിക്കേണ്ടത്.

വിവാഹം നിഷിദ്ധമാക്കപ്പെട്ട സ്ത്രീകൾ

വിവാഹം ചെയ്യാൻ പാടില്ലാത്ത സ്ത്രീകൾ രണ്ടുവിഭാഗമാണ്. സ്ഥിരമായി നിഷിദ്ധമായവരും, ഒരു നിശ്ചിത അവധിവരെ നിഷിദ്ധമായവരും.

1-സ്ഥിരമായി നിഷിദ്ധമായവർ :- ഇവർ മൂന്ന് ഇനമാണ്.

1-കുടുംബ ബന്ധംകൊണ്ട് നിഷിദ്ധമാകുന്നവർ :- ഇവർ ഏഴു പേരാകുന്നു.

അല്ലാഹുപറയുന്നു:-

﴿حُرِّمَتْ عَلَيْكُمْ أُمَّهَاتُكُمْ وَبَنَاتُكُمْ وَأَخَوَاتُكُمْ وَعَمَّاتُكُمْ وَخَالاَتُكُمْ وَبَنَاتُ الأَخِ وَبَنَاتُ الأُخْتِ وَأُمَّهَاتُكُمُ اللَّتِي أَرْضَعْنَكُمْ وَأَخَوَاتُكُم مِنَ الرَّضَاعَةِ وَأُمَّهَاتُ نِسَائِكُمْ وَرَبَائِبُكُمُ اللَّتِي فِي حُجُورِكُم مِن نِسَائِكُمُ اللَّتِي دَخَلْتُم بِهِنَّ فَإِن لَّمْ تَكُونُوا دَخَلْتُم بِهِنَّ فَلاَ جُنَاحَ عَلَيْكُمْ وَحَلاَئِلُ أَبْنَائِكُمُ الَّذِينَ مِنْ أَصْلاَبِكُمْ وَأَن تَجْمَعُوا بَيْنَ الأُخْتَيْنِ إِلاَّ مَا قَدْ سَلَفَ إِنَّ اللَّهَ كَانَ غَفُورًا رَّحِيمًا ﴾(النساء:٢٣)

നിങ്ങളുടെമാതാക്കൾ, പുത്രിമാർ, സഹോദരിമാർ, പിതൃസഹോദരിമാർ, മാതൃസഹോദരിമാർ, സഹോദരപുത്രിമാർ, സഹോദരീ പുത്രിമാർ, നിങ്ങളെ മുലകുടിപ്പിച്ച പോറ്റമ്മമാർ, മുലകുടി മുഖേനയുള്ള നിങ്ങളുടെ സഹോദരിമാർ, നിങ്ങളുടെ ഭാര്യാ മാതാക്കൾ എന്നിവർ (അവരെ വിവാഹം ചെയ്യൽ) നിങ്ങൾക്ക് നിഷിദ്ധമാക്കപ്പെട്ടിരിക്കുന്നു. നിങ്ങൾ ലൈംഗിക വേഴ്ചയിൽ ഏർപ്പെട്ടിട്ടുള്ള നിങ്ങളുടെ ഭാര്യമാരുടെ സന്താനങ്ങളായി നിങ്ങളുടെ സംരക്ഷണത്തിലുള്ള വളർത്തു പുത്രിമാരും. (അവരെ വിവാഹം ചെയ്യുന്നതും നിഷിദ്ധമാക്കപ്പെട്ടിരിക്കുന്നു.) ഇനി നിങ്ങൾ അവരുമായി ലൈംഗിക വേഴ്ചയിലേർപ്പെട്ടിട്ടില്ലെങ്കിൽ (അവരുടെ മക്കളെ വേൾക്കുന്നതിൽ) നിങ്ങൾക്ക് കുറ്റമില്ല. നിങ്ങളുടെ മുതുകിൽ നിന്ന് പിറന്ന പുത്രന്മാരുടെ ഭാര്യമാരും (നിങ്ങൾക്ക് നിഷിദ്ധമാക്കപ്പെട്ടിരിക്കുന്നു.) രണ്ടു സഹോദരിമാരെ ഒന്നിച്ചു ഭാര്യാമാരാക്കുന്നതും (നിഷിദ്ധമാകുന്നു.) മുമ്പു ചെയ്തു പോയതൊഴികെ. തീർച്ചയായും അല്ലാഹു ഏറെ പൊറുക്കുന്നവനും, കരുണാനിധിയുമാകുന്നു. [വി.ഖു. 4:23]

a-മാതാവ് എന്ന് പറഞ്ഞതിൽ പിതാവിൻെറ മാതാവും, മാതാവിൻെറ മാതാവും ഉൾപ്പെടും.

b-പെൺമക്കളിൽ ആൺമക്കളുടെ പുത്രിമാരും, പെൺമക്കളുടെ പുത്രിമാരും ഉൾപ്പെടും. എത്ര താ

---

*ഇന്ദ്രിയം ഗർഭാശയത്തിൽ പ്രവേശിപ്പിക്കാതെ പുറത്തേക്ക് കളയൽ.
ഴോട്ടു പോയാലും.

c-സഹോദരിമാരിൽ പിതാവൊത്ത സഹോദരിമാരും, മാതാവൊത്ത സഹോദരിമാരും ഉൾപ്പെടും.

d-പിതൃസഹോദരിമാരിൽ പിതാവിൻെറ പിതൃസഹോദരിമാരും, പിതാമഹൻെറ പിതൃസഹോദരിമാരും, മാതാവിൻെറ പിതൃസഹോദരിമാരും, മാതാവിൻെറ മാതാവിൻെറ (മാതൃമഹതി) മാതൃ സഹോദരിമാരും ഉൾപ്പെടും.

e-മാതൃസഹോദരിമാരിൽ പിതാവിൻെറ മാതൃസഹോദരിമാരും, പിതാമഹൻെറ മാതൃസഹോദരിമാരും, മാതാവിൻെറ മാതൃസഹോദരിമാരും, മാതൃമഹതിയുടെ മാതൃസഹോദരിമാരും ഉൾപ്പെടും.

f-സഹോദര പുത്രിമാരിൽ മാതാവൊന്നായ സഹോദരൻെറ മകളും, പിതാവൊന്നായ സഹോദരൻെറ മകളും, അവരുടെ ആൺമക്കളുടെ പെൺമക്കളും, പെൺമക്കളുടെ പെൺമക്കളും -എത്ര താഴോട്ടും- ഉൾപ്പെടുന്നു.

g-സഹോദരീ പുത്രിമാരിൽ പിതാവൊന്നായ സഹോദരിയുടെ മകളും, മാതാവൊന്നായ സഹോദരിയുടെ മകളും, അവരുടെ ആൺമക്കളുടെ പെൺമക്കളും, പെൺമക്കളുടെ പെൺമക്കളും- എത്ര താഴോട്ടും- ഉൾപ്പെടും.

2-മുലകുടി ബന്ധം കൊണ്ട് നിഷിദ്ധമാകുന്നവർ:- ഇവർ കുടുംബ ബന്ധം കൊണ്ട് നിഷിദ്ധമാകുന്നവരെ പോലെ തന്നെയാകുന്നു. നബി ﷺ പറഞ്ഞു:

(يُحرَم من الرضاع ما يحرم من النسب)

രക്തബന്ധം കൊണ്ട് നിഷിദ്ധമാകുന്നതെല്ലാം മുലകുടി മൂലവും നിഷിദ്ധമാകും.
എന്നാൽ മുലകുടിബന്ധം നിലനിൽക്കാൻ ചില നിബന്ധനകൾ ഉണ്ട്.

a-അഞ്ചോ അതിലധികമോ പ്രാവശ്യം മുലകുടിച്ചിരിക്കണം. ഒരുകുട്ടി ഒരുസ്ത്രീയുടെ മുല നാലു പ്രാവശ്യം കുടിച്ചാൽ, ആ സ്ത്രീ കുട്ടിയുടെ (മുലകുടിയിലൂടെയുള്ള) മാതാവാകുകയില്ല.

b-അതും കുട്ടി മുലകുടി നിർത്തുന്ന പ്രായത്തിന് മുമ്പായിരിക്കണം. മുലകുടി നിറുത്തിയ ശേഷമോ, അല്ലെങ്കിൽ (അഞ്ചെണ്ണത്തിൽ) ചിലത് നിർത്തുന്നതിന്ന് മുമ്പും, ബാക്കി നിർത്തിയതിന്നു ശേഷവും ആയാൽ, ആസ്ത്രീ കുട്ടിയുടെ മാതാവാകുകയില്ല.

മേൽപറഞ്ഞ നിബന്ധനകൾ പൂർത്തിയായാൽ കുഞ്ഞ്, മുല കൊടുത്ത സ്ത്രീയുടെ കുട്ടിയും, അവളുടെ മക്കൾ ഈ കുട്ടിയുടെ സഹോദരങ്ങളും ആയിരിക്കും (അവർ ആകുട്ടിയുടെ മുമ്പ് ജനിച്ചവരായാലും, ശേഷം ജനിച്ചവരായാലും). മുലകൊടുത്ത സ്ത്രീയുടെ ഭർത്താവിൻെറ മറ്റു ഭാര്യമാരിലുള്ള മക്കളും ഈ കുട്ടിക്ക് സഹോദരങ്ങളായിരിക്കും. മുലകുടിച്ച ഈ കുട്ടിയുടെ മക്കൾക്കൊഴികെ, മറ്റു ബന്ധുക്കൾക്കൊന്നും ഈ മുലകുടിബന്ധം ബാധകമല്ല.

3-വിവാഹ ബന്ധം കൊണ്ട് നിഷിദ്ധമാക്കമെപ്പട്ടവർ :-

a-പിതാവിൻെറയും പിതാമഹൻെറയും ഭാര്യമാർ. ഒരാൾ ഒരു സ്ത്രീയെ വിവാഹം ചെയ്താൽ-അയാൾ ആസ്ത്രീയുമായി ബന്ധപ്പെട്ടാലും ഇല്ലെങ്കിലും അയാളുടെ മക്കൾ, മകൻെറ മക്കൾ -എത്രതാഴോട്ടായാലും- എന്നിവർക്ക് ആസ്ത്രീയെ വിവാഹം ചെയ്യൽ) നിഷിദ്ധമാണ്.

b-മക്കളുടെഭാര്യമാർ. ഒരാൾ ഒരു സ്ത്രീയെ വിവാഹം ചെയ്താൽ, അയാൾ അവളുമായി ബന്ധപ്പെട്ടിട്ടില്ലെങ്കിലും -വിവാഹം നടന്നതു കൊണ്ട് മാത്രം- അയാളുടെ പിതാവ്, പിതാമഹന്മാർ -മേലോട്ട് എത്രയായാലും- എന്നിവർക്ക് ആസ്ത്രീയെ വിവാഹം ചെയ്യൽ നിഷിദ്ധമാണ്.

c-ഭാര്യയുടെ മാതാവും, മാതൃമഹതിമാരും. ഒരാൾ ഒരു സ്ത്രീയെ വിവാഹം ചെയ്താൽ-അയാൾ അവളുമായി ബന്ധപ്പെട്ടിട്ടില്ലെങ്കിലും- അവളുടെ മാതാവും, അവളുടെ (പിതാവിൻെറയോ, മാതാവിൻെറയോ) മാതാക്കളും അയാൾക്ക് വിവാഹം ചെയ്യൽ നിഷിദ്ധമാണ്.

d-ഭാര്യയുടെ മക്കൾ. ഭാര്യയുടെ ആൺമക്കളുടെയും പെൺമക്കളുടെയും മക്കൾ -എത്ര താഴോട്ടും. ഒരാൾ ഒരു സ്ത്രീയെ വിവാഹം കഴിക്കുകയും, അവളുമായി ബന്ധപ്പെടുകയും ചെയ്താൽ, അവളുടെ പെൺമക്കളും, ആൺമക്കളുടെയും പെൺമക്കളുടെയും പെൺമക്കളും (അവർ ഇയാളുടെ മുമ്പുള്ള ഭർത്താവിൻെറ മക്കളാണെങ്കിലും, ശേഷമുള്ള ഭർത്താവിൻെറ മക്കളാണെങ്കിലും ശരി) അയാൾക്ക് നിഷിദ്ധമാണ്. ലൈംഗിക ബന്ധത്തിന് മുമ്പ് തന്നെ വിവാഹ ബന്ധം വേർപ്പെടുത്തിയാൽ നിഷിദ്ധമാകുകയില്ല.

2-നിശ്ചിത സമയപരിധിവരെ നിഷിദ്ധമായവർ:- ഇവർ വിവിധങ്ങളാണ്.

a-ഭാര്യയുടെ സഹോദരി, ഭാര്യയുടെ പിതൃസഹോദരി, മാതൃസ ഹോദരി :-

ഈ സ്ത്രീയുമായുള്ള വിവാഹബന്ധം, മരണം മൂലമോ, വിവാഹമോചനം നടത്തി ഇദ്ദ പൂർത്തിയാക്കിയോ പിരിയുന്നതുവരെ.

b-ഇദ്ദയിലുള്ള സ്ത്രീ: ഒരുസ്ത്രീ ഇദ്ദയിലായിരിക്കുമ്പോൾ അവളുടെ ഇദ്ദ കഴിയുന്നതു വരെ മറ്റൊരാൾക്ക് അവളെ വിവാഹം ചെയ്യുവാനോ, വിവാഹാന്വേഷണം നടത്തുവാനോ പാടില്ല.

c-ഹജ്ജിന്നോ, ഉംറക്കോ ഇഹ്റാമിൽ പ്രവേശിച്ച സ്ത്രീ ഇഹ്റാമിൽ നിന്നും തഹല്ലുൽ ആകുന്നതു വരെ വിവാഹം ചെയ്യൽ നിഷിദ്ധമാകുന്നു.

ത്വലാഖ് (വിവാഹമോചനം)

വിവാഹമോചനം വെറുക്കപ്പെട്ട കാര്യമാകുന്നു. നബി ﷺ പറഞ്ഞു:

(أبغض الحلال إلى الله الطلاق) أبوداود

അല്ലാഹു അനുവദിച്ച കാര്യങ്ങളിൽ, അവന്ന് ഏറ്റവും ദേഷ്യമുള്ള കാര്യമാണ് വിവാഹ മോചനം. (അബൂദാവൂദ്.) [ഈ ഹദീഥ് ദുർബലമാകുന്നു. വിവർത്തകൻ.]

സ്ത്രീക്ക് പുരുഷൻെറ കൂടെയോ, പുരുഷന്ന് സ്ത്രീയോടോ യോജിച്ച് പോകാൻ കഴിയാത്ത, ബുദ്ധിമുട്ട് ഉണ്ടായാൽ ചിലപ്പോൾ വിവാഹമോചനം നിർബന്ധമായിത്തീരും. അത് അല്ലാഹു മനുഷ്യർക്ക് ചെയ്തു കൊടുത്ത ഒരു ഔദാര്യം മാത്രമാണ്. ഒരു പുരുഷൻ തൻെറ ഭാര്യയെ വെറുക്കുകയും, അവളോടൊപ്പം ക്ഷമിച്ചുപോകാൻ കഴിയാതെ വരികയും ചെയ്താൽ അയാൾക്ക് അവളെ വിവാഹമോചനം നടത്താവുന്നതാണ്. താഴെപറയുന്ന കാര്യങ്ങൾ ശ്രദ്ധിച്ചേതീരൂ.

1-ആർത്തവകാരിയായിരിക്കുമ്പോൾ വിവാഹമോചനം നടത്തരുത്. ചെയ്താൽ അവൻ അല്ലാഹുവിനെയും റസൂലിനെയും ധിക്കരിച്ചവനും, നിഷിദ്ധകാര്യം ചെയ്തവനുമായിത്തീരും. അവൻ അവളെ തിരിച്ചെടുക്കൽ നിർബന്ധമാണ്. അവളുടെ ആർത്തവത്തിൽ നിന്നും ശുദ്ധിയായ ശേഷം, അവൻ (ഉദ്ദേശിക്കുന്നെങ്കിൽ) പിന്നീട് അവളെ വിവാഹമോചനം ചെയ്യാം. ഏറ്റവും നല്ലത് അവൾക്ക് രണ്ടാമതൊരു ആർത്തവം കൂടി ഉണ്ടാകുന്നതുവരെ കാത്തിരിക്കലാണ്. അതിൽ നിന്നും അവൾ ശുദ്ധമായാൽ അവന്ന് വേണമെങ്കിൽ കൂടെ താമസിപ്പിക്കാം. ഇല്ലെങ്കിൽ വിവാഹ മോചനം നടത്താം.

2-ലൈംഗിക ബന്ധത്തിലേർപ്പെട്ട ശുദ്ധികാലത്ത് വിവാഹമോചനം നടത്തരുത്. ഗർഭിണിയാണെന്ന് വ്യക്തമായാലൊഴികെ. ഒരാൾ തൻെറ ഭാര്യയെ വിവാഹമോചനം നടത്താൻ ആഗ്രഹിക്കുന്നു, അവളുടെ ആർത്തവ ശുദ്ധിക്കുശേഷം അയാൾ അവളുമായി ബന്ധപ്പെടുകയും ചെയ്തിരിക്കുന്നു. എന്നാൽ ഒരു ആർത്തവം കഴിഞ്ഞ് ശുദ്ധമായതിനു (കാലം ദീർഘിച്ചാലും) ശേഷമല്ലാതെ അവളെ വിവാഹമോചനം ചെയ്യാൻ പാടില്ല. അവൾ ഗർഭിണിയാണെന്ന് ബോധ്യപ്പെടുകയോ, അല്ലെങ്കിൽ അവളുമായി ബന്ധപ്പെടുന്നതിന്നു മുമ്പോ വിവാഹമോചനം നടത്തേണ്ടതാണ്. അവൾ ഗർഭിണിയാണെങ്കിൽ വിവാഹമോചനം നടത്തുന്നത് തെറ്റില്ല.

ത്വലാഖുമായി ബന്ധപ്പെട്ട കാര്യങ്ങൾ

ത്വലാഖ്, ബന്ധം വേർപ്പെടുത്തലായതു കൊണ്ട് മറ്റുചില കാര്യങ്ങൾകൂടി ബാധകമാണ്.

1-ഭർത്താവ്, ഭാര്യയുമായി ലൈംഗിക ബന്ധത്തിൽ ഏർപ്പെടുകയോ, കൂടെ താമസിക്കുകയോ ചെയ്തിട്ടുണ്ടെങ്കിൽ ഭാര്യ (വിവാഹ മോചനത്തിനു ശേഷം) "ഇദ്ദ" ആചരിക്കണം. അവളുടെ കൂടെ താമസിക്കുകയോ, ഭാര്യാഭർതൃ ബന്ധം ഉണ്ടാകുകയോ ചെയ്യുതിന്ന് മുമ്പാണ് വിവാഹ മോചനം നടന്നതെങ്കിൽ, അവൾ ഇദ്ദ ആചരിക്കേണ്ടതില്ല.

വിവാഹമോചന സമയത്ത് സ്ത്രീ തൻെറ ഭർത്താവിനാൽ ഗർഭിണി ആയിട്ടുണ്ടോ, ഇല്ലയോ എന്ന് ഉറപ്പ് വരുത്തുന്നതിനുള്ള കാലത്തിനാണ് ഇദ്ദ (ദീക്ഷാകാലം) എന്ന് പറയുന്നത്.

ആർത്തവം ഉണ്ടാകുന്ന സ്ത്രീയാണെങ്കിൽ അവളുടെ ഇദ്ദ മൂന്ന് ആർത്തവകാലമാണ്. ആർത്തവം ഉണ്ടാകാത്തവളോ, നിലച്ചു പോയവളോ ആണെങ്കിൽ മൂന്നു മാസമാകുന്നു. ഗർഭിണി പ്രസവിക്കുന്നത് വരെയാണ് ഇദ്ദ. വിവാഹ മോചിതയെ തിരിച്ചെടുക്കാൻ അവസരം നൽകുക, ഗർഭിണിയാണോ എന്ന് ഉറപ്പ് വരുത്തുക എന്നിവയാണ് ഇദ്ദയിൽ അടങ്ങിയിട്ടുള്ള തത്വങ്ങൾ.

2-തിരിച്ചെടുക്കാവുന്ന ത്വലാഖ് രണ്ടു പ്രാവശ്യം: ഒരാൾ തൻെറ ഭാര്യയെ വിവാഹമോചനം നടത്തിയശേഷം ഇദ്ദ: കാലത്ത് തിരിച്ചെടുക്കുന്നു, അല്ലെങ്കിൽ ഇദ്ദക്കുശേഷം പുനർവിവാഹം നടത്തുന്നു. രണ്ടാമതും ഇങ്ങനെ ആവർത്തിക്കുന്നു. മൂന്നാമത്തെ പ്രാവശ്യവും വിവാഹ മോചനം നടത്തിയാൽ പിന്നീട് അയാൾക്ക് അവളെ വിവാഹം ചെയ്യാൻ പാടില്ല. മറ്റൊരു പുരുഷൻ അവളെ നിയമ പ്രകാരം വിവാഹം ചെയ്ത്, അവളുമായി ബന്ധപ്പെട്ട ശേഷം അവളെ വെറുക്കുകയും, വിവാഹ മോചനം നടത്തുകയുമാണെങ്കിലല്ലാതെ.

മൂന്നുപ്രാവശ്യം വിവാഹമോചനം നടത്തിയ പുരുഷന് ആ സ്ത്രീയെ നിഷിദ്ധമാക്കിയിട്ടുള്ളത്, ഭർത്താക്കന്മാരുടെ അക്രമത്തിൽ നിന്നും സ്ത്രീയെ രക്ഷിക്കാനുള്ള, അല്ലാഹുവിൻെറ മഹത്തായ അനുഗ്രഹമാകുന്നു.

ഖുൽഅ്

താൻവെറുക്കുന്ന ഒരു ഭർത്താവിന്ന് നഷ്ടപരിഹാരം നൽകിക്കൊണ്ട് ഒരുഭാര്യ വിവാഹ മോചനം നേടുന്നതിന്നാണ് "ഖുൽഅ്" എന്ന് പറയുന്നത്. എന്നാൽ ഭർത്താവിൻെറ ഭാഗത്തു നിന്നാണ് വെറുപ്പ് ഉണ്ടാകുന്നത്, അയാളാണ് മോചനം ഉദ്ദേശിക്കുന്നതെങ്കൽ, അവളിൽ നിന്ന് നഷ്ടപരിഹാരമായി യാതൊന്നും സ്വീകരിക്കാൻ പാടില്ല. അയാൾ അവളുടെ കൂടെ ക്ഷമിച്ചു കഴിയണം, അല്ലെങ്കിൽ വിവാഹമോചനം (ത്വലാഖ്) ചെയ്യണം.

ഭർത്താവുമായി ഒരുനിലക്കും ക്ഷമിച്ചുപോകാൻ പറ്റാത്തവിധം വിഷമിച്ചാലല്ലാതെ, ഒരു സ്ത്രീ ഖുൽഅ് ആവശ്യപ്പെടാൻ പാടില്ല. ഭാര്യ "ഖുൽഅ്" ആവശ്യപ്പെടാൻ വേണ്ടി ഭർത്താവ് കരുതിക്കൂട്ടി അവളെ ഉപദ്രവിക്കാനും പാടില്ല. ഭാര്യക്കു നൽകിയ മഹ്റിനെക്കാൾ കൂടുതൽ, നഷ്ടപരിഹാരം സ്വീകരിക്കാതിരിക്കലാണ് ഏറ്റവും ഉത്തമം.

വിവാഹത്തിലെ സ്വാതന്ത്ര്യം

സാരമായ ചിലകാരണങ്ങളാൽ, തങ്ങളുടെ വിവാഹബന്ധം തുടരണമോ, അവസാനിപ്പിക്കണമോ എന്ന് തീരുമാനിക്കാനുള്ള സ്വാതന്ത്ര്യം രണ്ടു പേർക്കും ഉണ്ട്.

1-ഭർത്താവ്, ഭാര്യയിൽ -അല്ലെങ്കിൽ മറിച്ച്- രോഗം, ജന്മനായുള്ള വൈകല്യം എന്നിവ കാണുന്നു. വിവാഹ (അന്വേഷണ) സമയത്ത് ഇതൊന്നും വ്യക്തമാക്കിയിരുന്നുമില്ല. ഇത്തരം സന്ദർഭങ്ങളിൽ ഈ ബന്ധം തുടർന്നു പോകുവാനും, അവസാനിപ്പിക്കുവാനും അവർക്ക് സ്വാതന്ത്ര്യമുണ്ട്.

ഉദാ:-ഭാര്യാ-ഭർത്താക്കളിൽ ഒരാൾക്ക് ഭ്രാന്താകുന്നു. അല്ലെങ്കിൽ വിവാഹ ബന്ധത്തോട് നീതി പുലർത്താൻ കഴിയാത്തവിധം രോഗിയാണ്. അപ്പോൾ മറ്റെയാൾക്ക് വിവാഹ ബന്ധം വേർപ്പെടുത്താം. ലൈംഗിക ബന്ധത്തിന്നു മുമ്പാണെങ്കിൽ സ്ത്രീ അവളുടെ മഹ്ർ തിരിച്ചു കൊടുക്കണം. ശേഷമാണെങ്കിൽ മടക്കിക്കൊടുക്കേണ്ടതില്ല. ന്യൂനത മുൻകൂട്ടി അറിയുമായിരുന്നെങ്കിൽ വഞ്ചിച്ചയാൾ, വഞ്ചിക്കപ്പെട്ടയാൾക്ക് നൽകണമെന്നും അഭിപ്രായമുണ്ട്.

2-നിശ്ചിത സമയത്തിനകം മഹ്റ് കൊടുക്കാൻ കഴിയാതെ വന്നാൽ, ലൈംഗികബന്ധം നടക്കുന്നതിന്നുമുമ്പ് ഭാര്യക്ക് ഫസ്ഖ് ചെയ്യാൻ അവകാശമുണ്ട്. ശേഷമാണെങ്കിൽ അവകാശമില്ല.

3-ചെലവിന് കൊടുക്കാൻ സാധിക്കുന്നില്ല. ഭർത്താവിൽ നിന്ന് ചെലവിന്ന് ലഭിക്കാത്ത ഭാര്യക്ക്, അവൾക്ക് സാധ്യമാകുന്നത്ര കാത്തിരിക്കാം. പിന്നീട് ഖാദ്വി മുഖേന അവൾക്ക് ഫസ്ഖ്-മോചനം- നടത്താൻ അവകാശമുണ്ട്.

4-ഭർത്താവ് അപ്രത്യക്ഷനാകുന്നു. അയാളെ കുറിച്ച് യാതൊരു വിവരവുമില്ല. ഭാര്യക്ക് ചെലവിന്ന് യതൊന്നും വിട്ടേച്ചു പോയിട്ടില്ല. വല്ലതും കൊടുക്കാൻ ആരോടെങ്കിലും വസ്വിയ്യത്ത് ചെയ്തിട്ടുമില്ല. അവൾക്ക് ചെലവിന് കൊടുക്കാൻ ആരുമില്ല. ഭർത്താവിൽ നിന്നും പിന്നീട് വസൂലാക്കാം എന്നനിലക്ക്, തനിക്കു വേണ്ടി ചെലവഴിക്കാൻ അവളുടെ പക്കൽ ഒന്നുമില്ല. എങ്കിൽ നിയമ പ്രകാരമുള്ള ഒരു ഖാദ്വി മുഖേന അവൾക്ക് ഫസ്ഖ് നടത്താവുന്നതാണ്.

മിശ്ര വിവാഹം

ഒരു മുസ്ലിം സ്ത്രീക്ക് അമുസ്ലിമിനെ വിവാഹം ചെയ്യാൻ പാടില്ല. ഭർത്താവിനു മുമ്പ്, ഭാര്യ ഇസ്ലാം സ്വീകരിച്ചാൽ, അയാൾ ഇസ്ലാം സ്വീകരിക്കുന്നതിനു മുമ്പ് അവളുമായി ബന്ധപ്പെടാൻ സൗകര്യങ്ങൾ ചെയ്തു കൊടുക്കരുത്.

അമുസ്‌ലിംകളുമായുള്ള വിവാഹത്തിൻെറ ചിലനിയമങ്ങൾ :-

1-ഭാര്യയും ഭർത്താവും ഇസ്‌ലാം മതം സ്വീകരിച്ചാൽ അവരുടെ വിവാഹബന്ധം നിലനിൽക്കും. മതനിയമ (ശരീഅത്) പരമായ തടസ്സങ്ങൾ ഇല്ലെങ്കിൽ. ഉദാ:- അവൾ വിവാഹം നിഷിദ്ധമാക്കപ്പെട്ടവരിൽ പെട്ടവളോ, മറ്റുവല്ല തടസ്സങ്ങളോ ഉള്ളവളാണെങ്കിൽ അവർ ബന്ധം പിരിയണം.

2-ജൂത/കൃസ്തീയ വനിതയുടെ ഭർത്താവ് ഇസ്‌ലാംമതം സ്വീകരിച്ചാൽ അവരുടെ വിവാഹബന്ധം നിലനിൽക്കും.

3-വേദക്കാർ (ജൂത/കൃസ്തീയ) അല്ലാത്ത ഭാര്യാ-ഭർത്താക്കളിൽ ഒരാൾ, ലൈംഗിക ബന്ധത്തിനു മുമ്പ് ഇസ്‌ലാം മതം സ്വീകരിച്ചാൽ വിവാഹം നിഷ്ഫല (ബാത്വിൽ) മാകും.

4-വേദക്കാരനോ, അല്ലാത്തതോ ആയ ഒരമുസ്‌ലിമിൻെറ ഭാര്യ-ലൈംഗിക ബന്ധത്തിന് മുമ്പ്- ഇസ്‌ലാം സ്വീകരിച്ചാൽ വിവാഹ ബന്ധം പിരിഞ്ഞു. കാരണം അമുസ്‌ലിമിന്ന് മുസ്‌ലിമായസ്ത്രീ അനുവദനീയമല്ല.

5-അമുസ്‌ലിമിൻെറ ഭാര്യ, ലൈംഗിക ബന്ധത്തിനു ശേഷം മുസ്‌ലിമായാൽ ഇദ്ദ കഴിയുന്നതു വരെ നിർത്തിവെക്കപ്പെടും. ഇദ്ദ കഴിയുന്നതു വരെ ഭർത്താവ് ഇസ്‌ലാം മതം സ്വീകരിച്ചില്ലെങ്കിൽ വിവാഹ ബന്ധം പിരിയും. അവൾക്ക് ഇഷ്ടപ്പെട്ടവരെ പിന്നീട് വിവാഹം ചെയ്യാം. അവൾക്ക് ഇഷ്ടമാണെങ്കിൽ പഴയ ഭർത്താവിനെ പ്രതീക്ഷിക്കാം. അക്കാലത്ത് അവൾക്ക് അയാളുമായി യാതൊരു ബാദ്ധ്യതയുമില്ല. അയാൾക്ക് തിരിച്ച് യാതൊരു നിയമ നടപടിക്കും അധികാരമില്ല. അദ്ദേഹം ഇസ്‌ലാം മതം സ്വീകരച്ചാൽ അവൾക്ക് അയാളുടെ ഭാര്യയായി തുടരാം. നികാഹ് പുതുക്കേണ്ടതില്ല.

6-ലൈംഗിക ബന്ധത്തിനു മുമ്പ് ഭാര്യ ഇസ്‌ലാമിൽ നിന്ന് പുറത്ത് (മുർതദ്ദ്) ആയാൽ വിവാഹ ബന്ധം പിരിയും. അവൾക്ക് മഹ്‌റിൽ യാതൊന്നും തന്നെയില്ല. ഭർത്താവാണ് പുറത്തായതെങ്കിൽ, വിവാഹ ബന്ധം പിരിയും. മഹ്‌റിൻെറ പകുതി അയാൾക്കുള്ളതാണ്. ഭ്രഷ്ടായ ആൾ ഇസ്‌ലാമിലേക്ക് തിരിച്ചുവന്നാൽ- ത്വലാഖ് നടന്നിട്ടില്ലെങ്കിൽ- അവരുടെ വിവാഹം നിലനിൽക്കും.

വേദക്കാരിയെ കല്യാണം കഴിച്ചാൽ...

അല്ലാഹു മനുഷ്യന് വിവാഹം അനുവദനീയമാക്കിയിട്ടുള്ളത് സ്വഭാവ ശുദ്ധീകരണം, മ്ളേഛതകളിൽ നിന്ന് സമൂഹത്തിൻെറ സംസ്കരണം, ലൈംഗിക സദാചാരം, സമൂഹത്തിന്ന് തികഞ്ഞ ഒരിസ്‌ലാമിക ചുറ്റുപാടിൻെറ സംവിധാനം, അല്ലാഹുവിലും മുഹെമ്മദ് നബി ﷺ യിലും വിശ്വസിക്കുന്ന ഒരു തലമുറയെ വാർത്തെടുക്കുക എന്നീ ലക്ഷ്യങ്ങൾ വച്ചു കൊണ്ടാണ്. സൽസ്വഭാവവും, മാന്യതയും, ആദർശ പ്രതിബദ്ധതയുമുള്ള ഒരു സ്ത്രീയെ വിവാഹം ചെയ്യുന്നതിലൂടെ മാത്രമേ ഈ നേട്ടങ്ങൾ യാഥാർത്ഥ്യമാകുകയുള്ളൂ. ഒരു വേദക്കാരിയെ വിവാഹം കഴിച്ചാൽ ഉണ്ടായേക്കാവുന്ന പ്രതികരണവും, ദോഷഫലങ്ങളും വളരെ ചുരുക്കി പറയാം.

1-കുടുംബത്തിൽ:- ഒരു ചെറിയകുടുംബം, ഭർത്താവ് ഉന്നത വ്യക്തിത്വത്തിൻെറ ഉടമ, അയാൾക്ക് ഭാര്യയിൽ സ്വാധീനം ഉറപ്പിക്കുവാൻ കഴിയുന്നു. അങ്ങനെയാണെങ്കിൽ ഭാര്യ ഇസ്‌ലാം സ്വീകരിക്കും എന്ന് ന്യായമായും വിചാരിക്കാം. ഇതിന് വിപരീതവും സംഭവിക്കാം. ഭാര്യ അവളുടെ മതത്തിൽ തന്നെ ഉറച്ച് നിൽക്കുന്നു. അവളുടെ മതം അനുവദനീയമാക്കിയവ എന്ന് അവൾക്ക് തോന്നുന്ന-മദ്യപാനം, പന്നിമാംസം ഭക്ഷിക്കൽ, രഹസ്യ വേഴ്ചക്കാരെ സ്വീകരിക്കൽ തുടങ്ങിയ- കാര്യങ്ങൾ അവൾ ചെയ്യുന്നു. ഇതു കൊണ്ട് സ്ത്രീയും കുടുംബവും തമ്മിലുള്ള ബന്ധം തകരുകയും, ഛിന്നഭിന്നമായിപ്പോകുകയും ചെയ്യും. മക്കളെ അവൾ അനിസ്‌ലാമിക ആചാരങ്ങളിൽ വളർത്തും. തൻെറ മതത്തിൽ പക്ഷപാതിത്വം പുലർത്തുന്ന, അൽപം പിടിവാശി കാണിക്കുന്ന സ്ത്രീ അവളുടെ മക്കളെ ചർച്ചുകളിൽ കൊണ്ടുപോകാനും, കൃസ്തീയ പ്രാർത്ഥനകൾ കാണിച്ചു കൊടുക്കുവാനും, അതിന് പ്രാധാന്യം നൽകുവാനും മുതിർന്നാൽ പ്രശ്നം കൂടുതൽ സങ്കീർണ്ണമാകും. ചൊട്ടയിലെ ശീലം ചുടലവരെ എന്നാണല്ലോ.

2-സമൂഹത്തിൽ:- മുസ്‌ലിം സമൂഹത്തിൽ വേദക്കാരികളുടെ വർദ്ധന അപകടകരമാണ്. മുസ്‌ലിം സമൂഹത്തിൻെറ തകർച്ചയുടെയും- ഇന്നത്തെപ്പോലെ- കൃസ്ത്യൻ സമൂഹത്തിൻെറ ഭൗതിക വളർച്ചയുടെയും ഘട്ടത്തിലായിരിക്കും അത് വ്യക്തമാകുക. അത്തരം സന്ദർഭങ്ങളിൽ അവർ മുസ്‌ലിം സമൂഹത്തിനകത്ത് മസ്തിഷ്ക പ്രക്ഷാളനത്തിൻെറ വക്താക്കളായിരിക്കും. അതിനെ തുടർന്നുള്ള ശൈഥില്യത്തിൻെറയും, സാംസ്കാരിക സങ്കലനത്തിൻെറയും, അർദ്ധ നഗ്നരായി സ്ത്രീയും, പുരുഷനും ഇടകലരുക പോലെയുള്ള ഇസ്‌ലാമികാദ്ധ്യാപനങ്ങൾക്ക് തികച്ചും വിരുദ്ധമായ, കൃസ്തീയാചാരങ്ങളുടെ പ്രചാരകരും പ്രയോക്താക്കളും അവരായിരിക്കും.

كتاب المرأة المسلمة

മുസ്‌ലിം വനിത

സ്ത്രീ ഇസ്‌ലാമിൽ

ഇസ്‌ലാമിൽ സ്ത്രീക്കുള്ള അവകാശങ്ങളെ കുറിച്ച് പറയുന്നതിനു മുമ്പ്, മറ്റു സമുദായങ്ങളിൽ സ്ത്രീക്കുള്ള പദവികളെയും, അവർക്ക് സ്ത്രീകളോടുള്ള പെരുമാറ്റത്തെയും കുറിച്ച് അൽപം ചിലത് പറയേണ്ടിയിരിക്കുന്നു.

ഗ്രീക്കുകാർ: സ്ത്രീകളെ വില്പനച്ചരക്ക് ആക്കിയിരുന്നു. പുരുഷനല്ലാതെ (സ്ത്രീക്ക്) യാതൊരു അവകാശവും ഉണ്ടായിരുന്നില്ല. അവൾ അനന്തരാവകാശവും സാമ്പത്തിക സ്വാതന്ത്ര്യവും നിഷേധിക്കപ്പെട്ടവളായിരുന്നു. പ്രശസ്ത ഗ്രീക്ക് തത്വചിന്തകൻ സോക്രട്ടീസിൻെറ വാക്ക് ശ്രദ്ധിക്കൂ: ലോകത്തിൻെറ തകർച്ചയുടെ തുടക്കവും, കാരണവും സ്ത്രീയാണ്. പക്ഷികൾ ഭുജിച്ചാൽ തൽക്ഷണം ചത്തുപോകുന്ന, ബാഹ്യഭംഗിയുള്ള ഒരു വിഷച്ചെടിയാണവൾ.

റോമക്കാർ: സ്ത്രീക്ക് ആത്മാവില്ലെന്ന് വിശ്വസിച്ചിരുന്നു. അവർ സ്ത്രീക്ക് ഒരുസ്ഥാനവും കൽപിച്ചിരുന്നില്ല. ഒരവകാശവും അവൾക്ക് അനുവദിച്ചു കൊടുത്തിരുന്നില്ല. "സ്ത്രീക്ക് ആത്മാവില്ല" എന്നായിരുന്നു അവരുടെ മുദ്രാവാക്യം തന്നെ. അക്കാരണത്താൽ തന്നെ സ്ത്രീകളുടെ ശരീരത്തിൽ തിളപ്പിച്ച എണ്ണയൊഴിച്ചും, തൂണുകളിൽ കെട്ടിയിട്ടും ശിക്ഷിക്കപ്പെട്ടിരുന്നു. ചിലപ്പോൾ നിരപരാധികളായ സ്ത്രീകളെപ്പോലും കുതിരയുടെ വാലിൽകെട്ടി, അതിവേഗത്തിൽ കുതിരയെ ഓടിച്ചു അവളെ കൊല്ലുമായിരുന്നു.

ഹിന്ദുമതത്തിൽ: സ്ത്രീയുടെ അവസ്ഥ ഇതിനെക്കാൾ ശോചനീയമായിരുന്നു. അവളുടെ ഭർത്താവിൻെറ ചിതയിൽ ചാടി സതി അനുഷ്ഠിക്കാൻ വിധിക്കപ്പെട്ടവളായിരുന്നു.

ചൈനക്കാർ: സ്ത്രീയെ സങ്കൽപിച്ചിരുന്നത് സമ്പത്തും, സൗഭാഗ്യവും നക്കിത്തുടച്ചു കളയുന്ന "വേദനാജലം" ആയിട്ടാണ്. ഭാര്യയെ വിൽക്കാനും, ജീവനോടെ കുഴിച്ചു മൂടുവാനും ഭർത്താവിന് സ്വാതന്ത്ര്യമുണ്ടായിരുന്നു.

ജൂതന്മാർക്ക്: സ്ത്രീ ഒരുശാപമായിരുന്നു. സ്വർഗ്ഗത്തിലെ മരത്തിൽ നിന്നും പഴം പറിച്ചു തിന്നാൻ ആദമിനെ പ്രേരിപ്പിച്ച്, വഴിപിഴപ്പിച്ചതും സ്ത്രീയായിരുന്നത്രെ. സ്ത്രീ ആർത്തവകാരിയായാൽ അവൾ തന്നെ അശുദ്ധമാണ്. വീടും, സ്പർശിക്കുന്ന എല്ലാ വസ്തുക്കളും അശുദ്ധമാകും എന്നവർ വിശ്വസിച്ചു. സ്ത്രീക്ക് സഹോദരന്മാർ ഉണ്ടെങ്കിൽ അവൾക്ക് പിതാവിൻെറ അനന്തര സ്വത്ത് ലഭിച്ചിരുന്നില്ല.

ക്രൈസ്തവർ: സ്ത്രീ പിശാചിൻെറ വാതിലാണെന്ന് പറഞ്ഞിരുന്നു. സ്ത്രീ മനുഷ്യ ജാതിയിൽ തന്നെ പെട്ടവളല്ലെന്നാണ് ഒരു ക്രൈസ്തീയ പണ്ഢിതൻെറ അഭിപ്രായം. സെൻറ് ബിനാവെൻറൂറ (St: Buena Venture) എന്ന പാതിരി പറഞ്ഞു: ഒരുസ്ത്രീയെ കണ്ടാൽ ഒരു മനുഷ്യ ജീവിയെയോ, മൃഗത്തെയോ ആണ് നിങ്ങൾ നോക്കുന്നതെന്ന് വിചാരിക്കരുത്. മറിച്ച് യഥാർത്ഥ പിശാചിനെയാണ് നിങ്ങൾ കാണുന്നത്. നിങ്ങൾ കേൾക്കുന്ന ശബ്ദം സർപ്പത്തിൻെറ സീൽക്കാരമാണ്. കഴിഞ്ഞ (പത്തൊമ്പതാം) നൂറ്റാണ്ടിൻെറ ഉത്തരാർദ്ധം വരെ, ഇംഗ്ളീഷ് നിയമ പ്രകാരം സ്ത്രീകൾ കനേഷുമാരിയിൽ (ജനസംഖ്യാ കണക്കെടുപ്പ്) ഉൾപ്പെട്ടിരുന്നില്ല. സ്ത്രീക്ക് വ്യക്തിപരമായ യാതൊരവകാശവും അവിടെ ഉണ്ടായിരുന്നില്ല. യാതൊന്നിൻെറയും ഉടമസ്ഥാവകാശം -അവൾ ധരിച്ച വസ്ത്രത്തിൻേറത് പോലും- അവൾക്ക് ഉണ്ടായിരുന്നില്ല.

സ്ത്രീക്ക് യാതൊരു അധികാരവും നൽകാൻ പാടില്ലെന്ന് 1567 ൽ സ്കോട്ട്ലാൻറ് പാർലമെൻറ്, ഒരു നിയമം കൊണ്ടു വരികയുണ്ടായി. ഹെൻട്രി എട്ടാമൻ ചക്രവർത്തിയുടെ കാലത്ത് ഇംഗ്ളീഷ് പാർലമെൻറ്, സ്ത്രീ അശുദ്ധമായതിനാൽ അവൾ ബൈബിൾ വായിക്കുന്നത് നിഷിദ്ധമാക്കിയിരുന്നു.

സ്ത്രീ മനുഷ്യനാണോ, അല്ലയോ എന്നു ചർച്ചചെയ്യാനായി കൃസ്തബ്ദം 586ൽ ഫ്രാൻസിൽ ഒരു സമ്മേളനം തന്നെ സംഘടിപ്പിച്ചിരുന്നു! "സ്ത്രീ മനുഷ്യൻ തന്നെയാകുന്നു, പക്ഷെ അവൾ ഒരുപുരുഷൻെറ ദാസിയായിട്ടാണ് സൃഷ്ടിക്കപ്പെട്ടിട്ടുള്ളത്" എന്നായിരുന്നു പ്രസ്തുത സമ്മേളനത്തിൻെറ അന്തിമ തീരുമാനം.

എ-ഡി-1805 വരെ "ഇംഗ്ളീഷ്നിയമം" ഭാര്യയെ വിൽക്കാൻ പുരുഷന് അനുവാദം നൽകിയിരുന്നു. ഒരുഭാര്യക്ക് ആറു പെൻസ് (അരഷില്ലിംഗ്) തറവില നിശ്ചയിച്ചിരുന്നു.

ഇസ്ലാമിനു മുമ്പുള്ള അറബികളിൽ, സ്ത്രീ അവകാശം നിഷേധിക്കപ്പെട്ടവളും, അവഗണിക്കപ്പെട്ടവളും, നീചയുമായിരുന്നു. മാത്രവുമല്ല അവരിൽ ചിലർ പെൺമക്കളെ ജീവനോടെ കുഴിച്ചുമൂടിയിരുന്നു.

ഇസ്ലാം വന്നത് സ്ത്രീയിൽ നിന്നും അസമത്വവും അനീതിയും നീക്കം ചെയ്യാനും, സ്ത്രീയും പുരുഷനും സമമാണെന്നും, പുരുഷനുള്ളതു പോലെ തന്നെ അവകാശങ്ങൾ സ്ത്രീക്കും ഉണ്ടെന്നും പ്രഖ്യാപിക്കുവാനുമായിരുന്നു. അല്ലാഹു പറയുന്നു:

﴿ يَا أَيُّهَا النَّاسُ إِنَّا خَلَقْنَاكُمْ مِنْ ذَكَرٍ وَأُنْثَى وَجَعَلْنَاكُمْ شُعُوبًا وَقَبَائِلَ لِتَعَارَفُوا، إِنَّ أَكْرَمَكُمْ عِنْدَ اللَّهِ أَتْقَاكُمْ ﴾ الحجرات:١٣

ഹേ, മനുഷ്യരേ,തീർച്ചയായും നിങ്ങളെ നാം ഒരാണിൽ നിന്നും ഒരുപെണ്ണിൽ നിന്നുമായി സൃഷ്ടിച്ചിരിക്കുന്നു. നിങ്ങൾ അന്യോന്യം അറിയേണ്ടതിന് നിങ്ങളെ നാം വിവിധ സമുദായങ്ങളും ഗോത്രങ്ങളും ആക്കുകയും ചെയ്തിരിക്കുന്നു. തീർച്ചയായും അല്ലാഹുവിൻെറ അടുക്കൽ, നിങ്ങളിൽ ഏറ്റവും ആദരണീയൻ നിങ്ങളിൽ ഏറ്റവും ധർമ്മനിഷ്ഠ പാലിക്കുന്നവനാകുന്നു. തീർച്ചയായും അല്ലാഹു സർവജ്ഞനും സൂക്ഷ്മജ്ഞാനിയുമാകുന്നു. (49-13)

﴿ وَمَنْ يَعْمَلْ مِنَ الصَّالِحَاتِ مِنْ ذَكَرٍ أَوْ أُنْثَى وَهُوَ مُؤْمِنٌ فَأُولَئِكَ يَدْخُلُونَ الْجَنَّةَ وَلاَيُظْلَمُونَ نَقِيرًا ﴾ (النساء:١٢٤)

ആണാകട്ടെ, പെണ്ണാകട്ടെ, ആർ സത്യവിശ്വാസിയായിക്കൊണ്ട് സൽപ്രവൃത്തികൾ ചെയ്യുന്നുവോ, അവർ സ്വർഗ്ഗത്തിൽ പ്രവേശിക്കുന്നതാണ്. അവരോട് ഒരു തരിമ്പും അനീതി കാണിക്കപ്പെടുന്നതല്ല. (അന്നിസാഅ്-124)

﴿ وَوَصَّيْنَا الإِنْسَانَ بِوَالِدَيْهِ إِحْسَانًا... ﴾ العنكبوت:٨

മനുഷ്യനോട് അവൻെറ മാതാപിതാക്കളുടെ കാര്യത്തിൽ നന്മചെയ്യുവാൻ നാം അനുശാസിച്ചിരിക്കുന്നു. (അൻകബൂത്-8)

നബി ﷺ പറഞ്ഞു:

(أكمل المؤمنين إيمانا أحسنهم أخلاقا، وخياركم خياركم لنسائكم)

സത്യവിശ്വാസികളിൽ ഈമാൻ (വിശ്വാസം) സമ്പൂർണമായവർ, സൽസ്വഭാവികളാകുന്നു. നിങ്ങളിൽ ഉൽകൃഷ്ഠർ ഭാര്യമാരോട് നല്ല നിലക്ക് വർത്തിക്കുന്നവരാകുന്നു.

وسأل رجل النبيّ ﷺ، فقال: ((من أحق الناس بحسن صحابتي؟ قال: أمك، قال ثم من؟ قال: أمك، قال ثم من؟ قال: أمك، قال ثم من؟ قال: أبوك)

അബൂഹുറയ്റ ﷺ യിൽ നിന്നു നിവേദനം, ഒരാൾ നബിയുടെ അടുക്കൽ വന്നിട്ട് ചോദിച്ചു; **നബിയേ, എൻെറ നല്ല സഹവാസത്തിന് ജനങ്ങളിൽ ഏറ്റവും അവകാശപ്പെട്ടവൻ ആരാകുന്നു? നബി: നിൻെറ മാതാവ്.**

ആഗതൻ: പിന്നെയാരാണ്? നബി: നിൻെറ മാതാവ്.
ആഗതൻ: പിന്നെയാരാണ്? നബി: നിൻെറ മാതാവ്.
ആഗതൻ: പിന്നെയാരാണ്? നബി: നിൻെറ പിതാവ്.

സ്ത്രീകളെകുറിച്ചുള്ള ഇസ്ലാമിക വീക്ഷണത്തിൻെറ രത്നചുരുക്കം മാത്രമാണിത്.

സ്ത്രീയുടെ അവകാശങ്ങൾ

സ്ത്രീക്ക് ഇസ്ലാം പൊതുവായ ചിലഅവകാശങ്ങൾ നൽകിയിട്ടുണ്ട്. അവൾ അത് അറിഞ്ഞിരിക്കേണ്ടതാണ്. ഈ അവകാശങ്ങൾ പൂർണമായി, യഥേഷ്ടം പ്രയോജനപ്പെടുത്താൻ സമൂഹം അവൾക്ക് അനുവാദവും അംഗീകാരവും നൽകേണ്ടതാണ്.

1-ഉടമസ്ഥാവകാശം:

സ്ത്രീക്ക് വീട്, കൃഷിസ്ഥലം, ഫാക്ടറികൾ, തോട്ടം, സ്വർണ്ണം, വെള്ളി, നാൽകാലികൾ തുടങ്ങിയവ സമ്പാദിക്കാനും, ഉടമസ്ഥയാകാനും അവകാശമുണ്ട്. അവൾ ഭാര്യയോ, മാതാവോ, മകളോ, സഹോദരിയോ ആകട്ടെ.

2-വൈവാഹികം:

വിവാഹം, ഭർത്താവിനെ തെരഞ്ഞെടുക്കൽ, അതിൽ എതിരഭിപ്രായം പ്രകടിപ്പിക്കൽ, നിർബന്ധഘട്ടങ്ങളിൽ ബന്ധം വേർപ്പെടുത്തൽ എന്നിവയിലുള്ള സ്വാതന്ത്ര്യം സ്ത്രീയുടെ അവകാശമാകുന്നു.

3-വിദ്യാഭ്യാസം:

ദൈവത്തെ അറിയൽ, ആരാധനാകർമ്മങ്ങൾ നിർവഹിക്കാൻ പഠിക്കൽ, തൻെറ കടമകളെ കുറിച്ച് ബോധവതിയാകൽ, അവളെ സമൂഹത്തിലെ മര്യാദയും, സൽസ്വഭാവവുമുള്ള ഒരുവളാക്കി തീർക്കുന്ന എല്ലാകാര്യങ്ങളും അറിയുവാനും പഠിക്കുവാനും സ്ത്രീക്ക് അവകാശമുണ്ട്. അല്ലാഹു പറയുന്നു:

﴿ فَاعْلَمْ أَنَّهُ لاَ إِلَهَ إِلاَّ اللَّهُ ﴾ محمد:١٩

ആയതിനാൽ അല്ലാഹുവല്ലാതെ യാതൊരു ദൈവവുമില്ലെന്ന് നീഅറിയുക(മുഹമ്മദ്-19).
നബി ﷺ പറഞ്ഞു:

(طلب العلم فريضة على كل مسلم ومسلمة) ابن ماجه

വിജ്ഞാന സമ്പാദനം എല്ലാ മുസ്ലിം സ്ത്രീക്കും പുരുഷനും നിർബന്ധമാകുന്നു. [ഇബ്നുമാജഃ]

4-സമ്പത്ത് ചെലവഴിക്കൽ:

അവളുടെസമ്പത്ത് അവൾക്ക് ഇഷ്ടപ്പെട്ടവർക്ക് ദാനം ചെയ്യുവാനും അവൾക്കു വേണ്ടിയോ, ഭർത്താവ്, മക്കൾ, മാതാപിതാക്കൾ, ഇവർക്കെല്ലാം വേണ്ടിയോ-അമിതമാകാതെ- ചെലവഴിക്കാനുള്ള അവകാശം പുരുഷനെപ്പോലെ തന്നെ അവൾക്കുമുണ്ട്.

5-സ്നേഹം,ക്രോധം:

നല്ലവരായ സ്ത്രീകളെ സ്നേഹിക്കുക, അവരെ സന്ദർശിക്കുക, അവർക്ക് ഉപഹാരങ്ങൾ നൽകുക, അവരുമായി കത്തിടപാടുകൾ നടത്തുക, അവരുടെ ക്ഷേമാന്വേഷണം നടത്തുക, അവരുടെ ദുഃഖങ്ങളിൽ പങ്കാളിയാവുക, ദുർവൃത്തകളെ വെറുക്കുക, അവരോട് ദേഷ്യം ഉള്ളവളാകുക, അല്ലാഹുവിൻെറ മാർഗ്ഗത്തിൽ അവരെ വെറുക്കുക തുടങ്ങിയവയിലും സ്ത്രീ സ്വന്തമായ അവകാശമുള്ളവളാണ്.

6-ഇഷ്ടദാനം:

തൻെറ സമ്പത്തിൽനിന്ന് താൻ ജീവിച്ചിരിക്കെ മൂന്നിലൊന്ന് ഇഷ്ടദാനം (വസ്വിയ്യത്) ചെയ്യാൻ അവൾക്ക് അവകാശമുണ്ട്. അവളുടെ മരണാനന്തരം അത് നിർവിഘ്നം നടപ്പാക്കപ്പെടേണ്ടതുമാണ്. ഇഷ്ടദാനം തീർത്തും വ്യക്തിപരമായ അവകാശമാണ്. അത് പുരുഷനെപ്പോലെ സ്ത്രീക്കും ബാധകമാകുന്നു. അല്ലാഹുവിൻെറ പ്രതിഫലം എല്ലാവർക്കും അർഹമായതാണ്. പുരുഷനെപ്പോലെ തന്നെ ഇഷ്ടദാനം മൂന്നിലൊന്നിൽ കവിയാൻ പാടില്ല.

7-വേഷം:

അവൾക്കിഷ്ടപ്പെട്ട സ്വർണ്ണവും പട്ടും അവൾക്ക് ധരിക്കാം. പുരുഷന് ഇവ രണ്ടും നിഷിദ്ധങ്ങളാണ്. എന്നു പറഞ്ഞാൽ ശരീരത്തിൻെറ പകുതിയോ, കാൽഭാഗമോ വെളിവാക്കി വിവസ്ത്രയായി നടക്കാമെന്നല്ല. അവളുടെ ശിരസും, മാറും ഭർത്താവിൻെറ മുന്നിലല്ലാതെ വെളിവാക്കാൻ പാടുള്ളതല്ല.

8-അലങ്കാരം:

ഭർത്താവിനു വേണ്ടി അലങ്കാരങ്ങൾ സ്വീകരിക്കാം, സുറുമയിടാം, ചെഞ്ചായം പൂശാം, ചുണ്ടുകളിൽ (വേണമെങ്കിൽ) വർണ്ണം തേക്കാം, മോടിയുള്ള വസ്ത്രങ്ങൾ ധരിക്കാം. അഭിസാരികകളുടേതോ, അന്യമതസ്ഥരുടെ മതചിഹ്നമോ ആയ അലങ്കാരങ്ങൾ സ്വീകരിക്കരുതെന്ന് മാത്രം. തെറ്റിദ്ധാരണയുടെയും അനാവശ്യത്തിൻെറയും പഴുതുകൾ അടയാൻ വേണ്ടിയാണിത്.

9-ഭക്ഷണം:

ശുദ്ധവും, രുചിയുള്ളതുമായ എല്ലാഭക്ഷണ പാനീയങ്ങളും പുരുഷനെപ്പോലെ അവൾക്കും ഉപയോഗിക്കാം. വിധിവിലക്കുകളിൽ സ്ത്രീയും പുരുഷനും സമമാണ്. അല്ലാഹു പറയുന്നു:

﴿ وَكُلُوا وَاشْرَبُوا وَلاَ تُسْرِفُوا إِنَّهُ لاَ يُحِبُّ الْمُسْرِفِينَ ﴾ الأعراف:٣١

നിങ്ങൾ തിന്നുകയും കുടിക്കുകയും ചെയ്യുക. ദുർവ്യയം ചെയ്യരുത്. ദുർവ്യയംചെയ്യുന്നവരെ അല്ലാഹു ഇഷ്ടപ്പെടുകയില്ല. (അഅ്റാഫ്-31)

ആയത്തിൻെറ സംബോധന സ്ത്രീയോടും പുരുഷനോടും മൊത്തത്തിലാകുന്നു.

ഭാര്യയുടെ അവകാശങ്ങൾ

ഭർത്താവിൽനിന്നും ഭാര്യക്കു ലഭിക്കേണ്ട ആവശ്യങ്ങൾ ഒരു സ്ത്രീയുടെ പ്രത്യേക അവകാശങ്ങളിൽ പെട്ടതാകുന്നു. അവൾക്ക് ഭർത്താവിനോടുള്ള കടമകൾക്ക് പകരമാണവ.

അവൾ ഭർത്താവിൻെറ കൽപനകൾ (അല്ലാഹുവിന്നും റസൂലിന്നും വിരുദ്ധമല്ലാത്തപ്പോൾ) അനുസരിക്കണം. ഭർത്താവിന് ഭക്ഷണം ഒരുക്കണം, കിടപ്പറ ശരിയാക്കണം, കുട്ടികൾക്ക് മുലകൊടുക്കണം അവരെ വളർത്തണം, അദ്ദേഹത്തിൻെറ സ്വത്തും അഭിമാനവും സംരക്ഷിക്കണം. അവളുടെ ചാരിത്ര്യം അവൾ സംരക്ഷിക്കണം. ഭർത്താവിനു വേണ്ടി അനുവദനീയമായ അലങ്കാരങ്ങൾ സ്വീകരിക്കണം. ചില കടമകൾ മൊത്തത്തിൽ സൂചിപ്പിച്ചു എന്നതേയുള്ളു. അല്ലാഹു പറയുന്നു:

﴿ وَلَهُنَّ مِثْلُ الَّذِي عَلَيْهِنَّ بِالْمَعْرُوفِ ﴾ (البقرة:٢٢٨)

സ്ത്രീകൾക്ക് (ഭർത്താക്കന്മാരോട്) ബാദ്ധ്യതകൾ ഉള്ളതു പോലെ തന്നെ, ന്യായപ്രകാരം അവർക്ക് അവകാശങ്ങൾ കിട്ടേണ്ടതുമുണ്ട്. (അൽബഖറ-228)

ഇവയെല്ലാം സത്യവിശ്വാസിനികൾ അറിഞ്ഞിരിക്കേണ്ടതാണ്. ഭയമോ, കൂസലോ ഇല്ലാതെ ഇവ ചോദിക്കേണ്ടതുമാണ്. ഒരു ഭർത്താവ് തൻെറ ഭാര്യക്ക് ഇതെല്ലാം പൂർണ്ണമായും അംഗീകരിച്ചു കൊടുത്തിരിക്കണം. അതിൽ വിട്ടുവീഴ്ചക്കുള്ള അധികാരം അവൾക്കുള്ളതാകുന്നു.

1-ചെലവ്:

ഭർത്താവ് സമ്പന്നനോ, ദരിദ്രനോ ആകട്ടെ, വസ്ത്രം, ഭക്ഷണം, ഔഷധം, താമസം എന്നിവക്കുള്ള ചെലവ് നിർബന്ധമായും നൽകണം.

2-സംരക്ഷണം:

അവളുടെ ശരീരവും സമ്പത്തും ധർമ്മനിഷ്ഠയും അഭിമാനവും അവൻ സംരക്ഷിക്കണം. കാരണം, പുരുഷനാണ് അവളുടെ നിയന്ത്രണാധികാരം ഉള്ളത്. ഒരു വസ്തുവിൻെറ നിയന്ത്രണാധികാരമെന്നാൽ, സംരക്ഷണവും, പരിരക്ഷയും മുഖ്യഘടകം തന്നെയാണ്.

3-വിദ്യാഭ്യാസം:

മതപരമായ അത്യാവശ്യ കാര്യങ്ങൾ അവളെ അവൻ പഠിപ്പിക്കണം. അവൻ അതിന്നു സാധിക്കാത്തവനാണെങ്കിൽ പള്ളികളിലും മറ്റു സ്ഥാപനങ്ങളിലും സ്ത്രീകൾക്കായുള്ള വൈജ്ഞാനിക സദസ്സുകളിൽ പങ്കെടുക്കാൻ അവൾക്ക് അനുവാദം കൊടുക്കണം. തൽഫലമായി തനിക്കോ, അവൾക്കോ വല്ലനാശവും സംഭവിക്കുമെന്ന് ഭയപ്പെടാതിരിക്കുമ്പോൾ.

4-സഹവർത്തിത്വം:

അവളുമായി നല്ലനിലക്ക് സഹവർത്തിക്കണം. അല്ലാഹു പറഞ്ഞു:

﴿ وَعَاشِرُوهُنَّ بِالْمَعْرُوفِ ﴾ (النساء:١٩)

അവരോട് നിങ്ങൾ നല്ലനിലക്ക് സഹവർത്തിക്കേണ്ടതുമാണ്. (നിസാഅ്-19)

ലൈംഗിക വേഴ്ചയിൽ അവളെ സംതൃപ്തയാക്കൽ, സഹവർത്തിത്വത്തിൻെറ പ്രധാന ഭാഗമാണ്. അവളെ ചീത്തപറയരുത്, തെറിവിളിക്കരുത്, നിന്ദിക്കരുത്, അവഹേളിക്കരുത്. മറ്റു വിഷമങ്ങൾ ഭയപ്പെടുന്നില്ലെങ്കിൽ അവളുടെ ബന്ധുക്കളെ സന്ദർശിക്കുന്നതിൽ നിന്ന് അവളെ തടയരുത്.

അവൾക്ക് കഴിയാത്ത ജോലികൾ അവളെ ഏൽപിക്കരുത്. അവളോട് നല്ല വാക്കും പെരുമാറ്റ വും മാത്രമേ ഉണ്ടാകാവൂ.
നബി ﷺ പറയുന്നു:

(خيركم خيركم لأهله، وأنا خيركم لأهلي.)

നിങ്ങളിൽ ഏറ്റവും ഉൽകൃഷ്ഠൻ, തന്റെ വീട്ടുകാരിയോട് നന്നായി വർത്തിക്കുന്നവനാണ്. ഞാൻ എന്റെ വീട്ടുകാരിയോട് നല്ല നിലക്ക് പെരുമാറുന്നവനാകുന്നു. (ഹദീസ്).

(ما أكرم النساء إلاّ كريم، وما أهانهن إلاّ لئيم)

മാന്യന്മാരല്ലാതെ സ്ത്രീയെ ആദരിക്കുകയില്ല. നീചനല്ലാതെ അവളെ നിന്ദിക്കുകയുമില്ല. (ഹദീസ്)

പർദ്ദ

കുടുംബത്തിന്റെ ഭദ്രതയും കെട്ടുറപ്പും ഇസ്‌ലാം ഉറപ്പു വരുത്തുന്നു. സാംസ്കാരിക-സാമൂഹ്യ മര്യാദകളുടെ ശക്തമായ കോട്ടകളാൽ സംരക്ഷണം ഏർപ്പെടുത്തുകയും ചെയ്തിരിക്കുന്നു. മൃഗീയതകളും തോന്നിവാസങ്ങളും കളങ്കം ചാർത്താത്ത ഒരു സംശുദ്ധ വ്യക്തിയും സമൂഹവും നിലനൽക്കാൻ വേണ്ടി, നാശഹേതുകങ്ങളായ കാര്യങ്ങൾ വന്നുഭവിക്കാതെ മറയിട്ടു നിർത്തിയിരിക്കുന്നു. സ്ത്രീയും പുരുഷനും തങ്ങളുടെ ദൃഷ്ടികൾ താഴ്ത്താൻ കൽപിച്ചിരിക്കുന്നു.

ദൈവം സ്ത്രീക്ക് പർദ്ദ നിയമമാക്കിയത് അവളെ ആദരിക്കാനും, അവളുടെ അഭിമാനം ക്ഷതമേൽക്കാതെ സംരക്ഷിക്കപ്പെടാനുമാണ്. നീചരുടെയും നാശകാരികളുടെയും ഹസ്തങ്ങളിൽ നിന്ന് അവളെ അകറ്റുവാനുമാണ്. മാന്യതക്ക് വിലകൽപിക്കാത്തവരിൽ നിന്നു സംരക്ഷണമായും വിഷം പുരട്ടിയ ദൃഷ്ടികൾ കാരണമായുണ്ടാകുന്ന നാശത്തിന്റെ കവാടങ്ങൾ അടക്കുവാനും സ്ത്രീയുടെ അഭിമാനം മൂല്യങ്ങൾ കൊണ്ട് സംരക്ഷിക്കപ്പെടുവാനും വേണ്ടി കൂടിയാണത്.

സ്ത്രീ അവളുടെ മുഖവും മുൻകയ്യും ഒഴികെയുള്ള മുഴുവൻ ശരീര ഭാഗവും നിർബന്ധമായി മറച്ചിരിക്കണമെന്ന് മുസ്‌ലിം ലോകം ഏകോപിച്ച് അഭിപ്രായപ്പെട്ട കാര്യമാകുന്നു. അവളുടെ സൗന്ദര്യങ്ങളും ആകർഷണീയ ഭാഗങ്ങളും അന്യർക്കു മുന്നിൽ പ്രദർശിപ്പിച്ചു കൂടാത്തതാണ്. മുഖവും കൈപ്പടവും കൂടി മറക്കണമെന്ന കാര്യത്തിൽ അഭിപ്രായ ഭിന്നത നിലനിൽക്കുന്നുണ്ട്. ഓരോരുത്തർക്കും അവരവരുടെ തെളിവുകളും ന്യായങ്ങളുമുണ്ട്. പർദ്ദ നിർബന്ധമാണെന്നതിന് ധാരാളം തെളിവുകളുണ്ട്.

ഈ തെളിവുകളുടെ ഓരോ വശങ്ങൾ തന്നെയാണ് ഓരോ വിഭാഗത്തിന്റെയും വാദമുഖത്തിനു ആധാരം. അടിസ്ഥാനപരമായ ഭിന്നതകൾ ഇല്ലാതെയാണ് ഓരോരുത്തരും അവരുടെ നിർദ്ദേശങ്ങൾ സമർപ്പിക്കുന്നതും. അല്ലാഹു പറയുന്നു:

﴿... وَإِذَا سَأَلْتُمُوهُنَّ مَتَاعًا فَاسْأَلُوهُنَّ مِن وَرَاءِ حِجَابٍ ذَٰلِكُمْ أَطْهَرُ لِقُلُوبِكُمْ وَقُلُوبِهِنَّ...﴾(الأحزاب:٥٣)

നിങ്ങൾ അവരോട് (നബിയുടെ ഭാര്യമാരോട്) വല്ലസാധനവും ചോദിക്കുകയാണെങ്കിൽ നിങ്ങൾ അവരോട് മറയുടെ പിന്നിൽ നിന്ന് ചോദിക്കുക. അതാണ് നിങ്ങളുടെ ഹൃദയങ്ങൾക്കും അവരുടെ ഹൃദയങ്ങൾക്കും കൂടുതൽ സംശുദ്ധമായിട്ടുള്ളത്. [വി.ഖു.33:53]

﴿يَا أَيُّهَا النَّبِيُّ قُلْ لِأَزْوَاجِكَ وَبَنَاتِكَ وَنِسَاءِ الْمُؤْمِنِينَ يُدْنِينَ عَلَيْهِنَّ مِنْ جَلَابِيبِهِنَّ ذَٰلِكَ أَدْنَىٰ أَنْ يُعْرَفْنَ فَلَا يُؤْذَيْنَ وَكَانَ اللَّهُ غَفُورًا رَحِيمًا ﴾ (الأحزاب:٥٩)

നബിയേ, നിന്റെ പത്നിമാരോടും പുത്രിമാരോടും സത്യവിശ്വാസികളുടെ സ്ത്രീകളോടും അവർ തങ്ങളുടെ മൂടുപടങ്ങൾ തങ്ങളുടെ മേൽ താഴ്ത്തിയിടുവാൻ പറയുക. അവർ തിരിച്ചറിയപ്പെടുവാനും അങ്ങനെയവർ ശല്യം ചെയ്യപ്പെടാതിരിക്കുവാനും അതാണ് ഏറ്റവും അനുയോജ്യമായത്. അല്ലാഹു ഏറ്റവും പൊറുക്കുന്നവനും കരുണാനിധിയുമാകുന്നു. [വി.ഖു. 33:59]

﴿ قُلْ لِلْمُؤْمِنَاتِ يَغْضُضْنَ مِنْ أَبْصَارِهِنَّ وَيَحْفَظْنَ فُرُوجَهُنَّ وَلَا يُبْدِينَ زِينَتَهُنَّ إِلَّا مَا ظَهَرَ مِنْهَا وَلْيَضْرِبْنَ بِخُمُرِهِنَّ عَلَىٰ جُيُوبِهِنَّ وَلَا يُبْدِينَ زِينَتَهُنَّ إِلَّا لِبُعُولَتِهِنَّ أَوْ آبَائِهِنَّ أَوْ آبَاءِ بُعُولَتِهِنَّ أَوْ أَبْنَائِهِنَّ أَوْ أَبْنَاءِ بُعُولَتِهِنَّ أَوْ إِخْوَانِهِنَّ أَوْ بَنِي إِخْوَانِهِنَّ أَوْ بَنِي أَخَوَاتِهِنَّ أَوْ نِسَائِهِنَّ أَوْ مَا مَلَكَتْ أَيْمَانُهُنَّ أَوِ التَّابِعِينَ غَيْرِ أُولِي الْإِرْبَةِ مِنَ الرِّجَالِ أَوِ الطِّفْلِ الَّذِينَ لَمْ يَظْهَرُوا عَلَىٰ عَوْرَاتِ النِّسَاءِ ... ﴾ (النور:٣١)

സത്യവിശ്വാസിനികളോട് അവരുടെ ദൃഷ്ടികൾ താഴ്ത്തുവാനും അവരുടെ ഗുഹ്യാവയവങ്ങൾ കാത്തുസൂക്ഷിക്കുവാനും, ഭംഗിയിൽ നിന്ന് പ്രത്യക്ഷമായതൊഴിച്ച് മറ്റൊന്നും വെളിപ്പെടുത്താതിരിക്കുവാനും നീ പറയുക. അവരുടെ മക്കനകൾ കുപ്പായ മാറുകൾക്കു മീതെ അവർ താഴ്ത്തിയിട്ടു കൊള്ളട്ടെ. അവരുടെ ഭർത്താക്കന്മാർ, അവരുടെ പിതാക്കൾ, അവരുടെ പുത്രന്മാർ, അവരുടെ ഭർതൃപുത്രന്മാർ, അവരുടെ സഹോദരന്മാർ, അവരുടെ സഹോദര പുത്രന്മാർ, അവരുടെ സഹോദരീ പുത്രന്മാർ, അവരുമായി ബന്ധപ്പെട്ട സ്ത്രീകൾ, അവരുടെ വലംകൈകൾ ഉടമപ്പെടുത്തിയവർ (അടിമകൾ), ലൈംഗികാസക്തി ഉള്ളവരല്ലാത്ത പുരുഷന്മാരായ പരിചാരകർ, സ്ത്രീകളുടെ രഹസ്യങ്ങൾ മനസ്സിലാക്കിയിട്ടില്ലാത്ത കുട്ടികൾ എന്നിവരൊഴിച്ചു മറ്റാർക്കും തങ്ങളുടെ ഭംഗി അവർ വെളിപ്പെടുത്തരുത്. [അന്നൂർ:31.]

പ്രവാചക പത്നി ആഇശഃ (റ) പറയുന്നു: **സത്യവിശ്വാസിനികളായ സ്ത്രീകൾ അവരുടെ മൂടുപടങ്ങൾ താഴ്ത്തിയിട്ടു കൊണ്ട് നബി ﷺ യുടെ കൂടെ ഫജ്ർ (സ്വുബ്ഹ്) നമസ്കാരത്തിൽ പങ്കെടുക്കാറുണ്ടായിരുന്നു. നമസ്കാരം കഴിഞ്ഞ ശേഷം അവരുടെ വീടുകളിലേക്ക് അവർ തിരിച്ചു പോകുമ്പോൾ ഇരുട്ട് നിമിത്തം അവരെ തിരിച്ചറിയാൻ സാധിക്കില്ലായിരുന്നു.** (നസാഈ.)

ആഇശഃ (റ) പറയുന്നു: **ഞങ്ങൾ നബി ﷺ യുടെ കൂടെ ഇഹ്റാമിലായിരിക്കെ, യാത്രാ സംഘങ്ങൾ ഞങ്ങളുടെ അടുത്തു കൂടെ കടന്നു പോകാറുണ്ടായിരുന്നു. അവർ ഞങ്ങളുടെ അടുത്തെത്തുമ്പോൾ തലയിലുള്ള വസ്ത്രത്തിൻെറ ഭാഗം ഞങ്ങൾ മുഖത്തേക്ക് താഴ്ത്തിയിടാറുണ്ടായിരുന്നു. അവർ കടന്നു പോയാൽ മുഖത്തു നിന്ന് മറ ഉയർത്തുമായിരുന്നു.** (അബൂദാവൂദ്.)

ആഇശഃ (റ) പറയുന്നു: **ആദ്യകാല മുഹാജിറുകളായ സ്ത്രീകളെ അല്ലാഹു അനുഗ്രഹിക്കട്ടെ. 'അവരുടെ മക്കനകൾ കുപ്പായ മാറുകൾക്കു മീതെ അവർ താഴ്ത്തിയിട്ടു കൊള്ളട്ടെ' എന്ന ഖുർആൻ വാക്യം അവതരിപ്പിക്കപ്പെട്ടപ്പോൾ അവരുടെ പുതപ്പുകൾ മുറിച്ചു, അതു കൊണ്ട് അവർ മക്കന ധരിക്കുകയാണുണ്ടായത്.** [ബുഖാരി]

പർദ്ദയുടെ വിഷയത്തിൽ തെളിവുകൾ യഥേഷ്ടമാണ്. നിസ്സാര അഭിപ്രായ വ്യത്യാസങ്ങൾ ഉണ്ടെങ്കിലും അത്യാവശ്യ ഘട്ടങ്ങളിൽ സ്ത്രീയുടെ മുഖം വെളിവാക്കാമെന്ന കാര്യത്തിൽ എല്ലാവരും ഏകാഭിപ്രായക്കാരാകുന്നു. കുഴപ്പം ഭയപ്പെടുന്ന ഘട്ടങ്ങളിൽ അവളുടെ മുഖം വെളിവാക്കാൻ പാടില്ലെന്ന കാര്യത്തിൽ ഏകാഭിപ്രായക്കാരായതു പോലെ തന്നെ. ശുദ്ധരും ഭയഭക്തരും കുറയുകയും അങ്ങാടികളിലും മറ്റു സ്ഥലങ്ങളിലും തെമ്മാടിത്തങ്ങളും കുഴപ്പങ്ങളും നിറഞ്ഞു നിൽക്കുകയും ചെയ്യുന്ന വർത്തമാന കാലത്ത് നാശം എത്രമാത്രം ഭയപ്പെടണം!

സ്ത്രീകൾ അന്യപുരുഷരുമായി ഇടകലരുന്നത് ഇസ്ലാം വിലക്കിയിരിക്കുന്നു. ഇതെല്ലാം അവളുടെ മാന്യതയും നല്ലഗുണങ്ങളും കുടുംബത്തിൻെറ ഭദ്രതയും സൂക്ഷിക്കാൻ വേണ്ടിയാണ്. ഇസ്ലാം ആഗ്രഹിക്കുന്നത് സുരക്ഷിതത്വമാണ്. നാശത്തിൻെറ വാതിലുകൾ അടക്കുവാനും. സ്ത്രീകൾ പുറത്തിറങ്ങി അന്യപുരുഷരുമായി കൂടിക്കലരുന്നതും അഴിഞ്ഞാടുന്നതും മനുഷ്യ വികാരങ്ങളെ ഇക്കിളിപ്പെടുത്താനും തെറ്റിൻെറ പാതകൾ സുഗമമാക്കാനും മാത്രമേ സഹായകമാകുകയുള്ളു. അല്ലാഹു പറയുന്നു:

﴿ وَقَرْنَ فِي بُيُوتِكُنَّ وَلاَ تَبَرَّجْنَ تَبَرُّجَ الْجَاهِلِيَّةِ الأُولَى...﴾ (الأحزاب:٣٣)

നിങ്ങൾ നിങ്ങളുടെ വീടികളിൽ അടങ്ങിക്കഴിയുകയും ചെയ്യുക. പഴയ അജ്ഞാന കാലത്തെ സൗന്ദര്യ പ്രകടനം പോലുള്ള സൗന്ദര്യ പ്രകടനം നിങ്ങൾ നടത്തരുത്. [വി.ഖു. 33:33.]

﴿... وَإِذَا سَأَلْتُمُوهُنَّ مَتَاعًا فَاسْأَلُوهُنَّ مِن وَرَاءِ حِجَابٍ ذَلِكُمْ أَطْهَرُ لِقُلُوبِكُمْ وَقُلُوبِهِنَّ...﴾(الأحزاب:٥٣)

നിങ്ങൾ അവരോട് (നബിയുടെ ഭാര്യമാരോട്) വല്ലസാധനവും ചോദിക്കുകയാണെങ്കിൽ നിങ്ങൾ അവരോട് മറയുടെ പിന്നിൽ നിന്ന് ചോദിക്കുക. അതാണ് നിങ്ങളുടെ ഹൃദയങ്ങൾക്കും അവരുടെ ഹൃദയങ്ങൾക്കും കൂടുതൽ സംശുദ്ധമായിട്ടുള്ളത്. [വി.ഖു.33:53]

സ്ത്രീകളും പുരുഷന്മാരും ഇടകലരുന്നത് നബി(സ്വ) ശക്തമായി വിലക്കിയിട്ടുണ്ട്. അതിനു പ്രേരകമായേക്കാവുന്ന കാര്യങ്ങൾ - ആരാധനാ സ്ഥലങ്ങളിൽ പോലും- വിലക്കിയിട്ടുണ്ട്.

സഹായത്തിനു മറ്റാരുമില്ലാത്തപ്പോൾ സ്വന്തം കാര്യങ്ങൾ നിർവ്വഹിക്കാൻ ഒരുസ്ത്രീ അന്യ പുരുഷന്മാരുള്ള സ്ഥലത്തേക്കു പോകാൻ നിർബന്ധിതയായെന്നു വരും. തനിക്കോ തൻെറ സംരക്ഷണത്തിൽ കഴിയുന്നവർക്കോ ജീവിതാവശ്യത്തിനുള്ള സാധനങ്ങൾ വാങ്ങുകയോ വിൽക്കുകയോ

പോലുള്ള അത്യാവശ്യങ്ങൾക്ക് മതനിയമത്തിൻെറ പരിധിയിലൊതുങ്ങി, പൂർണ്ണ ഇസ്ലാമിക വേഷത്തിൽ, സൗന്ദര്യം പ്രകടിപ്പിക്കാതെ, പുരുഷരുമായി കൂടിക്കലരാതെ വേറിട്ടു നിന്നു കൊണ്ട് തന്നെ പുറത്തിറങ്ങുന്നത് തെറ്റല്ല.

കുടുംബത്തിൻെറ കെട്ടുറപ്പും സമൂഹത്തിൻെറ ധർമ്മനിഷ്ഠയും സംരക്ഷിക്കപ്പെടാൻ ഇസ്ലാം മറ്റൊരു നിർദ്ദേശവും കൂടി നൽകിയിട്ടുണ്ട്. അന്യസ്ത്രീ പുരുഷന്മാർ ഒറ്റക്ക് ഒരു സ്ഥലത്ത് ഇരിക്കരുത് എന്നാണത്. ഭർത്താവോ, തന്നെ വിവാഹം ചെയ്യൽ നിഷിദ്ധമായ ഒരാളോ കൂടെയില്ലാതെ അന്യപുരുഷൻെറ കൂടെ സ്ത്രീ ഒറ്റക്കാവുന്നത് നബി(സ്വ) വിരോധിച്ചിരിക്കുന്നു. കാരണം, മനുഷ്യ മനസ്സുകളെയും അവൻെറ ധാർമ്മിക ബോധത്തെയും നശിപ്പിക്കാൻ പിശാച് ജാഗരൂഗനായി ഇരിപ്പാണ്.

രക്തം; വിധികൾ

1-ആർത്തവം; സമയവും പരിധിയും:

സാധാരണയിൽ സ്ത്രീ ആർത്തവകാരിയാകുന്നത് 12 വയസ്സ് മുതൽ 50 വയസ്സ് വരെയാകുന്നു. ചിലപ്പോൾ 12 വയസ്സിന്ന് മുമ്പും 50 വയസ്സിന്ന് ശേഷവും ആർത്തവം ഉണ്ടാകാം. ചുറ്റുപാടിൻെറ വ്യത്യാസങ്ങൾ അനുസരിച്ച്.

2-ആർത്തവകാലം:

ആർത്തവത്തിൻെറ ഏറ്റവും കൂടിയതോ, കുറഞ്ഞതോ ആയ സമയത്തിന് ദിനങ്ങളുടെ പരിധിയില്ല.

3-ഗർഭിണിയുടെ ആർത്തവം:

സ്ത്രീ ഗർഭം ധരിച്ചാൽ ആർത്തവം നിലച്ചുപോകും. ഗർഭിണിക്ക് പ്രസവത്തിന്ന് രണ്ടോ മൂന്നോ ദിവസം മുമ്പ് നേരിയ വേദനയോടെ രക്തസ്രാവമുണ്ടായാൽ അത് പ്രസവരക്തമായിരിക്കും. എന്നാൽ പ്രസവത്തിന് കൂടുതൽ ദിവസം മുമ്പോ, പ്രസവത്തിന് കുറച്ചുമുമ്പ് വേദനയൊന്നും കൂടാതെയും രക്തസ്രാവമുണ്ടായാൽ, അത് പ്രസവരക്തമല്ല. ആർത്തവമായിരിക്കും.

ആർത്തവത്തിലെ അസാധാരണത്വങ്ങൾ

1-വർദ്ധനവും കുറവും: ആറുദിവസം സാധാരണ ആർത്തവമുള്ള സ്ത്രീക്ക്, പതിവിന്ന് വിപരീതമായി ഏഴുദിവസം രക്തം കാണപ്പെടുക. ഏഴുദിവസം സാധാരണ ആർത്തവമുള്ള സ്ത്രീക്ക് ആറാം ദിവസം ശുദ്ധിയായി അനുഭവപ്പെടുക.

2-കാലവ്യത്യാസം: ഒരു സ്ത്രീക്ക് സാധാരണയായി ആർത്തവമുണ്ടാകുന്നത് മാസത്തിൻെറ അവസാനത്തിലാണെങ്കിൽ, ചിലപ്പോൾ അത് മാസത്തിൻെറ തുടക്കത്തിൽ ഉണ്ടാകും. മാസാരംഭത്തിൽ ആർത്തവമുണ്ടാകുന്ന സ്ത്രീക്ക് മാസാവസാനനത്തിലും ആയേക്കാം. അവളുടെ പതിവിന്ന് വിപരീതമായി കൂടുകയോ, കുറയുകയോ, ദിവസം മുന്തിയോ, പിന്തിയോ വന്നാലും, രക്തം കാണപ്പെട്ടാൽ അത് ആർത്തവം തന്നെയാണ്. രക്തം നിലച്ചു പോയാൽ അവൾ ശുദ്ധിയുള്ളവളുമായിത്തീരും.

3-രക്തത്തിൻെറ വർണ്ണം: മുറിവുകളിൽ നിന്നും വരുന്ന രക്തത്തിൻെറ നിറത്തിലുള്ളതോ, മഞ്ഞയും കറുപ്പും കലർന്ന കട്ടിയുള്ളതോ ആയ രക്തം, ആർത്തവ കാലത്തോ, അല്ലെങ്കിൽ ആർത്തവത്തിൽ നിന്നും ശുദ്ധിയാകുന്നതിന് മുമ്പായി അതിന്നു കൂടെ ഉണ്ടായാൽ, അത് ആർത്തവരക്തമായിരിക്കും. അതിന്നും ആർത്തവ രക്തത്തിൻെറ വിധികൾ ബാധകമായിരിക്കും. ശുദ്ധിക്കു ശേഷം ആണെങ്കിൽ അത് ആർത്തവമല്ല.

4-ഇടക്കിടെനിന്നുപോകൽ: ഒരുദിവസം രക്തം കാണപ്പെട്ടു. അടുത്ത ദിവസം നിന്നുപോയി. ഇതിന്ന് രണ്ട് അവസ്ഥയുണ്ടാകും.

1-ഒരുസ്ത്രീക്ക് ഇങ്ങനെ എല്ലാകാലത്തും സമയത്തും ഉണ്ടാകും. ഇതിന്ന് ഇസ്തിഹാദഃ (രക്തസ്രാവം) എന്നാണ് പറയുക. അവർക്ക് ഇസ്തിഹാദത്തിൻെറ നിയമം ബാധകമായിരിക്കും.

2-സ്ത്രീക്ക് രക്തസ്രാവം തുടർച്ചയായി ഇല്ലാതിരിക്കൽ: ചിലപ്പോൾ രക്തം കാണപ്പെടും. ചിലപ്പോൾ നല്ല ശുദ്ധികാലം ലഭിക്കും. രക്തം നിൽക്കൽ ഒരു ദിവസത്തിൽ കുറവാണെങ്കിൽ അത് ശുദ്ധിയായി പരിഗണിക്കാവതല്ല. വെളുത്ത ദ്രാവകം പുറത്തു വരിക, സാധാരണയായി അവളുടെ ആർത്തവം നിൽക്കുന്ന ദിവസത്തിൽ രക്തം നിന്നുപോവുക, പോലെയുള്ള അടയാളങ്ങൾ ഇല്ലെങ്കിൽ ഒരുദിവസത്തിൽ കുറഞ്ഞശുദ്ധി, ശുദ്ധിയായി പരിഗണിക്കാവതല്ല.

5-രക്തത്തിൻെറ വരണ്ട അവസ്ഥ: ഇത് സാധാരണ ആർത്തവത്തിന്നിടയിലോ, അതിൻെറ ശുദ്ധിയോട് ചേർന്നോ ആണ് ഉണ്ടാകുന്നതെങ്കിൽ അത് ആർത്തവമാണ്. ശുദ്ധിയായതിനു ശേഷമാണ് അനുഭവപ്പെടുന്നതെങ്കിൽ ആർത്തവമല്ല.

ആർത്തവകാരിയുടെ വിധികൾ

1-നമസ്കാരം: ആർത്തവകാരിക്ക് നിർബന്ധമോ, ഐഛികമോ ആയ നമസ്കാരങ്ങൾ ഹെറാ (നിഷിദ്ധ) മാണ്. അവളുടെ നമസ്കാരം നിഷ്ഫലമാണ്. നമസ്കാര സമയത്തിൻെറ ആരംഭത്തിലോ, അവസാനത്തിലോ ഒരു റക്അത് നമസ്കരിക്കാനുള്ള സമയം അവൾക്ക് കിട്ടിയെങ്കിൽ മാത്രമേ, അവൾക്ക് ആ നമസ്കാരം നിർബന്ധമുള്ളു.

ഉദാ:

A-സൂര്യൻ അസ്തമിച്ച ശേഷം മഗ്രിബ് ഒരു റക്അത് നമസ്കരിക്കാനുള്ള സമയം കഴിഞ്ഞു, ഒരു സ്ത്രീക്ക് ആർത്തവമുണ്ടാകുന്നു. അവൾ ആർത്തവം കഴിഞ്ഞ് ശുദ്ധിയായ ശേഷം ആ മഗ്രിബ് നമസ്കരിച്ചു വീട്ടൽ നിർബന്ധമാകുന്നു. കാരണം, ആർത്തവമുണ്ടാകുന്നതിന്ന് മുമ്പ് ഒരു റക്അത് നമസകരിക്കുവാനുള്ള സമയം അവൾക്ക് ലഭിച്ചിട്ടുണ്ട്.

B-സൂര്യൻ ഉദിക്കുന്നതിന്ന് (സുബ്ഹിൻെറ സമയം അവസാനിക്കുന്നതിന്നു) മുമ്പ് ഒരു റക്അത് നമസ്കരിക്കാൻ സമയമുള്ളപ്പോൾ, ഒരു സ്ത്രീ ആർത്തവത്തിൽ നിന്നും ശുദ്ധിയാകുന്നു. അവൾ ശുദ്ധിയായ ശേഷം ആ സുബ്ഹ് നമസ്കരിച്ചു വീട്ടൽ നിർബന്ധമാണ്. ഒരു റക്അത് നമസ്കരിക്കാനുള്ള സമയം ഇവിടെയും ലഭിച്ചിരുന്നുവല്ലോ.

എന്നാൽ ദിക്റുകൾ, തസ്ബീഹ്, തക്ബീർ, തഹ്ലീൽ, തഹ്മീദ് (സുബ്ഹാനല്ലാഹ്, അല്ലാഹു അക്ബർ, ലാഇലാഹ ഇല്ലല്ലാഹ്, അൽഹംദു ലില്ലാഹ്) എന്നിവ ചൊല്ലൽ, ഭക്ഷണം കഴിക്കുമ്പോൾ ബിസ്മിചൊല്ലൽ, ഫിഖ്ഹ്, ഹെദീഥ് ഗ്രന്ഥങ്ങൾ വായിക്കൽ, ദുആ ചെയ്യൽ, പ്രാർത്ഥനക്ക് ആമീൻ പറയൽ, ഖുർആൻ കേൾക്കൽ എന്നിവ ആർത്തവകാരിക്ക് ഹെറാമല്ല. മുസ്വ്ഹെഫിലോ, ഖുർആൻ എഴുതിയ മറ്റെന്തെങ്കിലും വസ്തുക്കളിലോ നോക്കിക്കൊണ്ട് നാവനക്കാതെ, മൗനമായി ഒരു ആർത്തവകാരി ഖുർആൻ പാരായണം ചെയ്യുന്നത് തെറ്റല്ല. ഒരു അധ്യാപിക, വിദ്യാർത്ഥികൾക്ക് ഖുർആൻ ഓതിക്കൊടുക്കേണ്ടി വരുന്നു, അല്ലെങ്കിൽ ഖുർആൻ പരീക്ഷ നടത്തേണ്ടി വരുന്നു. ഇങ്ങനെയുള്ള സന്ദർഭങ്ങളിലല്ലാതെ ആർത്തവകാരി നാവുകൊണ്ട് ഉച്ചരിച്ചു ഖുർആൻ പാരായണം ചെയ്യാതിരിക്കലാണ് ഏറ്റവും ഉത്തമം.

2-നോമ്പ്: ആർത്തവകാരി നിർബന്ധമോ, ഐഛികമോ ആയ നോമ്പനുഷ്ഠിക്കൽ നിഷിദ്ധമാകുന്നു. അവൾ നോമ്പെടുത്താൽ അത് സ്വീകാര്യമല്ലാതായിത്തീരും. എന്നാൽ നിർബന്ധ നോമ്പ് അവൾ പിന്നീട് നോറ്റു വീട്ടേണ്ടതാകുന്നു. ഒരു സ്ത്രീ നോമ്പുകാരിയായിരിക്കെ (സൂര്യാസ്തമനത്തിന്ന് ഒരു സെക്കൻറ് മുമ്പാണെങ്കിലും) ആർത്തവകാരിയായാൽ, അവളുടെ നോമ്പ് നിഷ്ഫലമാകും. അത് നിർബന്ധ നോമ്പാണെങ്കിൽ പിന്നീട് നോറ്റു വീട്ടേണ്ടതുമാണ്. എന്നാൽ ആർത്തവ രക്തത്തിൻെറ ചലനം സൂര്യാസ്തമയത്തിന്ന് മുമ്പു തന്നെ അവൾ അറിഞ്ഞിരുന്നു, രക്തം പുറത്തുവന്നത് അസ്തമയത്തിന്നു ശേഷമാണെങ്കിൽ അവളുടെ നോമ്പ് പൂർണ്ണവും സ്വീകാര്യവുമാണ്.

ആർത്തവകാരിയായിരിക്കെ ഫജ്ർ (പ്രഭാതം) ആയി. പ്രഭാതത്തിന്നു ഒരു സെക്കൻറിനു ശേഷം അവൾ ശുദ്ധിയുള്ളവളായാലും, അവളുടെ ആ ദിവസത്തെ നോമ്പ് നിഷ്ഫലമാകുന്നു. ഫജ്റിന്ന് അൽപം മുമ്പ് ആർത്തവത്തിൽ നിന്നും ശുദ്ധിയുള്ളവളായാൽ, അവൾക്ക് നോമ്പ് പിടിക്കാം. നോമ്പ് പിടിക്കാൻ ഉദ്ദേശിക്കുന്ന ജനാബത്ത് (വലിയ അശുദ്ധി) ഉള്ളയാൾ പ്രഭാതം ഉദിച്ചതിന്നുശേഷം കുളിച്ചാലും അവൻെറ നോമ്പ് സ്വീകാര്യമായിത്തീരുന്നതു പോലെ, ഈ സ്ത്രീക്കും ചെയ്യാവുന്നതാണ്.

3-ത്വവാഫ്: ആർത്തവകാരി കഅ്ബയെ ത്വവാഫ് ചെയ്യൽ ഹറാമാണ്. അവൾ ത്വവാഫ് ചെയ്താൽ അത് സ്വഹീഹാവുകയില്ല. സ്വഫാ- മർവയിലെ സഅ്യ്, അറഫയിൽ നിൽക്കൽ, മുസ്ദലിഫയിലും, മിനായിലും രാപാർക്കൽ, ജംറകളിൽ എറിയൽ തുടങ്ങി ഹജ്ജിൻെറയും ഉംറയുടെയും മറ്റു കർമ്മങ്ങളൊന്നും ആർത്തവകാരിക്ക് നിഷിദ്ധങ്ങളല്ല. ശുദ്ധിയുള്ളവളായിരിക്കെ ഒരു സ്ത്രീ ത്വവാഫ് നിർവഹിച്ചു. ത്വവാഫ് കഴിഞ്ഞ ഉടനെ ആർത്തവമുണ്ടായി. സ്വഫാ മർവയിലെ സഅ്യിന്നിടയിൽ ആർത്തവകാരിയായി. എന്നാൽ അവൾക്ക് യാതൊരു കുറ്റവുമില്ല.

4-പള്ളിയിൽ താമസിക്കൽ: ആർത്തവകാരി പള്ളിയിൽ താമസിക്കൽ നിഷിദ്ധമാകുന്നു.

5-സംയോഗം: ആർത്തവകാരിയെ ഭർത്താവ് സംയോഗം ചെയ്യുന്നതും, അവൾ അതിന് സൗകര്യം ചെയ്തു കൊടുക്കുന്നതും ഹറാമാകുന്നു. എന്നാൽ ഭർത്താവിന് തന്റെ വികാരശമനത്തിനായി (സംയോഗം ഒഴികെയുള്ള) ചുംബനം, അണച്ചുകൂട്ടൽ മുതലായവ അനുവദനീയമാണ്.

6-വിവാഹമോചനം: ആർത്തവകാരിയെ ഭർത്താവ് വിവാഹ മോചനം (ത്വലാഖ്) ചെയ്യൽ ഹറാമാകുന്നു. ഒരാൾ, തന്റെ ഭാര്യ ആർത്തവകാരിയായിരിക്കെ വിവാഹമോചനം നടത്തി. എങ്കിൽ അതു പാപമായിത്തീരും. അവൻ പശ്ചാത്തപിക്കണം. ദൈവനിയമ പാലനത്തിന്നായി അവളെ, തന്റെ സംരക്ഷണത്തിലേക്ക് അവൻ തിരിച്ചെടുക്കേണ്ടതാണ്. അവളെ വിവാഹമോചനം നടത്തിയ ആർത്തവത്തിൽ നിന്നും അവൾ ശുദ്ധിയായി, രണ്ടാമതൊരു ആർത്തവം ഉണ്ടാകുന്നതു വരെ അവളെ കൂടെ താമസിപ്പിക്കുക. ശുദ്ധിയായാൽ അവളെ ഭാര്യയായി നിലനിർത്തുകയോ, സംയോഗം ചെയ്യുന്നതിന്നു മുമ്പ് വിവാഹമോചനം നടത്തുകയോ ചെയ്യാവുന്നതാണ്.

7-കുളി: ആർത്തവകാരി ശുദ്ധിയായാൽ ശരീരം മുഴുവൻ വൃത്തിയാകുന്ന രൂപത്തിൽ കുളിക്കേണ്ടതാണ്. മുടിക്കെട്ടിനുള്ളിലേക്ക് വെള്ളം പ്രവേശിക്കുമെങ്കിൽ അത് അഴിക്കൽ നിർബന്ധമില്ല. ആർത്തവകാരി നമസ്കാരസമയത്ത് ശുദ്ധിയുള്ളവളായാൽ, നമസ്കാരം കൃത്യസമയത്തു നിർവഹിക്കാനായി ഉടൻതന്നെ കുളിച്ചു വൃത്തിയാകേണ്ടതാണ്.

അവൾ ശുദ്ധിയാകുന്നത് യാത്രയിലായിരിക്കുമ്പോളാണ്. വെള്ളം ലഭിക്കാതിരിക്കുന്നു, അല്ലെങ്കിൽ ഉള്ളവെള്ളം ഉപയോഗിച്ചാൽ മറ്റു വല്ലവിഷമവും ഭയപ്പെടുന്നു, അല്ലെങ്കിൽ വെള്ളം ഉപയോഗിക്കാൻ പറ്റാത്ത രോഗിയാകുന്നു, ഇത്തരം സന്ദർഭങ്ങളിൽ കുളിക്കു പകരം (ശുദ്ധമായ മണ്ണിൽ രണ്ടുകയ്യും അടിച്ച് മുഖവും, രണ്ടുകയ്യും തടവിക്കൊണ്ട്) തയമ്മും ചെയ്യേണ്ടതാണ്. തടസ്സം നീങ്ങിയാൽ അവൾ കുളിക്കേണ്ടതുമാണ്.

ഇസ്തിഹേദഃ (രക്തസ്രാവം)

മാസത്തിൽ ഒരിക്കലും നിലക്കാതെയോ, അല്ലെങ്കിൽ ഒന്നോ രണ്ടോ ദിവസം മാത്രം നിലക്കുകയും ബാക്കി ദിവസങ്ങളിൽ സ്ഥിരമായി രക്തസ്രാവം ഉണ്ടാകുകയും ചെയ്യുന്നതിനാണ് ഇസ്തിഹാദഃ എന്നു പറയുന്നത്. 15 ദിവസത്തിൽ കൂടുതൽ രക്തം കാണപ്പെടുന്നതിനെ-ആർത്തവത്തിന്റെ പതിവാകാതെ- യാണ് ഇസ്തിഹാദഃ എന്നു പറയുക എന്ന ഒരു അഭിപ്രായവുമുണ്ട്.

മൂന്ന് അവസ്ഥകൾ:

1-ഇസ്തിഹേദത്തിനു മുമ്പ് ആർത്തവം ഉണ്ടായവൾ:

ഇങ്ങനെയുള്ള സ്ത്രീ മുമ്പ് ആർത്തവമുണ്ടായിരുന്ന ദിവസങ്ങളിൽ അതിന്റെ വിധികൾ സ്വീകരിക്കണം. ബാക്കി ദിവസങ്ങളിൽ ഇസ്തിഹാദത്തായി കണക്കാക്കണം.

ഉദാ: ഒരുസ്ത്രീക്ക് ഓരോ മാസത്തിലും ആദ്യത്തെ ആറുദിവസം ആർത്തവം ഉണ്ടാകുമായിരുന്നു. പിന്നീട് അവൾക്ക് ഒരുമാസം മുഴുവൻ തുടർച്ചയായി രക്തസ്രാവം ഉണ്ടായി. അവൾ ഓരോ മാസത്തിലെയും ആദ്യത്തെ ആറുദിവസം ആർത്തവകാരിയുടെ നിയമങ്ങൾ പാലിക്കണം. ബാക്കി ദിവസങ്ങൾ ഇസ്തിഹാദത്തായി പരിഗണിക്കണം. ഈ ദിവസങ്ങളിൽ അവൾ കുളിച്ചു വൃത്തിയായി നമസ്കാരം നിർവഹിക്കേണ്ടതാകുന്നു. കുളിക്കുശേഷം ഉണ്ടാകുന്ന രക്തം പരിഗണിക്കേണ്ടതില്ല.

2-ആർത്തവത്തിന്റെ നിശ്ചിതകാലം അറിയുന്നതിന്നു മുമ്പ്:

ആദ്യം തന്നെ ഇസ്തിഹാദത്താണ് ഒരുസ്ത്രീക്ക് ഉണ്ടാകുന്നതെങ്കിൽ, രക്തത്തിന്റെ കറുപ്പ് നിറമോ, കട്ടികൂടുതലോ, വാസന കൊണ്ടോ തിരിച്ചറിഞ്ഞ് അത് ആർത്തവമായും, ബാക്കി ദിവസങ്ങൾ ഇസ്തിഹാദത്തായും പരിഗണിച്ച്, അതാതിന്റെ വിധികൾ പാലിക്കേണ്ടതാകുന്നു.

ഉദാ: ഒരുസ്ത്രീക്ക് സ്ഥിരമായി രക്തസ്രാവമുണ്ടാകുന്നു. മാസത്തിൽ പത്തുദിവസം കറുപ്പ് വർണ്ണത്തോടു കൂടിയും, ബാക്കി ദിവസങ്ങളിൽ ചുവപ്പ് വർണ്ണത്തിലും, അല്ലെങ്കിൽ പത്തുദിവസം കട്ടികൂടിയും, ബാക്കി ദിവസങ്ങളിൽ നേർത്തതും, അല്ലെങ്കിൽ പത്തു ദിവസം ആർത്തവ രക്തത്തിന്റെ വാസനയോടു കൂടിയും, ബാക്കി ദിവസങ്ങളിൽ വാസനയില്ലാതെയുമാണ് രക്ത സ്രാവമുണ്ടാകുന്നത്. എങ്കിൽ മേൽപറഞ്ഞ പ്രത്യേകതകളോടു കൂടിയ പത്തുദിവസം അവൾ ആർത്തവകാരിയായിരിക്കും. ബാക്കി ദിവസങ്ങളിൽ ഇസ്തിഹാദത്തുമായിരിക്കും.

3-ആർത്തവത്തിന്റെ ദിനങ്ങളോ, അടയാളങ്ങളോ അറിയാൻ കഴിയും മുമ്പ്:

ആദ്യം തന്നെ സ്ഥിരമായ രക്തസ്രാവം ഉണ്ടാകുന്നു. ആർത്തവ രക്തം തിരിച്ചറിയാനുള്ള വിശേഷണങ്ങൾ കൊണ്ടൊന്നും, തിരിച്ചറിയുന്നുമില്ല. (അതായത് അവളുടെ രക്തം എന്നും ഒരേ വ

ർണ്ണത്തിലും, വാസനയില്ലാത്തതുമാകുന്നു) അവൾ രക്തസ്രാവം ആരംഭിച്ച അന്നുമുതൽ, മാസത്തിൽ ആറോ, ഏഴോദിവസം (സാധാരണ സ്ത്രീകൾക്കുള്ളതു പോലെ) ആർത്തവമായി കണക്കാക്കണം. ബാക്കി ദിവസങ്ങൾ ഇസ്തിഹാദത്തായും പരിഗണിക്കണം.

വിധികൾ

ഇസ്തിഹാദത്തുള്ള സ്ത്രീയുടെ വിധികൾ, ശുദ്ധിയുള്ള സ്ത്രീയുടേത് തന്നെയാകുന്നു. താഴെ പറയുന്ന കാര്യങ്ങളിൽ മാത്രമേ വ്യത്യാസമുള്ളൂ.

1-അവൾ എല്ലാ നമസ്കാരത്തിനും വുദു (അംഗശുദ്ധി) എടുക്കൽ നിർബന്ധമാകുന്നു.

2-വുദു എടുക്കാൻ ഉദ്ദേശിച്ചാൽ, രക്തത്തിൻെറ അടയാളം കഴുകി വൃത്തിയാക്കണം. രക്തം വലിച്ചെടുക്കുന്ന പരുത്തി (പഞ്ഞി) യും അതിന്നു മുകളിൽ തുണിയും വച്ചുകെട്ടണം.

നിഫാസ് (പ്രസവാശുദ്ധി); വിധികൾ

പ്രസവത്തിൻെറ കൂടെയോ, അതിനു ശേഷമോ, അല്ലെങ്കിൽ അതിന്നു രണ്ടോ മൂന്നോ ദിവസം മുമ്പോ, വേദനയോടു കൂടി ഗർഭാശയത്തിൽ നിന്ന് പുറത്ത് വരുന്ന രക്തമാണ് നിഫാസ് (പ്രസവരക്തം). സാധാരണയായി ഇതു നാൽപത് ദിവസമായിരിക്കും. നാൽപത് ദിവസത്തിലധികം രക്തം ഉണ്ടാകുകയോ, രക്തം അടുത്ത് തന്നെ നിന്നുപോകുന്ന അടയാളങ്ങൾ കാണപ്പെടുകയോ ചെയ്താൽ, രക്തം നിലക്കുന്നതു വരെ അവൾ കാത്തിരിക്കേണ്ടതാണ്. ഇല്ലെങ്കിൽ നാൽപതു ദിവസം തികയുന്ന അന്ന് അവൾ കുളിക്കണം. ഇതിൻെറ കൂടെ അവൾക്ക് ആർത്തവം കൂടിയുണ്ടായാൽ ആർത്തവകാലം കഴിയുന്നതു വരെ അവൾ കാത്തിരിക്കണം. നാൽപത് ദിവസത്തിനു മുമ്പ് തന്നെ അവളുടെ രക്തം നിലക്കുകയാണെങ്കിൽ, അവൾ ശുദ്ധിയുള്ളവളാകും. അവൾക്ക് കുളിച്ച ശേഷം നമസ്കരിക്കുകയും, നോമ്പു പിടിക്കുകയും, ലൈംഗിക ബന്ധത്തിൽ ഏർപ്പെടുകയും ചെയ്യാവുന്നതാണ്.

മനുഷ്യരൂപം പൂണ്ട കുഞ്ഞിനെ പ്രസവിച്ചെങ്കിൽ മാത്രമേ, നിഫാസ് ആയി പരിഗണിക്കപ്പെടുകയുള്ളൂ. മനുഷ്യരൂപം രൂപപ്പെടാത്ത രക്തത്തിൻെറയോ, മാംസത്തിൻെറയോ ഒരു പിണ്ഢമാണ് ഒരു സ്ത്രീ പ്രസവിച്ചതെങ്കിൽ അവളുടെ രക്തം പ്രസവരക്തമല്ല. അവളുടെ വിധികൾ ഇസ്തിഹേദത്തിൻെറതാണ്.

ഗർഭധാരണം ആരംഭിച്ച ശേഷം ചുരുങ്ങിയത് എൺപത് ദിവസങ്ങൾ കൊണ്ടും, സാധാരണ തൊണ്ണൂറ് ദിവസങ്ങൾ കൊണ്ടുമായിരിക്കും ഗർഭാശയത്തിൽ മനുഷ്യരൂപം രൂപപ്പെടുന്നത്.

പ്രസവരക്തമുള്ള സ്ത്രീക്ക് ആർത്തവകാരിയുടെ മുൻപറഞ്ഞ എല്ലാനിയമങ്ങളും ബാധകമാണ്.

ആർത്തവ നിയന്ത്രണം

ഒരു സ്ത്രീക്ക് അവളുടെ ആർത്തവം നിയന്ത്രിക്കുന്ന വസ്തുക്കൾ ഉപയോഗിക്കൽ രണ്ടു നിബന്ധനകൾ പ്രകാരം അനുവദനീയമാണ്. ഹജ്ജ്വേളകളിൽ പലരും ഇതുസ്വീകരിക്കാറുണ്ട്.

1-ആർത്തവം നിയന്ത്രിക്കുന്നതു കൊണ്ട് മറ്റുയാതൊരു ബുദ്ധിമുട്ടും ഉണ്ടാകില്ലെന്ന് ഉറപ്പ് വരുത്തിയിരിക്കണം. വല്ല ബുദ്ധിമുട്ടും ഉണ്ടാകുമെന്ന് ഭയപ്പെട്ടാൽ അവൾക്കത് അനുവദനീയമല്ല.

2-ഭർത്താവിൻെറ പൂർണ്ണ സമ്മതം ഉണ്ടായിരിക്കണം.

ആർത്തവം ഉണ്ടാകാനുള്ള വസ്തുക്കൾ ഉപയോഗിക്കുന്നതിനും രണ്ട് നിബന്ധനകളുണ്ട്.

1-ഭർത്താവിൻെറ അനുവാദം.

2-നമസ്കാരം, നോമ്പ് പോലെയുള്ള നിർബന്ധ കാര്യങ്ങളിൽ നിന്നും രക്ഷപ്പെടാനുള്ള സൂത്രമാകരുത്.

ഗർഭ നിയന്ത്രണം

ഗർഭധാരണം നിയന്ത്രിക്കുന്ന വസ്തുക്കൾ ഉപയോഗിക്കുന്നത് രണ്ടു തരത്തിലുണ്ട്.

1-സ്ഥിരമായ ഗർഭനിരോധനം: ഇത് അനുവദനീയമല്ല.

2-സമയബന്ധിതമായ നിരോധനം: ഒരുസ്ത്രീ കൂടുതൽ പ്രാവശ്യം ഗർഭം ധരിക്കുകയും, ഗർഭധാരണം അവൾക്ക് (ശാരീരിക) വിഷമങ്ങൾ ഉണ്ടാക്കുകയും ചെയ്യുന്നു. ഓരോ പ്രസവത്തിനുമിടയിൽ, രണ്ടോ, മൂന്നോ വർഷത്തെ ഇടവേള ലഭിക്കണമെന്നവൾ ആഗ്രഹിക്കുകയും ചെയ്യുന്നു. അവൾക്ക്- മറ്റു ബുദ്ധിമുട്ടുകളൊന്നും ഉണ്ടാകാത്ത വിധത്തിൽ- അവളുടെ ഭർത്താവിൻെറ സമ്മത

പ്രകാരം നിശ്ചിത കാലംവരെ ഗർഭനിരോധന മാർഗ്ഗങ്ങൾ സ്വീകരിക്കൽ അനുവദനീയമാകുന്നു.

أحكام وآداب إسلامية

ഇസ്‌ലാം; വിധികൾ, മര്യാദകൾ

1-നിഷ്കളങ്കത, നിരീക്ഷണം

അല്ലാഹുപറയുന്നു:

﴿ وَمَا أُمِرُوا إِلاَّ لِيَعْبُدُوا اللَّهَ مُخْلِصِينَ لَهُ الدِّينَ ﴾ (البينة:٥)

കീഴ്വണക്കം അല്ലാഹുവിന്ന് മാത്രം ആക്കിക്കൊണ്ട് അവനെ ആരാധിക്കാനല്ലാതെ അവരോട് കൽപിക്കപ്പെട്ടിട്ടില്ല. (ബയ്യിനഃ-5).

﴿ **قُلِ اللَّهَ أَعْبُدُ مُخْلِصًا لَهُ دِينِي** ﴾ (الزمر:١٤)

പറയുക, അല്ലാഹുവെയാണ് ഞാൻ ആരാധിക്കുന്നത്, എൻെറ കീഴ്വണക്കം അവന്ന് നിഷ്കളങ്കമാക്കിക്കൊണ്ട്. (സുമർ-14)

﴿ **قُلْ إِنْ تُخْفُوا مَا فِي صُدُورِكُمْ أَوْ تُبْدُوهُ يَعْلَمْهُ اللَّهُ** ﴾ (آل عمران:٢٩)

നബിയേ, പറയുക, നിങ്ങളുടെ ഹൃദയങ്ങളിലുള്ളത് നിങ്ങൾ മറച്ചുവച്ചാലും വെളിപ്പെടുത്തിയാലും അല്ലാഹു അത് അറിയുന്നതാണ്. (ആലുഇംറാൻ-29)

﴿ **إِنَّ اللَّهَ لاَ يَخْفَى عَلَيْهِ شَيْءٌ فِي الأَرْضِ وَلاَ فِي السَّمَآءِ** ﴾ (آل عمران:٥)

ഭൂമിയിലോ ആകാശത്തോ ഉള്ള യാതൊരുകാര്യവും അല്ലാഹുവിന്ന് അവ്യക്തമായി പോകുന്നതല്ല. (ആലുഇംറാൻ-5)

وعن عمر بن الخطاب ﷺ قال سمعت رسول الله ﷺ يقول:(إنما الأعمال بالنيات وإنما لكل امرئ ما نوى..) متفق عليه

ഉമറുബ്നുൽ ഖത്താബ് ﷺ പറയുന്നു, നബി ﷺ പറയുന്നതായി ഞാൻ കേട്ടിരിക്കുന്നു: നിശ്ചയം പ്രവർത്തനങ്ങൾ അവയുടെ നിയ്യത്ത് അനുസരിച്ചു മാത്രമാകുന്നു. ഓരോരുത്തർക്കും ലഭിക്കുന്നത് അവൻ ഉദ്ദേശിച്ചത് മാത്രമാകുന്നു.

وعن أبي هريرة ﷺ أن النبي ﷺ قال:(أسعد الناس بشفاعتي يوم القيامة من قال لآ إله إلا الله خالصا من قلبه) البخاري.

അബൂഹുറയ്റ ﷺ യിൽ നിന്നുനിവേദനം, നബി ﷺ പറഞ്ഞു: അന്ത്യനാളിൽ, ജനങ്ങളിൽ എൻെറ ശുപാർശ ലഭിക്കുന്ന ഏറ്റവും വലിയ ഭാഗ്യവാൻ, ഹൃദയംഗമമായി "ലാഇലാഹഇല്ലല്ലാഹ്" പറഞ്ഞവനായിരിക്കും.

وعن أبي هريرة ﷺ قال: قال رسول الله ﷺ:(إن الله لآ ينظر إلى صوركم و أموالكم، ولكن ينظر إلى قلوبكم وأعمالكم) رواه مسلم

അബൂഹുറയ്റ ﷺ യിൽ നിന്നുനിവേദനം, നബി ﷺ പറഞ്ഞു: തീർച്ചയായും അല്ലാഹു നിങ്ങളുടെ ശരീരങ്ങളിലേക്കോ, സമ്പത്തിലേക്കോ അല്ല നോക്കുക. അവൻ നിങ്ങളുടെ മനസ്സുകളിലേക്കും പ്രവർത്തനങ്ങളിലേക്കുമാണ് നോക്കുക.

وعن أبي ذرّ ﷺ ،عن رسول الله ﷺ قال:(اتق الله حيثما كنت وأتبع السيئة الحسنة تمحها وخالق الناس بخلق حسن) الترمذي

അബൂദർ ﷺ ൽനിന്നു നിവേദനം, നബി ﷺ പറഞ്ഞു: നീ എവിടെ ആയിരുന്നാലും അല്ലാഹുവിനെ സൂക്ഷിക്കുക. നീ വല്ല തെറ്റും ചെയ്താൽ അതിനെ തുടർന്ന് നന്മചെയ്യുക. (ആ നന്മ) തിന്മയെ മായിച്ചുകളയും. ജനങ്ങളോട് നീ നല്ല സ്വഭാവത്തോടെ പെരുമാറുക. (തിർമിദി)

സംഗ്രഹം:

1-മനുഷ്യൻെറ പ്രവർത്തനങ്ങൾ സ്വീകാര്യമാകാനുള്ള നിബന്ധനയാണ് ഇഖ്ലാസ് (നിഷ്കളങ്കത). അല്ലാഹുവിൻെറ പക്കൽ നിന്നുള്ള പ്രതിഫല വർദ്ധന ഇതിനെ ആസ്പദിച്ചിരിക്കുന്നു.

2-അല്ലാഹുവിന്ന് പങ്കുകാരുടെ ആവശ്യമില്ല. അവൻെറ പ്രീതി മാത്രം മോഹിച്ചു കൊണ്ട് ചെയ്യുന്ന പ്രവർത്തനങ്ങളല്ലാതെ അവൻ സ്വീകരിക്കുകയില്ല. ഖുദ്സിയായ ഹദീസിൽ അല്ലാഹു പറയുന്നു: **ആരെങ്കിലും എന്നിൽ പങ്കുചേർത്തു കൊണ്ടുള്ള ഒരു പ്രവൃത്തി ചെയ്താൽ, അവനെയും അവൻ പങ്കുചേർത്തതിയെും ഞാൻ ഒഴിവാക്കും.**

3-ആകാശഭൂമികളിലുള്ള യാതൊന്നും അല്ലാഹുവിന്ന് അവ്യക്തമായി പോകുന്നതല്ല. അതു കൊണ്ട് സദാസമയവും അല്ലാഹുവിനെ സൂക്ഷിക്കുക.

2-തൗഹീദ്; മഹത്വം, ശിർക്; ജാഗ്രത

അല്ലാഹു പറയുന്നു:

﴿ إِنَّ الشِّرْكَ لَظُلْمٌ عَظِيمٌ ﴾ (لقمان:١٣)

തീർച്ചയായും അല്ലാഹുവിൽ പങ്കുചേർക്കുന്നത് വലിയ അക്രമം തന്നെയാകുന്നു. (31-13)

﴿ إِنَّ اللَّهَ لاَ يَغْفِرُ أَنْ يُشْرَكَ بِهِ وَيَغْفِرُ مَا دُونَ ذَلِكَ لِمَن يَشَاءُ ﴾ (النساء:٤٨)

തന്നോട് പങ്കുചേർക്കപ്പെടുന്നത് അല്ലാഹു ഒരിക്കലും പൊറുക്കുകയില്ല. അതൊഴിച്ചുള്ള തെല്ലാം അവനുദ്ദേശിക്കുന്നവർക്ക് അവൻ പൊറുത്തുകൊടുക്കുന്നതാണ്. (4-48)

﴿ وَلَقَدْ أُوحِيَ إِلَيْكَ وَإِلَى الَّذِينَ مِنْ قَبْلِكَ لِإِنْ أَشْرَكْتَ لَيَحْبَطَنَّ عَمَلُكَ وَلَتَكُونَنَّ مِنَ الْخَاسِرِينَ ﴾ (الزمر:٦٥)

തീർച്ചയായും നിനക്കും നിനക്കു മുമ്പുള്ളവർക്കും സന്ദേശം നൽകപ്പെട്ടിട്ടുള്ളത് ഇത ത്രെ; അല്ലാഹുവിന് നീ പങ്കാളിയെ ചേർക്കുന്നപക്ഷം തീർച്ചയായും നിൻെറ കർമ്മങ്ങൾ നിഷ്ഫലമായി പോകുകയും, തീർച്ചയായും നീ നഷ്ടക്കാരുടെ കൂട്ടത്തിൽ ആകുകയും ചെയ്യും. (സുമർ-65)

﴿ وَمَا خَلَقْتُ الْجِنَّ والإِنْسَ إِلاَّ لِيَعْبُدُونَ ﴾ (الذاريات:٥٦)

ജിന്നിനെയും മനുഷ്യനെയും എന്നെ ആരാധിക്കുവാൻ വേണ്ടിയല്ലാതെ ഞാൻ സൃഷ്ടി ച്ചിട്ടില്ല. (51-56)

﴿ وَلَقَدْ بَعَثْنَا فِي كُلِّ أُمَّةٍ رَّسُولاً أَنِ اعْبُدُوا اللَّهَ وَاجْتَنِبُوا الطَّاغُوتَ ﴾ (النحل:٣٦)

തീർച്ചയായും ഓരോസമുദായത്തിലും നാം ദൂതനെ നിയോഗിച്ചിട്ടുണ്ട്. നിങ്ങൾ അല്ലാ ഹുവെ ആരാധിക്കുകയും, ദുർമൂർത്തികളെ വെടിയുകയും ചെയ്യുക എന്നു പ്രബോധ നം ചെയ്യുന്നതിനു വേണ്ടി. (അന്നഹ്ൽ-36)

وعن جابرﷺ قال: قال رسول الله ﷺ (من لقي الله لآ يشرك به شيئا دخل الجنة ومن لقي الله يشرك به شيئا دخل النار) مسلم

ജാബിർ (റ) ൽനിന്നു നിവേദനം, റസൂൽ ﷺ പറഞ്ഞു: അല്ലാഹുവിൽ യാതൊന്നിനെയും പങ്കുചേർ ക്കാതെ, ആർ അവനെ കണ്ടുമുട്ടുന്നുവോ, അവൻ സ്വർഗ്ഗത്തിൽ പ്രവേശിച്ചു. പങ്കുചേർത്തുകൊ ണ്ട് അവനെ ആർ കണ്ടുമുട്ടുന്നുവോ, അവൻ നരകത്തിൽ പ്രവേശിച്ചു.

وعن أبي هريرة ﷺعن النبيﷺ قال: (اجتنبوا السبع الموبقات. قالوا يا رسول الله وما هن؟ قال: الشرك بالله.....) الحديث، متفق عليه

അബൂഹുറയ്റ ﷺ യിൽനിന്നു നിവേദനം, നബി ﷺ പറഞ്ഞു: നാശകരങ്ങളായ ഏഴു മഹാപാപങ്ങൾ നിങ്ങൾ വെടിയുവിൻ. സ്വഹാബികൾ ചോദിച്ചു, പ്രവാചകരേ, ഏതാണവ? നബി ﷺ പറഞ്ഞു: അ ല്ലാഹുവിൽ പങ്കുചേർക്കൽ.... [ഹദീഥ്]

وعن معاذ بن جبلﷺ قال: كنت رديف النبيﷺ على حمار فقال: يا معاذ، أتدري ما حق الله على العباد وما حق العباد على الله؟ قلت: الله ورسوله أعلم. قال: حق الله على العباد أن يعبدوه ولا يشركو به شيئا، وحق العباد على الله أن لآ يعذّب من لآ يشرك به شيئا...) مسلم

മുആദുബ്നു ജബൽ ﷺ ൽനിന്നു നിവേദനം, ഞാൻ നബി ﷺ യുടെകൂടെ ഒരു കഴുതപ്പുറത്ത് യാത്രചെയ്യുകയായിരുന്നു. അപ്പോൾ നബിﷺ ചോദിച്ചു, മുആദ്; അല്ലാഹുവിൻെറ സൃഷ്ടികൾക്ക് അല്ലാഹുവിനോടുള്ള അവകാശവും, അല്ലാഹുവിന്ന് സൃഷ്ടികളോടുള്ള അവകാശവും, എന്താ ണെന്ന് നിനക്കറിയാമോ? ഞാൻ പറഞ്ഞു: അല്ലാഹുവിനും അവൻെറ റസൂലിനും അറിയാം. നബി ﷺ പറഞ്ഞു: അല്ലാഹുവിനെ മാത്രം ആരാധിക്കലും, അവനിൽ യാതൊന്നിനെയും പങ്കുചേർക്കാതി

രിക്കലുമാണ് സൃഷ്ടികൾക്ക് അല്ലാഹുവിനോടുള്ള അവകാശം. അല്ലാഹുവിൽ യാതൊന്നിനെയും പങ്കുചേർക്കാത്തവനെ ശിക്ഷിക്കാതിരിക്കൽ അല്ലാഹുവിന്ന് സൃഷ്ടികളോടുള്ള അവകാശവും.

സംഗ്രഹം:

1-ശിർക് (ബഹുദൈവ വിശ്വാസം) അപകടകരമാണ്. അതിനു തുല്യമായി മറ്റൊരു പാപവുമില്ല. പശ്ചാത്താപം കൊണ്ടല്ലാതെ അല്ലാഹു അത് പൊറുത്തു തരികയില്ല. അല്ലാഹു ഉദ്ദേശിച്ചവർക്ക് പൊറുത്തു കൊടുക്കുന്ന, മറ്റു പാപങ്ങളെപ്പോലെയല്ല അത്.
2-ശിർക് ചെയ്തു കൊണ്ട് ആരെങ്കിലും മരിച്ചാൽ അവൻെറ എല്ലാ പ്രവർത്തനങ്ങളും നിഷ്ഫലമായിത്തീരും. അത് (ശിർക്) അവൻ നരകത്തിൽ നിത്യവാസിയാകാനുള്ള കാരണവുമായിത്തീരും.
3-തൗഹീദ് (ഏകദൈവ വിശ്വാസം) വളരെ ശ്രേഷ്ഠമായ കാര്യമാണ്. ജിന്നുകളുടെയും മനുഷ്യരുടെയും സൃഷ്ടിപ്പിൻെറ തന്നെ ലക്ഷ്യം അതാകുന്നു. സ്വർഗ്ഗ പ്രവേശനത്തിനും നരകത്തിൽ നിന്ന് രക്ഷപ്പെടുവാനുമുള്ള മുഖ്യകാരണവും അതാണ്.

3-ലോകമാന്യം

അല്ലാഹു പറയുന്നു:

﴿فَوَيْلٌ لِلْمُصَلِّينَ الَّذِينَ هُمْ عَنْ صَلَاتِهِمْ سَاهُونَ، الَّذِينَ هُمْ يُرَاؤُنَ وَيَمْنَعُونَ الْمَاعُونَ﴾
(الماعون:٤-٧)

എന്നാൽ തങ്ങളുടെ നമസ്കാരത്തെ പറ്റി ശ്രദ്ധയില്ലാത്തവരും, ജനങ്ങളെ കാണിക്കാൻ വേണ്ടി പ്രവർത്തിക്കുന്നവരും, പരോപകാര വസ്തുക്കൾ മുടക്കുന്നവരുമായ നമസ്കാരക്കാർക്കാകുന്നു നാശം. (അൽ മാഊൻ-4-7)

وعن أبي سعيد بن فضالة ﷺ قال سمعت رسول الله ﷺ يقول:(إذا جمع الله الأولين والآخرين ليوم القيامة ليوم لا ريب فيه نادى منادٍ: من كان أشرك في عمله لله أحدا فليطلب ثوابه من عنده، فإن الله أغنى الشركاء عن الشرك) الترمذي

അബൂസഈദുബ്നു ഫുദാല ﷺ യിൽനിന്നു നിവേദനം, നബി ﷺ പറയുന്നതായി ഞാൻ കേട്ടിരിക്കുന്നു: സംശയിക്കേണ്ടതില്ലാത്ത ആ (അന്ത്യ) ദിനത്തിൽ അല്ലാഹു ആദ്യന്തമുള്ള (എല്ലാ) മനുഷ്യരെയും ഒരുമിച്ചു കൂട്ടിയാൽ ഒരാൾ വിളിച്ചുപറയും: തൻെറ പ്രവർത്തനങ്ങളിൽ അല്ലാഹു അല്ലാത്തവരെ പങ്കുചേർത്തവർ തങ്ങളുടെ പ്രതിഫലം അവരിൽ (പങ്കുകാരിൽ) നിന്നും വാങ്ങിക്കൊള്ളട്ടെ. എല്ലാ പങ്കുകാരിൽ നിന്നും അവർ ചേർക്കുന്ന പങ്കിൽനിന്നും അല്ലാഹു ധന്യനാണ്.

وعن أبي سعيد الخدري ﷺ قال: خرج علينا رسول الله ﷺ ونحن نتذاكر المسيح الدجال فقال:(ألا أخبركم بما هو أخوف عليكم عندي من المسيح الدجال؟ فقلنا بلى يا رسول الله، فقال: الشرك الخفي، أن يقوم الرجل يصلي فيزيّن صلاته لما يرى من نظر الرجل إليه) ابن ماجه

അബൂസഈദിൽഖുദ്രി ﷺ യിൽനിന്നു നിവേദനം, ഒരിക്കൽ ഞങ്ങൾ മസീഹുദ്ദജ്ജാലിനെ കുറിച്ച് സംസാരിച്ചു കൊണ്ടിരിക്കെ നബി ﷺ ഞങ്ങളുടെ അടുക്കൽ വന്നു പറഞ്ഞു: നിങ്ങളുടെ മേൽ മസീഹുദ്ദജ്ജാലിനെക്കാൾ കൂടുതലായി ഞാൻ ഭയപ്പെടുന്ന ഒരു കാര്യത്തെ കുറിച്ചു പറഞ്ഞു തരട്ടെയോ? ഞങ്ങൾ പറഞ്ഞു, അതെ റസൂലേ. അപ്പോൾ നബി ﷺ പറഞ്ഞു: ഗോപ്യമായ ശിർകാണത്. മറ്റുള്ളവർ തന്നെ കാണുമ്പോൾ മാത്രം തൻെറ നമസ്കാരം മോടി കൂട്ടുന്ന ഒരാൾ (ചെയ്യുന്നത് ഗോപ്യമായശിർക് ആകുന്നു).

സംഗ്രഹം:

1-ലോകമാന്യത്തിനു വേണ്ടി പ്രവർത്തിക്കുന്നവർക്കുള്ള അതിശക്ത മായ താക്കീതാണിത്.
2-മനുഷ്യൻ താനറിയാതെ ചിലപ്പോൾ ഇതിൽ (ലോകമാന്യത്തിൽ) വീണുപോകും.
3-ജനങ്ങൾ കാണാൻ വേണ്ടി കാര്യങ്ങൾ ചെയ്യുന്നവൻെറ പ്രവർത്തനങ്ങൾ അസ്വീകാര്യമാകുന്നു.

4-പ്രാർത്ഥന

അല്ലാഹു പറയുന്നു:

﴿ وَقَالَ رَبُّكُمُ ادْعُونِي أَسْتَجِبْ لَكُمْ ﴾ (غافر:٦٠)

നിങ്ങളുടെ രക്ഷിതാവ് പറഞ്ഞിരിക്കുന്നു; നിങ്ങൾ എന്നോട് പ്രാർത്ഥിക്കൂ,, ഞാൻ നിങ്ങൾക്ക് ഉത്തരം നൽകും. (മുഅ്മിൻ-60).

﴿ وَإِذَا سَأَلَكَ عِبَادِي عَنِّي فَإِنِّي قَرِيبٌ أُجِيبُ دَعْوَةَ الدَّاعِ إِذَا دَعَانِ..﴾ (البقرة:١٨٦)

നിന്നോട് എൻെറ ദാസന്മാർ എന്നെപ്പറ്റി ചോദിച്ചാൽ, ഞാൻ (അവർക്ക് ഏറ്റവും) അടുത്തുള്ളവനാകുന്നു (എന്ന് പറയുക). പ്രാർത്ഥിക്കുന്നവൻ എന്നെ വിളിച്ചു പ്രാർത്ഥിച്ചാൽ ഞാൻ ആ പ്രാർത്ഥനക്ക് ഉത്തരം നൽകുന്നതാണ്. (അൽബ ഖറ-186)

﴿ ادْعُوا رَبَّكُمْ تَضَرُّعًا وَخُفْيَةً إِنَّهُ لاَ يُحِبُّ الْمُعْتَدِينَ ﴾ (الأعراف:٥٥)

താഴ്മയോടു കൂടിയും രഹസ്യമായിക്കൊണ്ടും നിങ്ങൾ നിങ്ങളുടെ രക്ഷിതാവിനോട് പ്രാർത്ഥിക്കുക. പരിധിവിട്ടു പോകുന്നവരെ അല്ലാഹു ഇഷ്ടപ്പെടുക തന്നെയില്ല. (7-55)

وعن النعمان بن بشير ﷺ عن النبي ﷺ قال:(الدعاء هو العبادة) الترمذي

നുഅ്മാനുബ്നു ബഷീർ ﷺ ൽനിന്നു നിവേദനം, നബി ﷺ പറഞ്ഞു: പ്രാർത്ഥന അതു തന്നെയാകുന്നു ആരാധന.

وعن أبي هريرة ﷺ أن رسول الله ﷺ قال: (أقرب ما يكون العبد من ربه وهو ساجد فأكثروا الدعاء) مسلم

അബൂഹുറയ്റ ﷺ യിൽനിന്നു നിവേദനം, നബി ﷺ പറഞ്ഞു: ഒരു മനുഷ്യൻ തൻെറ രക്ഷിതാവിനോട് ഏറ്റവും കൂടുതൽ അടുക്കുന്നത് സുജൂദിലാണ്. അതുകൊണ്ട് സുജൂദിൽ നിങ്ങൾ പ്രാർത്ഥന അധികരിപ്പിക്കുക

وعن عائشة رضي الله عنها قالت:(كان رسول الله ﷺ يستحب الجوامع من الدعاء ويدع ما سوى ذلك) أبوداود.

ആയിശഃ (റ) പറഞ്ഞു: പ്രാർത്ഥനയിൽ ആശയ സമ്പുഷ്ടമായ ഹ്യസ്വവചനമായിരുന്നു നബിﷺക്ക് ഏറ്റവും ഇഷ്ടം. അതല്ലാത്തവ നബി ﷺ ഉപേക്ഷിക്കുമായിരുന്നു.

وعن عبادة بن الصامت ﷺ أن رسول الله ﷺ قال:(ما من عبد مسلم يدعو بدعاء إلاّ آتاه الله ما سأل، أو ادّخر الله له في الآخرة خيرا منه، أو كف عنه من السوء مثله ما لم يدع بإثم أو قطيعة رحم)

ഉബാദത്തുബ്നു സ്വാമിത് ﷺ നിന്നു നിവേദനം, നബി ﷺ പറഞ്ഞു: കുറ്റകരമായ കാര്യത്തിനോ, കുടുംബ ബന്ധം മുറിക്കുന്ന കാര്യത്തിനോ, പ്രാർത്ഥിക്കാത്തിടത്തോളം കാലം, ഒരു മുസ്ലിം വല്ല പ്രാർത്ഥനയും ചെയ്താൽ, അവൻ പ്രാർത്ഥിച്ചത് അല്ലാഹു അവന്ന് നൽകും. അല്ലെങ്കിൽ അതിനെക്കാൾ നല്ലതാക്കി അല്ലാഹു അവന്ന് (ആപ്രാർത്ഥനയെ) അന്ത്യനാളിലേക്ക് സൂക്ഷിക്കും. അല്ലെങ്കിൽ അതിനു സമമായ ഒരുദോഷത്തെ അല്ലാഹു അവനിൽ നിന്നു തടയും.

وعنه ﷺأن رسول الله ﷺ كان يقول:(دعوة المسلم لأخيه بظهر الغيب مستجابة، عند رأسه ملك موكّل كلما دعا لأخيه بخير قال الملك الموكل به: آمين، ولك بمثل) مسلم

ഉബാദതുബ്നു സ്വാമിത് ﷺ ൽനിന്നു നിവേദനം, നബി ﷺ പറഞ്ഞു: ഒരു മുസ്ലിം തൻെറ സഹോദരനു വേണ്ടി, അവൻെറ അസാന്നിദ്ധ്യത്തിൽ നടത്തുന്ന പ്രാർത്ഥനക്ക് ഉത്തരം നൽകപ്പെടും. അവൻെറ തലക്കരികിൽ ചുമതലയേറ്റ ഒരു മലക്കുണ്ടാകും. അവൻ തൻെറ സഹോദരൻെറ നന്മക്കുവേണ്ടി പ്രാർത്ഥിക്കുമ്പോളെല്ലാം, ആമീൻ എന്നും, നിനക്കും അതുപോലെ ഉണ്ടാകട്ടെ എന്നും ആ മലക്ക് പറഞ്ഞു കൊണ്ടിരിക്കും.

സംഗ്രഹം:

1-പ്രാർത്ഥന ആരാധനയാകുന്നു. അത് അല്ലാഹു അല്ലാത്തവരോട് ചെയ്യാൻപാടില്ല. ആരെങ്കിലും അല്ലാഹു അല്ലാത്തവരോട് പ്രാർത്ഥിച്ചാൽ അവൻ ബഹുദൈവാരാധകൻ ആയിത്തീരും. പ്രാർത്ഥനക്ക് വളരെവലിയ സ്ഥാനവും പ്രാധാന്യവുമുണ്ട്. അതു കൊണ്ടാണ് നബി ﷺ അതിനെ ആരാധനയായി എണ്ണിയത്. അതായത് പ്രാർത്ഥന ആരാധനയുടെ പ്രധാന ഭാഗമാകുന്നു.

2-പ്രാർത്ഥിക്കുമ്പോൾ ശബ്ദം താഴ്ത്തുന്നതും, ആശയസമ്പുഷ്ടമായ പ്രാർത്ഥനാ വചനങ്ങൾ ഉപയോഗിക്കുന്നതും നല്ലതാകുന്നു.
3-മനുഷ്യൻ തനിക്കോ, തൻെറ സമ്പത്തിനോ എതിരിൽ പ്രാർത്ഥിക്കരുതെന്ന മുന്നറിയിപ്പ്.
4-മുസ്ലിംകൾക്കു വേണ്ടി അവരുടെ അസാന്നിദ്ധ്യത്തിലും പ്രാർത്ഥിക്കാം.
5-പ്രാർത്ഥിച്ചവൻ ചോദിച്ച കാര്യം തന്നെ ഉത്തരമായി കിട്ടിക്കൊള്ളണമെന്നില്ല. ചിലപ്പോൾ ആ പ്രാർത്ഥന നിമിത്തം അവൻെറ ഒരു തിന്മ തടയപ്പെടും. അല്ലെങ്കിൽ പ്രാർത്ഥനയുടെ ഫലം ഏറ്റവും കൂടുതൽ ആവശ്യമായിവരുന്ന അന്ത്യനാളിൽ അതിൻെറ ഫലം അവന്ന് നൽകപ്പെടും.
6-നിഷിദ്ധ ഭക്ഷണവും വസ്ത്രവും പ്രാർത്ഥനക്ക് ഉത്തരം കിട്ടുന്നതിന്ന് തടസ്സമാണ്.

5-വിജ്ഞാനം

അല്ലാഹു പറയുന്നു:

﴿ قُلْ هَلْ يَسْتَوِي الَّذِينَ يَعْلَمُونَ وَالَّذِينَ لاَ يَعْلَمُونَ ﴾ (الزمر:٩)

പറയുക, അറിവുള്ളവരും അറിവില്ലാത്തവരും സമമാകുമോ? (സുമർ-9)

﴿ يَرْفَعُ اللَّهُ الَّذِينَ آمَنُوا مِنْكُمْ وَالَّذِينَ أُوتُوا الْعِلْمَ دَرَجَاتٍ ﴾ (المجادلة:١١)

നിങ്ങളിൽ നിന്ന് വിശ്വസിച്ചവരെയും വിജ്ഞാനം നൽകപ്പെട്ടവരെയും അല്ലാഹു പലപടികൾ ഉയർത്തുന്നതാണ്. (മുജാദില:-11)

﴿ وَقُلْ رَبِّ زِدْنِي عِلْمًا ﴾ (طه:١١٤)

'എൻെറ രക്ഷിതാവേ, എനിക്ക് നീ ജ്ഞാനം വർദ്ധിപ്പിച്ചു തരേണമേ' എന്നു നീ പറയുകയും ചെയ്യുക. (ത്വാഹാ-114)

﴿ إِنَّمَا يَخْشَى اللَّهَ مِنْ عِبَادِهِ الْعُلَمَاءُ ﴾ (فاطر:٢٨)

അല്ലാഹുവെ ഭയപ്പെടുന്നത് അവൻെറ ദാസന്മാരിൽ നിന്നും അറിവുള്ളവർ മാത്രമാകുന്നു. (ഫാത്വിർ-28)

وعن معاوية ﷺ قال قال رسول الله ﷺ (من يرد الله به خيرا يفقهه في الدين) متفق عليه.
മുആവിയഃ ﷺ യിൽനിന്നു നിവേദനം, നബി ﷺ പറഞ്ഞു: ആർക്കെങ്കിലും നന്മ (നൽകാൻ) അല്ലാഹു ഉദ്ദേശിച്ചാൽ, അവനെ (അല്ലാഹു) മതത്തിൽ അഗാധ ജ്ഞാനമുള്ളവനാക്കും.

عن أنس ﷺأن النبيﷺ قال: (من علّم علما فله أجر من عمل به لاينقص من أجر العامل شيء) ابن ماجه

അനസുബ്നു മാലിക് ﷺൽനിന്നു നിവേദനം, നബി ﷺ പറഞ്ഞു: ആരെങ്കിലും ഒരു അറിവ് പഠിപ്പിച്ചു കൊടുത്താൽ, (ആ അറിവു കൊണ്ട്) പ്രവൃത്തി ചെയ്തവൻെറ പ്രതിഫലം പഠിപ്പിച്ചവനും ലഭിക്കും. അവൻെറ പ്രതിഫലത്തിൽ ഒന്നും കുറവുവരാതെ തന്നെ.

عن أبي هريرة ﷺأن النبيﷺ قال:(إذا مات ابن آدم انقطع عمله إلا من ثلاث، صدقة جارية، أو علم ينتفع به، أو ولد صالح يدعو له) مسلم

അബൂഹുറയ്റ ﷺ യിൽനിന്നു നിവേദനം, നബിﷺപറഞ്ഞു: മനുഷ്യൻ മരിച്ചാൽ മൂന്നു കാര്യങ്ങളിൽ നിന്നല്ലാതെ, എല്ലാ പ്രവർത്തന (ഫല)ങ്ങളും നിലച്ചുപോകും. സ്ഥിരമായി നിൽക്കുന്ന ദാനം, ഉപകരിക്കുന്ന അറിവ്, തനിക്കുവേണ്ടി പ്രാർത്ഥിക്കുന്ന നല്ലവനായ സന്താനം.

وعن سهل بن سعد ﷺأن رسول الله ﷺ قال:(والله لأن يهدي الله بك رجلا واحدا خير لك من حمر النعم) البخاري

സഹ്ലുബ്നു സഅ്ദ് ﷺ ൽനിന്നു നിവേദനം, നബി ﷺ പറഞ്ഞു: അല്ലാഹു, സത്യം, നീമുഖേന അല്ലാഹു ഒരാളെ നേർമാർഗ്ഗത്തിലാക്കുന്നത് നിനക്ക് ഒരുചുവന്ന ഒട്ടകം ലഭിക്കുന്നതിനെക്കാൾ ഉത്തമമാകുന്നു.

وعن عبد الله بن عمرو بن العاص ﷺأن رسول الله ﷺ قال:(بلّغوا عني ولو آية) البخاري

അബ്ദുല്ലാഹിബ്നു അംരിബ്നിൽആസ്വി ﷺ ൽനിന്നു നിവേദനം, നബി ﷺപറഞ്ഞു: എന്നിൽ നിന്നും ഒരു ആയത്തെങ്കിലും നിങ്ങൾ (മറ്റുള്ളവർക്ക്) എത്തിച്ചു (പഠിപ്പിച്ചു) കൊടുക്കുക.

<u>സംഗ്രഹം:</u>

1-ഈ ഖുർആൻ വചനങ്ങളും നബിവചനങ്ങളും വിജ്ഞാനം, പണ്ഡിതർ എന്നിവരുടെ ശ്രേഷ്ഠത വ്യക്തമാക്കുന്നു. മതവിജ്ഞാനം നേടൽ അല്ലാഹു മനുഷ്യന്ന് നന്മ നൽകാൻ ഉദ്ദേശിക്കുന്നതിൻെറ തെളിവാണ്. വിജ്ഞാനം അന്വേഷിക്കലും കരസ്ഥമാക്കലും സ്വർഗ്ഗ പ്രവേശനത്തിനു കാരണമാകും.

2-ജനങ്ങളെ പഠിപ്പിക്കലും നന്മയുടെ മാർഗ്ഗം കാണിച്ചു കൊടുക്കലും വിജ്ഞാനം (വളരെ കുറച്ചാണെങ്കിലും) അവർക്കെത്തിച്ചു കൊടുക്കലും വളരെ മഹത്തായ കർമ്മമാകുന്നു. അത് മരണാനന്തരം മനുഷ്യന് ഏറ്റവും ഉപകാരമുള്ളതുമായിരിക്കും.

3-വിദ്യകരസ്ഥമാക്കൽ സുന്നത്ത് (ഐഛികം) ആയ ആരാധനാ കർമ്മങ്ങളെക്കാൾ ശ്രേഷ്ഠമാകുന്നു.

4-സന്താനങ്ങൾക്ക് നല്ലവിജ്ഞാനവും, പരിപാലനവും നൽകാനുള്ള പ്രോത്സാഹനം.

6-നന്മ കൽപിക്കുക, തിന്മ വിരോധിക്കുക

അല്ലാഹു പറയുന്നു:

﴿كُنْتُمْ خَيْرَ أُمَّةٍ أُخْرِجَتْ لِلنَّاسِ تَأْمُرُونَ بِالْمَعْرُوفِ وَتَنْهَوْنَ عَنِ الْمُنْكَرِ وَتُؤْمِنُونَ بِاللَّهِ﴾ (آل عمران:١١٠)

മനുഷ്യ വംശത്തിനു വേണ്ടി രംഗത്തു കൊണ്ടുവരപ്പെട്ട ഉത്തമ സമുദായമാകുന്നു നിങ്ങൾ. നിങ്ങൾ സദാചാരം കൽപിക്കുകയും ദുരാചാരത്തിൽ നിന്ന് വിലക്കുകയും, അല്ലാഹുവിൽ വിശ്വസിക്കുകയും ചെയ്യുന്നു. (ആലുഇംറാൻ-110)

﴿وَلْتَكُنْ مِنْكُمْ أُمَّةٌ يَدْعُونَ إِلَى الْخَيْرِ وَيَأْمُرُونَ بِالْمَعْرُوفِ وَيَنْهَوْنَ عَنِ الْمُنْكَرِ وَأُولَئِكَ هُمُ الْمُفْلِحُونَ﴾ (آل عمران:١٠٤)

നന്മയിലേക്ക് ക്ഷണിക്കുകയും സദാചാരം കൽപിക്കുകയും ദുരാചാരത്തിൽ നിന്നു വിലക്കുകയും ചെയ്യുന്ന ഒരുസമുദായം നിങ്ങളിൽ നിന്നും ഉണ്ടായിരിക്കട്ടെ, അവരത്രെ വിജയികൾ. (ആലുഇംറാൻ-104).

عن أبي سعيد الخدري ﷺقال، سمعت رسول الله ﷺ يقول:(من رأى منكم منكرا فليغيّره بيده، فإن لم يستطع فبلسانه، فإن لم يستطع فبقلبه، وذلك أضعف الإيمان) مسلم

അബൂസഈദിൽ ഖുദ്രി ﷺയിൽനിന്നു നിവേദനം, നബി ﷺപറയുന്നതായി ഞാൻ കേട്ടിരിക്കുന്നു: ആരെങ്കിലും ഒരുതെറ്റു ചെയ്യുന്നതായി നിങ്ങളാരെങ്കിലും കണ്ടാൽ, അതിനെ അവൻെറ കൈകൊണ്ട് തടയണം. അതിന്നു സാദ്ധ്യമല്ലെങ്കിൽ അവൻെറ നാവുകൊണ്ട് തടയണം. അതിന്നും സാദ്ധ്യമല്ലെങ്കിൽ മനസ്സുകൊണ്ട്(വെറുക്കണം). വിശ്വാസത്തിൻെറ ഏറ്റവും താഴ്ന്ന പടിയാണത്.

وعن حذيفة ﷺعن النبيﷺ قال:(والذي نفسي بيده لتأمرنّ بالمعروف ولتنهون عن المنكر أو ليوشكن الله أن يبعث عليكم عقابا منه ثم تدعونه فلا يستجاب لكم) الترمذي

ഹുദയ്ഫ ﷺ യിൽനിന്നു നിവേദനം, നബി ﷺപറഞ്ഞു: എൻെറ ആത്മാവ് ആരുടെ കയ്യിലാണോ, അവൻ (അല്ലാഹു) തന്നെയാണ, സത്യം നിങ്ങൾ സദാചാരം കൽപിക്കുകയും ദുരാചാരം വിരോധിക്കുകയും തന്നെവേണം. അല്ലാത്തപക്ഷം അല്ലാഹു നിങ്ങളുടെ മേൽ ശിക്ഷ അയക്കും. പിന്നീട് നിങ്ങൾ പ്രാർത്ഥിച്ചാൽ ഉത്തരം ലഭിക്കില്ല.

وعن أبي بكر الصديقﷺ قال سمعت رسول الله ﷺ يقول:(إن الناس إذا رأوا الظالم فلم يأخذوا على يديه أوشك الله أن يعمهم بعقاب منه) أبوداود والترمذي والنسائي

അബൂബകർ സിദ്ദീഖ് ﷺ പറഞ്ഞു: റസൂൽ ﷺ പറയുന്നത് ഞാൻ കേട്ടിരിക്കുന്നു: ഒരാൾ അക്രമം പ്രവർത്തിക്കുന്നത് ജനങ്ങൾ കണ്ടിട്ട് അവനെയാരും തടയുന്നില്ല. അല്ലാഹുവിന്റെ ശിക്ഷ അവരെ വ്യാപകമായി പിടികൂടാൻ അതുമതി. (അബൂദാവൂദ്, തിർമിദി, നസാഈ)

സംഗ്രഹം:

1-സദാചാരം കൽപിക്കലും ദുരാചാരം വിരോധിക്കലും വിജയത്തിനുള്ള കാരണങ്ങളാണ്.
2-ദുരാചാരം കാണാനിടയായാൽ തന്റെ കഴിവനുസരിച്ച് അതു തടയേണ്ടതാകുന്നു.
3-പിതാവ് തന്റെ വീട്ടിലും, ഭരണാധികാരിയോ, അദ്ദേഹത്തിന്റെ പ്രതിനിധിയോ ഭരണീയരിലും ഉള്ള ദുരാചാരത്തെ കൈ (അധികാരം) ഉപയോഗിച്ചു തടയേണ്ടതാണ്.
4-തെറ്റുകാരനെ വെറുക്കലും അവനുമായി അകന്നു നിൽക്കലുമാണ് ഹൃദയം കൊണ്ടുള്ള തടയൽ.
5-നന്മകൽപിക്കുക തിന്മവിരോധിക്കുക എന്നിവ ചെയ്യാതിരിക്കൽ പ്രാർത്ഥനക്ക് ഉത്തരം ലഭിക്കാതിരിക്കാനും അല്ലാഹുവിന്റെ ശിക്ഷക്കും കാരണമാകും.

7-നന്മ കൽപിക്കാനും തിന്മ വിരോധിക്കാനുമുള്ള മര്യാദകൾ

അല്ലാഹു പറയുന്നു:

﴿ ادْعُ إِلَى سَبِيلِ رَبِّكَ بِالْحِكْمَةِ وَالْمَوْعِظَةِ الْحَسَنَةِ وَجَادِلْهُمْ بِالَّتِي هِيَ أَحْسَنُ ﴾ (النحل:١٢٥)

യുക്തിദീക്ഷയോടു കൂടിയും സദുപദേശം മുഖേനയും നിന്റെ രക്ഷിതാവിന്റെ മാർഗ്ഗത്തിലേക്ക് നീ ക്ഷണിച്ചു കൊള്ളുക. ഏറ്റവും നല്ലരീതിയിൽ അവരുമായി സംവാദം നടത്തുകയും ചെയ്യുക. (അന്നഹ്ൽ-125)

﴿ فَبِمَا رَحْمَةٍ مِنَ اللَّهِ لِنْتَ لَهُمْ وَلَوْ كُنْتَ فَظًّا غَلِيظَ الْقَلْبِ لَانْفَضُّوا مِنْ حَوْلِكَ ﴾ (آل عمران:١٥٩)

(നബിയേ), അല്ലാഹുവിങ്കൽ നിന്നുള്ള കാരുണ്യം കൊണ്ടാണ് നീ അവരോട് സൗമ്യമായി പെരുമാറിയത്. നീയൊരു പരുഷസ്വഭാവിയും കഠിന ഹൃദയനുമായിരുന്നെങ്കിൽ നിന്റെ ചുറ്റിൽ നിന്നും അവർ പിരിഞ്ഞു പോയിക്കളയുമായിരുന്നു. (ആലുഇംറാൻ-159)

وعن عائشة **قالت قال رسول الله ﷺ :(إن الله رفيق يحب الرفق في الأمر كله)** متفق عليه

ആയിശ: (റ) യിൽനിന്നു നിവേദനം, നബി ﷺ പറഞ്ഞു: അല്ലാഹു സൗമ്യനാകുന്നു. എല്ലാ കാര്യത്തിലും സൗമ്യത അവൻ ഇഷ്ടപ്പെടുന്നു.

وعن عائشة أن النبيﷺ قال:(إن الرفق لا يكون في شيء إلا زانه ولا ينزع من شيء إلا شانه) مسلم

ആഇശ: (റ) യിൽനിന്നു നിവേദനം, നബി ﷺ പറഞ്ഞു: വിനയം ഏതൊരു വസ്തുവിനെയും ഭംഗിയുള്ളതാക്കും. വിനയമില്ലാത്ത ഏതൊരു കാര്യവും അഭംഗിയുള്ളതായിത്തീരും. (മുസ്ലിം)

وعن جرير بن عبد الله ﷺقال سمعت رسول اللهﷺ يقول:(من يحرم الرفق يحرم الخير كله) مسلم

ജരീറുബ്നു അബ്ദില്ല ﷺ യിൽനിന്നു നിവേദനം, നബി ﷺ പറയുന്നതായി ഞാൻ കേട്ടിട്ടുണ്ട്: വിനയം നിഷിദ്ധമാക്കപ്പെട്ട (ഇല്ലാത്ത) വന്ന് എല്ലാനന്മയും തടയപ്പെടും (മുസ്ലിം).

സംഗ്രഹം:

1-നന്മകൽപിക്കുക, തിന്മവിരോധിക്കുക, പ്രബോധന പ്രവർത്തനങ്ങൾ നടത്തുക, എന്നീ കാര്യങ്ങളിൽ യുക്തിപരവും വിനയ പൂർണ്ണവുമായ മാർഗ്ഗങ്ങൾ സ്വീകരിക്കാനുള്ള പ്രേരണ.

8-മാതാപിതാക്കൾ

അല്ലാഹു പറയുന്നു:

﴿ وَوَصَّيْنَا الْإِنْسَانَ بِوَالِدَيْهِ حُسْنًا ﴾ (العنكبوت:٨)

മനുഷ്യനോട് അവന്റെ മാതാപിതാക്കളുടെ കാര്യത്തിൽ നന്മ ചെയ്യുവാൻ നാം അനുശാസിച്ചിരിക്കുന്നു. (അൻകബൂ ത്-8)

﴿وَقَضَى رَبُّكَ أَن لاَ تَعْبُدُوا إِلاَّ إِيَّاهُ وَبِالْوَالِدَيْنِ إِحْسَانًا إِمَّا يَبْلُغَنَّ عِندَكَ الْكِبَرَ أَحَدُهُمَا أَوْ كِلاَهُمَا فَلاَ تَقُل لَّهُمَا أُفٍّ وَلاَ تَنْهَرْهُمَا وَقُل لَّهُمَا قَوْلاً كَرِيمًا ﴾ (الإسراء:٢٣)

തന്നെയല്ലാതെ നിങ്ങള്‍ ആരാധിക്കരുതെന്നും, മാതാപിതാക്കള്‍ക്ക് നന്മചെയ്യണമെന്നും, നിന്‍റെ രക്ഷിതാവ് വിധിച്ചിരിക്കുന്നു. അവരില്‍ (മാതാപിതാക്കളില്‍) ഒരാളോ, അവരില്‍ രണ്ടുപേരും തന്നെയോ, നിന്‍റെയടുക്കല്‍ വാര്‍ദ്ധക്യം പ്രാപിക്കുകയാണെങ്കില്‍ അവരോട് നീ "ഛെ" എന്നു പറയുകയോ, അവരോട് കയര്‍ക്കുകയോ ചെയ്യരുത്. അവരോട് നീ മാന്യമായ വാക്ക്പറയുക. (ഇസ്റാഅ്-23)

﴿وَوَصَّيْنَا الْإِنسَانَ بِوَالِدَيْهِ حَمَلَتْهُ أُمُّهُ وَهْنًا عَلَى وَهْنٍ وَفِصَالُهُ فِي عَامَيْنِ أَنِ اشْكُرْ لِي وَلِوَالِدَيْكَ...﴾ (لقمان:١٤)

മനുഷ്യന് അവന്‍റെ മാതാപിതാക്കളുടെ കാര്യത്തില്‍ നാം അനുശാസനം നല്‍കിയിരിക്കുന്നു. ക്ഷീണത്തിനു മേല്‍ ക്ഷീണവുമായിട്ടാണ് മാതാവ് അവനെ ഗര്‍ഭം ചുമന്നു നടന്നത്. അവന്‍റെ മുലകുടി നിര്‍ത്തുന്ന കാലമാകട്ടെ രണ്ടു വര്‍ഷം കൊണ്ടുമാണ്. എന്നോടും നിന്‍റെ മാതാപിതാക്കളോടും നന്ദികാണിക്കുക (എന്നാണ് നാം അനുശാസിച്ചത്). (ലുഖ്മാന്‍-14)

وعن عبد الله بن مسعود ﷺ قال: سألت النبيﷺ: أيّ العمل أحب إلى الله؟ قال: (الصلاة على وقتها) قلت ثم أيّ؟ قال(بر الوالدين) قلت ثم أيّ؟ قال(الجهاد في سبيل الله) متفق عليه

അബ്ദുല്ലാഹിബ്നു മസ്ഊദ് ﷺ ല്‍നിന്നു നിവേദനം, ഏതു പ്രവൃത്തിയാണ് ഏറ്റവും ഉത്തമമെന്ന് ഞാന്‍ നബി ﷺയോട് ചോദിച്ചു. അദ്ദേഹം പറഞ്ഞു: നമസ്കാരം കൃത്യസമയത്ത് നിര്‍വ്വഹിക്കല്‍. പിന്നെ ഏതാണെന്ന് ഞാന്‍ ചോദിച്ചു. അദ്ദേഹം പറഞ്ഞു: മാതാപിതാക്കള്‍ക്ക് ഗുണം ചെയ്യല്‍ പിന്നെ ഏതാണെന്ന് ഞാന്‍ ചോദിച്ചു. അദ്ദേഹം പറഞ്ഞു: അല്ലാഹുവിന്‍റെ മാര്‍ഗ്ഗത്തിലുള്ള ജിഹാദ്.

وعن أبي هريرةﷺ قال: جاء رجل إلى رسول الله ﷺ فقال: يا رسول الله، من أحق الناس بحسن صحابتي؟ قال: (أمك) ثم من؟ قال:(أمك) قال ثم من؟ قال(أمك) قال ثم من؟ قال: (أبوك) متفق عليه

അബൂഹുറയ്റ ﷺ യില്‍നിന്നു നിവേദനം, നബിﷺയുടെ അടുക്കല്‍ ഒരാള്‍ വന്നു ചോദിച്ചു; നബിയേ, എന്‍റെ നല്ലസഹവാസത്തിന് ജനങ്ങളില്‍ ഏറ്റവും കടപ്പെട്ടവന്‍ ആരാകുന്നു?

നബി: നിന്‍റെ മാതാവ്.
ആഗതന്‍: പിന്നെയാരാണ്? നബി: നിന്‍റെ മാതാവ്.
ആഗതന്‍: പിന്നെയാരാണ്? നബി: നിന്‍റെ മാതാവ്.
ആഗതന്‍: പിന്നെയാരാണ്? നബി: നിന്‍റെ പിതാവ്.

സംഗ്രഹം:

1-ഇസ്ലാം മാതാപിതാക്കളെ ആദരിക്കുന്നു. അവരെ അനുസരിക്കാനും അവര്‍ക്ക് നന്മ ചെയ്യാനും കല്‍പിക്കുന്നു.
2-നമസ്കാരം കൃത്യസമയത്ത് നിര്‍വ്വഹിക്കുന്നത് കഴിഞ്ഞാല്‍, അല്ലാഹുവിന്ന് ഏറ്റവും ഇഷ്ടപ്പെട്ട പ്രവൃത്തി മാതാപിതാക്കള്‍ക്ക് നന്മ ചെയ്യലാണ്.
3-അവരോട് നന്ദികേട് കാണിക്കല്‍, ചീത്തവാക്കു പറയല്‍, ചീത്ത പെരുമാറ്റം എന്നിവക്കെതിരെയുള്ള താക്കീത്.
4-നന്മയുടെയും അനുസരണത്തിന്‍റെയും കാര്യത്തില്‍ പിതാവിനെക്കാള്‍ സ്ഥാനം മാതാവിനാകുന്നു.

9-സ്വല്‍സ്വഭാവം

അല്ലാഹു പറയുന്നു:

﴿ وَإِنَّكَ لَعَلَى خُلُقٍ عَظِيمٍ ﴾ (القلم:٤)

തീർച്ചയായും നീ മഹത്തായ സ്വഭാവത്തിലാകുന്നു. (ഖലം-4)

﴿ فَبِمَا رَحْمَةٍ مِنَ اللَّهِ لِنْتَ لَهُمْ وَلَوْ كُنْتَ فَظًّا غَلِيظَ الْقَلْبِ لَانْفَضُّوا مِنْ حَوْلِكَ ﴾ (آل عمران:١٥٩)

(നബിയേ), അല്ലാഹുവിങ്കൽ നിന്നുള്ള കാരുണ്യം കൊണ്ടാണ് നീ അവരോട് സൗമ്യമായി പെരുമാറിയത്. നീയൊരു പരുഷസ്വഭാവിയും കഠിന ഹൃദയനുമായിരുന്നെങ്കിൽ നിൻെറ ചുറ്റിൽനിന്നും അവർ പിരിഞ്ഞു പോയിക്കളയുമായിരുന്നു. (ആലുഇംറാൻ-159)

وعن أبي الدرداء ﷺ أن النبي ﷺ قال:(ما من شيء أثقل في ميزان العبد يوم القيامة من حسن الخلق، وإن الله يبغض الفاحش البذيّ) الترمذي

അബുദ്ദർദാഅ് ﷺ ൽ നിന്നു നിവേദനം, നബി ﷺ പറഞ്ഞു: അന്ത്യദിനത്തിൽ സത്യവിശ്വാസിയുടെ ത്രാസിൽ സൽസ്വഭാവത്തെക്കാൾ ഭാരമുള്ള ഒരു വസ്തുവും ഉണ്ടായിരിക്കില്ല. ചീത്ത വാക്കുകൾ പറയുന്നവനോട് അല്ലാഹു കോപിക്കും.

وعن أبي هريرة ﷺ قال: سئل رسول الله ﷺ عن أكثر ما يدخل الناس الجنة فقال: (تقوى الله وحسن الخلق) الترمذي

അബൂഹുറയ്റ ﷺ യിൽനിന്നു നിവേദനം, ജനങ്ങളുടെ സ്വർഗ്ഗ പ്രവേശനത്തിന്ന് കൂടുതൽ കാരണമാകുന്ന കാര്യമേതാണെന്ന് നബി ﷺ യോട് ചോദിക്കപ്പെട്ടപ്പോൾ നബി ﷺ പറഞ്ഞു: ഭയഭക്തി (തഖ്വ) യും സൽസ്വഭാവവും.

وعن أبي هريرة ﷺ قال: قال رسول الله ﷺ :(أكمل المؤمنين إيمانا أحسنهم خلقا، وخياركم خياركم لنسائهم) الترمذي

അബൂഹുറയ്റ ﷺ യിൽനിന്നു നിവേദനം, നബി ﷺ പറഞ്ഞു: സത്യവിശ്വാസികളിൽ വിശ്വാസം പൂർണ്ണമായവൻ സൽസ്വഭാവമുള്ളവനാകുന്നു. നിങ്ങളിൽ ഏറ്റവും ഉത്തമൻ നിങ്ങളുടെ ഭാര്യമാരോട് നല്ല നിലക്ക് വർത്തിക്കുന്നവനാകുന്നു.

وعن عائشة رضي الله عنها قالت: سمعت رسول الله ﷺ يقول:(إن المؤمن ليدرك بحسن خلقه درجة الصائم والقائم) أبوداود

ആയിശഃ (റ) യിൽനിന്നു നിവേദനം, നബി ﷺ പറയുന്നതായി ഞാൻ കേട്ടിരിക്കുന്നു: ഒരു സത്യവിശ്വാസി തൻെറ സൽസ്വഭാവങ്ങൾ കൊണ്ട്, പകൽ നോമ്പെടുക്കുകയും രാത്രി നമസ്കരിക്കുകയും ചെയ്യുന്നവൻെറ പദവിയിലെത്തും.

സംഗ്രഹം:

1-നബി(സ) ഏറ്റവും നല്ല സ്വഭാവക്കാരനായിരുന്നു.
2-സൽസ്വഭാവം വളരെ ശ്രേഷ്ഠമായതും, മനുഷ്യൻെറ പദവി ഉയർത്തുന്നതും മനുഷ്യനെ സ്വർഗ്ഗത്തിൽ പ്രവേശിപ്പിക്കുന്നതുമാണ്. അന്ത്യദിനത്തിൽ മനുഷ്യൻെറ പ്രവർത്തനങ്ങൾ തൂക്കിക്കണക്കാക്കുന്നതാണ്. മുസ്ലിമിൻെറ ത്രാസിൽ ഏറ്റവും കനം തൂങ്ങുന്നത് സൽസ്വഭാവവും ഭയഭക്തിയുമായിരിക്കും.
3-നല്ലവാക്കുകൾ പറയാനും സൽപ്രവർത്തനങ്ങൾ ചെയ്യാനും ഇതു പ്രേരിപ്പിക്കുന്നു. ചീത്തവാക്കും പ്രവൃത്തിയും കുറിച്ചുള്ള താക്കീത്.
4-ഭാര്യാ ഭർത്താക്കൾക്കിടയിൽ നല്ലപെരുമാറ്റത്തിൻെറ പ്രാധാന്യം.
5-അനുസരണം കൊണ്ട് വിശ്വാസം വർദ്ധിക്കുകയും അനുസരണക്കേട് ഈമാൻ കുറക്കുകയും ചെയ്യും.

10-വിനയവും സൗമ്യതയും

അല്ലാഹു പറയുന്നു:

﴿فَبِمَا رَحْمَةٍ مِنَ اللَّهِ لِنْتَ لَهُمْ وَلَوْ كُنْتَ فَظًّا غَلِيظَ الْقَلْبِ لَانْفَضُّوا مِنْ حَوْلِكَ ﴾ (آل عمران:١٥٩)

(നബിയേ), അല്ലാഹുവിങ്കൽ നിന്നുള്ള കാരുണ്യം കൊണ്ടാണ് നീ അവരോട് സൗമ്യമായി പെരുമാറിയത്. നീയൊരു പരുഷസ്വഭാവിയും കഠിന ഹൃദയനുമായിരുന്നെങ്കിൽ നിൻെറ ചുറ്റിൽനിന്നും അവർ പിരിഞ്ഞു പോയിക്കളയുമായിരുന്നു. (ആലുഇംറാൻ-159).

وعن عائشة رضي الله عنها قالت: قال رسول الله ﷺ :(إن الله رفيق يحب الرفق في الأمر كله) متفق عليه

ആയിശഃ (റ) യിൽ നിന്നു നിവേദനം, റസൂൽ ﷺ പറഞ്ഞു: അല്ലാഹു വിനയമുള്ളവനാകുന്നു. അവൻ എല്ലാ കാര്യത്തിലും വിനയം ഇഷ്ടപ്പെടുന്നു.

وعن ابن عباس ﷺما قال: قال رسول الله ﷺ لأشجّ عبد القيس:(إن فيك خصلتين يحبهما الله: الحلم والأناة) مسلم

അബ്ദുല്ലാഹിബ്നു അബ്ബാസ് ﷺ ൽനിന്നു നിവേദനം: റസൂൽﷺ അശജ് അബ്ദുൽ ഖൈസിനോട് പറഞ്ഞു: അല്ലാഹു ഇഷ്ടപ്പെടുന്ന രണ്ടു കാര്യങ്ങൾ നിന്നിലുണ്ട്. വിവേകവും സൗമ്യതയും.

وعن عائشة ﷺا أن النبيﷺ قال:(إن الرفق لا يكون في شيء إلا زانه ولا ينزع من شيء إلا شانه) مسلم

ആയിശഃ (റ) യിൽനിന്നു നിവേദനം, നബി ﷺ പറഞ്ഞു: വിനയം ഏതൊരു വസ്തുവിനേയും ഭംഗിയുള്ളതാക്കും. വിനയമില്ലാത്ത ഏതൊരു കാര്യവും അഭംഗിയുള്ളതായിത്തീരും.

وعن جرير بن عبد الله ﷺ قال سمعت رسول الله ﷺ يقول:(من يحرم الرفق يحرم الخير كله)

ജരീറുബ്നു അബ്ദില്ലാഹി ﷺ യിൽനിന്നു നിവേദനം, റസൂൽﷺ പറയുന്നതായി ഞാൻ കേട്ടിരിക്കുന്നു: ആർ വിനയം നിഷേധിക്കപ്പെടുന്നു (ഇല്ലാത്തവനാകുന്നു) വോ, അവന്ന് എല്ലാ നന്മകളും നിഷേധിക്കപ്പെടും.

സംഗ്രഹം:

1-വിനയം അല്ലാഹുവിന്ന് വളരെ ഇഷ്ടമാണ്. വിനയം നന്മകൾ നേടിത്തരും.
2-സൃഷ്ടികളോട് വിനയത്തിലും സൗമ്യതയിലും പെരുമാറൽ സ്വർഗ്ഗാവകാശികളുടെ വിശേഷണങ്ങളിൽ പെട്ടതാകുന്നു.
3-സഹനത്തിൻെറ ശ്രേഷ്ഠത, കോപത്തെ കുറിച്ചുള്ള താക്കീത്.

11-കാരുണ്യം

അല്ലാഹു നബി ﷺ യെകുറിച്ച് പറയുന്നു:

﴿ بِالْمُؤْمِنِينَ رَؤُوفٌ رَحِيمٌ ﴾ (التوبة:١٢٨)

സത്യവിശ്വാസികളോട് ദയാലുവും, കാരുണ്യവാനുമാണ് അദ്ദേഹം. (തൗബ-128)

സത്യവിശ്വാസികളെ കുറിച്ച് അല്ലാഹു പറയുന്നു:

﴿ رُحَمَاءُ بَيْنَهُمْ ﴾ (الفتح:٢٩)

അവർ അന്യോന്യം ദയാലുക്കളുമാകുന്നു. (ഫത്ഹ്-29).

وعن جرير بن عبد الله ﷺ قال سمعت رسول الله ﷺ : (لا يرحم الله من لا يرحم الناس) متفق عليه

ജരീറുബ്നുഅബ്ദില്ല ﷺ യിൽനിന്നു നിവേദനം, റസൂൽ (സ) പറഞ്ഞു: മനുഷ്യരോട് കരുണ കാണിക്കാത്തവരോട് അല്ലാഹു കരുണ കാണിക്കുകയില്ല.

عن أبي هريرةﷺ قال سمعت أبا القاسم الصادق المصدوق ﷺ يقول:**(لا تنزع الرحمة إلا من شقي)** أحمد و الترمذي

അബൂഹുറയ്റ ﷺ യിൽ നിന്നു നിവേദനം, അബുൽഖാസിം (മുഹമ്മദ് നബി) ﷺപറയുന്നതായി ഞാൻ കേട്ടിരിക്കുന്നു: നിർഭാഗ്യവാനിൽ നിന്നല്ലാതെ കരുണ നീക്കപ്പെടുകയില്ല.

സംഗ്രഹം:

1-കരുണ സത്യവിശ്വാസികളുടെ വിശേഷണങ്ങളിൽ പെട്ടതാണ്.
2-ജനങ്ങളോട് കരുണ കാണിക്കൽ അല്ലാഹുവിൻെറ കരുണക്ക് കാരണമാകും.

3-മനസ്സിൽനിന്നും കരുണ നഷ്ടപ്പെടൽ നിർഭാഗ്യത്തിൻെറ ലക്ഷണമാകുന്നു.

12-അക്രമം; നിഷിദ്ധം

അല്ലാഹു പറയുന്നു:

﴿ مَا لِلظَّالِمِينَ مِنْ حَمِيمٍ وَلَا شَفِيعٍ يُطَاعُ ﴾ (غافر:١٨)

അക്രമകാരികൾക്ക് ഉറ്റബന്ധുവായോ, സ്വീകാര്യനായ ശുപാർശകനായോ, ആരും തന്നെയില്ല. (ഗാഫിർ-18)

عن أبي ذر رضي الله عنه عن النبي ﷺ فيما يروي عن الله تبارك وتعالى أنه قال:(يا عبادي إني حرمت الظلم على نفسي وجعلته بينكم محرما فلا تظالموا..) الحديث رواه مسلم

അബൂദർ رضي الله عنه ൽനിന്നു നിവേദനം, അല്ലാഹു പറഞ്ഞതായി മുഹമ്മദ് ﷺ ഉദ്ധരിക്കുന്നു: എൻെറ ദാസന്മാരേ, ഞാനെൻെറമേൽ അക്രമം നിഷിദ്ധമാക്കിയിരിക്കുന്നു. നിങ്ങൾക്കിടയിലും ഞാനത് നിഷിദ്ധമാക്കിയിരിക്കുന്നു. അതുകൊണ്ട് നിങ്ങൾ പരസ്പരം അക്രമിക്കരുത്.... (ഹദീഥ്)

وعن جابر رضي الله عنه أن رسول الله ﷺ قال: **(اتقوا الظلم فإن الظلم ظلمات يوم القيامة...)** الحديث. أخرجه مسلم

ജാബിർ رضي الله عنه) ൽനിന്നും നിവേദനം, റസൂൽ ﷺ പറഞ്ഞു: അക്രമത്തെ നിങ്ങൾ സൂക്ഷിക്കുക. കാരണം അക്രമം അന്ത്യദിനത്തിലെ അന്ധകാരങ്ങളാകുന്നു.

وعن معاذ بن جبل رضي الله عنه في حديث بعثه إلى اليمن أن رسول الله ﷺ قال: (واتق دعوة المظلوم فإنه ليس بينها وبين الله حجاب) متفق عليه

മുആദുബ്നു ജബൽ رضي الله عنه ൽനിന്നു നിവേദനം, അദ്ദേഹത്തെ യമനിലേക്കു നിയോഗിച്ചപ്പോൾ നബി ﷺ അദ്ദേഹത്തോട് പറഞ്ഞു: മർദ്ദിതൻെറ പ്രാർത്ഥനയെ നീസൂക്ഷിക്കുക. ആ പ്രാർത്ഥനക്കും അല്ലാഹുവിനുമിടയിൽ യാതൊരു മറയും ഉണ്ടായിരിക്കില്ല.

وعن أبي هريرة رضي الله عنه عن النبي ﷺ قال:(من كانت عنده مظلمة لأخيه من عرضه أو من شيء فليتحلله من قبل ألا يكون دينار ولا درهم، إن كان له عمل صالح أخذ منه بقدر مظلمته، وإن لم يكن له حسنات أخذ من سيئات صاحبه فحمل عليه) البخاري

അബൂഹുറയ്റ رضي الله عنه യിൽനിന്നു നിവേദനം, നബി ﷺ പറഞ്ഞു: ആരുടെയെങ്കിലും കയ്യിൽ തൻെറ സഹോദരൻെറ അഭിമാനമോ, മറ്റു വല്ലതുമോ കവർന്നെടുത്തതായി ഉണ്ടെങ്കിൽ, ദീനാറിന്നും ദിർഹമിന്നും വിലയില്ലാതാകുന്ന (അന്ത്യ) ദിനത്തിനു മുമ്പ് അവൻ എടപാടുകൾ തീർത്തു കൊള്ളട്ടെ. (അവൻ മടക്കിക്കൊടുത്തില്ലെങ്കിൽ അന്ന്) അവൻെറ സൽകർമ്മങ്ങളെടുത്ത് തൻെറ കവർച്ച സ്വത്തിൻെറ തോതനുസരുച്ച്, മർദ്ദിതന് കൊടുക്കപ്പെടും. അവന്ന് യാതൊരു സൽകർമ്മവും (കൊടുക്കാൻ) ഇല്ലെങ്കിൽ മർദ്ദിതൻെറ പാപങ്ങൾ ഇവൻെറ മേൽ ചുമത്തപ്പെടും.

സംഗ്രഹം:

1-അക്രമം നിഷിദ്ധമാകുന്നു. അതിൽ നിന്നും പിന്തിരിയുക.
2-ഇഹത്തിലും പരത്തിലും അക്രമത്തിന് കിട്ടുന്ന ശിക്ഷ.
3-മർദ്ദകനെതിരിൽ മർദ്ദിതൻ ചെയ്യുന്ന പ്രാർത്ഥനക്ക് ഉത്തരം നൽകപ്പെടും, തീർച്ച.

13-മുസ്‌ലിമിന്റെ ജീവൻ ആദരിക്കൽ

അല്ലാഹു പറയുന്നു:

﴿ وَمَن يَقْتُلْ مُؤْمِنًا مُّتَعَمِّدًا فَجَزَاؤُهُ جَهَنَّمُ خَالِدًا فِيهَا وَغَضِبَ اللَّهُ عَلَيْهِ وَلَعَنَهُ وَأَعَدَّ لَهُ عَذَابًا عَظِيمًا ﴾ (النساء:٩٣)

ആരെങ്കിലും ഒരു സത്യവിശ്വാസിയെ മനഃപൂർവ്വം കൊലപ്പെടുത്തുന്ന പക്ഷം അവനുള്ള പ്രതിഫലം നരകമാകുന്നു. അവനതിൽ നിത്യവാസിയായിരിക്കും. അവൻെറ നേരെ അല്ലാ

ഹു കോപിക്കുകയും അവനെ ശപിക്കുകയും ചെയ്തിരിക്കുന്നു. കനത്ത ശിക്ഷയാണ് അല്ലാഹു അവനു വേണ്ടി ഒരുക്കിവച്ചിരിക്കുന്നത്. (അന്നിസാഅ്-93)

عن عبد الله بن مسعودﷺ قال، قال رسول الله ﷺ :**(أول ما يُقْضَى بين الناس يوم القيامة في الدماء)** متفق عليه

അബ്ദുല്ലാഹിബ്നു മസ്ഊദ് ﷺ ൽനിന്നു നിവേദനം, റസൂൽ ﷺ പറഞ്ഞു: അന്ത്യനാളിൽ മനുഷ്യർക്കിടയിൽ ആദ്യമായി വിധി നടപ്പാക്കപ്പെടുക മനുഷ്യൻെറ ചിന്തപ്പെടുന്ന രക്തത്തിൻെറ കാര്യത്തിലായിരിക്കും.

عن عبد الله بن عمروﷺ أن رسول الله ﷺ قال:**(لزوال الدنيا أهون عند الله من قتل رجل مسلم)** النسائي والترمذي

അബ്ദുല്ലാഹിബ്നു അംറ് ﷺ ൽനിന്നുനിവേദനം, റസൂൽ ﷺ പറഞ്ഞു: ഈലോകം ഒന്നടങ്കം നീങ്ങിപ്പോകുന്നത് അല്ലാഹുവിൻെറ അടുക്കൽ ഒരു മുസ്ലിമായ മനുഷ്യനെ കൊല്ലുന്നതിനെക്കാൾ നിസ്സാരമാണ്.

സംഗ്രഹം:

1-മുസ്ലിമിനെ വധിക്കൽ മഹാപാപമാകുന്നു. അല്ലാഹുവിൻെറ അടുക്കൽ മുസ്ലിമിൻെറ സ്ഥാനം മഹത്തായതാകുന്നു.

2-രക്തം ചിന്തൽ മഹാപാപമായതു കൊണ്ടാണ്, അന്ത്യനാളിൽ ആദ്യം വിധിപറയപ്പെടുന്നത് അത് (രക്തം) ആയിത്തീർന്നത്.

3-കൊലയാളിക്ക് ഇഹലോകത്തുള്ള ശിക്ഷ കൊലയും, പരലോകത്തിൽ ശാശ്വത നരകവുമാകുന്നു.

14-മുസ്ലിമിന്റെ കടമ

അല്ലാഹു പറയുന്നു:

﴿ إِنَّمَا الْمُؤْمِنُونَ إِخْوَةٌ ﴾ (الحجرات:١٠)

ത്യവിശ്വാസികൾ (പരസ്പരം) സഹോദരങ്ങൾ തന്നെയാകുന്നു. (ഹുജറാത്-10)

عن أبي موسى الأشعريﷺ قال، قال رسول الله :(المؤمن للمؤمن كالبنيان يشد بعضه بعضا) البخاري

അബൂമൂസൽ അശ്അരി ﷺ യിൽനിന്നു നിവേദനം, റസൂൽ ﷺ പറഞ്ഞു: സത്യവിശ്വാസികൾ തമ്മിൽ ഒരുകെട്ടിടം പോലെയാകുന്നു. അതിൻെറ ഒരുഭാഗം മറുഭാഗത്തിന് ശക്തി പകർന്നു കൊണ്ട് ബന്ധപ്പെട്ടു നിൽക്കുന്നു.

وعن أبي هريرةﷺ قال، قال رسول الله ﷺ:(المسلم أخو المسلم لايخونه ولايكذبه ولا يخذله، كل المسلم على المسلم حرام، عرضه وماله ودمه، التقوى ها هنا، بحسب امرء من الشر أن يحقر أخاه المسلم) الترمذي

അബൂഹുറയ്റ ﷺ യിൽനിന്നു നിവേദനം, റസൂൽ ﷺ പറഞ്ഞു: മുസ്ലിം മുസ്ലിമിൻെറ സഹോദരനാകുന്നു. അവനെ വഞ്ചിക്കുകയോ, കളവാക്കുകയോ, കയ്യൊഴിക്കുകയോ ഇല്ല. ഒരു മുസ്ലിമിൻെറ മുഴുവനും മറ്റൊരു മുസ്ലിമിന്ന് നിഷിദ്ധമാണ്. അവൻെറ ധനവും രക്തവും അഭിമാനവും. ഭയഭക്തി ഇവിടെ (മനസ്സിൽ) ആകുന്നു. പാപമായിട്ട് തൻെറ മുസ്ലിം സഹോദരനെ നിന്ദിക്കൽ തന്നെമതി ഒരാൾക്ക്.

وعن أنسﷺ عن النبيﷺ قال:(لا يحب أحدكم حتى يحب لأخيه ما يحب لنفسه) البخاري

അനസ് ﷺ ൽനിന്നു നിവേദനം, നബി ﷺ പറഞ്ഞു: തനിക്കിഷ്ടപ്പെടുന്നത് തൻെറ സഹോദരന്നും ഇഷ്ടപ്പെടുന്നതു വരെ നിങ്ങളാരും സത്യവിശ്വാസിയാകുകയില്ല.

وعن أبي هريرةﷺ قال، قال رسول اللهﷺ :**(من نفّس عن مسلم كربة من كرب الدنيا نفس الله عنه كربة من كرب يوم القيامة، ومن يسر عن معسر في الدنيا يسر الله عليه في الدنيا والآخرة، ومن ستر مسلما في الدنيا ستره الله في الدنيا والآخرة، والله في عون العبد ما كان العبد في عون أخيه)** الترمذي

അബൂഹുറയ്റ ﷺ യിൽനിന്നു നിവേദനം, റസൂൽ ﷺ പറഞ്ഞു: ഒരു മുസ്ലിമിൻെറ വിഷമം ആരെങ്കിലും നീക്കിയാൽ, അന്ത്യനാളിൽ അവൻെറ വിഷമം അല്ലാഹു നീക്കിക്കൊടുക്കും. ബുദ്ധിമുട്ടുന്ന ഒരാളെ ആരെങ്കിലും സഹായിച്ചാൽ, ഇഹത്തിലും പരത്തിലും അല്ലാഹു അവനെ സഹായിക്കും.

ഒരു മുസ്‌ലിമിൻെറ (ന്യൂനത) ആരെങ്കിലും മറച്ചുവച്ചാൽ, ഇഹത്തിലും പരത്തിലും അല്ലാഹു അവനെ മറച്ചുവക്കും. ഒരുദാസൻ തൻെറ സഹോദരനെ സഹായിക്കുമ്പോളെല്ലാം അല്ലാഹു ആ ദാസനെ സഹായിച്ചു കൊണ്ടിരിക്കും.

സംഗ്രഹം:

1-സത്യവിശ്വാസി മറ്റൊരു സത്യവിശ്വാസിയുടെ സഹോദരനാകുന്നു. അതിൽ രാജ, പ്രജ, വലിപ്പ, ചെറുപ്പ വ്യത്യാസമില്ല.
2-മുസ്‌ലിംകൾ പരസ്പരം സഹായിക്കണം. സഹായം ആവശ്യമുള്ളവരെയെല്ലാം സഹായിക്കണം. നിഷിദ്ധ കാര്യങ്ങളിൽ അരുത്.
3-ആവശ്യക്കാരനെ സഹായിക്കുന്നതിൻെറ ശ്രേഷ്ഠത, അതിനുള്ള പ്രതിഫലത്തിൻെറ മഹത്വം.

15-അയൽവാസി; ബാദ്ധ്യതകൾ

അല്ലാഹു പറയുന്നു:

﴿ وَاعْبُدُوا اللَّهَ وَلاَتُشْرِكُوا بِهِ شَيْئًا وَبِالْوَالِدَيْنِ إِحْسَانًا وَبِذِي الْقُرْبَى وَالْيَتَامَى وَالْمَسَاكِينِ وَالْجَارِ ذِي الْقُرْبَى وَالْجَارِ الْجُنُبِ وَالصَّاحِبِ بِالْجَنْبِ وَابْنِ السَّبِيلِ ﴾ (النساء:٣٦)

നിങ്ങൾ അല്ലാഹുവെ ആരാധിക്കുകയും അവനോട് യാതൊന്നിനെയും പങ്കുചേർക്കാതിരിക്കുകയും മാതാപിതാക്കളോട് നല്ലനിലയിൽ വർത്തിക്കുകയും ചെയ്യുക. ബന്ധുക്കളോടും അനാഥകളോടും പാവങ്ങളോടും കുടുംബ ബന്ധമുള്ള അയൽക്കാരോടും അന്യരായ അയൽക്കാരോടും സഹവാസിയോടും വഴിപോക്കനോടും നല്ല നിലയിൽ വർത്തിക്കുക. (അന്നിസാഅ്-36)

عن أبي هريرةﷺ أن النبيﷺ قال:(والله لا يؤمن، والله لا يؤمن، والله لا يؤمن!) قيل: ومن يا رسول الله؟ قال(الذي لا يأمن جاره بوائقه) البخاري

അബൂഹുറയ്റ ﷺ യിൽനിന്നു നിവേദനം, റസൂൽ ﷺ പറഞ്ഞു: അല്ലാഹുവാണ, വിശ്വാസിയാകുകയില്ല, അല്ലാഹുവാണ, വിശ്വാസിയാകുകയില്ല, അല്ലാഹുവാണ, വിശ്വാസിയാകുകയില്ല. ആരാണെന്ന് നബി ﷺ ചോദിക്കപ്പെട്ടു. നബി ﷺ പറഞ്ഞു: തൻെറ ഉപദ്രവങ്ങളിൽ നിന്നും അയൽവാസി സുരക്ഷിതനല്ലാത്തവൻ.

وعن ابي هريرةﷺ أن النبيﷺ قال:(من كان يؤمن بالله واليوم الآخر فلا يؤذ جاره، ومن كان يؤمن بالله واليوم الآخر فليكرم ضيفه، ومن كان يؤمن بالله واليوم الآخر فليقل خيرا أو ليصمت) البخاري

അബൂഹുറയ്റ ﷺ യിൽനിന്നു നിവേദനം, നബി ﷺ പറഞ്ഞു: ആരെങ്കിലും അല്ലാഹുവിലും അന്ത്യദിനത്തിലും വിശ്വസിക്കുന്നുണ്ടെങ്കിൽ, അവൻ തൻെറ അയൽവാസിയെ ദ്രോഹിക്കാതിരിക്കട്ടെ. അല്ലാഹുവിലും അന്ത്യദിനത്തിലും വിശ്വസിക്കുന്നവൻ തൻെറ അതിഥിയെ ആദരിക്കട്ടെ. അല്ലാഹുവിലും അന്ത്യദിനത്തിലും വിശ്വസിക്കുന്നവൻ നല്ലതുമാത്രം പറയട്ടെ, അല്ലെങ്കിൽ മിണ്ടാതിരുന്നു കൊള്ളട്ടെ.

സംഗ്രഹം:

1-അയൽവാസിക്ക് നന്മ ചെയ്യാനും, അവനെ ഉപദ്രവിക്കാതിരിക്കാനുമുള്ള പ്രോത്സാഹനം.
2-അയൽവാസി അമുസ്‌ലിമാണെങ്കിലും അവന്ന് നന്മചെയ്യലും, അവനെ ഉപദ്രവിക്കാതിരിക്കലും മനുഷ്യൻെറ വിശ്വാസത്തിൻെറ പൂർണ്ണതയിൽ പെട്ടതാകുന്നു.

16-നാവിന്റെ വിപത്തുകൾ

അല്ലാഹു പറയുന്നു:

﴿ مَا يَلْفِظُ مِنْ قَوْلٍ إِلاَّ لَدَيْهِ رَقِيبٌ عَتِيدٌ ﴾ (ق:١٨)

അവൻ ഏതൊരുവാക്ക് ഉച്ചരിക്കുമ്പോഴും അവൻെറയടുത്ത് തയ്യാറായി നിൽക്കുന്ന നിരീക്ഷകർ ഉണ്ടാവാതിരിക്കുകയില്ല. (ഖാഫ്-18)

﴿ وَلَاتَقْفُ مَا لَيْسَ لَكَ بِهِ عِلْمٌ إِنَّ السَّمْعَ وَالْبَصَرَ وَالْفُؤَادَ كُلُّ أُولَئِكَ كَانَ عَنْهُ مَسْؤُلاً ﴾ (الإسراء:٣٦)

നിനക്കറിവില്ലാത്ത യാതൊരു കാര്യത്തിൻെറയും പിന്നാലെ നീ പോകരുത്. തീർച്ചയായും കേൾവി, കാഴ്ച, ഹൃദയം എന്നിവയെ പറ്റിയെല്ലാം ചോദ്യം ചെയ്യപ്പെടുന്നതാണ്. (17:36)

وعن أبي موسى الأشعري ﷺ قال:(سئل رسول الله ﷺ أي المسلمين أفضل؟ قال ﷺ: من سلم المسلمون من لسانه ويده) الترمذي

അബൂമൂസൽ അശ്അരി ﷺ യിൽനിന്നു നിവേദനം, മുസ്ലിംകളിൽ ഏറ്റവും ശ്രേഷ്ഠൻ ആരാണെന്ന് ഞാൻ നബി ﷺ യോട് ചോദിച്ചു. നബി ﷺ പറഞ്ഞു: മുസ്ലിംകൾ ആരുടെ കയ്യിൽ നിന്നും, നാവിൽ നിന്നും (അവ രണ്ടിൻെറയും ഉപദ്രവത്തിൽ നിന്ന്) രക്ഷപ്പെട്ടിട്ടുണ്ടോ, അവനാണ്.

عن سهل بن سعد ﷺ أن رسول الله ﷺ قال:(من يضمن لي ما بين لحيتيه وما بين رجليه أضمن له الجنة) البخاري

സഹ്ലുബ്നു സഅ്ദ് ﷺ ൽനിന്നുനിവേദനം, റസൂൽ ﷺ പറഞ്ഞു: ഏതൊരാൾ രണ്ടു താടിയെല്ലുകൾക്കിടയിലും (നാവ്), രണ്ടു കാലുകൾക്കിടയിലുമുള്ള അവയവങ്ങൾ സംരക്ഷിക്കാമെന്ന് എനിക്ക് ഉറപ്പു തരുന്നുവോ, അവന്ന് സ്വർഗ്ഗമുണ്ടെന്ന് ഞാൻ ജാമ്യം നിൽക്കുന്നു.

وعن أبي هريرة ﷺ أنه سمع رسول الله ﷺ يقول:(إن العبد ليتكلم بالكلمة ما يتبين فيها يزلّ بها في النار أبعد مما بين المشرق والمغرب) البخاري

അബൂഹുറയ്റ ﷺ യിൽനിന്നു നിവേദനം, റസൂൽ ﷺ പറഞ്ഞു: നന്മതിന്മകളെ കുറിച്ച് ചിന്തിക്കാതെ സംസാരിക്കുന്നവൻ, അവൻെറ വാക്കുകൾ കൊണ്ട് കിഴക്കിൻെറയും, പടിഞ്ഞാറിൻെറയും ദൂരത്തെക്കാൾ വിദൂരമായ അവസ്ഥയിൽ നരകത്തിൽ വീഴും.

സംഗ്രഹം:

1-നാവുകൊണ്ടുള്ള അപകടങ്ങളെ കരുതിയിരിക്കുക. അശ്രദ്ധമായി പറയുന്ന കാര്യങ്ങൾ ഒരാളെ നരകത്തിൽവീഴ്ത്തും. നല്ല കാര്യങ്ങൾക്കല്ലാതെ നാവിനെ ഉപയോഗിക്കൽ, നരക പ്രവേശനത്തിനു കാരണമായിത്തീരും. അതിനെ സൂക്ഷിക്കുന്നത് സ്വർഗ്ഗ പ്രവേശനത്തിനും കാരണമാകും. അശ്രദ്ധവും, അനാവശ്യവുമായി മനുഷ്യൻ അവൻെറ നാവ് ഉപയോഗിച്ചു കൊണ്ടിരിക്കുന്നു.

2-മനുഷ്യൻെറ വാക്കുകളും, പ്രവർത്തനങ്ങളും വിചാരണക്കു വിധേയമാക്കപ്പെടും. മനുഷ്യന്ന് ഏറ്റവും അപകടകാരികളായ അവയവങ്ങളാണ് നാവും ലൈംഗിക അവയവങ്ങളും.

17-പരദൂഷണം

അല്ലാഹു പറയുന്നു:

﴿وَلَايَغْتَبْ بَعْضُكُمْ بَعْضًا أَيُحِبُّ أَحَدُكُمْ أَنْ يَأْكُلَ لَحْمَ أَخِيهِ مَيْتًا فَكَرِهْتُمُوهُ﴾ (الحجرات:١٢)

നിങ്ങളിൽ ചിലർചിലരെപ്പറ്റി അവരുടെ അഭാവത്തിൽ ദൂഷിച്ചു പറയുകയും അരുത്. തൻെറ സഹോദരൻ മരിച്ചു കിടക്കുമ്പോൾ അവൻെറ മാംസം ഭക്ഷിക്കുവാൻ നിങ്ങളാരെങ്കിലും ഇഷ്ടപ്പെടുമോ? എന്നാൽ അത് (ശവംതിന്നൽ) നിങ്ങൾ വെറുക്കുകയാണ് ചെയ്യുന്നത്. (ഹുജറാത്-12)

عن أبي هريرة ﷺ أن رسول الله ﷺ قال:(أتدرون ما الغيبة؟ قالوا الله ورسوله أعلم، قال: ذكرك أخاك بما يكره، قيل أرأيت إن كان في أخي ما أقول؟ قال ﷺ: إن كان فيه ما تقول فقد اغتبته وإن لم يكن فيه ما تقول فقد بهته) مسلم

അബൂഹുറയ്റ ﷺ യിൽനിന്നു നിവേദനം, നബി ﷺ പറഞ്ഞു: പരദൂഷണം എന്താണെന്ന് നിങ്ങൾക്കറിയാമോ? സ്വഹേബികൾ പറഞ്ഞു: അല്ലാഹുവിനും അവൻെറ റസൂലിനും അറിയാം നബി ﷺ പറഞ്ഞു: നിൻെറസഹോദരന്ന്വെറുപ്പുള്ളകാര്യങ്ങൾനീപറയലാണ്. അപ്പോൾനബി ﷺ ചോദിക്കപ്പെട്ടു. എൻെറ സഹോദരനിൽ ഉള്ള ഒരുകാര്യമാണ് ഞാൻ പറയുന്നതെങ്കിലോ? നബി ﷺ പറഞ്ഞു: അവ

നിൽ ഉള്ള കാര്യമാണ് നീ പറയുന്നതെങ്കിൽ നീ പരദൂഷണം പറഞ്ഞു. ഇല്ലാത്ത കാര്യമാണ് നീ പറഞ്ഞതെങ്കിൽ നീ കളവു പറഞ്ഞു.

وعن عائشة ﵂ا قالت: قلت للنبيﷺ : حسبك من صفية كذا وكذا (تعني أنها قصيرة)، فقال: لقد قلت كلمة لو مزجت بماء البحر لمزجته) أبوداود

ആയിശഃ (റ) പറയുന്നു, നബിയേ, താങ്കൾക്ക് (കുറിയ പെണ്ണായ) സ്വഫിയ്യഃയെകുറിച്ചുള്ള ഈ വർത്തമാനം നിറുത്തിക്കൂടേ? (ഇത് ആഇശഃ (റ) ആംഗ്യത്തിലൂടെയാണ് കാണിച്ചത്.) അപ്പോൾ നബി ﷺ പറഞ്ഞു: നീ പറഞ്ഞ വചനം സമുദ്രത്തിൽ ഇട്ടിരുന്നെങ്കിൽ ആ സമുദ്രം പോലും മലിനമാകുമായിരുന്നു.

وعن أبي هريرة﵁ أن رسول الله ﷺ قال:(كل المسلم على المسلم حرام دمه وعرضه وماله) البخاري و مسلم

അബൂഹുറയ്റ ﵁ യിൽനിന്നു നിവേദനം, റസൂൽ ﷺ പറഞ്ഞു: ഒരു മുസ്‌ലിമിൻെറ മുഴുവനും മറ്റൊരു മുസ്‌ലിമിന്ന് നിഷിദ്ധമാകുന്നു. അവൻെറ രക്തവും, അഭിമാനവും ധനവും.

وعن أبي هريرة﵁ عن النبيﷺ أنه قال:**(من كان يؤمن بالله واليوم الآخر فليقل خيرا أو ليصمت)** الترمذي

അബൂഹുറയ്റ ﵁ യിൽനിന്നു നിവേദനം, നബി ﷺ പറഞ്ഞു: അല്ലാഹുവിലും അന്ത്യദിനത്തിലും വിശ്വസിക്കുന്നവൻ നല്ലവാക്കു പറയട്ടെ, ഇല്ലെങ്കിൽ മിണ്ടാതിരിക്കട്ടെ.

وعن ابي الدرداء﵁ عن النبيﷺ قال:(من ردّ عن عرض أخيه ردّ الله عن وجهه النار يوم القيامة)

അബുദ്ദർദാഅ് ﵁ ൽനിന്നു നിവേദനം, നബി ﷺ പറഞ്ഞു: തൻെറ സഹോദരൻെറ അഭിമാനത്തെ ആരെങ്കിലും സംരക്ഷിച്ചാൽ, അന്ത്യനാളിൽ അവനെ അല്ലാഹു നരകത്തിൽനിന്നു രക്ഷിക്കും.

സംഗ്രഹം:

1-പരദൂഷണം നിഷിദ്ധമാണ്. അത് മഹാപാപമാണ്. പരദൂഷകൻെറ ശിക്ഷ ഭയങ്കരമാകുന്നു.
2-ഒരാൾക്ക് വെറുപ്പുള്ളകാര്യം അയാളെകുറിച്ച് പറയൽ (അത് അയാളിൽ ഉള്ളതാണെങ്കിലും) നിഷിദ്ധമായ പരദൂഷണത്തിൽ പെട്ടതാകുന്നു.
3-പരദൂഷകനെ അതിൽനിന്നു തടയേണ്ടതാണ്. പരദൂഷണം കേൾക്കലും നിഷിദ്ധമാകുന്നു. മുസ്‌ലിമിൻെറ അഭിമാനം സംരക്ഷിക്കപ്പെടേണ്ടതാകുന്നു. അതുകൊണ്ട് അന്ത്യനാളിൽ നരകാഗ്നിയിൽ നിന്നു രക്ഷലഭിക്കും.
4-മനുഷ്യന് വെറുപ്പുള്ള കാര്യങ്ങൾ വാക്കിലൂടെയോ, ആംഗ്യത്തിലൂടെയോ പ്രകടിപ്പിക്കുന്നതും പരദൂഷണമാകുന്നു.

18-സത്യവും അസത്യവും

അല്ലാഹു പറയുന്നു:

﴿ إِنَّمَا يَفْتَرِي الْكَذِبَ الَّذِينَ لاَ يُؤْمِنُونَ بِآيَاتِ اللّهِ وَأُولَئِكَ هُمُ الْكَاذِبُونَ ﴾ (النحل:١٠٥)

അല്ലാഹുവിൻെറ ദൃഷ്ടാന്തങ്ങളിൽ വിശ്വസിക്കാത്തവർ തന്നെയാണ് കള്ളം കെട്ടിച്ചമക്കുന്നത്. അവർ തന്നെയാണ് വ്യാജവാദികൾ. (അന്നഹ്ൽ-105)

﴿ يَا أَيُّهَا الَّذِينَ آمَنُوا اتَّقُوا اللَّهَ وَكُونُوا مَعَ الصَّادِقِينَ ﴾ (التوبة:١١٩)

സത്യവിശ്വാസികളേ, നിങ്ങൾ അല്ലാഹുവിനെ സൂക്ഷിക്കുകയും, സത്യസന്ധന്മാരുടെ കൂട്ടത്തിൽ ആയിരിക്കുകയും ചെയ്യുക. (തൗബ-119)

﴿ فَلَوْ صَدَقُوا اللَّهَ لَكَانَ خَيْرًا لَهُمْ ﴾ (محمد:٢١)

അവർ അല്ലാഹുവോട് സത്യസന്ധത കാണിച്ചിരുന്നെങ്കിൽ അതായിരുന്നു അവർക്ക് കൂടുതൽ ഉത്തമം. (മുഹമ്മദ്-21)

وعن الحسن بن علي ﷺما عن النبيﷺ قال:(دع ما يريبك إلى ما لا يريبك، فإن الصدق طمأنينة، والكذب ريبة) الترمذي والنسائي

ഹെസനുബ്നുഅലി ﷺ യിൽനിന്നു നിവേദനം, നബി ﷺ പറഞ്ഞു: നിനക്കു സംശയമുള്ളതിനെ ഒഴിവാക്കി സംശയമില്ലാത്തതിനെ സ്വീകരിക്കുക. കാരണം സത്യം മനഃസമാധാനമാണ്. കള്ളം സംശയവുമാണ്.

وعن عبد الله بن مسعودﷺ قال: قال رسول الله ﷺ **:(إن الصدق يهدي إلى البر وإن البر يهدي إلى الجنة، وإن الرجل ليصدق ويتحرّى الصدق حتى يكتب عند الله صدّيقا، وإن الكذب يهدي إلى الفجور وإن الفجور يهدي إلى النار، وإن الرجل ليكذب ويتحرى الكذب حتى يكتب عند الله كذابا)** متفق عليه

അബ്ദുല്ലാഹിബ്നു മസ്ഊദ് ﷺ ൽനിന്നു നിവേദനം, നബി ﷺ പറഞ്ഞു: സത്യം നന്മയിലേക്കു വഴികാണിക്കുന്നു. നന്മ സ്വർഗ്ഗത്തിലേക്കും നയിക്കുന്നു. ഒരാൾ സത്യം പറയുകയും, സത്യം പറയുന്നതിൽ ശ്രദ്ധിക്കുകയും ചെയ്യുന്നു. അങ്ങനെ അയാൾ അല്ലാഹുവിൻെറയടുക്കൽ സത്യസന്ധന്മാരുടെ കൂട്ടത്തിൽ എഴുതപ്പെടുന്നു. കളവ് അധർമ്മത്തിലേക്കും, അധർമ്മം നരകത്തിലേക്കും നയിക്കുന്നു. ഒരാൾ കളവു പറയുകയും, കള്ളം പറയുന്നതിൽ മുഴുകുകയും ചെയ്യുന്നു. അവൻ അല്ലാഹുവിൻെറയടുക്കൽ വലിയ കള്ളന്മാരുടെ കൂട്ടത്തിൽ എഴുതപ്പെടും.

وعن عبد الله بن عمر ﷺما أن النبيﷺ قال:(أربع من كنّ فيه كان منافقا خالصا، ومن كانت فيه خصلة منهن كانت فيه خصلة من نفاق حتى يدعها: إذا اؤتمن خان وإذا حدث كذب وإذا عاهد غدر وإذا خاصم فجر) متفق عليه

അബ്ദുല്ലാഹിബ്നു ഉമർ ﷺ ൽ നിന്നു നിവേദനം, നബി ﷺ പറഞ്ഞു: നാലു കാര്യങ്ങൾ ആരിലുണ്ടോ, അവൻ തികഞ്ഞ കപടവിശ്വാസിയായിരിക്കും. ഏതെങ്കിലും ഒന്ന് ഉണ്ടായാലും (അതും ഉപേക്ഷിക്കുന്നതു വരെ) അവനിൽ കാപട്യത്തിൻെറ ലക്ഷണം നിലനിൽക്കും. വിശ്വസിച്ചാൽ ചതിക്കുക, സംസാരിച്ചാൽ കളവ്പറയുക, കരാർ ചെയ്താൽ ലംഘിക്കുക, തെറ്റിയാൽ തെറി പറയുക.

സംഗ്രഹം:

1-കളവ് ഉപേക്ഷിക്കേണ്ടതാണ്. അത് കപടന്മാരുടെ സ്വഭാവമാണ്. ജനങ്ങൾക്കിടയിൽ കളവു പ്രചരിപ്പിക്കൽ ഭയങ്കര ശിക്ഷാർഹമായ കാര്യമാകുന്നു.
2-കള്ളം പറയൽ തെറ്റിലേക്കും, കുറ്റങ്ങളിലേക്കും നയിക്കുകയും നരക പ്രവേശനത്തിന്ന് കാരണമായിത്തീരുകയും ചെയ്യും.
3-എല്ലാകാര്യങ്ങളിലും സത്യസന്ധത പുലർത്തുക.
4-കളവ് കാപട്യത്തിൻെറ ലക്ഷണമാണ്.

19-പശ്ചാത്താപം

അല്ലാഹു പറയുന്നു:

﴿ وَتُوبُوٓا إِلَى اللَّهِ أَيُّهَا الْمُؤْمِنُونَ لَعَلَّكُمْ تُفْلِحُونَ ﴾ (النور:٣١)

സത്യവിശ്വാസികളേ, നിങ്ങളെല്ലാവരും അല്ലാഹുവിങ്കലേക്ക് ഖേദിച്ചുമടങ്ങുക. നിങ്ങൾ വിജയം പ്രാപിച്ചേക്കാം. (അന്നൂർ-31)

﴿ يَا أَيُّهَا الَّذِينَ آمَنُوا تُوبُوٓا إِلَى اللَّهِ تَوْبَةً نَصُوحًا ﴾ (التحريم:٨)

സത്യവിശ്വാസികളേ, നിങ്ങളെല്ലാവരും അല്ലാഹുവിങ്കലേക്ക് നിഷ്കളങ്കമായ പശ്ചാത്താപം കൈകൊണ്ട് മടങ്ങുക. (തഹ്രീം-8)

وعن الأغر بن اليسار المزنيﷺ قال: قال رسول الله ﷺ :(يَا أَيُّهَا النَّاسُ تُوبُوا إِلَى اللَّهِ فَإِني أتوب في اليوم مائة مرة) مسلم

അൽ-അഗർ-റുബ്നു യസാരിൽ മുസ്നി ﷺയിൽനിന്നു നിവേദനം, റസൂൽ ﷺ പറഞ്ഞു: ജനങ്ങളേ, നിങ്ങൾ അല്ലാഹുവിലേക്ക് പശ്ചാത്തപിച്ചു മടങ്ങുവിൻ. അവനോട് പാപമോചനം തേടുവിൻ. ഞാൻ ഒരുദിവസം നൂറുപ്രാവശ്യം പശ്ചാത്തപിക്കാറുണ്ട്.

وعن أنس ﷺ قال: قال رسول الله ﷺ : (الله أفرح بتوبة عبده من أحدكم سقط على بعيره وقد أضله في أرض فلاة) متفق عليه

അനസ് ﷺ ൽനിന്നു നിവേദനം, റസൂൽ ﷺ പറഞ്ഞു: തൻെറ ദാസൻെറ പശ്ചാതാപത്തിൽ അല്ലാഹു വളരെ സന്തോഷിക്കുന്നവനാണ്. വിജനമായ ഭൂമിയിൽ ഒട്ടകം നഷ്ടപ്പെട്ടു വഴിതെറ്റിയവൻ (അതു തിരിച്ചു കിട്ടുമ്പോൾ) സന്തോഷിക്കുന്നതിൽ ഉപരിയായി.

وعن أنس ﷺ قال: قال رسول الله ﷺ :(كل ابن آدم خطاء وخير الخطائين التوابون) الترمذي

അനസുബ്നു മാലിക് ﷺ ൽനിന്നുനിവേദനം, റസൂൽ ﷺ പറഞ്ഞു: ആദമിൻെറ സന്തതികൾ (മനുഷ്യർ) എല്ലാം തെറ്റുകാരാകുന്നു. തെറ്റുകാരിൽ ഉത്തമർ പശ്ചാത്താപികളാണ്.

وعن عبد الله بن عمر بن الخطاب ﷺما عن النبي ﷺ قال:(إن الله عزوجل يقبل توبة العبد ما لم يغرغر) الترمذي وابن ماجه

അബ്ദുല്ലാഹിബ്നു ഉമർ ﷺ ൽനിന്നു നിവേദനം, റസൂൽ ﷺ പറഞ്ഞു: ഒരു മനുഷ്യൻെറ ജീവൻ തൊണ്ടക്കുഴിയിൽ എത്തുന്നതുവരെ, അല്ലാഹു അവൻെറ പശ്ചാത്താപം സ്വീകരിക്കും.

وعن أبي موسى الأشعري ﷺ عن النبي ﷺ قال:(إن الله تعالى يبسط يده بالليل ليتوب مسيء النهار، ويبسط يده في النهار ليتوب مسيء الليل حتى تطلع الشمس من مغربها) مسلم

അബൂമൂസൽ അശ്അരി ﷺ യിൽനിന്നു നിവേദനം, നബി ﷺ പറഞ്ഞു: പകലിൽ തെറ്റു ചെയ്യുന്നവരുടെ പശ്ചാത്താപം രാത്രിയിൽ സ്വീകരിക്കാനും, രാത്രി തെറ്റു ചെയ്യുന്നവരുടെ പശ്ചാത്താപം പകലിൽ സ്വീകരിക്കാനും വേണ്ടി അല്ലാഹു അവൻെറ കൈകൾ നീട്ടുന്നതാണ്. സൂര്യൻ അതിൻെറ അസ്തമയ സ്ഥാനത്തു നിന്ന് ഉദിക്കുന്നത് (അന്ത്യനാൾ) വരെ.

സംഗ്രഹം:

1-എല്ലാ സമയത്തും അല്ലാഹുവിങ്കലേക്ക് പശ്ചാത്തപിച്ചു മടങ്ങൽ നിർബന്ധമാണ്. എത്രവലിയ പാപമാണെങ്കിലും പശ്ചാത്താപം സ്വീകരിക്കപ്പെടും. പശ്ചാത്താപം മനുഷ്യൻെറ വിജയത്തിൻെറ കൂടി കാരണമാകുന്നു.
2-അല്ലാഹുവിങ്കലേക്ക് പശ്ചാത്തപിച്ചു മടങ്ങൽ അല്ലാഹുവിൻെറ അനുഗ്രഹം വിശാലമാകാനും, അവൻെറ സംതൃപ്തിക്കും കാരണമാകും.
3-തെറ്റുകൾ മനുഷ്യ സഹജമാണ്. അതിൽ നിന്നെല്ലാം പശ്ചാത്താപവും മോചനവും അവൻ തേടണം.

പശ്ചാത്താപത്തിൻെറ നിയമങ്ങളും നിബന്ധനകളും:

1-ജീവൻ തൊണ്ടക്കുഴിയിലെത്തി, മരണം ആസന്നമാകുന്നതിന്നു മുമ്പ് പശ്ചാത്തപിക്കണം.
2-അന്ത്യനാളിൻെറ (സൂര്യൻ അസ്തമയ സ്ഥാനത്തു നിന്ന് ഉദിക്കുന്നതിൻെറ) മുമ്പ് ആയിരിക്കണം. ആദിനത്തിൽ പശ്ചാത്താപം ഉപകരിക്കുകയില്ല.
3-ഒരാൾ ഒരു തെറ്റിൽനിന്നു സത്യസന്ധമായി പശ്ചാത്തപിച്ചു മടങ്ങിയശേഷം വീണ്ടും തെറ്റ് ആവർത്തിച്ചാൽ, അവൻെറ ഒന്നാമത്തെ പശ്ചാത്താപം സ്വീകരിക്കപ്പെടും. അവൻ വീണ്ടും പശ്ചാത്തപിക്കേണ്ടിയിരിക്കുന്നു.
4-ചെയ്തുപോയ തെറ്റിൽ ഖേദം തോന്നുകയും, അത് ഉപേക്ഷിക്കുകയും, ആവർത്തിക്കില്ലെന്ന് തീരുമാനിക്കുകയും വേണം.

20-സലാം പറയൽ

അല്ലാഹുപറയുന്നു:

﴿ يَآ أَيُّهَا الَّذِينَ آمَنُوا لاَ تَدْخُلُوا بُيُوتًا غَيْرَ بُيُوتِكُمْ حَتَّى تَسْتَأْنِسُوا وَتُسَلِّمُوا عَلَى أَهْلِهَا ﴾ (النور:٢٧)

ഹേ, സത്യവിശ്വാസികളേ, നിങ്ങളുടേതല്ലാത്ത വീടുകളിൽ നിങ്ങൾ കടക്കരുത്, നിങ്ങൾ അനുവാദം തേടുകയും ആ വീട്ടുകാർക്ക് സലാം പറയുകയും ചെയ്തിട്ടല്ലാതെ. (24:27)

وعن أبي هريرةﷺ قال: قال رسول اللهﷺ :(لا تدخلون الجنة حتى تؤمنوا، ولا تؤمنون حتى تحابّوا، أولا أدلكم على شيء إذا فعلتموه تحاببتم؟ أفشوا السلام بينكم) مسلم

അബൂഹുറയ്റ ﷺ യിൽനിന്നു നിവേദനം, നബി ﷺ പറഞ്ഞു: നിങ്ങൾ സത്യവിശ്വാസികളാകാതെ സ്വർഗ്ഗത്തിൽ പ്രവേശിക്കുകയില്ല. നിങ്ങൾ പരസ്പരം സ്നേഹിക്കാതെ സത്യവിശ്വാസികളുമാകില്ല. നിങ്ങൾ പരസ്പരം സ്നേഹിക്കാനുള്ള കാര്യം ഞാൻ പറഞ്ഞു തരട്ടെയോ? നിങ്ങൾക്കിടയിൽ സലാം പ്രചരിപ്പിക്കുക.

وعن عبد الله بن سلامﷺ قال: سمعت رسول اللهﷺيقول:(ياأيها الناس:أفشوا السلام وأطعموا الطعام وصلوا الأرحام وصلّوا بالليل والناس نيام تدخلوا الجنة بسلام) الترمذي وابن ماجه

അബ്ദുല്ലാഹിബ്നുസലാം ﷺ പറയുന്നു, റസൂൽ ﷺ പറയുന്നതായി ഞാൻ കേട്ടിരിക്കുന്നു: ജനങ്ങളേ, നിങ്ങൾ സലാം പ്രചരിപ്പിക്കുക, അന്നം ഊട്ടുക, കുടുംബ ബന്ധം ചേർക്കുക, രാത്രിയിൽ ജനങ്ങൾ ഉറങ്ങുമ്പോൾ നിങ്ങൾ എഴുന്നേറ്റ് നമസ്കരിക്കുക. എന്നാൽ നിങ്ങൾക്ക് സമാധാനപൂർവ്വം സ്വർഗ്ഗത്തിൽ പ്രവേശിക്കാം.

عن أبي هريرةﷺ أن رسول الله ﷺ قال:(إذا انتهى أحدكم إلى مجلس فليسلم، فإن بدا له أن يجلس فليجلس، ثم إذا قام فليسلم، فليست ألأولى بأحق من الآحرة) أبوداود والترمذي

അബൂഹുറയ്റ ﷺ യിൽനിന്നു നിവേദനം, റസൂൽ ﷺ പറഞ്ഞു: നിങ്ങൾ ഒരു സദസ്സിലേക്ക് ചെന്നാൽ സലാം പറയുക ഇരിക്കണമെന്ന് തോന്നിയാൽ ഇരിക്കുക. എഴുന്നേറ്റു പോകുമ്പോൾ സലാം പറയുക. ഒന്നാമത്തെ സലാം രണ്ടാമത്തെതിനെക്കാൾ പ്രാധാന്യമുള്ളതല്ല.

സംഗ്രഹം:

1-സലാം പറയൽ ശ്രേഷ്ഠമായ കാര്യമാകുന്നു. സ്വർഗ്ഗത്തിൽ പ്രവേശിക്കാൻ കാരണമാകും. പരസ്പരസ്നേഹം വളർത്തും.

2-പരിചയമുള്ളവരോട് മാത്രമല്ല സലാം പറയേണ്ടത്. പരിചയമുള്ള മുസ്ലിമിനോടും, ഇല്ലാത്ത മുസ്ലിമിനോടും സലാം പറയൽ നല്ലതാകുന്നു.

3-സലാം പറയാൻ നബി ﷺ പഠിപ്പിച്ചിട്ടുള്ള രൂപം "അസ്സലാമു അലയ്കും" എന്നാകുന്നു. വറഹ്മതുല്ലാഹി വബറകാതുഹു എന്നു കൂടി ചേർക്കുന്നത് നല്ലതാണ്. അതെ പോലെയോ (വഅലയ്കുമുസ്സലാം എന്നോ) അല്ലെങ്കിൽ അതിനെക്കാൾ അധികരിപ്പിച്ചോ സലാം മടക്കൽ നിർബന്ധമാണ്.

4-അവിശ്വാസികളോട് സലാം പറയൽ നിഷിദ്ധമാണ്. അവർ ഇങ്ങോട്ട് പറഞ്ഞാൽ "വഅലയ്കും" എന്ന് മടക്കേണ്ടതാകുന്നു.

5-ഒരുസദസ്സിൽ മുസ്ലിംകളും അമുസ്ലിംകളും ഉണ്ടെങ്കിൽ, അവരോട് (മൊത്തത്തിൽ) സലാം പറയാവുന്നതാണ്.

6-രണ്ടു മുസ്ലിംകൾ പരസ്പരം പിരിയുമ്പോൾ സലാം പറയണം. (അൽപസമയത്തിനു ശേഷം) വീണ്ടും കണ്ടുമുട്ടിയാൽ വീണ്ടും സലാം പറയണം.

7-വീട്ടുകാരുടെ സമ്മതംകൂടാതെ ഒരുവീട്ടിലും പ്രവേശിക്കരുത്.

21-ഭക്ഷണ മര്യാദകൾ

عن عائشة قالت: قال رسول الله ﷺ :(إذا أكل أحدكم طعاما فليقل بسم الله، فإن نسي في الأول فليقل في الآخر (حين يذكر) :بسم الله في أوله وآخره) الترمذي

ആയിശഃ ﷺ യിൽനിന്നു നിവേദനം, റസൂൽ ﷺ പറഞ്ഞു: നിങ്ങളാരെങ്കിലും ഭക്ഷണം കഴിക്കുകയാണെങ്കിൽ "ബിസ്മില്ലാഹി" (അല്ലാഹുവിൻെറ നാമത്തിൽ) എന്ന്ചൊല്ലുക. തുടക്കത്തിൽ പറയാൻ മറന്നാൽ (ഓർമ്മവന്നാൽ) "ബിസ്മില്ലാഹി ഫീഅവ്വലിഹീ വആഖിരിഹി" എന്നു പറയണം.

وعن عمر بن أبي سلمةﷺ **قال: قال لي رسول اللهﷺ :(سمّ الله، وكل بيمينك، وكل مما يليك)** متفق عليه

ഉമറുബ്നു അബീസലമ (റ) യിൽനിന്നു നിവേദനം, റസൂൽ ﷺ എന്നോട് പറഞ്ഞു: (ഭക്ഷണം കഴിക്കുമ്പോൾ) നീ ബിസ്മി ചൊല്ലുക, വലതു കൈകൊണ്ട് തിന്നുക, നിൻെറ അടുത്ത ഭാഗത്തു നിന്ന് തിന്നുക.

وعن عبد الله بن عمر رضي الله عنهما أن رسول الله ﷺ قال:(لا يأكلن أحد منكم بشماله ولا يشربن بها فإن الشيطان يأكل بشماله ويشرب بها) مسلم

അബ്ദുല്ലാഹിബ്നു ഉമർ ﷺൽനിന്നു നിവേദനം, റസൂൽﷺ പറഞ്ഞു: നിങ്ങൾ ഒരാളും ഇടതു കൈ കൊണ്ട് തിന്നുകയോ, കുടിക്കുകയോ ചെയ്യരുത്. കാരണം പിശാച് ഇടത്കൈ കൊണ്ടാണ് തിന്നുന്നതും കുടിക്കുന്നതും.

وعن أبي هريرةﷺ قال:(ما عاب رسول اللهﷺ طعاما قط، إن اشتهاه أكله وإن كره تركه) متفق عليه

അബൂഹുറയ്റ ﷺ യിൽനിന്നു നിവേദനം, നബി ﷺ ഒരു ഭക്ഷണത്തിനും കുറ്റം പറഞ്ഞിരുന്നില്ല. ഇഷ്ടപ്പെട്ടെങ്കിൽ ഭക്ഷിക്കും, വെറുപ്പാണെങ്കിൽ അതുപേക്ഷിക്കും.

സംഗ്രഹം:

1-ഭക്ഷണംകഴിക്കുമ്പോൾ "ബിസ്മി" ചൊല്ലണം. മറന്നു പോയാൽ ഭക്ഷണം കഴിക്കുന്നതിനിടയിൽ (ഓർമ്മ വരുമ്പോൾ) 'ബിസ്മില്ലാഹി ഫീ അവ്വലിഹീ വ ആഖിറിഹീ' എന്നു പറയണം. ഭക്ഷണം കഴിച്ച ശേഷം

الحمد لله الذي أطعمنيه ورزقنيه من غير حول مني ولا قوة

എൻെറ യാതൊരു ശക്തിയും കഴിവും കൂടാതെ തന്നെ എനിക്കു അന്നം നൽകി എന്നെ ഭക്ഷിപ്പിച്ച അല്ലാഹുവിനു സ്തുതി എന്ന് ചൊല്ലണം.

2-ഇടതു കൈകൊണ്ട് ഭക്ഷിക്കരുത്. അത് പിശാചിനെ അനുകരിക്കലാണ്.

3-ഭക്ഷണത്തിന്ന് കുറ്റംപറയരുത്. ഇഷ്ടപ്പെട്ടെങ്കിൽ ഭക്ഷിക്കുക, ഇല്ലെങ്കിൽ ഒഴിവാക്കുക. പോരായ്മ പറയൽ അനുവദനീയമാണ്.

22-മലമൂത്ര വിസർജ്ജനം; മര്യാദകൾ

عن أنسﷺ قال: كان النبيﷺ إذا دخل الخلاء قال: اللهم إني أعوذ بك من الخبث والخبائث) متفق عليه

അനസ് ﷺ പറഞ്ഞു, നബി ﷺ മലമൂത്ര വിസർജന സ്ഥലത്ത് പ്രവേശിക്കുമ്പോൾ "അല്ലാഹുമ്മ ഇന്നീ അഊദുബിക മിനൽ ഖുബ്ഥി വൽഖബാഇഥി" (അല്ലാഹുവേ, ആൺ-പെൺ പിശാചുക്കളിൽ നിന്നും ഞാൻ നിന്നോട് രക്ഷതേടുന്നു) എന്ന് പറയാറുണ്ടായിരുന്നു.

وعن عائشة رضي الله **عنها أن رسول الله ﷺ كان إذا خرج من الغائط قال: غفرانك.** أخرجه الخمسة

ആയിശഃ (റ) പറയുന്നു: നബി ﷺ മലമൂത്ര വിസർജന സ്ഥലത്തുനിന്ന് പുറത്തു വരുമ്പോൾ "ഗുഫ്റാനക" (അല്ലാഹുവേ, എനിക്ക് പൊറുത്ത്തരിക) എന്ന് പറയാറുണ്ടായിരുന്നു

وعن جابر بن عبد اللهﷺ أن رسول الله ﷺ نهى أن يبال في الماء الراكد. مسلم

ജാബിറുബ്നു അബ്ദില്ല ﷺ പറയുന്നു: കെട്ടിനിൽക്കുന്ന വെള്ളത്തിൽ മൂത്രമൊഴിക്കുന്നത് നബി ﷺ വിരോധിച്ചിരിക്കുന്നു.

സംഗ്രഹം:

1-മലമൂത്ര വിസർജന സ്ഥലത്തു പ്രവേശിക്കാൻ ഉദ്ദേശിക്കുന്ന മുസ്ലിം, അല്ലാഹുമ്മ ഇന്നീ അഊദുബിക മിനൽഖുബ്ഥി വൽഖ ബാഇഥി എന്നും പുറത്തു വരുമ്പോൾ, ഗുഫ്റാനക എന്നും പറയൽ സുന്നത്താകുന്നു.

2-മലമൂത്ര വിസർജന സമയത്ത് ജനങ്ങളിൽ നിന്നും അകന്നിരിക്കണം. നഗ്നത ജനങ്ങളിൽ നിന്ന് മറക്കണം. കെട്ടിടങ്ങൾക്കുള്ളിൽ അല്ലാത്തപ്പോൾ ഖിബ്ലക്കു മുന്നിട്ടോ, പിന്നിട്ടോ ഇരിക്കരുത്.

3-മലവും മൂത്രവും വസ്ത്രത്തിലോ, ശരീരത്തിലോ ആകാതെ ശ്രദ്ധിക്കണം. നിർബന്ധമായും ശുചീകരിക്കണം.

4-മലമൂത്ര വിസർജനം പോലെയുള്ള ചെറിയകാര്യം മുതൽ എല്ലാ കാര്യങ്ങളെയും ഇസ്ലാം ഉൾക്കൊള്ളുന്നു എന്നത് ഇസ്ലാമിൻെറ സമഗ്രതയെ സൂചിപ്പിക്കുന്നു.

23-തുമ്മൽ, കോട്ടുവാ

عن أبي هريرة رضي الله عنه عن النبي ﷺ قال:(إن الله يحب العطاس ويكره التثاؤب، فإذا عطس أحدكم وحمد الله كان حقا على كل مسلم سمعه أن يقول له يرحمك الله، فأما التثاؤب فإنما هو من الشيطان، فإذا تثاءب أحدكم فليرده ما استطاع فإن أحدكم إذا تثاءب ضحك منه الشيطان) البخاري

അബൂഹുറയ്റ رضي الله عنه യിൽനിന്നു നിവേദനം, നബി ﷺ പറഞ്ഞു: തുമ്മൽ അല്ലാഹു ഇഷ്ടപ്പെടുന്നു. കോട്ടുവായിടുന്നത് വെറുക്കുകയും ചെയ്യുന്നു. നിങ്ങളിൽ ഒരാൾ തുമ്മിയ ശേഷം അല്ലാഹുവിനെ സ്തുതിച്ചാൽ, അതുകേട്ട എല്ലാ മുസ്ലിംകളും "യർഹമുകല്ലാഹ്" എന്നു പറയൽ കടമയാണ്. എന്നാൽ കോട്ടുവാ പിശാചിൽ നിന്നാകുന്നു. ആരെങ്കിലും കോട്ടുവായിടുന്നതായാൽ കഴിവിൻെറ പരമാവധി അതു പിടിച്ചുനിർത്തുക. നിങ്ങൾ കോട്ടുവായിട്ടാൽ പിശാച് ചിരിക്കും.(ബുഖാരി)

وعنه رضي الله عنه قال، قال رسول الله ﷺ :(إذا عطس أحدكم فليقل الحمد لله وليقل له أخوه–أو صاحبه يرحمك الله، فإذا قال: يرحمك الله فليقل: يهديكم الله ويصلح بالكم) البخاري

അബൂഹുറയ്റ رضي الله عنه യിൽനിന്നു നിവേദനം, റസൂൽ ﷺ പറഞ്ഞു: നിങ്ങളാരെങ്കിലും തുമ്മിയാൽ "അൽഹംദുലില്ലാഹ്" (അല്ലാഹുവിന്ന് സ്തുതി) എന്നു പറയുക. അപ്പോൾ കൂടെയുള്ളവർ "യർഹമുകല്ലാഹ്" (അല്ലാഹു നിങ്ങളെ അനുഗ്രഹിക്കട്ടെ) എന്ന് പറയണം. തുമ്മിയവൻ "യഹ്ദീകുമുല്ലാഹ് വയുസ്ലിഹ്ബാലകും" (അല്ലാഹു നിങ്ങളെ സന്മാർഗ്ഗത്തിലാക്കട്ടെ, നിങ്ങളുടെ അവസ്ഥ നന്നാക്കട്ടെ) എന്ന് പറയണം. (ബുഖാരി)

وعن أبي موسى رضي الله عنه قال، سمعت رسول الله ﷺ :(إذا عطس أحدكم فحمد الله فشمّتوه، وإن لم يحمد الله فلا تشمّتوه) مسلم

അബൂമൂസൽ അശ്അരി رضي الله عنه യിൽനിന്നു നിവേദനം, നബി ﷺ പറയുന്നതായി ഞാൻ കേട്ടിരിക്കുന്നു: നിങ്ങളിൽ ആരെങ്കിലും തുമ്മിയശേഷം അല്ലാഹുവിനെ സ്തുതിച്ചാൽ അവനെ നിങ്ങൾ (യർഹമുകല്ലാഹു പറഞ്ഞ്) സന്തോഷിപ്പിക്കുക. സ്തുതിച്ചില്ലെങ്കിൽ സന്തോഷിപ്പിക്കരുത്. (മുസ്ലിം)

وعن أبي هريرة رضي الله عنه (أن النبي ﷺ كان إذا عطس غطى وجهه بيده أو بثوبه وغض بها صوته)
أحمدو الترمذي و أبوداود

അബൂഹുറയ്റ رضي الله عنه യിൽനിന്നു നിവേദനം, നബി ﷺ തുമ്മുമ്പോൾ തൻെറമുഖം, കൈകൊണ്ടോ വസ്ത്രം കൊണ്ടോ അടക്കിപ്പിടിച്ച് ശബ്ദം താഴ്ത്തുമായിരുന്നു. (അഹ്മദ്,തിർമിദി, അബൂദാവൂദ്)

സംഗ്രഹം:

1-തുമ്മിയിട്ട് അൽഹംദുലില്ലാഹ് എന്നു പറയുന്നത് കേട്ടവരെല്ലാം യർഹമുകല്ലാഹ് എന്നു പറയണം.
2-അല്ലാഹുവിനെ സ്തുതിച്ചില്ലെങ്കിൽ അങ്ങനെ പറയേണ്ടതില്ല.
3-കോട്ടുവാ പിടിച്ചു നിർത്തലും മറച്ചുപിടിക്കലും സുന്നത്താകുന്നു.
4-കോട്ടുവായിടുമ്പോൾ കൈകൊണ്ട് വാപൊത്തണം.
5-തുമ്മുമ്പോൾ കൈ, വസ്ത്രം, ടവൽ എന്നിവ കൊണ്ട് മുഖം പൊത്തിപ്പിടിക്കണം.
6-കോട്ടുവായിടുമ്പോൾ, തുമ്മുമ്പോൾ ശബ്ദം ഉയർത്തരുത്.

24-നായ വളർത്തൽ

عن أبي هريرة رضي الله عنه قال: قال رسول الله ﷺ :(من اتخذ كلبا إلا كلب ماشية أو صيد أو زرع انتقص من أجره كل يوم قيراط) متفق عليه

അബൂഹുറയ്റ رضي الله عنه യിൽനിന്നു നിവേദനം, റസൂൽ ﷺപറഞ്ഞു: കാലികളെ മേയ്ക്കാനോ, വേട്ടയാടാനോ, കൃഷി സംരക്ഷണത്തിനോ അല്ലാതെ ഒരാൾ നായ വളർത്തിയാൽ, ഓരോ ദിവസവും അയാളുടെ പ്രതിഫലത്തിൽ നിന്നും ഒരുഖീറാത് (ഒരുമലയുടെ അത്ര) കുറഞ്ഞു കൊണ്ടിരിക്കും.

وعنه رضي الله عنه أن رسول الله ﷺ قال:**(إذا ولغ الكلب في إناء أحدكم فاغسلوه سبعا وعفروه الثامنة بالتراب)** مسلم

അബൂഹുറയ്റ ﷺ യിൽനിന്നു നിവേദനം, റസൂൽ ﷺ പറഞ്ഞു: നിങ്ങളുടെ പാത്രത്തിൽ നായ തല യിട്ടാൽ ഏഴുപ്രാവശ്യം കഴുകണം. എട്ടാമത്തെ പ്രാവശ്യം മണ്ണുചേർത്തു കൊണ്ട് കഴുകണം.

സംഗ്രഹം:

1-കൃഷി, കന്നുകാലി സംരക്ഷണം, വേട്ട എന്നീ ആവശ്യങ്ങൾക്കല്ലാതെ നായവളർത്തൽ അനു വദനീയമല്ല.
2-കഴിയുന്നതും നായയുടെ സാന്നിദ്ധ്യം ഒഴിവാക്കണം.
3-നായ തലയിട്ട പാത്രം ഏഴുപ്രാവശ്യം കഴുകണം. ഒന്ന് മണ്ണ് ഉപയോഗിച്ച് ആകണം.

25-ദൈവ സ്മരണ

അല്ലാഹു പറയുന്നു:

﴿ وَاذْكُرُوا اللَّهَ كَثِيرًا لَعَلَّكُمْ تُفْلِحُونَ ﴾ (الجمعة:١٠)

നിങ്ങൾ അല്ലാഹുവെ ധാരാളമായി ഓർക്കുകയും ചെയ്യുക. നിങ്ങൾ വിജയം പ്രാപിച്ചേ ക്കാം. (ജുമുഅഃ-10)

﴿ يَا أَيُّهَا الَّذِينَ آمَنُوا اذْكُرُوا اللَّهَ ذِكْرًا كَثِيرًا وَسَبِّحُوهُ بُكْرَةً وَ أَصِيلاً ﴾ (الأحزاب:٤١)

സത്യവിശ്വാസികളേ, നിങ്ങൾ അല്ലാഹുവെ ധാരാളമായി അനുസ്മരിക്കുകയും, കാലത്തും വൈകുന്നേരവും അവനെ പ്രകീർത്തിക്കുകയും ചെയ്യുവിൻ. (അഹ്സാബ്-41)

وعن أبي موسى الأشعريﷺ عن النبيﷺ أنه قال:(مثل الذي يذكر ربه والذي لا يذكر ربه، مثل الحي والميت) متفق عليه

അബൂമൂസൽഅശ്അരി ﷺ യിൽനിന്നു നിവേദനം, നബി ﷺ പറഞ്ഞു: തൻെറ നാഥനെ സ്മരി ക്കുന്നവൻ ജീവനുള്ളവനെപ്പോലെയും സ്മരിക്കാത്തവൻ മരിച്ചവനെ പോലെയുമാകുന്നു.

وعن أبي هريرةﷺ قال: قال رسول اللهﷺ :(كلمتان خفيفتان على اللسان، ثقيلتان بالميزان، حبيبتان إلى الرحمن: سبحان الله وبحمده سبحان الله العظيم) متفق عليه

അബൂഹുറയ്റ ﷺ യിൽനിന്നു നിവേദനം, റസൂൽ ﷺ പറഞ്ഞു: നാവിന്ന് ലഘുവായതും, ത്രാസിൽ ഭാരംകൂടുതലുള്ളവയും, അല്ലാഹുവിന്ന് വളരെ ഇഷ്ടപ്പെട്ടതുമായ രണ്ടുവാക്കുകളുണ്ട് സുബ്ഹേ നല്ലാഹി വബിഹംദിഹി (അല്ലാഹുവിനെ സ്തുതിച്ചുകൊണ്ട് പ്രകീർത്തിക്കുന്നു), സുബ്ഹേനല്ലാ ഹിൽ അദ്വീം (മഹാനായ അല്ലാഹു പരിശുദ്ധൻ) എന്നിവ.

وعنهﷺ قال: قال رسول اللهﷺ :(لأن أقول سبحان الله، والحمد لله، ولاإله إلا الله والله أكبر، أحب علي مما طلعت عليه الشمس) مسلم

അബൂഹുറയ്റ ﷺ യിൽനിന്നു നിവേദനം, റസൂൽ ﷺ പറഞ്ഞു: സുബ്ഹാനല്ലാഹ് (അല്ലാഹു പരിശുദ്ധൻ), അൽഹംദുലില്ലാഹ് (സർവ്വ സ്തുതിയും അല്ലാഹുവിനാകുന്നു), ലാഇലാഹ ഇല്ലല്ലാ ഹ് (ആരാധനക്കർഹൻ അല്ലാഹുവല്ലാതെ യാതൊന്നുമില്ല), അല്ലാഹു അക്ബർ (അല്ലാഹു ഏറ്റ വും വലിയവൻ), എന്നീ വാക്കുകൾ പറയലാണ് സൂര്യൻ ഉദിക്കുന്ന (ഭൂമിയിലുള്ള മുഴുവൻ) വസ് തുക്കളെക്കാളും എനിക്ക് ഏറ്റവും ഇഷ്ടം.

وعن جابرﷺ قال: سمعت رسول الله ﷺ يقول:(أفضل الذكر:لاإله إلا الله) الترمذي

ജാബിർ ﷺ ൽനിന്നു നിവേദനം, നബി ﷺ പറയുന്നതായി ഞാൻ കേട്ടിരിക്കുന്നു: ഏറ്റവും നല്ല ദിക്ർ (വാക്ക്) ലാഇലാഹ ഇല്ലല്ലാഹ് എന്നതാകുന്നു.

തെരഞ്ഞെടുത്ത ദിക്റുകൾ

ഉറങ്ങാൻ കിടക്കുമ്പോൾ

بِسْمِكَ اللَّهُمَّ أَمُوتُ وَأَحْيَا

അല്ലാഹുവേ, നിൻെറ നാമത്തിൽ ഞാൻ മരിക്കുകയും ജീവിക്കുകയും ചെയ്യുന്നു.

ഉണരുമ്പോൾ:

أَلْحَمْدُ لِلَّهِ الَّذِي أَحْيَانَا بَعْدَ مَا أَمَاتَنَا وَإِلَيْهِ النُّشُورُ.

ഞങ്ങളെ മരിപ്പിച്ചതിനു ശേഷം ജീവിപ്പിച്ച അല്ലാഹുവിന് സർവ്വസ്തുതിയും, അവനിലേക്കു തന്നെയാകുന്നു ഞങ്ങളുടെ മടക്കം.

വാഹനത്തിൽ കയറുമ്പോൾ:

بِسْمِ اللَّهِ، الْحَمْدُ لِلَّهِ، سُبْحَانَ الَّذِي سَخَّرَ لَنَا هَذَا وَمَا كُنَّا لَهُ مُقْرِنِينَ وَإِنَّا إِلَى رَبِّنَا لَمُنْقَلِبُونَ.

അല്ലാഹുവിൻെറ നാമത്തിൽ, അല്ലാഹുവിനാണ് സർവ്വസ്തുതിയും, ഈ വാഹനത്തെ ഞങ്ങൾക്കു കീഴ്പെടുത്തി തന്നവൻ പരമപരിശുദ്ധൻ, ഞങ്ങൾ അതിനെ കീഴ്പെടുത്താൻ കഴിവുള്ളവരായിരുന്നില്ല, ഞങ്ങൾ ഞങ്ങളുടെ നാഥനിലേക്കു മടങ്ങുന്നവരാകുന്നു.

ഒരു സ്ഥലത്ത് ഇറങ്ങിയാൽ:

أَعُوذُ بِكَلِمَاتِ اللَّهِ التَّامَّاتِ مِنْ شَرِّ مَا خَلَقَ.

അല്ലാഹുവിൻെറ പൂർണമായ വചനങ്ങളാൽ, അവൻ സൃഷ്ടിച്ചിട്ടുള്ളവയുടെ അനർത്ഥങ്ങളിൽ നിന്ന് ഞാൻ ശരണം തേടുന്നു.

വുദു എടുക്കുമ്പോൾ:

بِسْمِ اللَّهِ.

അല്ലാഹുവിൻെറ നാമത്തിൽ (ഞാൻ ആരംഭിക്കുന്നു.)

വുദുവിനു ശേഷം:

أَشْهَدُ أَن لآإِلَهَ إَلاَّ اللَّهُ وَحْدَهُ لاَ شَرِيكَ لَهُ وَأَشْهَدُ أَنَّ مُحَمَّدًا عَبْدُهُ وَ رَسُولُهُ.

ആരാധനക്കർഹനില്ല, അല്ലാഹു ഒഴികെ, അവൻ ഏകനും പങ്കുകാരില്ലാത്തവനുമാകുന്നു എന്ന് ഞാൻ സാക്ഷ്യം വഹിക്കുന്നു. മുഹെമ്മദ് അല്ലാഹുവിൻെറ ദാസനും ദൂതനുമാണെന്നും ഞാൻ സാക്ഷ്യം വഹിക്കുന്നു.

വീട്ടിൽ നിന്നിറങ്ങുമ്പോൾ:

بِسْمِ اللَّهِ تَوَكَّلْتُ عَلَى اللَّهِ وَلاَحَوْلَ وَلاَقُوَّةَ إلاَّ بِّاللَّهِ.

അല്ലാഹുവിൻെറ നാമത്തിൽ, ഞാൻ അല്ലാഹുവിൽ ഭരമേൽപിക്കുന്നു, ഒരുശക്തിയും കഴിവും അല്ലാഹുവിനെ കൊണ്ടല്ലാതെ ഇല്ല.

വീട്ടിൽ പ്രവേശിക്കുമ്പോൾ:

بِسْمِ اللَّهِ وَلَجْنَا، وَبِسْمِ اللَّهِ خَرَجْنَا، وَعَلَى رَبِّنَا تَوَكَّلْنَا.

അല്ലാഹുവിൻെറ നാമത്തിൽ നാം പ്രവേശിക്കുന്നു, അല്ലാഹുവിൻെറ നാമത്തിൽ തന്നെയാണ് നാം പുറത്തു പോയതും, നമ്മുടെ നാഥനിൽ നാം ഭരമേൽപിച്ചിരിക്കുന്നു.

നബിയുടെ പേരിൽ സ്വലാത്:

أَللَّهُمَّ صَلِّ عَلَى مُحَمَّدٍ وَعَلَى آلِ مُحَمَّدٍ كَمَا صَلَّيْتَ عَلَى إِبْرَاهِيمَ وَعَلَى آلِ إِبْرَاهِيمَ إِنَّكَ حَمِيدٌ مَجِيدٌ.
أَللَّهُمَّ بَارِكْ عَلَى مُحَمَّدٍ وَعَلَى آلِ مُحَمَّدٍ كَمَا بَارَكْتَ عَلَى إِبْرَاهِيمَ وَعَلَى آلِ إِبْرَاهِيمَ إِنَّكَ حَمِيدٌ مَجِيدٌ.

അല്ലാഹുവേ, മുഹെമ്മദ് നബിക്കും കുടുംബത്തിനും നീ കരുണ ചെയ്യേണമേ, ഇബ്റാഹീം നബിക്കും കുടുംബത്തിനും നീ കരുണ ചെയ്തതു പോലെ. നിശ്ചയം നീ സ്തുത്യർഹനും ഉന്നതനുമാകുന്നു. അല്ലാഹുവേ, മുഹെമ്മദ് നബിക്കും കുടുംബത്തിനും നീ അനുഗ്രഹം ചെയ്യേണമേ, ഇബ്റാഹീം നബിക്കും കുടുംബത്തിനും നീ അനുഗ്രഹം ചെയ്തതു പോലെ. നിശ്ചയം നീ സ്തുത്യർഹനും ഉന്നതനുമാകുന്നു.

പ്രഭാതത്തിൽ:

اَللَّهُمَّ بِكَ أَصْبَحْنَا وَبِكَ أَمْسَيْنَا وَبِكَ نَحْيَا وَبِكَ نَمُوتُ وَإِلَيْكَ النُّشُورُ.

അല്ലാഹുവേ, നിൻെറ സഹായത്താൽ ഞങ്ങൾ പ്രഭാതത്തിലായി, നിൻെറ സഹായത്താൽ ഞങ്ങൾ

അസ്തമയത്തിലേക്കടുക്കുന്നു. നീ മുഖേന ഞങ്ങൾ ജീവിക്കുന്നു, നീ മുഖേന ഞങ്ങൾ മരിക്കുന്നു. നിന്നിലേക്കു തന്നെ ഞങ്ങളുടെ മടക്കം.

വൈകുന്നേരം:

اللَّهُمَّ بِكَ أَمْسَيْنَا وَبِكَ أَصْبَحْنَا وَبِكَ نَحْيَا وَبِكَ نَمُوتُ، وَإِلَيْكَ الْمَصِيرُ.

അല്ലാഹുവേ, നിൻെറ സഹായത്താൽ ഞങ്ങൾ അസ്തമയത്തിലായി, നിൻെറ സഹായത്താൽ ഞങ്ങൾ പ്രഭാതത്തിലേക്കടുക്കുന്നു. നീ മുഖേന ഞങ്ങൾ ജീവിക്കുന്നു, നീ മുഖേന ഞങ്ങൾ മരിക്കുന്നു. നിന്നിലേക്കു തന്നെ ഞങ്ങളുടെ മടക്കം.

26-സുഹൃത്ത്

അല്ലാഹു പറയുന്നു:

﴿ **الأَخِلاَّءُ يَوْمَئِذٍ بَعْضُهُمْ لِبَعْضٍ عَدُوٌّ إِلاَّ الْمُتَّقِينَ** ﴾ (الزخرف:٦٧)

സുഹൃത്തുക്കൾ ആദിവസം അന്യോന്യം ശത്രുക്കളായിരിക്കും. സൂക്ഷ്മത പാലിക്കുന്നവരൊഴികെ. (സുഖ്റുഫ്-67)

﴿ **يَوْمَ يَعَضُّ الظَّالِمُ عَلَى يَدَيْهِ يَقُولُ يَا لَيْتَنِي اتَّخَذْتُ مَعَ الرَّسُولِ سَبِيلاً يَا وَيْلَتَى لَيْتَنِي لَمْ أَتَّخِذْ فُلاَنًا خَلِيلاً لَقَدْ أَضَلَّنِي عَنِ الذِّكْرِ بَعْدَ إِذْ جَاءَنِي وَكَانَ الشَّيْطَانُ لِلإِنْسَانِ خَذُولاً** ﴾ (الفرقان:٢٧)

അക്രമം ചെയ്തവൻ തൻെറ കൈകൾ കടിക്കുന്ന ദിവസം. റസൂലിൻെറ കൂടെ ഞാനൊരു മാർഗ്ഗം സ്വീകരിച്ചിരുന്നെങ്കിൽ എത്ര നന്നായിരുന്നേനെ. എൻെറ കഷ്ടമേ! ഇന്ന ആളെ ഞാൻ സുഹൃത്തായി സ്വീകരിച്ചിട്ടില്ലായിരുന്നെങ്കിൽ എത്ര നന്നായിരുന്നേനെ. എനിക്കു ബോധനം വന്നുകിട്ടിയ ശേഷം അതിൽ നിന്നവൻ എന്നെ തെറ്റിച്ചു കളഞ്ഞുവല്ലോ. എന്നിങ്ങനെ അവൻ പറയും. പിശാച് മനുഷ്യനെ കൈവിട്ടു കളയുന്നവനാകുന്നു. (അൽ-ഫുർഖാൻ-27-29)

﴿ **فَأَقْبَلَ بَعْضُهُمْ عَلَى بَعْضٍ يَتَسَاءَلُونَ، قَالَ قَائِلٌ مِنْهُمْ إِنِّي كَانَ لِي قَرِينٌ يَقُولُ أَءِنَّكَ لَمِنَ الْمُصَدِّقِينَ، أَءِذَا مِتْنَا وَكُنَّا تُرَابًا وَعِظَامًا أَءِنَّا لَمَدِينُونَ، قَالَ هَلْ أَنْتُمْ مُطَّلِعُونَ، فَاطَّلَعَ فَرَآهُ فِي سَوَاءِ الْجَحِيمِ، قَالَ تَاللَّهِ إِنْ كِدْتَ لَتُرْدِينِ وَلَوْلاَ نِعْمَتُ اللَّهِ لَكُنْتُ مِنَ الْمُحْضَرِينَ** ﴾ (الصافات:٥٠-٥٧)

ആ സ്വർഗ്ഗവാസികളിൽ ചിലർ ചിലരുടെ നേരെ തിരിഞ്ഞു കൊണ്ട് പരസ്പരം (പല ചോദ്യങ്ങളും) ചോദിക്കും. അവരിൽ നിന്ന് ഒരുവക്താവ് പറയും: തീർച്ചയായും എനിക്ക് ഒരു കൂട്ടുകാരനുണ്ടായിരുന്നു. അവൻ പറയുമായിരുന്നു; തീർച്ചയായും നീ പരലോകത്തിൽ വിശ്വസിക്കുന്നവരുടെ കൂട്ടത്തിൽ തന്നെയാണോ? നാം മരിച്ചിട്ട് മണ്ണും അസ്ഥിശകലങ്ങളുമായി കഴിഞ്ഞാലും നമുക്ക് നമ്മുടെ കർമ്മഫലങ്ങൾ നൽകപ്പെടുന്നതാണോ? തുടർന്ന് ആ വക്താവ് (കൂടെയുള്ളവരോട്) പറയും: നിങ്ങൾ (ആ കൂട്ടുകാരനെ) എത്തിനോക്കാൻ ഉദ്ദേശിക്കുന്നുണ്ടോ? എന്നിട്ട് അദ്ദേഹം എത്തിനോക്കും. അപ്പോൾ അദ്ദേഹം അവനെ നരകത്തിൻെറ മദ്ധ്യത്തിൽ കാണും. അദ്ദേഹം (അവനോട്) പറയും: അല്ലാഹുവെ തന്നെയാണ, നീ എന്നെ നാശത്തിൽ അകപ്പെടുത്തുക തന്നെ ചെയ്തേക്കുമായിരുന്നു. എൻെറ രക്ഷിതാവിൻെറ അനുഗ്രഹം ഇല്ലായിരുന്നെങ്കിൽ, (നരകത്തിൽ) ഹാജറാക്കപ്പെടുന്നവരിൽ ഞാനും ഉൾപ്പെടുമായിരുന്നു. (സ്വാഫ്ഫാത്-50-57)

وقال النبي ﷺ :(الرجل على دين خليله فلينظر أحدكم من يخالل) أبوداود والترمذي

നബി ﷺ പറഞ്ഞു: ഒരാൾ തൻെറ കൂട്ടുകാരൻെറ മത-ആദർശങ്ങളിലായിരിക്കും. അതു കൊണ്ട് ചിന്തിച്ചുവേണം ഒരാളോട് കൂട്ടുകൂടാൻ.

وقال ﷺ:(سبعة يظلهم الله في ظله يوم لا ظل إلا ظله.... ورجلان تحابا في الله اجتمعا عليه وتفرقا عليه) متفق عليه

നബി ﷺ പറഞ്ഞു: അല്ലാഹുവിൻെറതല്ലാത്ത മറ്റൊരു തണലുമില്ലാത്ത (അന്ത്യ) ദിനത്തിൽ ഏഴു വിഭാഗക്കാർക്ക് അല്ലാഹു അവൻെറ തണലേകും. അല്ലാഹുവിൻെറ മാർഗ്ഗത്തിൽ സ്നേഹിച്ചു, ഒരുമിച്ചു കൂടുകയും പിരിയുകയും ചെയ്ത രണ്ടുകൂട്ടുകാർ ഇവരിൽ ഉൾപ്പെടും.

സംഗ്രഹം:

1-എല്ലാവർക്കും സുഹൃത്തുക്കൾ ഉണ്ടാകും. നന്മ കാണിച്ചുതരുന്ന, അതിന്ന് സഹായിക്കുന്ന നല്ല കൂട്ടുകാരെ കണ്ടെത്താൻ ശ്രമിക്കുക.

2-ദൈവനിഷേധത്തിലേക്കും അധർമ്മത്തിലേക്കുമാണ് കൂട്ടുകാരൻ ക്ഷണിക്കുന്നതെങ്കിൽ, അവൻ നിങ്ങളുടെ ബദ്ധശത്രുവാണ്.

3-സത്യനിഷേധികളെ കൂട്ടുകാരാക്കുന്നത് ശ്രദ്ധിക്കുക. അവൻ മുസ്ലിമിനെ നന്മയിൽ നിന്നും ദൈവാനുസരണത്തിൽ നിന്നും തടയും.

27-ക്ഷമ

അല്ലാഹു പറയുന്നു:

﴿ يَا أَيُّهَا الَّذِينَ آمَنُوا اصْبِرُوا وَصَابِرُوا... ﴾ (آل عمران:٢٠٠)

സത്യവിശ്വാസികളേ, നിങ്ങൾ ക്ഷമിക്കുകയും, ക്ഷമയിൽ മികവ് കാണിക്കുകയും ചെയ്യുക (ആലു ഇംറാൻ-200)

﴿وَلَنَبْلُوَنَّكُمْ بِشَيْءٍ مِنَ الْخَوْفِ وَالْجُوعِ وَنَقْصٍ مِنَ الأَمْوَالِ وَالأَنْفُسِ وَالثَّمَرَاتِ وَبَشِّرِ الصَّابِرِينَ﴾ (البقرة:١٥٥)

കുറച്ചൊക്കെ ഭയം, പട്ടിണി, ധനനഷ്ടം, ജീവനഷ്ടം, വിഭവ നഷ്ടം എന്നിവ മൂഖേന നിങ്ങളെ നാം പരീക്ഷിക്കുക തന്നെ ചെയ്യും. (അത്തരം സന്ദർഭങ്ങളിൽ) ക്ഷമിക്കുന്നവർക്ക് സന്തോഷവാർത്ത അറിയിക്കുക. (അൽബഖറ-155)

وعن صهيب بن سنانﷺ قال: قال رسول الله ﷺ :(عجبا لأمر المؤمن إن أمره كله له خير، إن أصابته سرّاء شكر فكان خيرا له، وإن أصابته ضراء صبر فكان خيرا له) مسلم

സുഹയ്ബ്ബ്നു സിനാൻ ﷺൽനിന്നു നിവേദനം, നബി ﷺ പറഞ്ഞു: സത്യവിശ്വാസിയുടെ കാര്യം അത്ഭുതം തന്നെ. അവൻെറ എല്ലാ കാര്യങ്ങളും അവന്ന് നന്മയാണ്. സന്തോഷം ഭവിച്ചാൽ അവൻ നന്ദികാണിക്കും. അതവന്ന് നന്മയായിത്തീരും. സന്താപം ഭവിച്ചാൽ ക്ഷമിക്കും. അതും അവന്ന് ഗുണം തന്നെ. (മുസ്ലിം)

وعن أنسﷺ قال سمعت رسول الله ﷺ يقول:(إن الله عزوجل يقول: إذا ابتليت عبدي بحبيبتيه فصبر عوّضته منها الجنة) البخاري

അനസ് ﷺൽനിന്നു നിവേദനം, നബി ﷺപറയുന്നതായി ഞാൻ കേട്ടിരിക്കുന്നു: നിശ്ചയമായും അല്ലാഹു പറഞ്ഞിരിക്കുന്നു: എൻെറ ദാസനെ അവന്ന് ഏറ്റവും ഇഷ്ടപ്പെട്ട രണ്ടെണ്ണം (കണ്ണുകൾ) കൊണ്ട് ഞാൻ പരീക്ഷിക്കുമ്പോൾ, അവൻ ക്ഷമിച്ചാൽ അവക്ക് പകരമായി ഞാൻ അവന്ന് സ്വർഗ്ഗം നൽകും.

وعن أبي هريرةﷺ قال: قال رسول الله ﷺ :(ما يصيب المسلم من نصب ولا وصب ولا هم ولا حزن ولا أذى ولا غم، حتى الشوكة يشاكها إلا كفّر الله بها من خطاياه) البخاري

അബൂഹുറയ്റ ﷺ യിൽനിന്നു നിവേദനം, റസൂൽ ﷺ പറഞ്ഞു: ഒരു മുസ്ലിമിന്ന് ബാധിക്കുന്ന ക്ഷീണം, രോഗം, മനോവിഷമം, സങ്കടം, ബുദ്ധിമുട്ട്, കാലിൽ ഒരുമുള്ളു തറക്കുന്ന വേദന ഇവ കൊണ്ടെല്ലാം അല്ലാഹു അവൻെറ പാപങ്ങൾ പൊറുത്തു കൊടുത്തു കൊണ്ടിരിക്കും.

وعنهﷺ أن رسول الله ﷺ قال:(ما يزال البلاء بالمؤمن والمؤمنة في نفسه وفي ولده وماله حتى يلقى الله وما عليه خطيئة) الترمذي

അബൂഹുറയ്റ ﷺ യിൽനിന്നു നിവേദനം, റസൂൽ ﷺപറഞ്ഞു: സത്യവിശ്വാസിക്കും വിശ്വാസിനിക്കും തങ്ങളുടെ സ്വന്തം ശരീരത്തിലും, സമ്പത്തിലും സന്താനങ്ങളിലും പരീക്ഷണം നേരിട്ടു കൊണ്ടേയിരിക്കും. അങ്ങനെ യാതൊരു പാപവുമില്ലാത്തവിധം അല്ലാഹുവിനെ കണ്ടുമുട്ടുന്നത് വരെ. (തുർമുദി)

സംഗ്രഹം:

1-സദാ ക്ഷമ കൈക്കൊള്ളാനുള്ള പ്രേരണ. പരീക്ഷണത്തിൻെറ പ്രതിഫലം നഷ്ടപ്പെടുത്തുന്ന വിധം ക്ഷമകേട് കാണിക്കുന്നതിൽ മുന്നറിയിപ്പ്.

2-മുസ്ലിമിനുണ്ടാകുന്ന പരീക്ഷണങ്ങൾ അവൻെറ പാപങ്ങൾ പൊറുക്കപ്പെടാൻ ഹേതുകങ്ങളാകും.

3-അല്ലാഹുവിനെ അനുസരിക്കുന്ന കാര്യത്തിൽ ക്ഷമിക്കുക. ദൈവധിക്കാരപരമായ കാര്യങ്ങളിൽ നിന്നും ക്ഷമാപൂർവ്വം അകലുക. ഇത് ക്ഷമയുടെ ഏറ്റവും ശ്രേഷ്ഠമായ രൂപമത്രെ.

4-അല്ലാഹു നൽകിയതു കൊണ്ട് മുസ്‌ലിം തൃപ്തിയടയണം. കാരണം, തന്റെ ദാസന്റെ നന്മയെ കുറിച്ച് കൂടുതൽ അറിവുള്ളവനും, യുക്തിമാനും അവനാകുന്നു.

أحكام اليوم الآخر

ന്യായവിധിനാൾ

മതവിശ്വാസിയുടെ വിശ്വാസത്തിൻെറ ഭാഗമാണ് പരലോക വിശ്വാസം. ആ ദിനത്തെ കുറിച്ച് പരിശുദ്ധ ഖുർആനിലും നബി ﷺ യുടെ സുന്നത്തിലും വ്യക്തമായി വന്നിട്ടുള്ള കാര്യങ്ങളിൽ വിശ്വസിക്കാതെ ഒരു മനുഷ്യനും സത്യവിശ്വാസിയാകുകയില്ല. അന്ത്യദിനത്തെ കുറിച്ചുള്ള അറിവും, അതിനെ അധികമായി ഓർക്കലും വളരെ പ്രാധാന്യമുള്ള കാര്യമാണ്. കാരണം മനുഷ്യ മനസ്സുകളിൽ ദൈവിക ഭയഭക്തിയും, അല്ലാഹുവിൻെറ മതത്തിൽ അടിയുറച്ച് നിൽക്കാനുള്ള ധൈര്യവും നൽകുന്ന കാര്യത്തിൽ അതിന് വളരെ വലിയ പങ്കുണ്ട്.

ആ ദിനത്തിൻെറ ഭയവിഹ്വലതകൾ ഓർത്താൽ ഏതൊരു ഹൃദയമാണ് കടുത്തതാകുക!? ഏതൊരു മനസ്സാണ് തെറ്റുകൾ ചെയ്യാൻ പ്രേരിപ്പിക്കുക!? അല്ലാഹു പറയുന്നു:

﴿ فَكَيْفَ تَتَّقُونَ إِنْ كَفَرْتُمْ يَوْمًا يَّجْعَلُ الْوِلْدَانَ شِيبًا ﴾ (المزمّل: ١٧)

എന്നാൽ നിങ്ങൾ അവിശ്വസിക്കുകയാണെങ്കിൽ, കുട്ടികളെ നരച്ചവരാക്കിത്തീർക്കുന്ന ഒരു ദിവസത്തെ നിങ്ങൾക്ക് എങ്ങനെ സൂക്ഷിക്കാനാവും? (മുസ്സമ്മിൽ-17)

﴿ يَا أَيُّهَا النَّاسُ اتَّقُوا رَبَّكُمْ إِنَّ زَلْزَلَةَ السَّاعَةِ شَيْءٌ عَظِيمٌ يَوْمَ تَرَوْنَهَا تَذْهَلُ كُلُّ مُرْضِعَةٍ عَمَّا أَرْضَعَتْ وَتَضَعُ كُلُّ ذَاتِ حَمْلٍ حَمْلَهَا وَتَرَى النَّاسَ سُكَارَى وَمَا هُمْ بِسُكَارَى وَلَكِنَّ عَذَابَ اللَّهِ شَدِيدٌ ﴾ (الحج:١-٢)

മനുഷ്യരേ, നിങ്ങൾ നിങ്ങളുടെ രക്ഷിതാവിനെ സൂക്ഷിക്കുവിൻ, തീർച്ചയായും ആ അന്ത്യസമയത്തെ പ്രകമ്പനം ഭയങ്കരമായ ഒരുകാര്യം തന്നെയാകുന്നു. നിങ്ങൾ അത് കാണുന്ന ദിവസം ഏതൊരു മുലകൊടുക്കുന്ന മാതാവും താൻ മുലയൂട്ടുന്ന കുഞ്ഞിനെപ്പറ്റി അശ്രദ്ധയിലായിപ്പോകും. ഗർഭവതിയായ ഏതൊരു സ്ത്രീയും തൻെറ ഗർഭത്തിലുള്ളത് പ്രസവിച്ചു പോകുകയും ചെയ്യും. ജനങ്ങളെ മത്തു പിടിച്ചവരായി നിനക്ക് കാണുകയും ചെയ്യാം. (യഥാർത്ഥത്തിൽ) അവർ ലഹരി ബാധിച്ചവരല്ല. പക്ഷെ അല്ലാഹുവിൻെറ ശിക്ഷ കഠിനമാകുന്നു. (ഹജ്ജ്: 1-2).

പരലോകത്തെ കുറിച്ച് പറയുമ്പോൾ അതിൽ മനുഷ്യൻെറ മരണവും, അന്ത്യദിനത്തിൻെറ അടയാളവും, മരണാനന്തരം മനുഷ്യന് ഖബ്റിൽവച്ചും, ബർസഖിൽ വച്ചും, ലഭിക്കുന്ന ശിക്ഷാ രക്ഷകളും, അന്ത്യനാളും പുനർജീവിതവും, വിചാരണക്കു വേണ്ടി മനുഷ്യനെ ഒരുമിച്ചു കൂട്ടലും, ആദിനത്തിൻെറ ഭയങ്കരതയും, ജനങ്ങളെ സ്വർഗ്ഗ നരകങ്ങളിലേക്ക് തിരിക്കുന്ന വിധി പ്രഖ്യാപനവും, സ്വർഗ്ഗീയ സുഖങ്ങളും, നരകശിക്ഷയും എല്ലാം ഉൾപ്പെടും.

മരണം

ജീവനുള്ള എല്ലാ വസ്തുക്കളുടെയും ഈ ലോകത്ത് വച്ചുള്ള അന്ത്യമാണ് മരണം. അല്ലാഹു പറയുന്നു:

﴿ كُلُّ نَفْسٍ ذَائِقَةُ الْمَوْتِ ﴾ (آل عمران : ١٨٥)

ഏതൊരു ദേഹവും മരണം ആസ്വദിക്കുന്നതാണ്. (ആലു ഇംറാൻ-185)

﴿ كُلُّ مَنْ عَلَيْهَا فَانٍ ﴾ (الرحمن :٢٦)

അവിടെ (ഭൂമുഖത്ത്) യുള്ള എല്ലാവരും നശിച്ചുപോകുന്നവരാകുന്നു.(അർ-റഹ്മാൻ :26)

അല്ലാഹു നബി ﷺ യോട് പറയുന്നു:

﴿ إِنَّكَ مَيِّتٌ وَّإِنَّهُمْ مَيِّتُونَ ﴾ (الزمر:٣٠)

തീർച്ചയായും നീ മരിക്കുന്നവനാകുന്നു. അവരും മരിക്കുന്നവരാകുന്നു. (അസ്സുമർ:30)
ഈ ലോകത്ത് ആരും തന്നെ സ്ഥിരവാസികളല്ലെന്ന് സാരം.

﴿ وَمَا جَعَلْنَا لِبَشَرٍ مِّنْ قَبْلِكَ الْخُلْدَ ﴾ (الأنبياء:٣٤)

നബിയേ, നിനക്കുമുമ്പ് ഒരു മനുഷ്യനും നാം അനശ്വരത നൽകിയിട്ടില്ല. (വി.ഖു. 21:34)

മരണം സുനിശ്ചിതമാണ്. നിസ്സംശയം സംഭവിക്കുന്ന കാര്യവുമാണ്. എന്നാൽ അധികപേരും അതിനെ കുറിച്ച് അശ്രദ്ധരുമാണ്. മുസ്‌ലിമായ മനുഷ്യൻ എപ്പോഴും മരണത്തെ ഓർത്തു കൊണ്ടിരിക്കുകയും, അതിന് ഒരുങ്ങുകയും, സമയം പാഴാക്കാതെ തൻെറ ഐഹിക ജീവിതത്തിൽ നിന്നും പാരത്രിക ജീവിതത്തിലേക്കുള്ള യാത്രാവിഭവം തയ്യാറാക്കുകയും ചെയ്യേണ്ടതുണ്ട്. നബി ﷺ പറഞ്ഞു:

اغتنم خمسا قبل خمس، حياتك قبل موتك، وصحتك قبل سقمك، وفراغك قبل شغلك، وشبابك قبل هرمك، وغناك قبل فقرك.

അഞ്ചു കാര്യങ്ങൾ സംഭവിക്കുന്നതിന് മുമ്പ് നീ അഞ്ചു കാര്യങ്ങൾ ഉപയോഗപ്പെടുത്തുക. മരണത്തിനു മുമ്പ് ജീവിതം, രോഗിയാകുന്നതിനു മുമ്പ് ആരോഗ്യം, ജോലിത്തിരക്കിനു മുമ്പ് ഒഴിവു സമയം, വാർദ്ധക്യത്തിനു മുമ്പ് യുവത്വം, ദാരിദ്ര്യത്തിനു മുമ്പ് ഐശ്വര്യം എന്നിവ.

മയ്യിത്തിൻെറ കൂടെ ഖബ്റിലേക്ക് ഭൗതിക വിഭവങ്ങൾ ഒന്നും കൊണ്ടു പോകാറില്ല. തൻെറ പ്രവർത്തനങ്ങൾ മാത്രം കൂട്ടിന്. അതുകൊണ്ട് അല്ലാഹുവിൻെറ അനുഗ്രഹത്താൽ സന്തോഷവും, ശിക്ഷയിൽ നിന്നുള്ള മോചനവും ലഭിക്കുവാൻ സൽകർമ്മങ്ങൾ ചെയ്ത് യാത്രാഭക്ഷണം ഒരുക്കുന്നതിൽ നീ വ്യാപൃതനാവുക.

മനുഷ്യൻെറ അവധി അല്ലാഹു അല്ലാത്തവർക്കെല്ലാം അജ്ഞാതമാണ്. താൻ എവിടെ വച്ച്, എപ്പോൾ മരിക്കുമെന്ന് ഒരു മനുഷ്യനും അറിയില്ല. അല്ലാഹുവിനു മാത്രം അറിയാവുന്ന അദൃശ്യ കാര്യങ്ങളിൽ പെട്ടതാണ് ഈ അറിവ്. മരണം ആസന്നമായാൽ അതിനെ തടയുവാനോ, അതിൽ നിന്ന് ഓടി രക്ഷപ്പെടുവാനോ ആർക്കും സാദ്ധ്യമല്ല. അല്ലാഹു പറയുന്നു:

﴿ وَلِكُلِّ أُمَّةٍ أَجَلٌ فَإِذَا جَآءَ أَجَلُهُمْ لاَ يَسْتَأْخِرُونَ سَاعَةً وَّلاَ يَسْتَقْدِمُونَ ﴾ (الأعراف:٣٤)

ഓരോ സമുദായത്തിനും ഓരോ അവധിയുണ്ട്. അങ്ങനെ അവരുടെ അവധി വന്നെത്തിയാൽ അവർ ഒരു നാഴിക നേരംപോലും വൈകിക്കുകയോ, നേരത്തെയാക്കുകയോ ഇല്ല (അഅ്റാഫ്:34)

സത്യവിശ്വാസിക്ക് മരണം ആസന്നമായാൽ മരണത്തിൻെറ മലക്ക് അവൻെറ മുന്നിൽ സുന്ദര രൂപത്തിൽ, സുഗന്ധവുമായി പ്രത്യക്ഷപ്പെടും. സ്വർഗ്ഗത്തെക്കുറിച്ച് സന്തോഷവാർത്ത അറിയിച്ചു കൊണ്ട് അനുഗ്രഹത്തിൻെറ മലക്കുകളും കൂടെയുണ്ടാകും. അല്ലാഹു പറയുന്നു:

﴿ إِنَّ الَّذِينَ قَالُوا رَبُّنَا اللَّهُ ثُمَّ اسْتَقَامُوا تَتَنَزَّلُ عَلَيْهِمُ الْمَلَئِكَةُ أَلاَّ تَخَافُوا وَلاَ تَحْزَنُوا وَأَبْشِرُوا بِالْجَنَّةِ الَّتِي كُنْتُمْ تُوعَدُونَ ﴾ (فصلت:٣٠)

ഞങ്ങളുടെ രക്ഷിതാവ് അല്ലാഹു ആണെന്ന് പറയുകയും പിന്നീട് നേരാംവണ്ണം നിലക്കൊള്ളുകയും ചെയ്തിട്ടുള്ളവരാരോ, അവരുടെ അടുക്കൽ മലക്കുകൾ ഇറങ്ങിവന്നുകൊണ്ട് ഇപ്രകാരം പറയുന്നതാണ്; നിങ്ങൾ ഭയപ്പെടുകയോ, ദുഃഖിക്കുകയോ വേണ്ട. നിങ്ങൾക്ക് വാഗ്ദാനം നൽകപ്പെട്ടിരിക്കുന്ന സ്വർഗ്ഗത്തെപ്പറ്റി നിങ്ങൾ സന്തോഷമടഞ്ഞു കൊള്ളുക (ഹാമീം,സജദ:30)

അവിശ്വാസിയുടെ മരണവേളയിൽ ദുർഗന്ധം വമിക്കുന്ന വസ്ത്രത്തിൽ, കറുത്ത മുഖവുമായി, ഭയങ്കര രൂപത്തിൽ മലക്ക് പ്രത്യക്ഷപ്പെടും. നരകശിക്ഷ വാഗ്ദാനം ചെയ്തുകൊണ്ട് ശിക്ഷയുടെ മലക്കുകളും കൂടെവരും. അല്ലാഹു പറയുന്നു:

﴿ وَلَوْ تَرَى إِذِ الظَّالِمُونَ فِي غَمَرَاتِ الْمَوْتِ وَالْمَلَئِكَةُ بَاسِطُوا أَيْدِيهِمْ أَخْرِجُوا أَنْفُسَكُمُ الْيَوْمَ تُجْزَوْنَ عَذَابَ الْهُونِ بِمَا كُنْتُمْ تَقُولُونَ عَلَى اللَّهِ غَيْرَ الْحَقِّ وَكُنْتُمْ عَنْ آيَاتِهِ تَسْتَكْبِرُونَ ﴾ (الأنعام:٩٣)

ആ അക്രമികൾ മരണവെപ്രാളത്തിൽ ആയിരിക്കുന്ന രംഗം നീ കണ്ടിരുന്നെങ്കിൽ! നിങ്ങൾ നിങ്ങളുടെ ആത്മാക്കളെ പുറത്തിറക്കുവിൻ എന്ന് പറഞ്ഞുകൊണ്ട് മലക്കുകൾ അവരുടെ നേരെ തങ്ങളുടെ കൈകൾ നീട്ടിക്കൊണ്ടിരിക്കുകയാണ്. നിങ്ങൾ അല്ലാഹുവിൻെറ പേരിൽ സത്യമല്ലാത്തത് പറഞ്ഞു കൊണ്ടിരുന്നതിൻെറയും, അവൻെറ ദൃഷ്ടാന്തങ്ങളെ

അഹങ്കരിച്ചു തള്ളിക്കളഞ്ഞിരുന്നതിന്റെയും ഫലമായി ഇന്ന് നിങ്ങൾക്ക് ഹീനമായ ശിക്ഷ നൽകപ്പെടുന്നതാണ് (എന്ന് മലക്കുകൾ പറയും) (അൽ അൻആം:93).

മരണം ആസന്നമായവർക്കെല്ലാം സത്യം ബോധ്യമാവുകയും, കാര്യങ്ങളെല്ലാം വ്യക്തമാകുകയും ചെയ്യും. അല്ലാഹു പറയുന്നു:

﴿ حَتَّى إِذَا جَاءَ أَحَدَهُمُ الْمَوْتُ قَالَ رَبِّ ارْجِعُونِ لَعَلِّي أَعْمَلُ صَالِحًا فِيمَا تَرَكْتُ كَلاَّ إِنَّهَا كَلِمَةٌ هُوَ قَائِلُهَا وَمِنْ وَرَائِهِمْ بَرْزَخٌ إِلَى يَوْمِ يُبْعَثُونَ ﴾ (المؤمنون:٩٩،١٠٠)

അങ്ങനെ അവരിൽ ഒരാൾക്ക് മരണം വന്നെത്തുമ്പോൾ അവൻ പറയും, എന്റെ രക്ഷിതാവേ, ഞാൻ ഉപേക്ഷ വരുത്തിയിട്ടുള്ള കാര്യത്തിൽ എനിക്ക് നല്ലനിലയിൽ പ്രവർത്തിക്കുവാൻ കഴിയത്തക്ക വിധം എന്നെ (ജീവിതത്തിലേക്ക്) തിരിച്ചയക്കേണമേ. ഒരിക്കലുമില്ല; അതൊരു വെറും വാക്കാണ്, അതവൻ പറഞ്ഞു കൊണ്ടിരിക്കും. അവരുടെ പിന്നിൽ അവർ ഉയർത്തെഴുന്നേൽപ്പിക്കപ്പെടുന്ന ദിവസം വരെ ഒരു മറയുണ്ടായിരിക്കുന്നതാണ്. (അൽ-മുഅ്മിനൂൻ:99-100).

ധിക്കാരിയായ അവിശ്വാസി സൽകർമ്മങ്ങൾ പ്രവർത്തിക്കാൻ വേണ്ടി മരണസമയത്ത്, ജീവിതത്തിലേക്ക് ഒരുമടക്കം ആശിച്ചുപോകും. പക്ഷെ സമയം കഴിഞ്ഞശേഷം സങ്കടപ്പെട്ടിട്ട് ഫലമില്ലല്ലോ. അല്ലാഹു പറയുന്നു:

﴿ وَتَرَى الظَّالِمِينَ لَمَّا رَأَوُا الْعَذَابَ يَقُولُونَ هَلْ إِلَى مَرَدٍّ مِّنْ سَبِيلٍ ﴾ (الشورى:٤٤)

ശിക്ഷ നേരിൽ കാണുമ്പോൾ ഒരു തിരിച്ചു പോക്കിന് വല്ല മാർഗ്ഗവുമുണ്ടോ എന്ന് അക്രമകാരികൾ പറയുന്നതായി നിനക്കു കാണാം (അശ്ശൂറാ:44)

മരണത്തിനു മുമ്പ് ആരുടെയെങ്കിലും അവസാനത്തെ വാക്ക് "ലാഇലാഹ ഇല്ലല്ലാഹ്" ആയാൽ അവൻ സ്വർഗ്ഗത്തിൽ പ്രവേശിക്കുമെന്നത്, അല്ലാഹു അവന്റെ ദാസന്മാർക്ക് നൽകിയ അനുഗ്രഹങ്ങളിൽ പെട്ടതത്രെ. നബി ﷺ പറഞ്ഞു:

من كان آخر كلامه من الدنيا "لآإله إلا الله" دخل الجنة. (أبوداود)

ഇഹലോകത്തിൽ ആരുടെ അവസാനത്തെ വാക്ക് ലാഇലാഹ ഇല്ലല്ലാഹ് ആകുന്നുവോ, അവൻ സ്വർഗ്ഗത്തിൽ പ്രവേശിക്കും (അബൂദാവൂദ്).

കാരണം ലാഇലാഹ ഇല്ലല്ലാഹ് എന്ന വാക്യത്തിൽ നിഷ്കളങ്കമായി വിശ്വസിക്കുന്നവനല്ലാതെ ആ വിഷമഘട്ടത്തിൽ അത് ഉച്ചരിക്കുവാൻ സാധിക്കുകയില്ല. നിഷ്കളങ്കതയില്ലാത്തവൻ മരണവെപ്രാളത്തിൽ ഇത് ഉച്ചരിക്കാൻ മറന്നുപോകും. അതുകൊണ്ടാണ് മരണം ആസന്നമായവന്റെ അടുക്കൽ ചെന്നാൽ "ലാഇലാഹ ഇല്ലല്ലാഹ്" ചൊല്ലിക്കൊടുക്കൽ സുന്നത്താക്കപ്പെട്ടിട്ടുള്ളത്.

2-ഖബ്ർ

നബി ﷺ പറഞ്ഞു;

إن العبد إذا وضع في قبره وتولى عنه أصحابه، إنه ليسمع قرع نعالهم، قال: فيأتيه ملكان فيقعدانه فيقولان له: ما كنت تقول في هذا الرجل؟ قال: فأما المؤمن فيقول: أشهد أنه عبد الله ورسوله، قال: فيقال له: أنظر إلى مقعدك من النار قد أبدلك الله به مقعدا من الجنة. قال ﷺ فيراهما جميعا. وأما الكافر أو المنافق فيقال له ما كنت تقول في هذا الرجل؟ فيقول: لا أدري، كنت أقول ما يقول الناس. فيقال له: لا دريت ولا تليت، ويضرب بمطارق من حديد ضربة، فيصيح صيحة يسمعها من يليه إلا الثقلين.

ഒരു മനുഷ്യനെ ഖബ്റിൽ വച്ചശേഷം തന്റെ കൂട്ടുകാർ പിരിഞ്ഞു പോയാൽ - അവരുടെ ചെരിപ്പിന്റെ ശബ്ദം അവൻ കേൾക്കുന്ന ദൂരം വരെ മാത്രം അവർ അകന്നാൽ -അവന്റെയടുക്കൽ രണ്ട് മലക്കുകൾ വന്ന് അവനെ എഴുന്നേൽപിച്ചിരുത്തും. എന്നിട്ടവർ ചോദിക്കും; ഈ മനുഷ്യനെ (നബിയെ) കുറിച്ച് നീ എന്തായിരുന്നു പറഞ്ഞിരുന്നത്? നബി ﷺ പറഞ്ഞു: സത്യവിശ്വാസി പറയും, അദ്ദേഹം അല്ലാഹുവിന്റെ ദാസനും, ദൂതനുമാണെന്ന് ഞാൻ സാക്ഷ്യം വഹിക്കുന്നു. അപ്പോൾ അവനോട് പറയപ്പെടും; നരകത്തിൽ നിന്റെ ഇരിപ്പിടം നീ നോക്കൂ, അതിനു പകരമായി അല്ലാഹു നിനക്ക് സ്വർഗ്ഗത്തിൽ ഒരു ഇരിപ്പിടം തന്നിരിക്കുന്നു. അവ രണ്ടും അവൻ കാണും. എന്നാൽ അവിശ്വാ

സിയോ, കപടവിശ്വാസിയോ ആണെങ്കിൽ; നീ ഈ മനുഷ്യനെ കുറിച്ച് എന്താണ് പറഞ്ഞിരുന്നതെന്ന് ചോദിക്കപ്പെട്ടാൽ അവൻ പറയും; എനിക്കൊന്നും അറിയില്ല, ജനങ്ങളെല്ലാം പറയുന്നത് ഞാനും പറഞ്ഞു. അവനോട് പറയപ്പെടും, നീ അന്വേഷിക്കകയോ പഠിക്കുകയോ ഇല്ല. ഇരുമ്പിൻെറ ഒരുചുറ്റിക കൊണ്ട് അവൻ അടിക്കപ്പെടും. അപ്പോൾ സമീപത്തുള്ള മനുഷ്യരും ജിന്നുകളുമല്ലാത്ത എല്ലാവരും കേൾക്കത്തക്ക ഉച്ചത്തിൽ അവൻ അട്ടഹസിക്കും.

ഖബ്റിൽ മനുഷ്യാത്മാവ് (റൂഹ്) ജഡങ്ങളിലേക്ക് തിരിച്ചു വരുന്നത് തികച്ചും പാരത്രികവും, ഇഹലോകത്തെ മനുഷ്യ ബുദ്ധിക്ക് മനസ്സിലാക്കാൻ കഴിയാത്തതുമായ കാര്യമാണ്. ഖബ്റുകളിൽ വച്ച് വിശ്വാസിയാണെങ്കിൽ രക്ഷയും, അവിശ്വാസിയാണെങ്കിൽ ശിക്ഷയും നൽകപ്പെടുമെന്ന കാര്യത്തിൽ മുസ്ലിംകൾ ഏകാഭിപ്രായക്കാരാണ്. അല്ലാഹു പറയുന്നു:

﴿ اَلنَّارُ يُعْرَضُونَ عَلَيْهَا غُدُوًّا وَّعَشِيًّا وَيَوْمَ تَقُومُ السَّاعَةُ أَدْخِلُوا آلَ فِرْعَوْنَ أَشَدَّ الْعَذَابِ﴾(المؤمن:٤٦)

നരകം! രാവിലെയും വൈകുന്നേരവും അവർ അതിന്നു മുമ്പിൽ പ്രദർശിപ്പിക്കപ്പെടും, ആ അന്ത്യദിനം നിലവിൽ വരുന്ന ദിവസം ഫിർഔൻെറ ആളുകളെ ഏറ്റവും കഠിനമായ ശിക്ഷയിൽ നിങ്ങൾ പ്രവേശിക്കുക (എന്ന് കൽപിക്കപ്പെടും).(വി.ഖു.40:46)

നബി ﷺ പറഞ്ഞു:

تعوّذوا بالله من عذاب القبر (مسلم)

ഖബ്ർ ശിക്ഷയിൽ നിന്നും നിങ്ങൾ അല്ലാഹുവിനോട് രക്ഷ തേടുക. (മുസ്ലിം)

യഥാർത്ഥബുദ്ധി ഇക്കാര്യം നിഷേധിക്കുകയില്ല. കാരണം ഇതിനോട് തത്തുല്യമായത് മനുഷ്യൻ ഈ ലോകജീവിതത്തിൽ അനുഭവിക്കുന്നുണ്ട്. ഉറക്കത്തിൽ തനിക്ക് ശിക്ഷ ലഭിക്കുന്നതായി ഒരാൾക്ക് അനുഭവപ്പെടുകയും, തൻെറ അടുത്തുള്ളവർ പോലും അറിയാതെ അവൻ അട്ടഹസിക്കുകയും ചെയ്യാറുണ്ട്. ജീവിതത്തിൽ സംഭവിക്കുന്ന ഈകാര്യം മരണശേഷവും ഉണ്ടാകുമെന്നത് തീർച്ചയാണ്.

ഖബ്റിൽ വച്ചുള്ള ശിക്ഷ ദേഹത്തിനും ദേഹിക്കും ഒരുമിച്ചായിരിക്കും. നബി ﷺ പറയുന്നു:

القبر أول منازل الآخرة، فإن نجا منه فما بعده أيسر منه، وإن لم ينج منه فما بعده أشد منه. (الترمذي)

ഖബ്ർ പരലോകത്തിലെ ആദ്യത്തെ വീടാകുന്നു. അതിൽ രക്ഷ കിട്ടിയാൽ, അതിനു ശേഷമുള്ളവ അതിനെക്കാൾ എളുപ്പമുള്ളതായിരിക്കും. അതിൽ രക്ഷ കിട്ടിയിട്ടില്ലെങ്കിൽ അതിനു ശേഷമുള്ളവ അതിനെക്കാൾ കഠിനമായിരിക്കും. (തുർമുദി)

അതുകൊണ്ട് ഓരോ മുസ്ലിമും ഖബ്ർ ശിക്ഷയിൽ നിന്നും രക്ഷ തേടിക്കൊണ്ടിരിക്കണം. വിശിഷ്യ നമസ്കാരത്തിൽ സലാമിനു മുമ്പ്. അതുപോലെ തന്നെ നരകശിക്ഷക്കും, ഖബ്ർ ശിക്ഷക്കും ഒന്നാമത്തെ കാരണമായിത്തീരുന്ന എല്ലാ ദോഷങ്ങളിൽ നിന്നും അകന്നു നിൽക്കാനും അവൻ ശ്രമിക്കണം. ഭൂരിപക്ഷം ജനങ്ങളും ഖബ്റിൽ മറവു ചെയ്യപ്പെടുന്നത് കൊണ്ടാണ് ഖബ്ർ ശിക്ഷ എന്നപേർ പറയപ്പെടുന്നത്. എന്നാൽ വെള്ളത്തിൽ മുങ്ങിമരിച്ചവൻ, തീയിലെരിഞ്ഞവൻ, വന്യമൃഗങ്ങൾ തിന്നുകളഞ്ഞവൻ ഇവർക്കെല്ലാം ഈ (മരണത്തിനു ശേഷം ഖിയാമത്തിന്നിടയിലുള്ള) ബർസഖിലെ ശിക്ഷാ രക്ഷകൾ ലഭിക്കും.

ഖബ്ർശിക്ഷ വിവിധങ്ങളാണ്. ഇരുമ്പ് ദണ്ഡുകൾ കൊണ്ടോ മറ്റോ ഉള്ള അടി, വാരിയെല്ലുകൾ പരസ്പരം കോർക്കപ്പെടുന്ന രൂപത്തിൽ ഖബ്ർ കുടുസ്സ് (ഇടുക്കം) ആകൽ, ഖബ്റിൽ ഇരുട്ട് നിറയൽ, നരകത്തിൽ നിന്നുള്ള ഒരുവിരിപ്പ്, നരകത്തിലേക്ക് ഒരു വാതിൽ തുറന്നു വക്കൽ, അവൻെറ ദുഷ്പ്രവൃത്തികൾ ദുർഗന്ധം വമിക്കുന്ന ഒരു വിരൂപിയുടെ രൂപത്തിൽ വന്ന് അവൻെറ കൂടെ ഖബ്റിൽ ഇരിക്കൽ തുടങ്ങിയവ. അവിശ്വാസിയോ, കപടവിശ്വാസിയോ ആണെങ്കിൽ ശിക്ഷ തുടരും. സത്യവിശ്വാസിയാണെങ്കിൽ അവൻെറ തെറ്റിനനുസരിച്ച് ശിക്ഷ വ്യത്യാസപ്പെട്ടുകൊണ്ടിരിക്കുകയും, ചിലപ്പോൾ ശിക്ഷ ഇല്ലാതായിത്തീരുകയും ചെയ്യും. സത്യവിശ്വാസിക്ക് ഖബ്റിൽ വിശാലത ലഭിക്കും. ഖബ്റിൽ പ്രകാശം നിറയുകയും, ഖബ്റിൽ നിന്ന് സ്വർഗ്ഗത്തിലേക്ക് ഒരു വാതിൽ തുറക്കപ്പെടുകയും ചെയ്യും. അതിലൂടെ സ്വർഗ്ഗത്തിൻെറ സുഗന്ധം അവന്ന് വന്നുകൊണ്ടിരിക്കുകയും, സ്വർഗ്ഗത്തിൽ നിന്നുള്ള ഒരുവിരിപ്പ് അവന്ന് വിരിക്കപ്പെടുകയും ചെയ്യും. അവൻെറ സൽപ്രവൃത്തികൾ ഒരു സുന്ദരൻെറ രൂപത്തിൽ വന്ന് ഖബ്റിൽ അവന്നു കൂട്ടിനും.

3-അന്ത്യനാൾ; അടയാളങ്ങൾ

ഈ ലോകം അല്ലാഹു ശാശ്വതമായി സൃഷ്ടിച്ചതല്ല. അത് അവസാനിക്കുന്ന ഒരുനാൾ വരും. ഈ ദിനത്തിലാണ് ഖിയാമത് (അന്ത്യ) നാൾ സംഭവിക്കുക. അന്ത്യനാൾ സത്യവും സംശയ രഹിതവുമാണ്.

അല്ലാഹു പറയുന്നു:

﴿ وَأَنَّ السَّاعَةَ آتِيَةٌ لَّارَيْبَ فِيهَا ﴾ (الحج:٧)

അന്ത്യദിനം വരിക തന്നെചെയ്യും, അതിൽ യാതൊരു സംശയവുമില്ല. (ഹജ്ജ്:7)

﴿ وَقَالَ الَّذِينَ كَفَرُوا لاَ تَأْتِينَا السَّاعَةُ قُلْ بَلَى وَرَبِّي لَتَأْتِيَنَّكُمْ ﴾ (سبأ :٣)

ആ അന്ത്യസമയം ഞങ്ങൾക്ക് വന്നെത്തുകയില്ലെന്ന് സത്യനിഷേധികൾ പറഞ്ഞു. നീ പറയുക, അല്ല, എൻെറ രക്ഷിതാവിനെ തന്നെയാണ്, അത് നിങ്ങൾക്ക് വന്നെത്തുക തന്നെ ചെയ്യും. (സബഅ്:3)

﴿ اِقْتَرَبَتِ السَّاعَةُ ﴾ (القمر:١)

ആ (അന്ത്യ) സമയം അടുത്തു (ഖമർ:1)

﴿ اِقْتَرَبَ لِلنَّاسِ حِسَابُهُمْ وَهُمْ فِي غَفْلَةٍ مُّعْرِضُونَ ﴾ (الأنبياء:١)

ജനങ്ങൾക്ക് അവരുടെ വിചാരണ ആസന്നമായിരിക്കുന്നു. അവരാകട്ടെ അശ്രദ്ധയിലായിക്കൊണ്ട് തിരിഞ്ഞു കളയുന്നവരാകുന്നു. (അൽ അമ്പിയാ:1)

എന്നാൽ അന്ത്യദിനത്തിൻെറ സാമീപ്യം മനുഷ്യന് സുപരിചിതമായ മാനദണ്ഡങ്ങൾ കൊണ്ട് അളക്കുവാൻ സാദ്ധ്യമല്ല. അത് അല്ലാഹുവിൻെറ അറിവുമായും, ദുൻയാവിൻെറ കഴിഞ്ഞു പോയ കാലവുമായും മാത്രം ബന്ധപ്പെട്ടതാകുന്നു.

അന്ത്യനാളിനെ കുറിച്ചുള്ള അറിവ് അല്ലാഹു -അവൻെറ സൃഷ്ടികൾക്ക് ആർക്കും നൽകാതെ- സ്വന്തമാക്കി വച്ചിരിക്കുന്ന അദൃശ്യ കാര്യങ്ങളിൽ പെട്ടതാണ്. അല്ലാഹു പറയുന്നു:

﴿ يَسْئَلُكَ النَّاسُ عَنِ السَّاعَةِ قُلْ إِنَّمَا عِلْمُهَا عِنْدَ اللَّهِ وَمَا يُدْرِيكَ لَعَلَّ السَّاعَةَ تَكُونُ قَرِيبًا ﴾ (الأحزاب:٦٣)

ജനങ്ങൾ അന്ത്യസമയത്തെ പറ്റി നിന്നോട് ചോദിക്കുന്നു, പറയുക, അതിനെ പറ്റിയുള്ള അറിവ് അല്ലാഹുവിങ്കൽ മാത്രമാകുന്നു. നിനക്ക് അതിനെപറ്റി അറിവ് നൽകുന്ന എന്തൊന്നാണുള്ളത്? അന്ത്യസമയം ഒരുവേള സമീപസ്ഥമായിരിക്കാം. (വി.ഖു.33:63)

അന്ത്യദിനം അടുത്തു വരുന്നതിൻെറ പല അടയാളങ്ങളും നബി ﷺ പറഞ്ഞിട്ടുണ്ട്. അതിൽ പെട്ടതാണ് മസീഹുദ്ദജ്ജാലിൻെറ പുറപ്പാട്. ചില അദ്ഭുത സിദ്ധികളിലൂടെ ജനങ്ങളെ വഞ്ചിതരാക്കാവുന്ന കഴിവുകൾ നൽകപ്പെട്ടു കൊണ്ടുള്ള ഒരു വലിയ പരീക്ഷണമായിരിക്കും അവൻ. അവൻ ആകാശത്തോട് മഴ വർഷിക്കാൻ കൽപിച്ചാൽ മഴപെയ്യും. പുല്ലിനോട് മുളക്കാൻ കൽപിച്ചാൽ അതു മുളക്കും. മരിച്ചവരെ ജീവിപ്പിക്കുക തുടങ്ങിയ അൽഭുത സിദ്ധികൾ അവൻ കാണിക്കും. അവൻ ഒറ്റക്കണ്ണുള്ളവനായിരിക്കുമെന്ന് നബി ﷺ പറഞ്ഞിരിക്കുന്നു. സ്വർഗ്ഗത്തിൻെറയും നരകത്തിൻെറയും മാതൃകകൾ അവൻ കൊണ്ടുവരും. സ്വർഗ്ഗമാണെന്ന് അവൻ പറയുന്നത് നരകമായിരിക്കും. ഭൂമിയിൽ അവൻ നാൽപത്ദിവസം കഴിച്ചുകൂട്ടും. അതിൽ ഒരുദിവസം ഒരു വർഷത്തിൻെറ ദൈർഘ്യവും, ഒരുദിവസം ഒരുമാസത്തിൻെറ ദൈർഘ്യവും, ഒരുദിവസം ഒരാഴ്ചയുടെ ദൈർഘ്യവും, ബാക്കിയുള്ള ദിവസങ്ങൾ സാധാരണ ദിവസങ്ങൾ പോലെ ദൈർഘ്യമുള്ളവയും ആയിരിക്കും. ഭൂമിയിൽ മക്കയും മദീനയും ഒഴികെയുള്ള മുഴുവൻ സ്ഥലത്തും അവൻ പ്രവേശിക്കും.

മറ്റൊന്നാണ് ഈസാ ﷺ നബിയുടെ വരവ്. അദ്ദേഹം ഡമസ്കസിൻെറ കിഴക്ക് ഭാഗത്തുള്ള വെള്ളമിനാരത്തിൽ, പ്രഭാത നമസ്കാര സമയത്ത് പ്രത്യക്ഷപ്പെടുകയും, ജനങ്ങളുടെ കൂടെ സ്വുബ്ഹ് നമസ്കരിക്കുകയും ചെയ്യും. പിന്നീട് ദജ്ജാലിനെ അന്വേഷിച്ച് കണ്ടെത്തി അവനെ കൊല്ലുകയും ചെയ്യും.

സൂര്യൻ അതിൻെറ അസ്തമയ സ്ഥാനത്തു നിന്ന് ഉദിക്കൽ മറ്റൊരു അടയാളമാണ്. അപ്പോൾ ജനങ്ങളെല്ലാം പേടിക്കുകയും, വിശ്വസിക്കുകയും ചെയ്യും. എന്നാൽ അന്നേരത്തുള്ള അവരുടെ വിശ്വാസം ഉപകരിക്കില്ല. ഇതുപോലെ വിവിധങ്ങളായ അടയാളങ്ങൾ അന്ത്യ ദിനത്തിനുണ്ട്.

അന്ത്യദിനം സംഭവിക്കുമ്പോൾ ദുഷ്ടജനങ്ങൾ മാത്രമേ ഭൂമിയിൽ അവശേഷിക്കുകയുള്ളൂ. അതിന്ന് മുമ്പായി അല്ലാഹു ഒരു നല്ല കാറ്റ് അയച്ചുകൊണ്ട് മുഴുവൻ സത്യവിശ്വാസികളുടെയും ആത്മാക്കളെ പിടിക്കുന്നതാണ്. പിന്നീട് സ്വൂറ് (കാഹളം) മുഴക്കാൻ ചുമതലപ്പെടുത്തിയ മലക്കിനോട് അതു മുഴക്കുവാൻ അല്ലാഹു കൽപിക്കും. ഭൂമിയും അതിലുള്ള മുഴുവൻ സൃഷ്ടികളെയും നശിപ്പിക്കാൻ ഉദ്ദേശിച്ചു കൊണ്ടുള്ളതായിരിക്കും ആ ഉത്തരവ്. ആ ശബ്ദം കേട്ട മാത്രയിൽ മുഴുവൻ വസ്തുക്കളും ചേതനയറ്റവരായിത്തീരും. അല്ലാഹു പറയുന്നു:

﴿ وَنُفِخَ فِي الصُّورِ فَصَعِقَ مَنْ فِي السَّمَوَاتِ وَ من في الأَرْضِ إلاَّ مَنْ شَاءَ اللَّهُ ﴾ (الزمر:٦٨)

കാഹളത്തിൽ ഊതപ്പെടും, അപ്പോൾ ആകാശങ്ങളിലുള്ളവരും ഭൂമിയിലുള്ളവരും ചലനമറ്റവരായിത്തീരും. അല്ലാഹു ഉദ്ദേശിച്ചവരൊഴികെ (സുമർ:68).

ഇത് ഒരു വെള്ളിയാഴ്ച ആയിരിക്കും. പിന്നീട് എല്ലാ മലക്കുകളും മരിക്കും.

അല്ലാഹു ഒഴികെ യാതൊന്നും അവശേഷിക്കുകയില്ല. മനുഷ്യശരീരത്തിലെ നട്ടെല്ലിൻെറ താഴെ അറ്റത്തുള്ള കടുകു മണിയോളം വലിപ്പമുള്ള ഭാഗം (Coccyx) ഒഴികെ ബാക്കിയുള്ളതെല്ലാം മണ്ണു തിന്നു നശിപ്പിക്കും. എന്നാൽ പ്രവാചകന്മാരുടെ ശരീരം മണ്ണു തിന്നുകയില്ല. അല്ലാഹു ആകാശത്തു നിന്നും മഴ വർഷിപ്പിക്കുമ്പോൾ ശരീരങ്ങളെല്ലാം വീണ്ടും ഉണ്ടാകും. പിന്നീട് കാഹളം മുഴക്കുന്ന മലക്ക് ഇസ്റാഫീലിനെ അല്ലാഹു ജീവിപ്പിക്കും. അദ്ദേഹം വീണ്ടും കാഹളത്തിൽ ഊതിയാൽ എല്ലാ സൃഷ്ടികളെയും അല്ലാഹു ജീവിപ്പിക്കും. ജനങ്ങൾ അവരുടെ ഖബ്റുകളിൽ നിന്നും, അല്ലാഹു അവരെ ആദ്യം സൃഷ്ടിച്ച രൂപത്തിൽ-നഗ്നരും, ചേലാകർമ്മം ചെയ്യപ്പെടാത്തവരും, നഗ്നപാദരുമായി- പുറത്തുവരും. അല്ലാഹു പറയുന്നു:

﴿ وَنُفِخَ فِي الصُّورِ فَإِذَا هُمْ مِّنَ الأَجْدَاثِ إِلَى رَبِّهِمْ يَنْسِلُونَ ﴾ (يس:٥١)

കാഹളത്തിൽ ഊതപ്പെടും, അപ്പോൾ അവർ ഖബ്റുകളിൽ നിന്നും അവരുടെ രക്ഷിതാവിങ്കലേക്ക് കുതിച്ചു ചെല്ലും. (യാസീൻ:51)

﴿ يَوْمَ يَخْرُجُونَ مِنَ الأَجْدَاثِ سِرَاعًا كَأَنَّهُمْ إِلَى نُصُبٍ يُوفِضُونَ ،خَاشِعَةً أَبْصَارُهُمْ تَرْهَقُهُمْ ذِلَّةٌ ذَلِكَ الْيَوْمُ الَّذِي كَانُوا يُوعَدُونَ﴾ (المعارج:٤٣)

അതായത് അവർ ഒരു നാട്ടക്കുറിയുടെ നേരെ ധൃതിപ്പെട്ടു പോകുന്നതുപോലെ ഖബ്റുകളിൽ നിന്ന് അവർ ധൃതിപ്പെട്ട് പുറപ്പെട്ടു പോകുന്ന ദിവസം. അവരുടെ കണ്ണുകൾ കീഴ്പോട്ട് താണിരിക്കും. അപമാനം അവരെ ആവരണം ചെയ്തിരിക്കും. അതാണ് അവർക്ക് താക്കീത് നൽകപ്പെട്ടിരുന്ന ദിവസം. (മആരിജ്:43-44)

ഭൂമിയിൽനിന്ന് ആദ്യമായി പുറത്ത് വരുന്നത് നമ്മുടെ നബി മുഹമ്മദ് ﷺ ആയിരിക്കുമെന്ന് പ്രവാചകൻ ﷺ പറഞ്ഞിരിക്കുന്നു. പിന്നീട് ജനങ്ങളെല്ലാം അതിവിശാലമായ വിചാരണ നിലത്തി (മഹ്ശറി) ലേക്ക് നയിക്കപ്പെടും. അവിശ്വാസികൾ അവരുടെ മുഖത്തിന്മേൽ ഒരുമിച്ചു കൂട്ടപ്പെടും. എങ്ങനെയാണ് മുഖങ്ങളിൽ ഒരുമിച്ചു കൂട്ടപ്പെടുകയെന്ന് നബി ﷺ ചോദിക്കപ്പെട്ടപ്പോൾ, അദ്ദേഹം പറഞ്ഞു:

وقد سئل رسول الله ﷺ : كيف يحشرون على وجوههم؟ قال: إن الذي أمشاهم على أقدامهم قادر على أن يمشيهم على وجوههم. (متفق عليه)

കാലുകളിൽ അവരെ നടത്തിയവൻ മുഖങ്ങളിൽ അവരെ നടത്തുവാൻ കഴിവുള്ളവനാണ് (ബുഖാരി-മുസ്ലിം).

ദൈവസ്മരണയിൽ നിന്നും അകന്നവർ അന്ധരായിട്ടായിരിക്കും ഒരുമിച്ചു കൂട്ടപ്പെടുക. അന്ന് സൂര്യൻ മനുഷ്യരുടെ വളരെ അടുത്തായിരിക്കും. ഓരോരുത്തരുടെയും പാപങ്ങളുടെ തോതനുസരിച്ച് മനുഷ്യർ വിയർപ്പിൽ മുങ്ങും.

നെരിയാണിവരെ വിയർപ്പിൽ മുങ്ങിയവരും, അരക്കെട്ടുവരെ മുങ്ങിയവരും, ശരീരം മുഴുവൻ മുങ്ങിയവരും ഉണ്ടാകും. (മുസ്ലിം)

അല്ലാഹുവിൻെറ സിംഹാസനത്തിൻെറ തണൽ ലഭിക്കുന്നവരും ഉണ്ടാകും. നബി ﷺ പറഞ്ഞു:

سبعة يظلهم الله في ظله يوم لا ظل إلا ظله: إمام عادل ، وشاب نشأ في طاعة الله ، ورجل قلبه معلق في المساجد ، ورجلان تحابا في الله اجتمعا عليه وتفرقا عليه ، ورجل دعته امرأة ذات منصب وجمال فقال إني أخاف الله ، ورجل تصدق بصدقة فأخفاها حتى لا تعلم شماله ما أنفقت يمينه ، ورجل ذكر الله خاليا ففاضت عيناه. (متفق عليه)

മറ്റൊരു തണലുമില്ലാത്തദിവസം ഏഴുവിഭാഗത്തിന് അല്ലാഹു അവൻെറ തണലേകും. നീതിമാനായ ഭരണാധികാരി, അല്ലാഹുവിൻെറ കൽപനയനുസരിച്ചു ജീവിച്ച യുവാവ്, ഹൃദയം പള്ളിയുമായി ബന്ധപ്പെട്ടിട്ടുള്ളവൻ, ഒരുമിച്ചാകുമ്പോളും പിരിയുമ്പോളും അല്ലാഹുവിൻെറ മാർഗ്ഗത്തിൽ സ്നേഹിച്ച രണ്ടാൾക്കാർ, സൗന്ദര്യവും തറവാടുമുള്ള ഒരുസ്ത്രീ (വ്യഭിചാരത്തിന്) ക്ഷണിച്ചപ്പോൾ, ഞാൻ അല്ലാഹുവിനെ ഭയപ്പെടുന്നു എന്ന് പറഞ്ഞ് പിന്തിരിഞ്ഞവൻ, തൻെറ വലതുകൈ ചിലവഴിച്ചത് ഇടതുകൈ അറിയാത്ത രൂപത്തിൽ ദാനധർമ്മങ്ങൾ ചെയ്തവൻ, ഒറ്റക്കിരുന്ന് അല്ലാഹുവിനെയോർത്ത് കണ്ണുനീർ വാർത്തവൻ. (ബുഖാരി-മുസ്ലിം)

ഇവയിലൊന്നും സ്ത്രീ പുരുഷ ഭേദമില്ല.

ജനങ്ങൾക്ക് കഠിനമായ ദാഹം അനുഭവപ്പെടും. ഒരുദിവസത്തിന് അമ്പതിനായിരം വർഷത്തിൻെറ ദൈർഘ്യം അനുഭവപ്പെടും. സത്യവിശ്വാസിക്ക് ഒരുനേരത്തെ നമസ്കാരം നിർവഹിക്കുന്ന നേരമായേ തോന്നുകയുള്ളു. മുസ്ലിംകൾ നബി ﷺ യുടെ ഹൗളിൽ നിന്നും വെള്ളം കുടിക്കും. ആ ഹൗള് നമ്മുടെ നബി ﷺ ക്ക് അല്ലാഹു നൽകുന്ന മഹത്തായ ആദരവും, ബഹുമാനവുമാണ്. ഖിയാമത്ത് നാളിൽ അദ്ദേഹത്തിൻെറ സമൂഹം അതിൽ നിന്നും വെള്ളം കുടിക്കും. അതിലുള്ള വെള്ളം പാലിനെക്കാൾ വെളുത്തതും, തേനിനെക്കാൾ മാധുര്യമുള്ളതും, കസ്തൂരിയെക്കാൾ സുഗന്ധമുള്ളതുമാണ്. വെള്ളം കുടിക്കാൻ നക്ഷത്രങ്ങളുടെയത്ര എണ്ണം പാത്രങ്ങളുണ്ട്. അതിൽ നിന്ന് ഒരു പ്രാവശ്യം ആരെങ്കിലും കുടിച്ചാൽ പിന്നീട് അവന് ദാഹം ഉണ്ടാകുകയില്ല. ജനങ്ങൾ തങ്ങളുടെ വിചാരണയും വിധിയും പ്രതീക്ഷിച്ച് മഹ്ശറിൽ കുറേകാലം നിൽക്കും. ചൂടും വിഷമവും സഹിച്ചു കൊണ്ടുള്ള കാത്തുനിൽപ്പ് ദീർഘിക്കുമ്പോൾ, അല്ലാഹുവിൻെറയടുക്കൽ (തങ്ങളുടെ വിധി പറയാൻ) ശുപാർശ പറയുന്നയാളെ അവർ അന്വേഷിക്കും. അങ്ങനെ അവർ ആദം ﷺ നബിയുടെ അടുക്കലെത്തും. അദ്ദേഹം ഒഴികഴിവ് പറയും. പിന്നീട് യഥാക്രമം നൂഹ്, ഇബ്റാഹീം, മൂസാ, ഈസാ എന്നീ പ്രവാചകന്മാരെ സമീപിക്കും. അവരെല്ലാം അവരുടേതായ കാരണങ്ങൾ പറഞ്ഞു ഒഴിയും. അവസാനം അവർ മുഹമ്മദ്നബി ﷺ യുടെ അടുക്കൽ ചെല്ലും. അദ്ദേഹം "ഞാനതു ചെയ്യാമെന്ന്" പറയും.

അദ്ദേഹം അല്ലാഹുവിനെ സ്തുതിച്ചുകൊണ്ട് അവൻെറ സിംഹാസനത്തിൻെറ താഴെ സുജൂദിൽ വീഴും. അല്ലാഹു നബി ﷺ ക്ക് അറിയിച്ചു കൊടുക്കുന്ന ചില കീർത്തനങ്ങളാൽ അല്ലാഹുവെ അദ്ദേഹം സ്തുതിക്കും. അപ്പോൾ അദ്ദേഹത്തോട് പറയപ്പെടും; മുഹമ്മദേ, താങ്കൾ തല ഉയർത്തുക, താങ്കൾ ചോദിച്ചു കൊള്ളുക, നൽകപ്പെടും. താങ്കൾ ശുപാർശചെയ്യുക, സ്വീകരിക്കപ്പെടും. അങ്ങനെ അല്ലാഹു വിചാരണയും വിധിയും നടത്തും. മുഹമ്മദ് നബി ﷺ യുടെ സമുദായമായിരിക്കും ആദ്യം വിചാരണക്കു വിധേയരാകുക.

أوّل ما يحاسب عنه العبد من أعماله الصلاة فإن صلحت وقبلت نظر في سائر عمله وإن ردت رد سائر عمله. (الموطأ)

ഓരോ മനുഷ്യൻെറയും നമസ്കാരമായിരിക്കും ആദ്യം വിചാരണ ചെയ്യപ്പെടുക. അതു സ്വീകാര്യമായാൽ മറ്റെല്ലാം സ്വീകാര്യമായിത്തീരും. അതു തള്ളപ്പെട്ടാൽ മറ്റെല്ലാം തള്ളപ്പെടും (അൽമുവത്വഅ്).

അതുപോലെ അഞ്ചുകാര്യങ്ങളെ കുറിച്ച് മനുഷ്യൻ ചോദിക്കപ്പെടും.

(عن عمره فيما أفناه، وعن شبابه فيما أبلاه، وعن ماله من أين اكتسبه وفيم أنفقه، وعن علمه ماذا عمل به)

ആയുഷ്കാലം എങ്ങനെ ചെലവഴിച്ചു? യുവത്വം എങ്ങനെ കഴിച്ചു കൂട്ടി? ധനം; എങ്ങനെ സമ്പാദിച്ചു? എങ്ങനെ ചെലവഴിച്ചു? അറിവ്; അതുകൊണ്ട് എന്തെല്ലാം പ്രവർത്തിച്ചു? (ബുഖാരി-മുസ്ലിം)

മനുഷ്യർക്കിടയിൽ ആദ്യമായി വിധിനടപ്പാക്കപ്പെടുക രക്തത്തി (ജീവ)ൻെറ കാര്യത്തിലാണ്. അന്ന് തിന്മകൾക്ക് നന്മകൾ പകരം നൽകിക്കൊണ്ടായിരിക്കും പ്രതികാരം. ഒരാളുടെ നന്മകൾ എടുത്ത്, താൻ പാതകം ചെയ്തയാൾക്ക് കൊടുക്കപ്പെടും. അങ്ങനെ അവൻെറ നന്മകൾ തീർന്നു പോയാൽ അപരൻെറ കുറ്റങ്ങൾ ഒന്നാമന് നൽകപ്പെടും. വിചാരണക്കു ശേഷം സ്വിറാത് സ്ഥാപിക്കപ്പെടും. മുടിയെക്കാൾ നേരിയതും, വാളിനെക്കാൾ മൂർച്ചയേറിയതുമായി നരകത്തിന് മുകളിൽ തീർക്കപ്പെടുന്ന ഒരു വഴിയാണ് സ്വിറാത്. ഓരോരുത്തരുടെയും കർമ്മങ്ങൾക്കനുസരിച്ച് മനുഷ്യർ

അതിലൂടെ കടന്നുപോകും. കണ്ണിമവെട്ടുന്ന വേഗതയിലും, കാറ്റിന്റെ വേഗതയിലും, കുതിരയുടെ വേഗതയിലും, ഇഴഞ്ഞുകൊണ്ട് പോകുന്നവരും അവരിലുണ്ടാകും. സ്വിറാത്തിന്മേൽ മനുഷ്യരെ പിടിച്ച് നരകത്തിൽ ഇടുന്ന കൊളുത്തുകൾ ഉണ്ടായിരിക്കും. സത്യനിഷേധികളും, അല്ലാഹു ഉദ്ദേശിച്ചവരായ വിശ്വാസികളിലെ പാപികളും നരകത്തിൽ വീഴും. സത്യനിഷേധികൾ നരകത്തിൽ സ്ഥിരവാസികളായി മാറും. പാപികളായ വിശ്വാസികൾ അല്ലാഹു ഉദ്ദേശിക്കുന്നത്ര കാലം ശിക്ഷ അനുഭവിച്ച ശേഷം നരകത്തിൽ നിന്ന് പുറത്തുവന്ന് സ്വർഗ്ഗത്തിൽ പ്രവേശിക്കും.

നരകത്തിൽ പ്രവേശിച്ച ഏകദൈവ വിശ്വാസികളായ ചിലർക്കു വേണ്ടി ശുപാർശ ചെയ്യാൻ നബിമാർക്കും, സ്വാലിഹുകൾക്കും അല്ലാഹു അനുവാദം നൽകും. അങ്ങനെ അവരെയും അല്ലാഹു നരകത്തിൽ നിന്ന് പുറത്തെടുക്കും. സ്വർഗ്ഗവാസികളിൽ ചിലർ സ്വിറാത്തിലൂടെ പോകുമ്പോൾ-അവരിൽ ചിലർക്ക് ചിലരോടുള്ള പ്രതികാരം എടുക്കുന്നതിന്-സ്വർഗ്ഗത്തിനും നരകത്തിനും ഇടയിൽ നിന്നു പോകും. തന്റെ സഹോദരനിൽ നിന്നും അതിക്രമിച്ചെടുത്ത വല്ലതും ഉണ്ടെങ്കിൽ അതിനു പ്രതികാരം ചെയ്ത് ആത്മശുദ്ധീകരണം നടത്തിയ ശേഷമേ അവർ സ്വർഗ്ഗത്തിൽ പ്രവേശിക്കുകയുള്ളൂ.

സ്വർഗ്ഗവാസികൾ സ്വർഗ്ഗത്തിലും, നരകവാസികൾ നരകത്തിലും പ്രവേശിച്ചുകഴിഞ്ഞാൽ: **ഒരു ആടിന്റെ രൂപത്തിൽ മരണത്തെ ഹാജറാക്കപ്പെടും. സ്വർഗ്ഗ-നരകങ്ങളുടെ ഇടയിൽവച്ച്, അതിലെ ആൾക്കാർ കാണത്തക്ക വിധം അതിനെ അറുക്കും. പിന്നീട് പറയപ്പെടും; സ്വർഗ്ഗക്കാരേ, നിങ്ങൾ ശാശ്വതരാണ്, നിങ്ങൾക്കിനി മരണമില്ല. നരകക്കാരേ, നിങ്ങളും ശാശ്വതരാണ്, നിങ്ങൾക്കും മരണമില്ല** (തുർമുദി).

അപ്പോൾ സന്തോഷാധിക്യത്താൽ ആരെങ്കിലും മരിക്കുമായിരുന്നെങ്കിൽ സ്വർഗ്ഗവാസികൾ മരിക്കുമായിരുന്നു. ദുഃഖത്തിന്റെ കാഠിന്യത്താൽ ആരെങ്കിലും മരിക്കുമായിരുന്നെങ്കിൽ നരകവാസി മരിക്കുമായിരുന്നു.

നരകശിക്ഷ

അല്ലാഹു പറയുന്നു:

﴿ ... فَاتَّقُوا النَّارَ الَّتِي وَقُودُهَا النَّاسُ وَالْحِجَارَةُ أُعِدَّتْ لِلْكَافِرِينَ ﴾ (البقرة:٢٤)

മനുഷ്യരും കല്ലുകളും ഇന്ധനമായി കത്തിക്കപ്പെടുന്ന നരകാഗ്നിയെ നിങ്ങൾ കാത്തുസൂക്ഷിച്ചു കൊള്ളുക. സത്യനിഷേധികൾക്കു വേണ്ടി ഒരുക്കി വക്കപ്പെട്ടതാകുന്നു അത്. (അൽബഖറ-24)

നബി ﷺ പറഞ്ഞു:

ناركم التي توقدون جزء من سبعين جزءا من نار جهنم، قالوا يا رسول الله: وإن كانت لكافية. قال: فإنها فضلت بتسع وستين جزءا كلها مثل حرها. (متفق عليه)

നിങ്ങൾ കത്തിച്ചുകൊണ്ടിരിക്കുന്ന തീ, നരകാഗ്നിയുടെ എഴുപതിൽ ഒരംശം മാത്രമേയുള്ളൂ. സ്വഹാബികൾ പറഞ്ഞു, റസൂലേ, (സത്യനിഷേധികളെ ശിക്ഷിക്കാൻ) ഈ തീ തന്നെ മതിയല്ലോ.
നബി ﷺ പറഞ്ഞു; നരകാഗ്നിക്ക് ഈ ലോകത്തുള്ള അഗ്നിയെക്കാൾ 69 ഇരട്ടി ശക്തിയുണ്ട്. ഓരോന്നും ലോകത്തുള്ള തീയിന്റെ അത്രതന്നെ ചൂടുള്ളതാകുന്നു (ബുഖാരി-മുസ്‌ലിം).

നരകം ഏഴുതട്ടുകളാണ്. ഓരോതട്ടിലും അടുത്ത തട്ടിനേക്കാൾ കാഠിന്യമേറിയ ശിക്ഷയാണുള്ളത്. മനുഷ്യരുടെ കുറ്റകൃത്യങ്ങൾക്കനുസരിച്ച് ഓരോ തട്ടിലും കുറ്റവാളികൾ ഉണ്ടായിരിക്കും. കപട വിശ്വാസികൾ നരകത്തിന്റെ ഏറ്റവും കാഠിന്യമേറിയ അടിയിലെ തട്ടിലായിരിക്കും. സത്യനിഷേധികൾക്കുള്ള നരകശിക്ഷ ശാശ്വതമായിരിക്കും. തീയിൽ കിടന്ന് അവർ കരിയുമ്പോൾ കൂടുതൽ കാഠിന്യമേറിയ ശിക്ഷയിലേക്കവർ മടക്കപ്പെടും. അല്ലാഹു പറയുന്നു:

﴿ كُلَّمَا نَضِجَتْ جُلُودُهُمْ بَدَّلْنَاهُمْ جُلُوداً غَيْرَهَا ﴾ (النساء:٥٦)

അവരുടെ തൊലികൾ വെന്തു പോകുമ്പോളെല്ലാം അവർക്ക് നാം വേറെ തൊലികൾ മാറ്റിക്കൊടുക്കുന്നതാണ്. (അന്നിസാഅ്-56)

﴿ وَالَّذِينَ كَفَرُوا لَهُمْ نَارُ جَهَنَّمَ لاَ يُقْضَى عَلَيْهِمْ فَيَمُوتُوا وَلاَ يُخَفَّفُ عَنْهُمْ مِّنْ عَذَابِهَا كَذَلِكَ نَجْزِي كُلَّ كَفُورٍ ﴾ (فاطر:٣٦)

അവിശ്വസിച്ചവരാരോ അവർക്കാണ് നരകാഗ്നി, അവരുടെമേൽ മരണം വിധിക്കപ്പെടുന്നതല്ല, എങ്കിൽ അവർക്ക് മരിക്കാമായിരുന്നു. അതിലെ ശിക്ഷയിൽനിന്ന് ഒട്ടും അവർക്ക് ഇളവ് ചെയ്യപ്പെടുകയുമില്ല. അപ്രകാരം എല്ലാ നന്ദികെട്ടവർക്കും നാം പ്രതിഫലം നൽകുന്നു. (ഫാത്വിർ:36)

സത്യനിഷേധികൾ അതിൽ കയ്യാമം വക്കപ്പെടുകയും, കഴുത്തിൽ ചങ്ങല ഇടപ്പെടുകയും ചെയ്യും. അല്ലാഹു പറയുന്നു:

﴿ وَتَرَى الْمُجْرِمِينَ يَوْمَئِذٍ مُّقَرَّنِينَ فِي الأَصْفَادِ سَرَابِيلُهُمْ مِّنْ قَطِرَانٍ وَّ تَغْشَى وُجُوهَهُمُ النَّارُ ﴾
(إبراهيم:٤٩و٥٠)

ആദിവസം കുറ്റവാളികൾ ചങ്ങലകളിൽ അന്യോന്യം ചേർത്ത് ബന്ധിക്കപ്പെട്ടതായിട്ട് നിനക്ക് കാണാം. അവരുടെ കുപ്പായങ്ങൾ കറുത്ത ടാർ (കീൽ) കൊണ്ടുള്ളതായിരിക്കും. അവരുടെ മുഖങ്ങളെ തീ പൊതിയുന്നതുമാണ്. (ഇബ്രാഹീം:49-50)

നരകവാസികളുടെ ഭക്ഷണം സഖ്ഖൂം ആയിരിക്കും. അല്ലാഹു പറയുന്നു:

﴿ إِنَّ شَجَرَةَ الزَّقُّومِ طَعَامُ الأَثِيمِ كَالْمُهْلِ يَغْلِي فِي الْبُطُونِ كَغَلْيِ الْحَمِيمِ ﴾ (الدخان:٤٣-٦)

തീർച്ചയായും സഖ്ഖൂം വൃക്ഷമാകുന്നു (നരകത്തിൽ) പാപിയുടെ ആഹാരം. ഉരുകിയ ലോഹം പോലിരിക്കും (അതിൻെറ കനി). ചൂടുവെള്ളം തിളക്കുന്നതു പോലെ അത് വയറുകളിൽ തിളക്കും. (അദ്ദുഖാൻ:43-46)

നബി ﷺ പറഞ്ഞു:

لوأن قطرة من الزقوم قطرت في الدنيا لأفسدت على أهل الدنيا معايشهم فكيف بمن يكون طعامه. (الترمذي)

സഖ്ഖൂമിൽ നിന്ന് ഒരുതുള്ളി ഭൂമിയിൽ വീണാൽ, അത് ഭൂമിയിലുള്ളവരുടെ ജീവിതത്തെ ദുസ്സഹമാക്കും. അപ്പോൾ അത് ഭക്ഷണമായി ലഭിക്കുന്നവൻെറ അവസ്ഥ എന്തായിരിക്കും! (തുർമുദി).

നരകശിക്ഷയുടെ കാഠിന്യവും, സ്വർഗ്ഗീയ സുഖവും നബി ﷺ വിശദീകരിച്ചത് നോക്കൂ.

يؤتى بأنعم أهل الدنيا من أهل النار يوم القيامة فيصبغ في النار صبغة ثم يقال له: يابن آدم، هل رأيت خيرا قط؟ هل مرّ بك نعيم قط؟ فيقول: لآ والله يا ربِّ ! ويؤتى بأشدّ الناس بؤسا في الدنيا من أهل الجنة فيصبغ صبغة في الجنة فيقال له: يابن آدم هل رأيت بؤسا قط؟ هل مرّ بك شدّة قط؟ فيقول: لآ والله ما مرّ بي بؤس قطّ ولآ رأيتُ شدّةً قطُّ ! (مسلم)

ലോകത്തിലെ ഏറ്റവും വലിയ സുഖലോലുപനായ ഒരുസത്യനിഷേധിയെ കൊണ്ടുവന്ന് നരകത്തിൽ മുക്കിയെടുത്തശേഷം അവനോട് ചോദിക്കപ്പെടും; നിനക്ക് ഒരനുഗ്രഹവും ലഭിച്ചിട്ടില്ലായിരുന്നോ? അവൻ പറയും, ഇല്ല നാഥാ, അല്ലാഹുവാണ സത്യം. പിന്നീട് സത്യവിശ്വാസികളിൽ പെട്ട ഒരു ദരിദ്രനെ കൊണ്ടുവന്ന് സ്വർഗ്ഗീയാനുഭൂതി അവനെ ഒരുവട്ടം ആസ്വദിപ്പിച്ച ശേഷം അവനോട് ചോദിക്കപ്പെടും; നിനക്ക് വല്ല വിഷമവും അനുഭവപ്പെട്ടിരുന്നോ? അവൻ പറയും, ഇല്ല, നാഥാ, അല്ലാഹുവാണ സത്യം. എനിക്ക് ഒരു വിഷമവും, ബുദ്ധിമുട്ടും അനുഭവപ്പെട്ടിട്ടില്ല. (മുസ്ലിം)

ലോകത്ത്വച്ച് അവൻ അനുഭവിച്ച എല്ലാ ദാരിദ്ര്യവും, നിർഭാഗ്യവും, വിഷമങ്ങളും സ്വർഗ്ഗത്തിലെ ഒരുമുക്കിയെടുക്കൽ കൊണ്ട് മറന്നു പോകും.

സ്വർഗ്ഗം

അല്ലാഹുവിൻെറ നല്ലവരായ ദാസന്മാരുടെ സ്ഥിരതാമസ സ്ഥലമാണ് സ്വർഗ്ഗം. ഒരുകണ്ണും കണ്ടിട്ടില്ലാത്തതും, ഒരു ചെവിയും കേട്ടിട്ടില്ലാത്തതും, ഒരുമനസ്സിനും സങ്കൽപിക്കാനും കഴിയാത്തതുമായ അനുഗ്രഹങ്ങളാണ് അതിലുള്ളത്. അല്ലാഹു പറയുന്നു:

﴿ فَلاَ تَعْلَمُ نَفْسٌ مَّا أُخْفِيَ لَهُمْ مِّنْ قُرَّةِ أَعْيُنٍ جَزَاءً بِمَا كَانُوا يَعْلَمُونَ ﴾ (السجدة:١٧)

എന്നാൽ അവർ പ്രവർത്തിച്ചിരുന്നതിനുള്ള പ്രതിഫലമായിക്കൊണ്ട്, കൺകുളിർക്കുന്ന എന്തെല്ലാം കാര്യങ്ങളാണ് അവർക്കു വേണ്ടി രഹസ്യമാക്കി വക്കപ്പെട്ടിട്ടുള്ളത് എന്ന് ഒരാൾക്കും അറിയാവതല്ല. (സജദ:17)

സത്യവിശ്വാസികളുടെ സൽകർമ്മങ്ങളുടെ തോതനുസരിച്ച് അവരുടെ സ്ഥാനങ്ങൾ വ്യത്യാസപ്പെട്ടിരിക്കും. അല്ലാഹു പറയുന്നു:

﴿ يَرْفَعُ اللَّهُ الَّذِينَ آمَنُوا مِنْكُمْ وَالَّذِينَ أُوتُوا الْعِلْمَ دَرَجَاتٍ ﴾ (المجادلة:١١)

നിങ്ങളിൽ വിശ്വസിച്ചവരെയും, വിജ്ഞാനം നൽകപ്പെട്ടവരെയും അല്ലാഹു പലപടികൾ ഉയർത്തുന്നതാണ്. (അൽമുജാദില:11)

അതിൽ ഓരോരുത്തർക്കും ഇഷ്ടപ്പെട്ടത് തിന്നുകയും കുടിക്കുകയും ചെയ്യാം. സ്വർഗ്ഗത്തിൽ നല്ലരുചിയുള്ള കള്ളിൻെറ അരുവികളും, തെളിഞ്ഞ തേനാറുകളും, രുചി വ്യത്യാസപ്പെടാത്ത പാൽ പുഴകളും, സ്വാദും വാസനയും മാറാത്ത വെള്ളമുള്ള നദികളുമുണ്ട്. സ്വർഗ്ഗത്തിലെ മദ്യം ഇഹലോകത്തിലെ മദ്യം പോലെയല്ല. അല്ലാഹു പറയുന്നു:

﴿ يُطَافُ عَلَيْهِمْ بِكَأْسٍ مِنْ مَّعِينٍ بَيْضَاءَ لَذَّةٍ لِّلشَّارِبِينَ لاَ فِيهَا غَوْلٌ وَّلاَ هُمْ عَنْهَا يُنْزَفُونَ ﴾(الصافات:٤٥-٤٧)

ഒരുതരം ഉറവുജലം നിറച്ച കോപ്പകൾ അവരുടെചുറ്റും കൊണ്ടുനടക്കപ്പെടും. വെളുത്തതും കുടിക്കുന്നവർക്ക് ഹൃദ്യവുമായ പാനീയം. അതിൽ യാതൊരു ദോഷവുമില്ല. അതു നിമിത്തം അവർക്ക് ലഹരി ബാധിക്കുകയുമില്ല. (അസ്സ്വാഫ്ഫാത്:45-47)

സ്വർഗ്ഗത്തിൽ അവർക്ക് ഇണകളായി ഹൂറുൽഈൻ (വിശാലാക്ഷികൾ) ആയിരിക്കും ഉണ്ടാകുക. നബി ﷺ പറഞ്ഞു:

لو أن امرأة من أهل الجنة اطلعت على أهل الأرض لأضاءت ما بينهما ـ السماء والأرض ـ ولملأته ريحا.(البخاري)

സ്വർഗ്ഗത്തിലുള്ള ഒരുസ്ത്രീ ഭൂമിയിലേക്കൊന്ന് എത്തിനോക്കിയാൽ ആകാശ ഭൂമികൾക്കിടയിൽ പ്രകാശവും സുഗന്ധവും നിറയും. [ബുഖാരി]

സ്വർഗ്ഗത്തിലുള്ള ഏറ്റവും വലിയ അനുഗ്രഹം അല്ലാഹുവിനെ ദർശിക്കലാണ്. സ്വർഗ്ഗവാസികൾ മലമൂത്ര വിസർജ്ജനം നടത്തുകയോ, തുപ്പുകയോ, മൂക്കു പിഴിയുകയോ ഇല്ല. അവരുടെ ചീർപ്പുകൾ സ്വർണ്ണം കൊണ്ടുള്ളതും, വിയർപ്പ് കസ്തൂരിയുമായിരിക്കും. അവരുടെ അനുഗ്രഹം അനുസ്യൂതമാണ്. നബി ﷺ പറഞ്ഞു:

من يدخل الجنة ينعم ولا يبأس ولا يبلى. ونصيب أقل أهل الجنة ـ وهو آخر من يخرج من النار ويدخل الجنة ـ خير من الدنيا كلها عشر مرات. (متفق عليه)

സ്വർഗ്ഗത്തിൽ പ്രവേശിക്കുന്നവൻ അനുഗ്രഹീതനാണ്. അവന്ന് ക്ഷീണമോ, മറ്റോ അനുഭവപ്പെടുകയില്ല. സ്വർഗ്ഗത്തിൽ ഏറ്റവും കുറച്ച് അനുഗ്രഹങ്ങൾ ലഭിക്കുന്നവൻ, നരകത്തിൽ നിന്നും അവസാനമായി മോചിപ്പിക്കപ്പെട്ട്, സ്വർഗ്ഗത്തിൽ പ്രവേശിക്കുന്നവനായിരിക്കും. അവൻെറ സ്വർഗ്ഗീയസുഖം ഇഹലോകത്തിലെ മുഴുവൻ സുഖങ്ങളുടെയും പത്തിരട്ടിയായിരിക്കും. (ബുഖാരി- മുസ്ലിം)

അല്ലാഹു നമ്മെയെല്ലാം സ്വർഗ്ഗാവകാശികളിൽ ഉൾപ്പെടുത്തട്ടെ. ആമീൻ.

السيرة النبوية

നബിചരിത്രം

ജാഹിലിയ്യാ കാലം

അറബികളുടെ പ്രധാനമതം വിഗ്രഹാരാധനയായിരുന്നു. യഥാർത്ഥ മതത്തിൽ നിന്നും വ്യതിചലിച്ചു വിഗ്രഹാരാധനയിൽ മുഴുകിയതിനാൽ ആ ഇടവേളക്ക് ജാഹിലിയ്യ (അജ്ഞാന) കാലം എന്ന് പറയപ്പെടുന്നു. അവരുടെ പ്രധാന ദേവന്മാരായിരുന്നു ലാത്ത, ഉസ്സ, മനാത്ത, ഹുബ്ൽ. എന്നാൽ അറബികൾക്കിടയിൽ ജൂതന്മാരും, കൃസ്ത്യാനികളും, മജൂസികളും (അഗ്നിആരാധകർ)കാണപ്പെട്ടിരുന്നു. ഇബ്റാഹീം നബിയുടെ ഹെനീഫിയ്യഃ മാർഗ്ഗം അവലംബിച്ച് ജീവിക്കുന്നവരും അൽപാൽപമായി

ഉണ്ടായിരുന്നു. ഗ്രാമപ്രദേശങ്ങളിലെ സാമ്പത്തിക അടിത്തറ നാൽകാലികൾ തന്നെയായിരുന്നു. പട്ടണ പ്രദേശങ്ങളിലെ സാമ്പത്തികം കച്ചവടത്തിലും കൃഷിയിലും അധിഷ്ഠിതമായിരുന്നു. ഇസ്ലാമിൻെറ രംഗപ്രവേശനത്തിനു അൽപം മുമ്പ് മക്ക, അറേബ്യൻ ദ്വീപിലെ മുഖ്യവ്യാപാരകേന്ദ്രമായി മാറിയിരുന്നു. അതുപോലെ മറ്റുപ്രദേശങ്ങളിലും നാഗരിക സംസ്കാരം നില നിന്നിരുന്നു. സാമൂഹ്യ രംഗം അക്രമത്തിൻെറ കൂത്തരങ്ങായിരുന്നു. കയ്യൂക്കുള്ളവൻ കാര്യക്കാരനും. പെൺകുട്ടികൾ ജീവനോടെ കുഴിച്ചു മൂടപ്പെട്ടിരുന്നു. മാന്യതകളെല്ലാം പിച്ചിച്ചീന്തപ്പെട്ടിരുന്നു. ശക്തൻെറ ഭക്ഷണം അശക്തൻെറ അവകാശങ്ങളായിരുന്നു. യാതൊരു പരിധിയുമില്ലാത്ത ബഹുഭാര്യത്വം. വ്യഭിചാരം സർവ്വവ്യാപിയായിരുന്നു. നിസ്സാര കാരണങ്ങൾക്കു വേണ്ടി ഗോത്രകലഹങ്ങൾ നീണ്ടുനിന്നിരുന്നു. ഇസ്ലാമിനു മുമ്പുള്ള അറേബ്യയുടെ ഒരു ലഘുവിവരണം മാത്രമാണിത്.

*രണ്ടു ബലിദാനങ്ങളുടെ പുത്രൻ

ഖുറൈശികൾ അബ്ദുൽമുത്വലിബിൻെറ പേരിൽ അഭിമാനം കൊള്ളുന്നവരായിരുന്നു. അദ്ദേഹത്തിൻെറ സമ്പത്തും സന്താനങ്ങളും അത്രമാത്രമായിരുന്നു. അല്ലാഹു എനിക്ക് പത്ത് ആൺമക്കളെ തന്നാൽ, അവരിൽ ഒരുവനെ ഞാൻ ദേവന്മാരുടെ പ്രീതിക്കായി ബലിനൽകുമെന്ന് അബ്ദുൽമുത്വലിബ് നേർച്ചനേർന്നു. ആഗ്രഹം സഫലമായി. പത്ത് ആൺമക്കളുണ്ടായി. ഒരാൾ അബ്ദുല്ല-നബിയുടെ പിതാവ്-ആയിരുന്നു. അബ്ദുൽമുത്വലിബ് നേർച്ച പൂർത്തീകരിക്കാൻ തന്നെ തീരുമാനിച്ചു. ജനങ്ങൾ അദ്ദേഹത്തെ അതിൽ നിന്നും തടഞ്ഞു. ഭാവിയിൽ അതൊരു ചര്യയായി മാറാതിരിക്കാൻ വേണ്ടി. അബ്ദുല്ലക്ക് പകരം പത്ത് ഒട്ടകങ്ങൾ, നറുക്കിട്ട് പ്രായശ്ചിത്തം ചെയ്യാൻ തീരുമാനിച്ചു. നറുക്ക് അബ്ദുല്ലയുടെ പേരിൽ തന്നെ വീഴുകയാണെങ്കിൽ ഒട്ടകങ്ങൾ വർദ്ധിപ്പിക്കാനും നിശ്ചയിച്ചു. നറുക്കെടുപ്പ് തുടങ്ങി. പത്ത്വട്ടവും അബ്ദുല്ലയുടെ പേർ തന്നെ കിട്ടി. നൂറാംവട്ടം ഒട്ടകത്തിൻെറ നറുക്ക് വീണു. അങ്ങനെ നൂറ് ഒട്ടകങ്ങൾ ബലിനൽകി.

അബ്ദുല്ല, അബ്ദുൽമുത്വലിബിൻെറ മാനസപുത്രനായിരുന്നു. വിശിഷ്യാ പ്രായശ്ചിത്തത്തിനു ശേഷം. അബ്ദുല്ല യുവത്വത്തിലേക്ക് കാലൂന്നി, പുത്രൻ വലുതായി. പിതാവ് അദ്ദേഹത്തിന് ബനൂസഹ്റ ഗോത്രത്തിൽ നിന്നും ഒരു പെൺകുട്ടിയെ കണ്ടെത്തി. വഹ്ബിൻെറ മകൾ ആമിന അവളെ അബ്ദുല്ല വിവാഹം ചെയ്തു. ജീവിതരംഗത്ത് അത്യാവശ്യ കാര്യങ്ങൾ നിർവ്വഹിച്ചു കൊണ്ട് അബ്ദുല്ല മുന്നോട്ടു നീങ്ങി. ആമിന ഗർഭിണിയായി. മൂന്നു മാസങ്ങൾക്കു ശേഷം ഭർത്താവ് അബ്ദുല്ല ഒരു വർത്തക സംഘത്തിൻെറ കൂടെ ശാമിലേക്ക് പുറപ്പെട്ടു. മടക്കയാത്രയിൽ അബ്ദുല്ല രോഗഗ്രസ്തനായി. മദീനയിൽ, ബനൂനജ്ജാർ ഗോത്രക്കാരായ അമ്മാവന്മാരുടെ അടുത്ത് തങ്ങി. അവിടെവച്ച് അബ്ദുല്ല മരിച്ചു. അവിടെ മറവ് ചെയ്യപ്പെടുകയും ചെയ്തു. ഗർഭത്തിൻെറ കാലം പൂർത്തിയായി. പ്രസവ സമയം അടുത്തു. വേദന തുടങ്ങി. എന്നാൽ ആമിനക്ക് മറ്റു സ്ത്രീകളെപ്പോലെ കഠിനമായ വേദന അനുഭവപ്പെട്ടില്ല. കൃസ്തബ്ദം 571 ലെ റബീഉൽഅവ്വൽ മാസം 12 തിങ്കളാഴ്ച പുലർച്ചെ ആമിന തൻെറ അരുമ മകനെ പ്രസവിച്ചു. അത് ആനക്കലഹം നടന്ന വർഷത്തിലായിരുന്നു.

ആനക്കലഹം

അബിസീനിയ (എത്യോപ്യ) യിലെ രാജാവ് നജ്ജാശിയുടെ, യമനിലെ പ്രതിനിധി അബ്റഹതുൽ

*ഞാൻ ബലിനൽകാൻ നിശ്ചയിക്കപ്പെട്ട രണ്ടുപേരുടെ സന്തതിയാണെന്ന് നബി ﷺ പറഞ്ഞു. 1-അബ്ദുല്ല.2-ഇസ്മാഈൽ നബി.

ഹബ്ശി അറബികൾ കഅ്ബയിലേക്ക് തീർത്ഥാടനം നടത്തുന്നത് കണ്ടു. അദ്ദേഹം യമനിലെ സൻആഇൽ ഒരുവലിയ ചർച്ച് പണികഴിപ്പിച്ചു. അറബികളുടെ തീർത്ഥയാത്ര അതിലേക്ക് തിരിക്കാൻ അദ്ദേഹം ഉദ്ദേശിച്ചു. ബനൂകിനാനഃ എന്ന അറബി ഗോത്രക്കാരനായ ഒരാൾ ഈ വിവരമറിഞ്ഞു. അയാൾ രാത്രി ചർച്ചിൽ പ്രവേശിച്ചു. ചുമരുകൾ മലം കൊണ്ട് വൃത്തികേടാക്കി. ഈ വാർത്തയറിഞ്ഞ അബ്റഹത് രോഷംകൊണ്ടു. ഒരു പടുകൂറ്റൻ-അറുപതിനായിരം പടയാളികൾ-സൈന്യത്തെയും കൊണ്ട് കഅ്ബ തകർക്കാനായി പടനീക്കം ആരംഭിച്ചു. തനിക്ക് സ്വന്തം വാഹനമായി ഒരുവലിയ ഗജവീരനെ തെരഞ്ഞെടുത്തു. സൈന്യത്തിൽ ഒമ്പത് ഗജവീരന്മാർ ഉണ്ടായിരുന്നു. സൈനിക നീക്കം തുടർന്നു. മക്കയുടെ സമീപത്തെത്തി. അവിടെ വച്ച് സൈന്യത്തെ സർവ്വ സന്നാഹരാക്കി. മക്കയിൽ പ്രവേശിക്കാൻ തയ്യാറെടുത്തു. പക്ഷെ ആനകൾ മുട്ടുകുത്തി. കഅ്ബയുടെ നേരെ ഒരടി പോലും മുന്നോട്ട് നീങ്ങിയില്ല. മറ്റുഭാഗങ്ങളിലേക്ക് തിരിക്കുമ്പോൾ ആനകൾ എഴുന്നേറ്റ് കുതിക്കുന്നു. കഅ്ബയുടെ നേരെ തിരിഞ്ഞാൽ മുട്ടുകുത്തുന്നു. അങ്ങിനെയിരിക്കെ, ചുട്ടുപഴുപ്പിച്ച കളിമൺ കല്ലു

കൾ കൊണ്ട് അവരെ എറിയുന്ന, കൂട്ടം കൂട്ടമായിക്കൊണ്ടുള്ള പക്ഷികളെ അവരുടെ നേർക്ക് അല്ലാഹു അയച്ചു. അങ്ങനെ അവൻ അവരെ തിന്നൊടുക്കപ്പെട്ട വൈക്കോൽ തുരുമ്പു പോലെയാക്കി.

ഓരോ പക്ഷിയും മൂന്നു കല്ലുകൾ വീതം കൊണ്ടുവന്നു. കൊക്കിൽ ഒന്നും, രണ്ടു കാലുകളിൽ ഓരോന്നും. കടല മണിയോളമുള്ള കല്ലുകൾ. കല്ലേറ്റവരുടെയെല്ലാം അവയവങ്ങൾ ഓരോന്നായി അറ്റുവീണു നശിച്ചു. അവർ പിന്തിരിഞ്ഞോടി. വഴിയിൽ വീണുമരിച്ചു. അബ്റഹത്തിന് അല്ലാഹു ഒരു രോഗം നൽകി. രോഗം നിമിത്തം വിരലുകളെല്ലാം മുറിഞ്ഞുപോയി. സൻആയിൽ തിരിച്ചെത്തിയത് ഒരു പക്ഷിക്കുഞ്ഞിനെ പോലെയായിരുന്നു. അവിടെ വച്ച് അവനും മരിച്ചു. എന്നാൽ ഖുറൈശികൾ നാട്ടിൻ പുറങ്ങളിലേക്ക് ചിതറിയോടി. സൈന്യത്തെ ഭയന്ന് മലമുകളിൽ അഭയം തേടി. സൈന്യത്തിന് സംഭവിക്കേണ്ടതെല്ലാം സംഭവിച്ചു കഴിഞ്ഞപ്പോൾ, അവരും വീടുകളിലേക്ക് നിർഭയം മടങ്ങി. നബി ﷺ യുടെ ജനനത്തിന് അമ്പതുദിവസം മുമ്പായിരുന്നു ഈ സംഭവം.

മുലകുടി

തങ്ങളുടെ കുട്ടികൾക്ക് ഗ്രാമിണ സ്ത്രീകളെക്കൊണ്ട് മുല കൊടുപ്പിക്കൽ അറബികളുടെ പതിവായിരുന്നു. നല്ലശാരീരിക വളർച്ച ലഭിക്കാൻ വേണ്ടിയായിരുന്നു അത്. നബി ﷺ ജനിച്ച ആ നാളുകളിൽ കുട്ടികളെത്തേടി, ബനൂസഅ്ദ് ഗോത്രത്തിലെ ഒരുസംഘം സ്ത്രീകൾ മക്കയിലെത്തി. സ്ത്രീകൾ വീടുകൾ കയറിയിറങ്ങാൻ തുടങ്ങി. ആർക്കും മുഹമ്മദിനെ വേണ്ട. ദരിദ്രനും അനാഥയുമായ ഒരുശിശു. ഈ സംഘത്തിൽ ഹലീമ എന്ന സ്ത്രീയും ഉണ്ടായിരുന്നു. അവളും മറ്റുള്ളവരെ പോലെത്തന്നെ മുഹമ്മദിനെ അവഗണിച്ചു. പക്ഷെ എല്ലാ വീടുകളും ചുറ്റിക്കറങ്ങിയിട്ടും മുലകൊടുക്കാൻ ഒരുകുട്ടിയെ കിട്ടിയില്ല. അതിൻെറ കൂലികൊണ്ട് ജീവിതഭാരത്തിന് ഒരു തണികണ്ടെത്താമല്ലോ, എന്ന അവളുടെ അഭിലാഷം പൂവണിഞ്ഞില്ല. കാലമാണെങ്കിൽ ക്ഷാമത്തിലും വറുതിയിലും. അങ്ങനെ ഹലീമ ആമിനയുടെ വീട്ടിൽ തന്നെ തിരിച്ചെത്തി. കുറഞ്ഞ കൂലിക്ക് അനാഥ ശിശുവിനെക്കൊണ്ട് തൃപ്തിയടഞ്ഞു.

ഹലീമ തൻെറ ഭർത്താവുമൊത്ത് മക്കയിലെത്തിയത് നടക്കാൻ വയ്യാതെ മെലിഞ്ഞൊട്ടിയ ഒരു കഴുതപ്പുറത്തായിരുന്നു. കുട്ടിയെ മടിയിലിരുത്തി ഹലീമ മടക്കയാത്ര ആരംഭിച്ചു. ആ കഴുത മറ്റുള്ളവയെ എല്ലാം പിന്നിലാക്കിക്കൊണ്ട് അതിവേഗം കുതിക്കുന്നു. സഹയാത്രികരെല്ലാം അത്ഭുത പരതന്ത്രരായി നോക്കി നിൽക്കുന്നു. ഹലീമ തന്നെ പറയട്ടെ; അവളുടെ മുലയിൽ നിന്നും അധികമൊന്നും പാൽ ചുരത്തിയിരുന്നില്ല. അവളുടെ മുലകുടിക്കുന്ന കുട്ടി വിശപ്പു കൊണ്ട് കരയുകയായിരുന്നു. മുഹമ്മദ് അവളുടെ മുല ചപ്പിക്കുടിച്ചപ്പോൾ, അതിശക്തമായി പാൽ ചുരത്താൻ തുടങ്ങി. ബനൂസഅദ് പ്രദേശത്ത് അവളുടെ ഭൂമി വരണ്ടു കിടക്കുകയായിരുന്നു. ഈ ശിശുവിന് മുലകൊടുക്കാൻ തുടങ്ങിയപ്പോൾ അവളുടെ ഭൂമിയും കന്നുകാലികളും ഫലഭൂയിഷ്ഠമായിരിക്കുന്നു. പട്ടിണിയിൽ നിന്നും ദാരിദ്ര്യത്തിൽ നിന്നും, സുഖ-ഐശ്വര്യങ്ങളിലേക്ക് അവൾ തന്നെ മാറിയിരിക്കുന്നു. ഹലീമയുടെ കൂടെ രണ്ടുവർഷം മുഹമ്മദ് താമസിച്ചു. ഹലീമക്കാണെങ്കിൽ കുട്ടിയോട് അമിതമായ വാത്സല്യവും. ഈ അപൂർവ്വ സംഭവങ്ങൾ തന്നെ കാരണം. രണ്ടു വർഷങ്ങൾക്കു ശേഷം ഹലീമ കുഞ്ഞിനെയും കൊണ്ട് മക്കയിലുള്ള മാതാവിൻെറയും, പിതാമഹൻെറയും അടുത്തെത്തി. ഈ ശിശുനിമിത്തം തനിക്കു ലഭിച്ച അനുഗ്രഹങ്ങൾ മനസ്സിലാക്കിയ ഹലീമ, ഒരു പ്രാവശ്യംകൂടി കുട്ടിയെ തനിക്ക് വിട്ടുതരാൻ ആമിനയെ നിർബന്ധിച്ചു. ആമിന അതു സമ്മതിക്കുകയും ചെയ്തു. സൗഭാഗ്യവതിയും സന്തോഷ ഭരിതയുമായി ഹലീമ കുട്ടിയെ കൊണ്ട് വീട്ടിലേക്ക് തിരിച്ചു.

നെഞ്ച് പിളർത്തുന്നു

മുഹമ്മദിന് ഏകദേശം നാലു വയസ്സായി. വീട്ടിൽ നിന്നും അകലെയായി ഹലീമയുടെ മകൻെറ കൂടെ മുഹമ്മദ് കളിച്ചു കൊണ്ടിരിക്കുന്നു. ഹലീമയുടെ മകൻ വീട്ടിലേക്ക് ഓടിവരുന്നു. മുഖത്ത് പൊറുതികേടും പാരവശ്യവും മുറ്റിനിൽക്കുന്നു. ഉമ്മയോട് തൻെറ ഖുറൈശീ സഹോദരൻെറ അടുത്തേക്ക് പോകാൻ ആവശ്യപ്പെടുന്നു. ഉമ്മ കാര്യം അന്വേഷിച്ചു. മകൻ പറഞ്ഞു; ശുഭ്രവസ്ത്ര ധാരികളായ രണ്ടുപേരെ ഞാൻ കണ്ടു. ഞങ്ങളുടെ ഇടയിൽ നിന്നും അവർ അവനെ പിടിച്ചു. കുട്ടിയുടെ മുഖം ചുവന്നു തുടുക്കുകയാണ്. അത്യധികം വിവർണ്ണമാകുകയാണ്. എന്നിട്ടെന്തുണ്ടായി? ഉമ്മ ബേജാറോടെ ചോദിച്ചു. പ്രശ്നങ്ങളൊന്നും തന്നെ ഇല്ലെന്ന് മകൻ പ്രതിവചിച്ചു. തുടർന്ന് മകൻ സംഭവം വിവരിച്ചു. വെള്ള വസ്ത്രധാരികളായ രണ്ടുപേർ മുഹമ്മദിനെ പിടിച്ചു. അവൻെറ മാറിടം പിളർത്തി. ഹൃദയം പുറത്തെടുത്തു. അതിൽ നിന്നും ഒരു കറുത്ത രക്തപിണ്ഡം പുറത്തെറിഞ്ഞു. മ

ഞ്ഞുവെള്ളം കൊണ്ട് ഹൃദയം കഴുകി. പിന്നീട് ഉള്ളിൽ തന്നെ വച്ചു. തുടർന്ന് അവർ നെഞ്ചിൽ ഒന്നുതടവി. അവർ സ്ഥലം വിട്ടു. അപ്രത്യക്ഷരായി. പിളർത്തപ്പെട്ട സ്ഥലം കണ്ടെത്താൻ ഹെലീമ ശ്രമിച്ചുനോക്കി. പക്ഷെ അവൾ ഒന്നും കണ്ടില്ല. അവൾ മുഹെമ്മദിനെയും കൊണ്ട് വീട്ടിലേക്ക് പോയി. അടുത്ത ദിവസം രാവിലെ ഹെലീമ കുട്ടിയെയും കൊണ്ട് മക്കയിലുള്ള മാതൃസന്നിധിയിലെത്തി. അമിത വാത്സല്യക്കാരി ഹെലീമയുടെ അസമയത്തുള്ള മടക്കം ആമിനയിൽ സംശയം ജനിപ്പിച്ചു. അവൾ കാരണമാരാഞ്ഞു. കുത്തിക്കുത്തി ചോദിച്ചപ്പോൾ ഹെലീമ നെഞ്ചുപിളർത്തപ്പെട്ട സംഭവം പറഞ്ഞു.

ആമിനയുടെ മരണം

ആമിന തൻെറ അനാഥ ശിശുവിനെയും കൊണ്ട് യഥ്രിബിലേക്ക് പോയി. ബനൂനജ്ജാർ ഗോത്രത്തിലെ, കുട്ടിയുടെ അമ്മാവന്മാരെ സന്ദർശിക്കാൻ. അവിടെ കുറച്ചു ദിവസം താമസിച്ചു. മടക്കയാത്രയിൽ-അബ്‌വാഅ് എന്നസ്ഥലത്തു വച്ച്-ആമിന മരിച്ചു. അവിടെത്തന്നെ മറമാടപ്പെട്ടു അങ്ങനെ ആറാമത്തെ വയസ്സിൽ മുഹെമ്മദിന് മാതാവും നഷ്ടപ്പെട്ടു. ഈ വലിയ വിടവ് നികത്തൽ അബ്ദുൽമുത്വലിബിൻെറ ബാദ്ധ്യതയായി. അദ്ദേഹം കുട്ടിയെ സ്നേഹപൂർവ്വം സംരക്ഷിച്ചു. ലാളിച്ചു വളർത്തി. പക്ഷെ ആ ലാളന കൂടുതൽ നീണ്ടു നിന്നില്ല. എട്ടു വയസ്സായപ്പോൾ പിതാമഹനും അന്ത്യയാത്രയായി. തുടർന്ന് സംരക്ഷണ ചുമതല ഏറ്റെടുത്തത് പിതൃവ്യൻ അബൂത്വാലിബായിരുന്നു. അദ്ദേഹമാണെങ്കിൽ ഭാരിച്ച കുടുംബത്തിൻെറ ദരിദ്രനായകൻ. എന്നാലും പിതൃവ്യനും, ഭാര്യയും അദ്ദേഹത്തോട് സ്വന്തം കുട്ടിയോടെന്ന പോലെത്തന്നെ പെരുമാറി. ഈ അനാഥബാലൻ പിതൃവ്യൻെറ സ്നേഹ ഭാജനമായിമാറി. ഈ ചുറ്റുപാടിലാണ് വളർച്ചയുടെ സുപ്രധാന ഘട്ടം ആരംഭിച്ചത്. സത്യസന്ധതയിലും വിശ്വസ്തതയിലും വളർന്നു. അവരണ്ടും അദ്ദേഹത്തിൻെറ രണ്ടു ഓമനപ്പേരുകളായി. പട്ടണത്തിൽ അൽഅമീൻ (വിശ്വസ്തൻ) എന്ന് പറയപ്പെട്ടാൽ അത് മുഹെമ്മദാണെന്ന് പരക്കെ പ്രസിദ്ധമായിരുന്നു.

യുവത്വം, വിവാഹം

യുവത്വത്തിലെത്തിയപ്പോൾ, സ്വന്തം ജീവിതാവശ്യങ്ങൾ നിറവേറ്റാനുള്ള ജോലികൾ ചെയ്തു തുടങ്ങി. മുഹെമ്മദ് ജോലിക്കും സമ്പാദ്യത്തിനുമായുള്ള യാത്രകൾ ചെയ്യാൻ തുടങ്ങി. ഒരു നിശ്ചിത കൂലിക്ക് ഖുറൈശികളിൽ ചിലരുടെ ആടുമേച്ചും ഉപജിവനം കഴിഞ്ഞു. ശാമിലേക്കുള്ള ഒരു കച്ചവടസംഘത്തിൽ ചേർന്നു. ഖുവൈലിദിൻെറ പുത്രി ഖദീജയും ആ കച്ചവടത്തിൽ ധാരാളം പണം ഇറക്കിയിരുന്നു. അവർ വലിയ ധനാഢ്യയായിരുന്നു. സംഘത്തിൽ അവരുടെ സ്വത്തിൻെറ മേൽനോട്ടം വഹിച്ചിരുന്നത് മയ്സിറഃ എന്ന അടിമയായിരുന്നു. മുഹെമ്മദിൻെറ വിശ്വസ്തതയും അനുഗ്രഹവും നിമിത്തം വമ്പിച്ച ലാഭം കിട്ടി. ഈ അത്യപൂർവ്വ ലാഭത്തെ കുറിച്ച് അവർ മയ്സിറയോട് അന്വേഷിച്ചു. അബദുല്ലയുടെ മകൻ മുഹെമ്മദ് വസ്തുക്കളുടെ പ്രദർശനവും വിൽപനയും ഏറ്റെടുത്തിരുന്നു. ജനങ്ങൾ അദ്ദേഹത്തിൻെറ അടുത്ത് തടിച്ചുകൂടി. ലാഭം ന്യായമായി ലഭിച്ചതു തന്നെയാണ്. ഇതായിരുന്നു മയ്സിറയുടെ മറുപടി. മയ്സിറയുടെ വിശദീകരണം ഖദീജ ശ്രദ്ധിച്ചു കേൾക്കുന്നുണ്ടായിരുന്നു. അവൾക്കും മുഹെമ്മദിനെ കുറിച്ച് ചിലതെല്ലാം അറിയാമായിരുന്നു. ഖദീജയുടെ അദ്ഭുതം വർദ്ധിച്ചു. അവർ മുമ്പ് വിവാഹിതയായെങ്കിലും, ഭർത്താവ് മരിച്ച് വിധവയായിരുന്നു. പുതിയ ഒരു പരീക്ഷണത്തിന് ഖദീജ ഒരുങ്ങി. ഒരു പുതിയ ഭർത്താവിൻെറ കൂടെയുള്ള ജിവിതം. അബ്ദുല്ലയുടെ പുത്രൻ മുഹെമ്മദ്. ഇക്കാര്യത്തിൽ മുഹെമ്മദിൻെറ പ്രതികരണം അറിയുവാൻ തൻെറ ബന്ധുക്കളിൽ പെട്ട ഒരുത്തിയെ ഖദീജ അയച്ചു. മുഹെമ്മദിന് അന്ന് 25 വയസ്സായിരുന്നു. ഖദീജയുമായുള്ള വിവാഹാന്വേഷണവുമായി ആ സ്ത്രീ വന്നു. മുഹെമ്മദിനും അതു ഇഷ്ടമായി. വിവാഹം നടന്നു. പരസ്പര സന്തോഷത്തോടെ കഴിഞ്ഞു. ഖദീജയുടെ സ്വത്തിൻെറ മേൽനോട്ടം മുഹെമ്മദ് ഏറ്റെടുത്തു. അതിൽ തനിക്കുള്ള കഴിവും പാടവവും അദ്ദേഹം തെളിയിച്ചു. ഖദീജ ഗർഭിണിയായി, പ്രസവിച്ചു. സൈനബ്, റുഖയ്യ, ഉമ്മുകുൽഥൂം, ഫാത്വിമ എന്നീ പെൺമക്കളും, ഖാസിം, അബ്ദുല്ല എന്നീ ആൺമക്കളും ജനിച്ചു. ആൺമക്കൾ ചെറുപ്പത്തിലേ മരിച്ചു.

പ്രവാചകത്വം

മുഹെമ്മദിന് നാൽപതുവയസ്സ് തികഞ്ഞു. മക്കയുടെ സമീപത്തുള്ള ഒരു മലയിൽ "ഹിറാ"എന്ന ഗുഹയിൽ അദ്ദേഹം ഏകാന്തവാസം തുടങ്ങി. രാപ്പകലുകൾ അവിടെ കഴിച്ചുകൂട്ടി. നാൽപ്പതു വയസ്സ് തികഞ്ഞ വർഷം റമദാനിൽ അവസാനത്തെ പത്തിൽ ഒരുരാവിൽ-*21-ാംരാവ്, കൃസ്തബ്ദം 610 ആഗസ്റ്റ്10-ഹിറായിൽ ഇരിക്കെ, ജിബ്‌രീൽ എന്ന മാലാഖ അദ്ദേഹത്തെ സമീപിച്ചു പറഞ്ഞു; വായി

ക്കുക. മുഹമ്മദ്: എനിക്ക് വായിക്കാനറിയില്ല. ജിബ്‌രീൽ രണ്ടു പ്രാവശ്യം ഇതു തന്നെ ആവർത്തിച്ചു. മുഹമ്മദ് മറുപടിയും ആവർത്തിച്ചു. മൂന്നാം പ്രാവശ്യം മാലാഖ പറഞ്ഞു:

﴿ اِقْرَأْ بِاسْمِ رَبِّكَ الَّذِي خَلَقَ، خَلَقَ الإِنْسَانَ مِنْ عَلَقٍ، اِقْرَأْ وَرَبُّكَ الأَكْرَمُ، الَّذِي عَلَّمَ بِالْقَلَمِ، عَلَّمَ الإِنْسَانَ مَا لَمْ يَعْلَمْ ﴾ (العلق:١-٥)

സൃഷ്ടിച്ചവനായ നിൻെറ രക്ഷിതാവിൻെറ നാമത്തിൽ വായിക്കുക. മനുഷ്യനെ അവൻ ഭ്രൂണത്തിൽനിന്ന് സൃഷ്ടിച്ചിരിക്കുന്നു. നീ വായിക്കുക. നിൻെറ രക്ഷിതാവ് പേന കൊണ്ട് പഠിപ്പിച്ച ഏറ്റവും വലിയ ഔദാര്യവാനാകുന്നു. (വി-ഖു. 96:1-5).

മാലാഖ പിരിഞ്ഞു പോയി. നബി ﷺക്ക് ഹിറായിൽ നിൽക്കാൻ സാധിച്ചില്ല. വീട്ടിലേക്ക് മടങ്ങി. പേടിച്ചരണ്ട ഹൃദയവുമായി ഖദീജയുടെ അടുക്കൽ വന്നു പറഞ്ഞു; എന്നെ പുതപ്പിക്കൂ, എന്നെ പുതപ്പിക്കൂ. അവർ അദ്ദേഹത്തെ പുതപ്പിട്ടുമൂടി. ഭയമെല്ലാം നീങ്ങി. സംഭവങ്ങളെല്ലാം ഖദീജയോട് പറഞ്ഞു. എൻെറ ജീവന് എന്തങ്കിലും അപകടം സംഭവിക്കുമോ എന്നു ഞാൻ ഭയപ്പെടുന്നു എന്നും പറഞ്ഞു. ഖദീജ പറഞ്ഞു; ഭയപ്പെടേണ്ട, അല്ലാഹുവാണെ സത്യം, അല്ലാഹു നിങ്ങളെ അപമാനിക്കുകയില്ല. കാരണം താങ്കൾ കുടുംബ ബന്ധം ചേർക്കുന്നു, മറ്റുള്ളവർക്കു വേണ്ടി വിഷമം സഹിക്കുന്നു, ദരിദ്രരെ സഹായിക്കുന്നു, അതിഥിയെ സൽക്കരിക്കുന്നു, വിപൽ ഘട്ടങ്ങളിൽ ശരിയായ സഹായം ചെയ്യുന്നു. അൽപ ദിവസങ്ങൾക്കു ശേഷം ആരാധന തുടരാനും, റമദാൻ പൂർത്തിയാക്കാനും വേണ്ടി ഹിറായിലേക്ക് തന്നെ പോയി. റമദാൻ അവസാനിച്ചപ്പോൾ, ഹിറായിൽ നിന്നും ഇറങ്ങി മക്കയിലേക്ക് മടങ്ങി. വഴിയിൽ താഴ്‌വരയിൽ വച്ച് ജിബ്‌രീൽ വന്നു. ഇപ്രാവശ്യം ആകാശ ഭൂമികൾക്കിടയിൽ ഒരു ഇരിപ്പിടത്തിലാണ് ജിബ്‌രീൽ ഇരിക്കുന്നത്. തുടർന്ന് ഈ വചനങ്ങൾ ഇറങ്ങി:

﴿ يَا أَيُّهَا الْمُدَّثِّرُ، قُمْ فَأَنْذِرْ، وَرَبَّكَ فَكَبِّرْ، وَثِيَابَكَ فَطَهِّرْ، وَالرُّجْزَ فَاهْجُرْ ﴾ (المدثر:١-٥)

ഹേ, പുതച്ചു മൂടിയവനേ, എഴുന്നേറ്റു (ജനങ്ങളെ) താക്കീതുചെയ്യുക. നിൻെറ രക്ഷിതാവിനെ മഹത്വപ്പെടുത്തുക. നിൻെറ വസ്ത്രങ്ങൾ ശുദ്ധിയാക്കുകയും പാപം വെടിയുകയും ചെയ്യുക.(വി.ഖു-74:1-5)

പിന്നീട് വഹ്‌യ് (ദിവ്യസന്ദേശം) തുടർച്ചയായി വന്നു കൊണ്ടിരുന്നു.

പ്രവാചകൻ ﷺ തൻെറ പ്രബോധനം ആരംഭിച്ചപ്പോൾ, പ്രിയപത്നി വിശ്വാസത്തിൻെറ വിളിക്കുത്തരം ചെയ്തു. അവർ അല്ലാഹുവിൻെറ ഏകത്വവും, തൻെറ ഭർത്താവിൻെറ പ്രവാചകത്വവും സാക്ഷ്യപ്പെടുത്തി. അവരാണ് ഒന്നാമത്തെ മുസ്‌ലിം. മാതാവും പിതാമഹനും മരിച്ചപ്പോൾ തന്നെ ഏറ്റെടുത്ത പിതൃവ്യനോടുള്ള പരോപകാരമായി, നബി ﷺ അബൂതാലിബിൻെറ മകൻ അലിയെ സ്വന്തം ചെലവിൽ വളർത്തി വരികയായിരുന്നു. ഈ അന്തരീക്ഷത്തിൽ അലി തൻെറ മനസ്സിൻെറയും, ചിന്തയുടെയും വാതിലുകൾ തുറന്നു. അലിയും വിശ്വസിച്ചു. തുടർന്ന് ഖദീജയുടെ അടിമ സൈദുബ്നു ഹാരിഥഃയും വിശ്വസിച്ചു. തൻെറ ഉറ്റചങ്ങാതി അബൂബകറിനോടും നബി ﷺ ഇക്കാര്യം പറഞ്ഞു. അബൂബകർ നിസ്സങ്കോചം വിശ്വസിച്ചു.

നബി ﷺ രഹസ്യ പ്രബോധനം തുടർന്നു. തൻെറ അനുയായികളും, പ്രബോധിതരും, ഇസ്‌ലാം സ്വീകരിക്കുന്നവരും ഒരുമിച്ചു കൂടുന്ന സ്ഥലം മാത്രമേ രഹസ്യമായിരുന്നുള്ളു. കുറേ പേർ വിശ്വസിച്ചു. പക്ഷെ അവരെല്ലാം തങ്ങളുടെ വിശ്വാസം ഗോപ്യമാക്കി വക്കുകയായിരുന്നു. ആരുടെയെങ്കിലും കാര്യം പരസ്യമായാൽ, സത്യനിഷേധികളിൽ നിന്നും അതികഠിനമായ പീഢനങ്ങൾ ഏൽക്കേണ്ടി വന്നിരുന്നു. ഇസ്‌ലാമിൽ നിന്നു മടങ്ങുവാൻ വേണ്ടിമാത്രം.

പരസ്യ പ്രബോധനം

വ്യക്തികളിൽ മാത്രം ഒതുങ്ങിയ പ്രബോധനം മൂന്നുവർഷം പിന്നിട്ടു. അപ്പോൾ അല്ലാഹു കൽപിച്ചു:

﴿ فَاصْدَعْ بِمَا تُؤْمَرُ وَأَعْرِضْ عَنِ الْمُشْرِكِينَ ﴾ (الحجر:٩٤)

അതിനാൽ നീ കൽപിക്കപ്പെടുന്നതെന്തോ, അത് ഉറക്കെ പ്രഖ്യാപിച്ചു കൊള്ളുക. ബഹുദൈവ വാദികളിൽ നിന്ന് തിരിഞ്ഞു കളയുകയും ചെയ്യുക. (വി.ഖു-15:94)

ഒരു ദിവസം നബിﷺ സ്വഫാ കുന്നിൽ കയറി ഖുറൈശികളെ വിളിച്ചു. ഒരുവലിയ സമൂഹം ഒരുമിച്ചുകൂടി. അവരിൽ പിതൃവ്യൻ അബൂലഹബും ഉണ്ട്. അല്ലാഹുവിൻെറയും റസൂലിൻെറയും കൊടിയ ശത്രു. പ്രവാചകൻ ജനങ്ങളോട് ചോദിച്ചു; ഈ മലയുടെ പിന്നിൽ ഒരു ശത്രു നിങ്ങളെ അക്രമിക്കാൻ തക്കം പാർത്തിരിപ്പുണ്ടെന്ന് ഞാൻ പറഞ്ഞാൽ നിങ്ങൾ വിശ്വസിക്കുമോ? ഞങ്ങൾക്ക് നി

ന്നെക്കുറിച്ച് വിശ്വസ്തതയും, സത്യവുമല്ലാതെ പരിചയമില്ലല്ലോ. ജനക്കൂട്ടം ഒന്നടങ്കം മറുപടി പറഞ്ഞു. പ്രവാചകൻ: എന്നാൽ ഒരു ഭയങ്കര ശിക്ഷയുടെ മുന്നോടിയായുള്ള മുന്നറിയിപ്പുകാരനാണ് ഞാൻ. തുടർന്ന് പ്രവാചകൻ അവരോട് അല്ലാഹുവിനെ മാത്രം ആരാധിക്കാനും, വിഗ്രഹാരാധന വെടിയാനും ആവശ്യപ്പെട്ടു. സദസ്സിൽ നിന്നും ഒരാൾ മാത്രം ചാടി എണീറ്റു. അബൂലഹബ്. അയാൾ പറഞ്ഞു; നിനക്ക്നാശം, ഇതിനായിരുന്നോ നീ ഞങ്ങളെ ഒരുമിച്ചു കൂട്ടിയത്? അപ്പോൾ അല്ലാഹു ഖുർആൻ അവതരിപ്പിച്ചു:

﴿ تَبَّتْ يَدَا أَبِي لَهَبٍ وَّ تَبَّ، مَا أَغْنَى عَنْهُ مَالُهُ وَمَا كَسَبَ، سَيَصْلَى نَارًا ذَاتَ لَهَبٍ، وَّامْرَأَتُهُ حَمَّالَةَ الْحَطَبِ، فِي جِيدِهَا حَبْلٌ مِنْ مَّسَدٍ ﴾

അബൂലഹബിൻെറ ഇരുകൈകളും നശിച്ചിരിക്കുന്നു. അവൻ നാശമടയുകയും ചെയ്തിരിക്കുന്നു. അവൻെറ ധനമോ, അവൻ സമ്പാദിച്ചു വച്ചതോ അവന് ഉപകാരപ്പെട്ടില്ല. തീജ്വാലയുള്ള നരകാഗ്നിയിൽ അവൻ പ്രവേശിക്കുന്നതാണ്. വിറകു ചുമട്ടുകാരിയായ അവൻെറ ഭാര്യയും. അവളുടെ കഴുത്തിൽ ഈത്തപ്പന നാരു കൊണ്ടുള്ള ഒരു കയറുണ്ടായിരിക്കും. (വി.ഖു-111:1-5)

മർദ്ദനം

നബി ﷺ തൻെറദൗത്യം തുടർന്നു. ജനങ്ങൾ ഒരുമിച്ചു കൂടുന്ന സ്ഥലങ്ങളിൽ വച്ചെല്ലാം അവരെ അദ്ദേഹം പരസ്യമായിത്തന്നെ ഇസ്ലാമിലേക്ക് ക്ഷണിച്ചു കൊണ്ടിരുന്നു. കഅ്ബയിൽ പോയി നമസ്കാരം നിർവ്വഹിച്ചുപോന്നു. നിഷേധികളിൽ നിന്നും വിശ്വാസികൾക്ക് ഉപദ്രവം വർദ്ധിച്ചു. യാസിർ, സുമയ്യ, അവരുടെ പുത്രൻ അമ്മാർ ﷺ എന്നിവർ നിഷ്ഠൂരമായി പീഢിപ്പിക്കപ്പെട്ടു. അമ്മാറിൻെറ മാതാപിതാക്കൾ രണ്ടുപേരും രക്തസാക്ഷികളായി. സുമയ്യഃ ഇസ്ലാമിലെ പ്രഥമ രക്തസാക്ഷിയായി. അതും പൈശാചികമായ മർദ്ദനം ഏറ്റുവാങ്ങിക്കൊണ്ട്. അബിസീനിയക്കാരൻ ബിലാലുബ്നു റബാഹ്, അബൂജഹ്ലിൻെറയും ഉമയ്യത്തുബ്നു ഖലഫിൻെറയും പീഢനങ്ങൾക്ക് വിധേയനായി. അബൂബകർ മുഖേനയായിരുന്നു ബിലാൽ ഇസ്ലാമിലേക്ക് വന്നത്. യജമാനൻ ഉമയ്യത്ത് ഇതറിഞ്ഞു. പുതിയ മതം ഉപേക്ഷിക്കാൻ വേണ്ടി നാനാവിധ മർദ്ദന മുറകളും പയറ്റി നോക്കി. പക്ഷെ ബിലാൽ തൻെറ ആദർശത്തിൽ വാശിയോടെ പിടിച്ചു നിന്നു. ഉമയ്യത്ത്, ബിലാലിനെ ചങ്ങലയിൽ ബന്ധിച്ച് പട്ടണത്തിൻെറ വെളിയിലേക്ക് കൊണ്ടുപോയി. ചുട്ടുപഴുത്ത മണലിൽ മലർത്തിക്കിടത്തി. വലിയ ഒരുകല്ല് നെഞ്ചത്ത് കയറ്റി വച്ചു. ഉമയ്യത്തും കൂട്ടാളികളും ചേർന്ന് ചാട്ടവാർ കൊണ്ട് അടിച്ചു. വേദനകൊണ്ട് പുളയുന്ന ബിലാൽ ഉച്ചത്തിൽ പറഞ്ഞു; അഹദ്.........അഹദ് .... അഹദ്. അബൂബകർ ഈ രംഗം കണ്ടു. ഉമയ്യത്തിൽ നിന്നും ബിലാലിനെ വിലക്കു വാങ്ങി. ദൈവമാർഗ്ഗത്തിൽ സ്വതന്ത്രനാക്കി. പ്രവാചകനും അനുയായികളും അവരുടെ വിശ്വാസം പരസ്യപ്പെടുത്തുന്നത് തടയുക, അതായിരുന്നു ഈ ദണ്ഢന മുറകളുടെയെല്ലാം ആത്യന്തിക ലക്ഷ്യം.

അവർ രഹസ്യമായി പ്രവാചകൻെറ അരികിൽ ഒത്തുകൂടി. പരസ്യമായി സമ്മേളിച്ചാൽ, സംശയമില്ല, അദ്ദേഹത്തിൻെറ അധ്യാപന-നിർദ്ദേശങ്ങളുടെയും, ശ്രോദ്ധാക്കളുടെയും ഇടയിൽ ശത്രുക്കൾ വിഘ്നം സൃഷ്ടിക്കും. അത് പലപ്പോഴും ഇരുകൂട്ടരും തമ്മിലുള്ള സംഘട്ടനത്തിലാണ് കലാശിക്കുക. സംഘട്ടനമുണ്ടായാൽ മുസ്ലിംകളെ നശിപ്പിക്കാൻ ക്ഷിപ്രസാദ്ധ്യമാണല്ലോ. എണ്ണത്തിലും, വണ്ണത്തിലും കുറഞ്ഞ ഒരു വിഭാഗം. ഒളിച്ചിരിക്കൽ പലതന്ത്രങ്ങളിൽ ഒന്നു മാത്രമായിരുന്നു. എന്നാൽ പ്രവാചകൻ ﷺ ഈ ഉപദ്രവങ്ങളെല്ലാം സഹിച്ചു കൊണ്ട്, ബഹുദൈവ വിശ്വാസികൾക്കിടയിൽ പരസ്യ പ്രബോധനവും, ആരാധനകളും നിർവ്വഹിച്ചുകൊണ്ട് മുന്നോട്ടു നീങ്ങി.

അബിസീനിയ ഹിജ്റ

ഇസ്ലാം പരസസ്യപ്പെടുത്തുന്നവരെ സത്യനിഷേധികൾ മർദ്ദിച്ചൊതുക്കിക്കൊണ്ടിരുന്നു. വിശിഷ്യാ അശക്തരെ. തങ്ങളുടെ ആദർശവും കൊണ്ട് അബിസീനിയ (എത്യോപ്യ) യിലേക്ക് ഹിജ്റ (പലായനം) ചെയ്യാൻ നബി ﷺ തൻെറ അനുചരന്മാർക്ക് നിർദ്ദേശം നൽകി. അവിടെയുള്ള രാജാവിൽ നിന്നും അഭയം ലഭിക്കും. മുസ്ലിംകളാണെങ്കിൽ തങ്ങളും കുടുംബവും ഖുറൈശികളാൽ അപകടത്തിലാകുമെന്ന ഭയപ്പാടിൽ കഴിയുകയാണ്. പ്രവാചകത്വത്തിൻെറ അഞ്ചാം വർഷത്തിലായിരുന്നു അത്. എഴുപതോളം മുസ്ലിംകൾ കുടുംബസമേതം ഹിജ്റ പോയി. അവരിൽ ഉഥ്മാനുബ്നു അഫ്ഫാനും, ഭാര്യ-പ്രവാചകപുത്രി-റുഖയ്യയും ഉൾപ്പെട്ടിരുന്നു. അവിടത്തെ താമസവും പൊറുതി കെടുത്താൻ ഖുറൈശികൾ ശ്രമംനടത്തി. രാജാവിന് വിലപ്പെട്ട സമ്മാനങ്ങൾ അവർ കാ ണിക്കവ

ച്ചു. നാടുവിട്ടോടിയവരെ തിരിച്ചേൽപ്പിക്കണമെന്നും ആവശ്യപ്പെട്ടു. ഈസാ ﷺ നബിയെയും മാതാവിനെയും ദുഷിച്ചു പറയുന്നവരാണ് മുസ്‌ലിംകൾ എന്നുവരെ അവർ പറഞ്ഞു നോക്കി. നജ്ജാശി മുസ്‌ലിംകളോട് ഇക്കാര്യത്തിൽ വിശദീകരണം ആവശ്യപ്പെട്ടു. ഈസായെ കുറിച്ച് ഇസ്‌ലാമിൻെറ കാഴ്ചപ്പാട് സത്യസന്ധമായി അവർ വെളിപ്പെടുത്തിയപ്പോൾ രാജാവ് അവർക്ക് അഭയം നൽകി. ഖുറൈശികളുടെ ആവശ്യം നിരസിച്ചു. ആ വർഷം തന്നെ റമദാനിൽ നബി ﷺ ഹെറമിലേക്കു പോയി. ഖുറൈശികൾ ഒരുസംഘം അവിടെയുണ്ടായിരുന്നു. അവരുടെയടുക്കൽ ചെന്ന് പെട്ടെന്ന്, സൂറത്തുന്നജ്മ് പാരായണം ചെയ്യാൻ തുടങ്ങി. അതിനു മുമ്പ് ഈ സത്യനിഷേധികൾ അല്ലാഹുവിൻെറ വചനം കേട്ടിരുന്നില്ല. പ്രവാചകൻെറ വചനങ്ങൾ ഒന്നും കേട്ടു പോകരുതെന്നാണല്ലോ അവരുടെ പരസ്പര ഉപദേശം. നബിയിൽ നിന്നും ഈ പാരായണം ഒഴുകിവരികയും, ദൈവിക വചനം അവരുടെ കർണ്ണപടങ്ങളിൽ തറക്കുകയും ചെയ്തപ്പോൾ അവരെല്ലാം സശ്രദ്ധം കേട്ടു. മറ്റൊന്നും അവർ ശ്രദ്ധിച്ചതേയില്ല. അങ്ങനെ പ്രവാചകൻ;

﴿ فَاسْجُدُوا لِلَّهِ وَاعْبُدُوهُ ﴾ (النجم:٦٢)

അതിനാൽ നിങ്ങൾ അല്ലാഹുവിന് പ്രണാമം ചെയ്യുകയും, (അവനെ) ആരാധിക്കുകയും ചെയ്യുവിൻ (വി.ഖു-53:62)

എന്നവാക്യം ഓതിക്കഴിഞ്ഞു സുജൂദ് ചെയ്തു. കേട്ടുനിന്നവരെല്ലാം സ്വയം നിയന്ത്രണം വിട്ടു. എല്ലാവരും സുജൂദിൽ വീണു. ഈ രംഗത്തിനു സാക്ഷികളാകാത്ത മുശ്‌രികുകൾ ഇവർക്കു നേരെ നാനാഭാഗത്തുനിന്നും ആക്ഷേപ ശരങ്ങൾ ഉതിർത്തു. ഗത്യന്തരമില്ലാതെ അവർ നബിയുടെപേരിൽ ഒരുകളവ് പടച്ചുണ്ടാക്കി. തങ്ങളുടെ ദേവന്മാരെ മുഹെമ്മദ് പുകഴ്ത്തി, അവരുടെ ശുപാർശ പ്രതീക്ഷിക്കാമെന്ന് അദ്ദേഹം പറഞ്ഞു. ഇതായിരുന്നു ആ പ്രചരണം. അവർ ചെയ്ത സുജൂദിൽ നിന്നും തങ്ങളുടെ മുഖം രക്ഷപ്പെടുത്താൻ വേണ്ടി മാത്രമായിരുന്നു ഈ നുണപ്രചരണം.

ഉമർ ഇസ്‌ലാമിലേക്ക്

ഉമറിൻെറ ഇസ്‌ലാം ആശ്ളേഷണം മുസ്‌ലിംകൾക്ക് ഒരു വൻ സഹായമായിരുന്നു. പ്രവാചകൻ ﷺ അദ്ദേഹത്തെ “അൽഫാറൂഖ്”- സത്യാസത്യവിവേചകൻ- എന്നാണ് നാമകരണം ചെയ്തത്. കാരണം അല്ലാഹു അദ്ദേഹം മുഖേന സത്യവും അസത്യവും വേർതിരിച്ചു. ഇസ്‌ലാം സ്വീകരിച്ച ശേഷം ഉമർ പ്രവാചകനോട് ചോദിച്ചു; പ്രവാചകരേ, നാം സത്യത്തിൽ തന്നെയല്ലേ? നബി: അതെ. ഉമർ: പിന്നെ എന്തിനാണീ ഒളിച്ചു ജീവിതം? പ്രവാചകനും, കൂടെ ദാറുൽ അർഖമിൽ ഉണ്ടായിരുന്ന മുസ്‌ലിംകളും രണ്ടുവരിയായി പുറത്തിറങ്ങി. ഓരോന്നിലും നായകന്മാരായി ഹംസയും ഉമറും മുന്നിലും. പ്രബോധന രംഗത്തെ തങ്ങളുടെ ശക്തി വിളിച്ചറിയിച്ചു കൊണ്ട് അവർ മക്കയിലെ രാജവീഥിയിലൂടെ നീങ്ങി.

ഖുറൈശികൾ മർദ്ദനമുറകൾ മാറിമാറി പ്രയോഗിച്ചു. താഢന, പീഢന, മർദ്ദന മുറകൾ, പ്രലോഭനങ്ങൾ, പ്രകോപനങ്ങൾ. പക്ഷെ ഇവയെല്ലാം സത്യവിശ്വാസികളുടെ വിശ്വാസവും ആദർശ പ്രതിബദ്ധതയും പതിൻ മടങ്ങ് വർദ്ധിപ്പിച്ചതേയുള്ളു.

ബഹിഷ്കരണം

ഖുറൈശികളുടെ വക്രബുദ്ധിയിൽ ഒരുപുതിയ ആശയം രൂപംകൊണ്ടു. മുസ്‌ലിംകൾക്കും ബനൂഹാശിമിനുമെതിരെ ബഹിഷ്കരണം പ്രഖ്യാപിക്കുന്ന ഒരുപത്രിക തയ്യാറാക്കുക. എല്ലാവരും ഒപ്പിട്ട ശേഷം കഅ്ബയിൽ തൂക്കിയിടുക. കൊള്ളക്കൊടുക്കകളില്ല, വിവാഹ ബന്ധങ്ങളില്ല, പരസ്പര സഹകരണമില്ല, എടവാടുകൾ പാടില്ല. സമ്പൂർണ്ണമായ ഊരുവിലക്ക്. മുസ്‌ലിംകൾ ഗതിമുട്ടി. മക്കയിലെ “ശഅ്ബു അബീത്വാലിബ്” എന്ന താഴ്‌വരയിലേക്ക് പോയി. മുസ്‌ലിംകൾ വളരെയധികം കഷ്ടപ്പെട്ടു. വിഷപ്പു കൊണ്ട് പൊറുതിമുട്ടി. കഴിവുള്ളവർ തങ്ങളുടെ ഭൂരിഭാഗം സമ്പത്തും ചെലവഴിച്ചു. ഖദീജ (റ) തൻെറ സമ്പത്ത് മുഴുവൻ ചെലവഴിച്ചു. രോഗങ്ങൾ അവരിൽ പടർന്നുപിടിച്ചു. പലരും മരണത്തിൻെറ വക്കോളമെത്തി. എന്നാലും അവർ ധൈര്യപൂർവ്വം ക്ഷമിച്ചുനിന്നു. ഒരാളും തൻെറ ആദർശത്തിൽ നിന്നും പിറകോട്ട് തിരിഞ്ഞു നോക്കിയതു പോലുമില്ല.

ബഹിഷ്കരണം മൂന്നുവർഷം നീണ്ടുനിന്നു. ബനൂഹാശിമുമായി ബന്ധമുണ്ടായിരുന്ന ചില ഖുറൈശി പ്രമുഖർ പ്രസ്തുത പത്രിക പിച്ചിച്ചീന്താൻ ഒരുങ്ങി. നേതാക്കളോടവർ ഇക്കാര്യം പരസ്യമായിത്തന്നെ പറയുകയും ചെയ്തു. പത്രിക പുറത്തെടുക്കപ്പെട്ടു. ഒരു ചെറിയ കഷ്ണമല്ലാത്തതെല്ലാം ചിതൽതിന്നു നശിപ്പിച്ചിരുന്നു. അതും “ബിസ്മികല്ലാഹുമ്മ” (അല്ലാഹുവേ, നിൻെറ നാമത്തിൽ)

എന്നെഴുതിയ ഭാഗം. വിഷമം നീങ്ങി. മുസ്ലിംകളും ബനൂഹാശിം കുടുംബവും മക്കയിലേക്കു മടങ്ങി. പക്ഷെ ഖുറൈശികൾ മുസ്ലിംകളോടുള്ള ശത്രുതയിൽ തന്നെ കഴിഞ്ഞു.

ദുഃഖവർഷം

രോഗം അബൂത്വാലിബിലേക്ക് അരിച്ചരിച്ചുവന്നു. വൈകാതെത്തന്നെ ശയ്യാവലംബിയായി മാറി. മരണം വന്നടുത്തിരിക്കുന്നു. മരിക്കും മുമ്പ് "ലാഇലാഹഇല്ലല്ലാഹ്" പറയുമെന്ന അടങ്ങാത്ത ആഗ്രഹത്തോടെ നബി ﷺ പിതൃവ്യൻെറ തലക്കരികിൽ നിന്നു. അബൂജഹ്ലിൻെറ നേതൃത്വത്തിൽ, നാശത്തിൻെറ വക്താക്കൾ അദ്ദേഹത്തെ അതിൽ നിന്നും തടയാനും ശ്രമിച്ചു. താങ്കളുടെ പിതാക്കളുടെയും പ്രപിതാക്കളുടെയും മതം താങ്കൾ ഉപേക്ഷിക്കരുതെന്ന് അവർ പറഞ്ഞുകൊണ്ടിരുന്നു. പിതൃവ്യൻ ശിർക്കിലായിക്കൊണ്ട് തന്നെ മരിച്ചു. അദ്ദേഹം ഇസ്ലാം സ്വീകരിക്കാതെ മരിച്ചതിൽ നബി ﷺ യുടെ ദുഃഖം ഇരട്ടിയായി. പിതൃവ്യൻെറ മരണശേഷം രണ്ടുമാസം കഴിഞ്ഞില്ല. പ്രിയപത്നി ഖദീജഃ (റ)യും മൃതിയടഞ്ഞു. പ്രവാചകൻ ﷺ അതിയായ ദുഃഖിതനായി. ഈ രണ്ടു പേരുടെയും മരണത്തിനു ശേഷം ശത്രുക്കളുടെ മർദ്ദനങ്ങൾക്ക് ശക്തികൂടി.

ത്വാഇഫിലേക്ക്

മുസ്ലിംകൾക്കു നേരെയുള്ള ഖുറൈശികളുടെ അതിക്രമം തുടർന്നു. പ്രവാചകന് ഖുറൈശികളെ കുറിച്ചുള്ള ശുഭാപ്തി വിശ്വാസം നഷ്ടപ്പെട്ടു. തൻെറ പ്രബോധന മേഖല ത്വാഇഫിലേക്ക് മാറ്റിയാലോ എന്നദ്ദേഹം ആലോചിച്ചു. അവരെ അല്ലാഹു ഇസ്ലാമിലേക്ക് കൊണ്ടുവന്നെങ്കിലോ. ത്വാഇഫിലേക്കുള്ള യാത്ര, അതത്ര എളുപ്പമുള്ള കാര്യമൊന്നുമല്ല. മലകളാൽ വലയം ചെയ്യപ്പെട്ട ത്വാഇഫിലേക്കുള്ള വഴി ദുർഘടം നിറഞ്ഞതാണ്. പക്ഷെ ദൈവമാർഗ്ഗത്തിൽ ഏതുബുദ്ധിമുട്ടും അനായാസമായിത്തീരുമല്ലോ. എന്നാൽ ത്വാഇഫുകാരും വളരെ മോശമായാണ് പ്രതികരിച്ചത്. കുട്ടികളെ വിട്ടു കൂക്കിവിളിച്ചും കല്ലെറിയിച്ചും. തിരുപാദങ്ങളിൽ നിന്നും രക്തം വാർന്നൊഴുകി. ഖിന്നനായി മക്കയിലേക്ക് തന്നെ മടങ്ങി. വഴിയിൽ വച്ച് ജിബ്രീൽ അദ്ദേഹത്തെ സമീപിച്ചു. കൂടെ പർവ്വതങ്ങളുടെ ചുമതലയുള്ള മലക്കും. ജിബ്രീൽ നബിയെ വിളിച്ചു പറഞ്ഞു; അല്ലാഹു പർവ്വതങ്ങളുടെ മലക്കിനെ താങ്കളിലേക്ക് അയച്ചിരിക്കുന്നു. താങ്കൾക്കിഷ്ടമുള്ളത് അദ്ദേഹത്തോട് കൽപിക്കാം. പർവ്വതങ്ങളുടെ മലക്ക് പറഞ്ഞു; മുഹമ്മദേ, താങ്കൾ ഉദ്ദേശിക്കുകയാണെങ്കിൽ, മക്കയിലെ ആ രണ്ടു പർവ്വതങ്ങൾ ഞാൻ അവരുടെ മേൽ കൂട്ടിയിടിപ്പിക്കാം. പ്രവാചകൻ ﷺ പറഞ്ഞു: വേണ്ട, അല്ലാഹു അവരിൽ നിന്നും, യാതൊന്നിനെയും പങ്കുചേർക്കാതെ അവനെ മാത്രം ആരാധിക്കുന്ന ഒരു തലമുറയെ ഉണ്ടാക്കുവാൻ ഞാനാഗ്രഹിക്കുന്നു.

ചന്ദ്രൻ പിളരുന്നു

മുശ്രികുകൾ പ്രവാചകനോട് കുതർക്കങ്ങളിൽ ഏർപ്പെട്ടു. നബി ﷺ യെ പരാജയപ്പെടുത്താൻ അദ്ദേഹത്തോട് ദൃഷ്ടാന്തങ്ങൾ ചോദിച്ചു. ഒരിക്കലല്ല, പലവട്ടം. ഒരിക്കൽ ചന്ദ്രൻ പിളർത്തി കാണിക്കാൻ അവർ ആവശ്യപ്പെട്ടു. നബി ﷺ തൻെറ നാഥനോട് പ്രാർത്ഥിച്ചു. ചന്ദ്രൻ രണ്ടു പിളർപ്പായി അവർക്കു കാണിച്ചു കൊടുത്തു. ദീർഘനേരം ഖുറൈശികൾ ഈ ദൃഷ്ടാന്തത്തിനു ദൃക്സാക്ഷികളായി. എന്നിട്ടും അവർ വിശ്വസിച്ചില്ല. അവർ അവരുടെ പഴയ പല്ലവി ആവർത്തിച്ചു. മുഹമ്മദ് നമ്മളെയെല്ലാം ജാലവിദ്യ കൊണ്ട് മയക്കിയതാണ്. കൂട്ടത്തിൽ ഒരാൾ ചോദിച്ചു; മുഹമ്മദ് നിങ്ങളെ മയക്കിയതാണെങ്കിൽ, മുഴുവൻ ജനങ്ങളെയും മയക്കുവാൻ പറ്റുമോ? അവർ യാത്രക്കാരെ കാത്തുനിന്നു. യാത്രക്കാർ വന്നപ്പോൾ അവരോട് ചോദിച്ചു. അവർ പറഞ്ഞു: അതെ, ഞങ്ങളും ചന്ദ്രൻ പിളർന്നത് കണ്ടു. എന്നിട്ടും ഖുറൈശികൾ അവരുടെ നിഷേധത്തിൽ നിന്നു പിന്മാറിയില്ല. ചന്ദ്രൻ പിളർന്നത് വരാനിരിക്കുന്ന ഒരു മഹാ ദൃഷ്ടാന്തത്തിൻെറ മുന്നോടിയായിരുന്നു. അതായിരുന്നു ഇസ്റാഉം മിഅ്റാജും.

ഇസ്റാഅ്, മിഅ്റാജ്

അബൂത്വാലിബും, ഖദീജയും മരിച്ചു. ശത്രുക്കളുടെ മർദ്ദനം അതി കഠിനമായി. ത്വാഇഫിൽ നിന്നും കയ്പേറിയ അനുഭവങ്ങളുണ്ടായി. പ്രവാചകൻെറ മനസ്സിൽ വ്യഥകൾ ഉരുണ്ടുകൂടി. തൻെറ നാഥൻെറ പക്കൽനിന്നുള്ള സാന്ത്വനമതാ വരുന്നു. പ്രവാചകത്വത്തിൻെറ പത്താം വർഷത്തിൽ റജബ് 27-ാംരാത്രി നബി ﷺ സുഖ നിദ്രയിലാണ്ടു. ജിബ്രീൽ അദ്ദേഹത്തിൻെറയടുക്കൽ വന്നു. കൂടെ ബുറാഖും ഉണ്ട്. കുതിരയെപ്പോലെയുള്ള ഒരു മൃഗമായിരുന്നു അത്. അതിന് രണ്ട് ചിറകുകളുണ്ട്.

മിന്നൽ വേഗതയിൽ അത് സഞ്ചരിക്കുന്നു. പ്രവാചകനെ അതിന്റെ പുറത്ത് കയറ്റിയിരുത്തി. ഫലസ്ത്വീനിലെ ബൈതുൽ മഖ്ദിസിലേക്കാണ് നേരെ പോയത്. അവിടെ നിന്നും ആകാശാരോഹണം ഉണ്ടായി. തന്റെ നാഥന്റെ മഹത്തായ ദൃഷ്ടാന്തങ്ങൾ ദർശിച്ചു. വാനലോകത്തു വച്ച് അഞ്ചു നേരത്തെ നമസ്കാരം നിർബന്ധമാക്കപ്പെട്ടു. അന്നു രാത്രിതന്നെ മക്കയിൽ തിരിച്ചെത്തി. നേരം പുലർന്നു. പ്രവാചകൻ നേരെ കഅ്ബയിലെത്തി. രാത്രി സംഭവിച്ച കാര്യങ്ങൾ ഓരോന്നായി ജനങ്ങളോട് പറയാൻ തുടങ്ങി. കാഫിറുകളുടെ നിഷേധവും പരിഹാസവും വർദ്ധിച്ചു. സദസ്യരിൽ ഒരാൾ ബൈതുൽ മഖ്ദിസിനെ വർണ്ണിക്കാൻ ആവശ്യപ്പെട്ടു. നബിയെ ഉത്തരം മുട്ടിക്കുക എന്നതായിരുന്നു ലക്ഷ്യം. പക്ഷെ പ്രവാചകൻ ﷺ ഓരോ ഭാഗങ്ങളായി വർണ്ണിച്ചു കൊടുത്തു. ഈ ചോദ്യങ്ങൾ കൊണ്ടൊന്നും മുശ്രികുകൾ മതിയാക്കിയില്ല. ഞങ്ങൾക്കു വേറെ തെളിവുകളാണാവശ്യം എന്നവർ പറഞ്ഞു. നബി ﷺ പറഞ്ഞു; മക്കയെ ലക്ഷ്യമാക്കി ഒരു കച്ചവടസംഘം മടങ്ങിവരുന്നത് ഞാൻ കണ്ടു. അതിനെകുറിച്ചുള്ള വിശദവിവരം നബി ﷺ അവർക്കു നൽകി. അതിലുള്ള ഒട്ടകങ്ങളുടെ എണ്ണം, തിരിച്ചെത്തുന്ന സമയം ഇതെല്ലാം പറഞ്ഞു കൊടുത്തു. പ്രവാചകന്റെ വിശദീകരണം സത്യമായി പുലർന്നു. എന്നാലും കാഫിറുകൾ അവരുടെ നിഷേധത്തിലും, ശത്രുതയിലും തന്നെ ഉറച്ചുനിന്നു. രാപ്രയാണത്തിന്റെ അടുത്തദിവസം ജിബ്രീൽ വന്നു. അഞ്ചു നേരത്തെ നമസ്കാരവും, അവയുടെ കൃത്യസമയങ്ങളും പ്രവാചകനു പഠിപ്പിച്ചു കൊടുത്തു. അതിനു മുമ്പ് നമസ്കാരം രണ്ടുനേരം മാത്രമായിരുന്നു. കാലത്തും വൈകിട്ടും രണ്ടു റക്അത്ത് വീതം.

ഇസ്ലാം മദീനയിലേക്ക്

ആ നാളുകളിൽ നബി മക്കയിൽ വരുന്നവരിൽ ശ്രദ്ധകേന്ദ്രീകരിച്ചു. അവരെ സത്യത്തിൽ നിന്നും തടയാൻ ഖുറൈശികളും കിണഞ്ഞു ശ്രമിച്ചു. കൂടാരങ്ങളിൽ വച്ച്, വിശ്രമ സ്ഥലങ്ങളിൽ വച്ചെല്ലാം നബി ﷺ ആൾക്കാരുമായി മുഖാമുഖം നടത്തി. ഇസ്ലാമിനെ കുറിച്ച് വിശദമായി പ്രബോധനം നടത്തി. അദ്ദേഹത്തിന്റെ പ്രബോധനത്തെ കുറിച്ച് താക്കീത് നൽകിക്കൊണ്ട് പിതൃവ്യൻ അബൂലഹബ് പിന്നാലെയും. ഒരിക്കൽ യഥ്രിബിൽ നിന്നും വന്ന ഒരു സംഘത്തെ കണ്ടുമുട്ടി. അവരെ ഇസ്ലാമിലേക്ക് ക്ഷണിച്ചു. അവരദ്ദേഹത്തിലേക്ക് ചെവി കൊടുത്തു. അദ്ദേഹത്തിൽ വിശ്വസിക്കാനും, പിൻപറ്റാനും അവർ ഏകോപിച്ചു തീരുമാനിച്ചു. അടുത്തു തന്നെ ഒരു പ്രവാചകൻ നിയോഗിതനാകുമെന്ന വിവരം യഥ്രിബുകാർ ജൂതരിൽ നിന്നും കേട്ടറിഞ്ഞിരുന്നു. നബി ﷺ അവരെ ക്ഷണിച്ച മാത്രയിൽ അവർ മനസ്സിലാക്കി; ജൂതന്മാർ പറയുന്ന നബി ഇതു തന്നെ. അവർ പെട്ടെന്ന് ഇസ്ലാം സ്വീകരിച്ചു. ജൂതന്മാർ തങ്ങളെ അതിൽ മുൻകടക്കരുതെന്ന വാശിയും അവർക്കുണ്ടായിരുന്നു. അവർ ആറുപേരായിരുന്നു. അടുത്ത വർഷം പന്ത്രണ്ടുപേർ വന്നു നബിയുടെ അടുത്ത് സമ്മേളിച്ചു. നബി ﷺ അവർക്ക് ഇസ്ലാം പഠിപ്പിച്ചു കൊടുത്തു. മടങ്ങുമ്പോൾ അവരുടെ കൂടെ യഥ്രിബിലേക്ക് മുസ്അബു ബ്നു ഉമൈറിനെയും അയച്ചു. ഖുർആനും, ഇസ്ലാമും അവർക്കു പഠിപ്പിക്കാൻ വേണ്ടി. യഥ്രിബിൽ മുസ്അബിന് നല്ല സ്വാധീനമുണ്ടാക്കാൻ കഴിഞ്ഞു. അടുത്തവർഷം അദ്ദേഹം മക്കയിൽ വന്നപ്പോൾ എഴുപത്തിരണ്ടു പുരുഷന്മാരും രണ്ടു സ്ത്രീകളും കൂടെയുണ്ടായിരുന്നു. നബിയെയും അദ്ദേഹത്തിന്റെ മതത്തെയും സഹായിക്കാമെന്നവർ കരാർചെയ്തു. അവർ മദീനയിലേക്ക് മടങ്ങി.

മദീനഃ ഹിജ്റ

സത്യത്തിനും അതിന്റെ ആൾക്കാർക്കുമുള്ള അഭയകേന്ദ്രമായി മദീന മാറിക്കൊണ്ടിരിക്കുന്നു. മുസ്ലിംകൾ അങ്ങോട്ട് ഹിജ്റ പോകാൻ തുടങ്ങി. ഖുറൈശികൾ മുസ്ലിംകളെ തടയുവാനും തീരുമാനിച്ചു. ഹിജ്റ പുറപ്പെട്ട പലരും മർദ്ദനങ്ങൾക്കും പീഢനങ്ങൾക്കും ഇരയായി. ഖുറൈശികളെ ഭയന്ന പലരും രഹസ്യമായി ഹിജ്റ പോയി. ഉമറുബ്നുൽ ഖത്വാബിന്റെ ഹിജ്റ ധൈര്യത്തിന്റെയും, വെല്ലുവിളിയുടെയും ഒരു ദൃഷ്ടാന്തമായി മാറി. അദ്ദേഹം വാളും അസ്ത്രവും അണിഞ്ഞു, കഅ്ബയിലെത്തി ത്വവാഫ് ചെയ്തു. മുശ്രികുകളുടെ നേരെ തിരിഞ്ഞു നിന്ന് അദ്ദേഹം പ്രഖ്യാപിച്ചു; “ഭാര്യയെ വിധവയാക്കാൻ ഉദ്ദേശിക്കുന്നവരുണ്ടെങ്കിൽ, മക്കളെ അനാഥരാക്കാൻ ആഗ്രഹിക്കുന്നവരുണ്ടെങ്കിൽ എന്റെഅടുത്തേക്ക് വന്നോളൂ. ഞാനിതാ ഹിജ്റപോകുകയാണ്”. അദ്ദേഹം ഇറങ്ങി നടന്നു. ഒരാളും ഉമറിനെ തടയാൻ മുന്നോട്ടു വന്നില്ല. അബൂബകർ സിദ്ദീഖ് നബിയോട് സമ്മതം ചോദിച്ചു. നബി ﷺ പറഞ്ഞു: നിങ്ങൾ ധൃതിപ്പെടാതെ, നിങ്ങൾക്ക് അല്ലാഹു ഒരു കൂട്ടുകാരനെ തന്നേക്കാം. മുസ്ലിംകളിൽ അധിക പേരും ഹിജ്റപോയി. ഇതു കണ്ട ഖുറൈശികൾക്ക് ഭ്രാന്തുപിടിച്ചു.

വധോദ്യമം

മുഹമ്മദും അവൻെറ ദൗത്യവും വളരുന്നത് അവർ ഭയപ്പെട്ടു. അവർ കൂടിയാലോചന നടത്തി. നബി ﷺ യെ കൊല്ലാൻ അവർ തീരുമാനിച്ചു. അബൂജഹ്ൽ പറഞ്ഞു; നമ്മുടെ ഓരോ വീട്ടിലെയും ഓരോ യുവാവിനും വാൾ നൽകുക. അവർ മുഹമ്മദിനെ വളഞ്ഞ് എല്ലാവരും കൂടി ഒറ്റവെട്ടിന് കൊല്ലട്ടെ. അപ്പോൾ അവൻെറ രക്തത്തിൻെറ ബാദ്ധ്യത എല്ലാ വീട്ടുകാരിലും ആയിത്തിരും. ബനൂഹാശിമിന് ഈ ജനങ്ങളോട് മുഴുവൻ ശത്രുത പുലർത്താൻ ശക്തി കാണില്ല. ഈ ഗൂഢാലോചന അല്ലാഹു നബിയെ അറിയിച്ചു. അബൂബകറിൻെറ കൂടെ ഹിജ്റ പോകാൻ നബി ﷺ തീരുമാനിച്ചു. അന്നു രാത്രി നബിയുടെ വിരിപ്പിൽ ഉറങ്ങാൻ അലിയോട് നിർദ്ദേശിച്ചു. നബി വീട്ടിലുണ്ടെന്ന് മറ്റുള്ളവർ വിചാരിക്കാൻ വേണ്ടി. യാതൊന്നും പേടിക്കേണ്ടതില്ലെന്നും പറഞ്ഞു. ഗുണ്ടാസംഘം വീടുവളഞ്ഞു. വിരിപ്പിൽ ഒരാൾ ഉറങ്ങുന്നത് കണ്ടു. മുഹമ്മദ് തന്നെയാണെന്നവർ വിചാരിച്ചു. പുറത്തു വരുന്നതും കാത്തിരിപ്പായി. എന്നിട്ട് വേണം കൊന്നു കഥകഴിക്കുവാൻ. അവർ വീടുവളഞ്ഞു നിൽക്കെ നബി വീട്ടിൽ നിന്നും പുറത്തിറങ്ങി. ഒരുപിടി മണ്ണുവാരി അവരുടെ തലക്കുമീതെ എറിഞ്ഞു. അല്ലാഹു അവരുടെ കണ്ണുകൾ കെട്ടിക്കഴിഞ്ഞു. അവരാരും നബിയെ അറിഞ്ഞതേയില്ല. നബി ﷺ അബൂബകറിൻെറ അടുത്തെത്തി.

ഥൗർ ഗുഹയിൽ

ഏകദേശം അഞ്ചുമൈൽ രണ്ടാളും സഞ്ചരിച്ചു. 'ഥൗർ' ഗുഹയിൽ കയറി ഒളിച്ചിരുന്നു. ഖുറൈശി യുവാക്കൾ നേരം പുലരും വരെ കാത്തിരുന്നു. നേരം പുലർന്നപ്പോൾ നബിയുടെ വിരിപ്പിൽ നിന്നും അലി എഴുന്നേറ്റു വന്നു. അപ്പോഴാണവർക്ക് അമളി പറ്റിയെന്ന് മനസ്സിലായത്. നബിയെ കുറിച്ച് അവർ അലിയോട് ചോദിച്ചു. അലി ഒന്നും പറഞ്ഞില്ല. അലിയെ അവർ പിടിച്ചു തള്ളി, അടിച്ചു. ഫലമുണ്ടായില്ല. നാനാ ഭാഗത്തേക്കും ഖുറൈശികൾ അന്വേഷകരെ അയച്ചു. പാരിതോഷികം പ്രഖ്യാപിച്ചു. ജീവനോടെ മുഹമ്മദിനെ കൊണ്ടു വരുന്നവർക്ക്-അല്ല, മയ്യിത്ത് കൊണ്ടു വന്നാലും മതി-നൂറ് ഒട്ടകം. അന്വേഷണ സംഘം ഗുഹാ മുഖത്തുമെത്തി. കീഴ്പോട്ട് നോക്കിയാൽ രണ്ടാളെയും കണ്ടതു തന്നെ. അബൂബകറിൻെറ വിഷമം വർദ്ധിച്ചു. നബി ﷺ അദ്ദേഹത്തോട് ചോദിച്ചു; **"രണ്ടാൾക്കാർ, അവരുടെ കൂടെ മൂന്നാമനായി അല്ലാഹു ഉണ്ട്. അവരെ കുറിച്ച് നിങ്ങൾ എന്തു വിചാരിക്കുന്നു അബൂബകർ? വിഷമിക്കാതിരിക്കൂ, അല്ലാഹു നമ്മുടെ കൂടെയുണ്ട്".**

അന്വേഷണ സംഘം അവരെ കണ്ടതേയില്ല. മൂന്നുദിവസം ഗുഹയിൽ കഴിച്ചുകൂട്ടി. പിന്നെ മദീനയിലേക്ക് പുറപ്പെട്ടു. വഴിയാണെങ്കിൽ അതിദീർഘം. മുകളിൽ കത്തുന്ന സൂര്യൻ. രണ്ടാം ദിവസം അവർ ഒരു വീട്ടിൻെറ അടുത്തെത്തി. അകത്ത് ഒരു സ്ത്രീ ഇരിപ്പുണ്ട്. ഉമ്മുമഅ്ബദ്. അവരോട് അൽപം ഭക്ഷണം ആവശ്യപ്പെട്ടു. അവരുടെ പക്കൽ ഒന്നും തന്നെ ഉണ്ടായിരുന്നില്ല. മെലിഞ്ഞൊട്ടിയ ഒരാട് മാത്രമുണ്ടവിടെ. മേഞ്ഞുനടക്കാൻ പോകാൻ വയ്യാത്തത്ര ദുർബല. ഒരുതുള്ളി പാലു പോലുമില്ല. നബി ﷺ അതിനെ സമീപിച്ചു അകിടൊന്ന് തടവി. കറന്നു നോക്കിയപ്പോൾ ഒരുപാത്രം നിറയെ പാൽ. ഇതുകണ്ട ഉമ്മുമഅ്ബദ് അന്തംവിട്ടു നിന്നു. എല്ലാവരും പള്ളനിറയെ പാൽകുടിച്ചു. വീണ്ടും നബി ആടിനെ കറന്നു. പാത്രം നിറച്ച് ഉമ്മു മഅ്ബദിനു നൽകി. യാത്ര തുടർന്നു.

ഖുബാഇൽ

മദീനക്കാർ പട്ടണത്തിനു പുറത്തുവന്നു എന്നും നബിയുടെ ആഗമനം പ്രതീക്ഷിച്ചിരിപ്പാണ്. നബി ﷺ എത്തിയ ദിവസം സന്തോഷഭരിതരായി, അദ്ദേഹത്തെ സ്വാഗതം ചെയ്തുകൊണ്ട് അവരെത്തി. നബി മദീനക്കടുത്തുള്ള ഖുബാഅ് എന്ന സ്ഥലത്തിറങ്ങി. അവിടെ നാലുനാൾ താമസിച്ചു. അവിടെ ഒരു പള്ളി പണിതു. ഇസ്ലാമിലെ ഒന്നാമത്തെ പള്ളി. അഞ്ചാം ദിവസം മദീനയിലേക്ക് തിരിച്ചു. നബി ﷺ യെ സ്വീകരിക്കാനും, അദ്ദേഹത്തിന് ആതിഥ്യമരുളാനും അൻസ്വാരികൾ മത്സരിച്ചു. അവർ ഒട്ടകത്തിൻെറ കടിഞ്ഞാൺ പിടിച്ചു. നന്ദിപൂർവ്വം നബി ﷺ അവരോട് പറഞ്ഞു; അതിനെ വിട്ടേക്കുക, അതിന് കൽപന ലഭിച്ചിട്ടുണ്ട്. അല്ലാഹു കൽപിച്ച സ്ഥലത്തെത്തി, ഒട്ടകം മുട്ടുകുത്തി. നബി ﷺ ഇറങ്ങിയില്ല. ഒട്ടകം എഴുന്നേറ്റ് അൽപം കൂടി മുന്നോട്ട് നടന്നു. തിരിഞ്ഞുനോക്കി, മടങ്ങി വന്നു. ആദ്യത്തെ സ്ഥാനത്തു തന്നെ വീണ്ടും മുട്ടുകുത്തി. അതാണ് നബി ﷺ യുടെ പള്ളി നിൽക്കുന്ന സ്ഥലം. അബൂ അയ്യൂബിൽ അൻസ്വാരിയുടെ വീട്ടിൽ നബി താമസിച്ചു. അലി മൂന്നു ദിവസം മക്കയിൽ തന്നെയായിരുന്നു. പിന്നീട് മദീനയിലേക്ക് പുറപ്പെട്ടു. ഖുബാഇൽ വച്ച് നബിയുമായി സന്ധിച്ചു.

മദീനയിൽ

ഒട്ടകം മുട്ടുകുത്തിയ സ്ഥലം അതിൻെറ ഉടമസ്ഥരിൽനിന്നും വിലക്കു വാങ്ങി. അവിടെ ഒരു പള്ളി പണിതു. മുഹാജിറുകൾക്കും (മക്കയിൽ നിന്നും ഹിജ്റ വന്നവർ) അൻസ്വാരികൾക്കും (അവരെ സഹായിച്ച മദീനക്കാർ) ഇടയിൽ സാഹേദര്യ ബന്ധം ഉണ്ടാക്കി. ഓരോ അൻസ്വാരിക്കും ഒരുമുഹാജിർ സഹോദരൻ. അവർ സമ്പത്ത് പങ്കുവച്ചു. സുഖസൗകര്യങ്ങൾ പങ്കുവച്ചു. മുഹാജിറുകളും അൻസ്വാരികളും ഒരുമിച്ചു ജോലിചെയ്യാൻ തുടങ്ങി. അവരുടെ സാഹോദര്യ ബന്ധം ശക്തമായി. ഖുറൈശികൾക്ക് യഥ്രിബിലെ ജൂതരുമായി ബന്ധങ്ങൾ ഉണ്ടായിരുന്നു. അവർ മുസ്ലിംകൾക്കിടയിൽ പ്രശ്നങ്ങളും, ഛിദ്രതയും ഇളക്കി വിടാൻ ശ്രമിച്ചു. ഖുറൈശികളും മുസ്ലിംകളെ ഭീഷണിപ്പെടുത്തിക്കൊണ്ടിരുന്നു. കൊലവിളി തുടർന്നു. അപകടം മുസ്ലിംകളെ അകത്തു നിന്നും പുറത്തുനിന്നും വലയം ചെയ്തു. ആയുധം കൂടെയില്ലാതെ സ്വഹാബികൾക്ക് ഒരു രാത്രിപോലും ഉറങ്ങാൻ കഴിയാതായി. ഈ സങ്കീർണ്ണ ഘട്ടത്തിൽ അല്ലാഹു യുദ്ധത്തിനുള്ള അനുമതി നൽകി. നബി ﷺ സൈനിക സംഘങ്ങളെ അയച്ചു തുടങ്ങി. ശത്രുവിൻെറ നീക്കങ്ങൾ മനസ്സിലാക്കാൻ വേണ്ടി. ഒരു സമ്മർദ്ദ തന്ത്രമെന്ന നിലക്ക് ഖുറൈശികളുടെ കച്ചവട സംഘത്തെ തടയാൻ വേണ്ടിയും. മുസ്ലിംകളുടെ ശക്തി മനസ്സിലാക്കി ശത്രു സന്ധിക്ക് വഴങ്ങുവാനും, ഇസ്ലാമിക പ്രബോധനത്തിനുള്ള സ്വാതന്ത്ര്യം അനുവദിച്ചു കിട്ടാനുംവേണ്ടി.
മദീനയിലെ പലഗോത്രങ്ങളുമായി കരാറുകളും ഉണ്ടാക്കി.

യുദ്ധം, വിജയം

ഖുറൈശികളുടെ ഒരു കച്ചവടസംഘത്തെ തടയുവാൻ നബി ﷺ തീരുമാനിച്ചു. 313 ആൾക്കാർ പുറപ്പെട്ടു. 2 കുതിരയും 70 ഒട്ടകങ്ങളും. ഖുറൈശികളുടെ കച്ചവട സംഘത്തിലാകട്ടെ ആയിരം ഒട്ടകങ്ങളും. നേതാവ് അബൂസുഫ്യാൻ. കൂടെ നാൽപതു പുരുഷന്മാരും. മുസ്ലിംകളുടെ നീക്കം അബൂസുഫ്യാൻ അറിഞ്ഞു. സഹായം അഭ്യർത്ഥിച്ചു കൊണ്ട് മക്കയിലേക്ക് വിവരം നൽകി. വഴി മാറി യാത്രതുടർന്നു. മുസ്ലിംകൾക്ക് അവരെ കിട്ടിയില്ല. ഖുറൈശികൾ ഒരു വലിയ സൈന്യവുമായി പുറപ്പെട്ടു. ആയിരം പടയാളികൾ. അബൂസുഫ്യാൻെറ ദൂതൻ മക്കയിലെത്തി. അദ്ദേഹം രക്ഷപ്പെട്ട വിവരം അറിയിച്ചു. സൈന്യത്തോട് മക്കയിലേക്ക് മടങ്ങാൻ ആവശ്യപ്പെട്ടു. അബൂജഹ്ൽ മടങ്ങാൻ കൂട്ടാക്കിയില്ല. സൈന്യം ബദ്റിലേക്കുള്ള യാത്രതുടർന്നു. ഖുറൈശികൾ പുറപ്പെട്ട വിവരം നബി ﷺ അറിഞ്ഞു. സ്വഹേബികളുമായി കൂടിയാലോചനകൾ നടത്തി. കാഫിറുകളുമായി യുദ്ധം ചെയ്യാൻ എല്ലാവരും ഉറച്ചു. ഹിജ്റ രണ്ടാം വർഷം റമദാൻ17 വെള്ളിയാഴ്ച രാവിലെ രണ്ടു വിഭാഗവും ഏറ്റുമുട്ടി. പൊരിഞ്ഞ യുദ്ധം നടന്നു. സംഘട്ടനം മുസ്ലിംകളുടെ വിജയത്തിൽ കലാശിച്ചു. മുസ്ലിംകൾ പതിനാലു പേർ രക്തസാക്ഷികളായി. മുശ്രികുകൾ എഴുപതുപേർ കൊല്ലപ്പെട്ടു. മറ്റു പലരും തടവിലാക്കപ്പെട്ടു.

ഈ യുദ്ധവേളയിൽ പ്രവാചക പുത്രി-ഉഥ്മാൻ ؓ വിൻെറ ഭാര്യ-റുഖയ്യ മരിച്ചു. ഉഥ്മാൻ മദീനയിൽ തന്നെ ഉണ്ടായിരുന്നു. നബിയുടെ നിർദ്ദേശ പ്രകാരം രോഗിയായ ഭാര്യയുടെ അടുക്കൽ തന്നെ നിന്നു. യുദ്ധത്തിൽ പങ്കെടുത്തിരുന്നില്ല. തുടർന്ന് നബി ﷺ തൻെറ പുത്രി ഉമ്മുകുൽഥൂമിനെ ഉഥ്മാന് വിവാഹം ചെയ്തു കൊടുത്തു. അദ്ദേഹത്തിനൊരു സ്ഥാനപ്പേരും ലഭിച്ചു. ദുന്നൂറയ്നി [രണ്ടു പ്രകാശത്തിൻെറ ഉടമ] കാരണം അദ്ദേഹം പ്രവാചകൻെറ രണ്ടു പുത്രിമാരെ വിവാഹം ചെയ്തിരുന്നു.

യുദ്ധാനന്തരം ആനന്ദഭരിതരായി മുസ്ലിംകൾ മദീനയിൽ തിരിച്ചെത്തി. അല്ലാഹുവിൻെറ സഹായം അവർക്ക് കണക്കില്ലാത്തവിധം ലഭ്യമായി. അവരുടെ കൂടെ തടവുപുള്ളികളും, യുദ്ധാനന്തര സ്വത്തുക്കളും ഉണ്ട്. തടവു പുള്ളികൾ ചിലർ പ്രായശ്ചിത്തം നൽകി മോചിതരായി. ചിലർ പ്രായശ്ചിത്തം ഒന്നുമില്ലാതെ വിട്ടയക്കപ്പെട്ടു. ചിലരുടെ പ്രായശ്ചിത്തം പത്തു മുസ്ലിം കുട്ടികൾക്ക് എഴുത്തും വായനയും പഠിപ്പിച്ചു കൊടുക്കലായിരുന്നു.

ബദ്റിനു ശേഷം മുസ്ലിംകളും ശത്രുക്കളും തമ്മിൽ യുദ്ധങ്ങൾ പലതും നടന്നു. രണ്ടാമത്തെ യുദ്ധം ഉഹ്ദ് ആയിരുന്നു. അതിൽ മുസ്ലിംകൾക്കായിരുന്നു ആദ്യവിജയം. പക്ഷെ, അവസാനം അവർ പരാജിതരായി. നബി ﷺ യുടെ കൽപന ധിക്കരിച്ചതിനും, യുദ്ധതന്ത്രം തെറ്റിച്ചതിനുമുള്ള തിക്തഫലം. ഉഹ്ദിൽ മക്കക്കാർ മൂവ്വായിരം പേർ പങ്കെടുത്തു. മുസ്ലിം സൈന്യം എഴുനൂറോളം പേർ മാത്രം. ഈ യുദ്ധത്തിനു ശേഷം മദീനയിലെ ചില ജൂതന്മാർ മക്കക്കാരെ സമീപിച്ചു. മുസ്ലിംകളോട് ഏറ്റുമുട്ടാൻ പ്രേരിപ്പിച്ചു. അവർക്ക് മദീനക്കകത്തു നിന്ന് പിന്തുണയും സഹായവും വാഗ്ദാനം ചെയ്തു. ഖുറൈശികൾ അതുസമ്മതിച്ചു. മറ്റുചില ചെറിയ ഗോത്രങ്ങളെയും ജൂതന്മാർ സമീപിച്ചു. അവരും സമ്മതിച്ചു. മുശ്രികുകളുടെ സഖ്യസൈന്യം മദീനയെ ലക്ഷ്യമാക്കി നീങ്ങി. ഏകദേ

ശം പതിനായിരം പടയാളികൾ ഒരുമിച്ചു കൂടി. ശത്രുക്കളുടെ നീക്കം നബി ﷺ അറിഞ്ഞിരുന്നു. സ്വഹേബികളുമായി കൂടിയാലോചന നടത്തി. ഒരു പുതിയ തന്ത്രം ഉരുത്തിരിഞ്ഞു വന്നു. സൽമാനുൽ ഫാരിസി തൻെറ നിർദ്ദേശം മുന്നോട്ടുവച്ചു. മദീനയുടെ മലകളില്ലാത്ത അതിർത്തിയിൽ ഖന്തഖ് (കിടങ്ങ്) കുഴിക്കുക. മുസ്ലിംകളെല്ലാം ജോലിയിൽ വ്യാപൃതരായി. എത്രയുംവേഗം പണി പൂർത്തിയായി. ഖന്തഖ് മുറിച്ചു കടക്കാൻ കഴിയാതെ ശത്രുക്കൾ ഒരുമാസം നിന്നു. അല്ലാഹുവിൻെറ ശിക്ഷ ഒരു കൊടുങ്കാറ്റായി മുശ്രികുകൾക്ക് വന്നു. അവരുടെ തമ്പുകൾ കട പുഴകി. ഭയം ഉള്ളിൽ കടന്ന അവർ വേഗം സ്വന്തം നാടുകളിലേക്ക് മടങ്ങി.

മക്കാ വിജയം

ഹിജ്റ എട്ടാം വർഷം മക്കകീഴടക്കാൻ പ്രവാചകൻ ﷺ തീരുമാനിച്ചു. റമദാൻ പത്തിന് പതിനായിരം സൈനികരെയും കൊണ്ട് മക്കയിലേക്ക് പുറപ്പെട്ടു. മക്കയിൽ പ്രവേശിച്ചത് പറയത്തക്ക ഏറ്റുമുട്ടലുകളൊന്നും കൂടാതെയായിരുന്നു. മുസ്ലിംകളെ അല്ലാഹു സഹായിച്ചു. ഖുറൈശികൾ അടിയറവ് പറഞ്ഞു. പ്രവാചകൻ ﷺ മസ്ജിദുൽ ഹറാമിലേക്ക് പോയി. കഅ്ബയെ ത്വവാഫ് ചെയ്തു. കഅ്ബക്കുള്ളിൽ കയറി, രണ്ടു റക്അത്ത് നമസ്കരിച്ചു. തുടർന്ന് അതിനകത്തുണ്ടായിരുന്ന എല്ലാ വിഗ്രഹങ്ങളും തകർത്തു. വിഗ്രഹാരാധനയുടെ കണ്ഠകോടാലിയായിരുന്ന ഇബ്റാഹീം നബിയുടെ വിഗ്രഹവും അക്കൂട്ടത്തിലുണ്ടായിരുന്നു. കഅ്ബയുടെ കവാടത്തിൽ പ്രവാചകൻ നിൽപുറപ്പിച്ചു. ഖുറൈശികൾ പള്ളിയിൽ അണിയായി നിൽക്കുന്നു. തങ്ങളെ മുഹമ്മദ് എന്തുചെയ്യാൻ പോകുന്നു എന്നറിയാതെ ആകാംക്ഷാ ഭരിതരായി നോക്കുന്നു. നബി ﷺ ചോദിച്ചു: ഖുറൈശികളേ, ഞാൻ നിങ്ങളെ എന്തു ചെയ്യുമെന്നാണ് നിങ്ങളുടെ അഭിപ്രായം? അവർ പറഞ്ഞു: നല്ലതു മാത്രം, താങ്കൾ ഒരു മാന്യസഹോദരൻ, ഞങ്ങളുടെ ഒരു മാന്യസഹോദരൻെറ മകൻ. നബി ﷺ പറഞ്ഞു: **നിങ്ങളുടെ മേൽ ഇന്ന് യാതൊരു പ്രതികാര നടപടിയും ഇല്ല. നിങ്ങൾക്ക് പോകാം, നിങ്ങൾ പൂർണ്ണ സ്വതന്ത്രരാണ്.** തന്നെ പീഢിപ്പിച്ച, തൻെറ സ്വഹാബികളെ വധിച്ച, അവരെ ഉപദ്രവിച്ച, ജനിച്ച നാട്ടിൽ നിന്നും ആട്ടിപ്പുറത്താക്കിയ ശത്രു. അവർക്കെല്ലാം പൊതുമാപ്പ് നൽകിയ പ്രവാചകൻ ആ രംഗത്ത് നിത്യ മാതൃകയായി.

ഹെജ്ജത്തുൽ വിദാഅ്

മക്കാവിജയത്തിനു ശേഷം ജനങ്ങൾ ഇസ്ലാമിലേക്ക് കൂട്ടംകൂട്ടമായി വന്നു. ഹിജ്റ പത്താം വർഷം നബി ﷺ ഹജ്ജ് നിർവ്വഹിച്ചു. പ്രവാചകൻെറ ആദ്യത്തെയും അവസാനത്തെയും ഹെജ്ജ്. അദ്ദേഹത്തിൻെറ കൂടെ ലക്ഷത്തിൽപരം മുസ്ലിംകൾ ഹെജ്ജ്ചെയ്തു. അറഫായിൽ വച്ച് പ്രവാചകൻ ﷺ തൻെറ വിടവാങ്ങൽ പ്രസംഗം നടത്തി. മാനവചരിത്രത്തിലെ ഏറ്റവും വലിയ മനുഷ്യാവകാശ പ്രഖ്യാപനം. അതിങ്ങനെ സംഗ്രഹിക്കാം:

ജനങ്ങളേ, ശ്രദ്ധിച്ചു കേൾക്കുക. ഈ സ്ഥലത്തു വച്ച് അടുത്ത വർഷം നിങ്ങളെ കണ്ടുമുട്ടാൻ കഴിയുമോ എന്നെനിക്കറിയില്ല. നിശ്ചയം, നിങ്ങളുടെ ജീവനും സമ്പത്തും പവിത്രമാണ്. ഈ രാജ്യത്തിൻെറയും, ഈ മാസത്തിൻെറയും ഈ ദിനത്തിൻെറയും പവിത്രത പോലെത്തന്നെ. അറിയുക, എല്ലാ ജാഹിലിയ്യത്തുമിതാ എൻെറ കാൽ ചുവട്ടിലാക്കപ്പെട്ടിരിക്കുന്നു. ജാഹിലിയ്യത്തിലെ രക്തപ്പകകൾ ദുർബലപ്പെടുത്തിയിരിക്കുന്നു. ആദ്യമായി ദുർബലപ്പെടുത്തുന്നത് റബീഅതുബ്നു ഹാരിഥിൻെറ മകൻെറ രക്തപ്പകയാണ്. ***അദ്ദേഹം ബനൂ സഅ്ദ് ഗോത്രത്തിൽനിന്നും മുലകുടിച്ച ആളും, മുലകുടിയിലൂടെ നബി ﷺ യുടെ സഹോദരനും ആയിരുന്നു. അദ്ദേഹത്തെ ഹുദൈൽ ഗോത്രക്കാർ കൊന്നു.*** ജാഹിലിയ്യത്തിലെ പലിശയും ദുർബലമാക്കുന്നു. അബ്ദുൽ മുത്വലിബിൻെറ മകൻ അബ്ബാസിൻെറ പലിശയാണ് ആദ്യമായി ദുർബലപ്പെടുത്തുന്നത്.

സ്ത്രീകളുടെ കാര്യത്തിൽ നിങ്ങൾ അല്ലാഹുവിനെ സൂക്ഷിക്കുക. അല്ലാഹുവിൻെറ ഉത്തരവാദിത്വത്തിലാണ് നിങ്ങൾ അവരെ സ്വീകരിച്ചിട്ടുള്ളത്. അല്ലാഹുവിൻെറ വചനം കൊണ്ടാണ് അവരുടെ ഗുഹ്യാവയവങ്ങൾ നിങ്ങൾക്ക് അനുവദനീയമായിട്ടുള്ളത്. അവർക്ക് നിങ്ങളോട് ബാദ്ധ്യതകളുണ്ട്. നിങ്ങൾ വെറുക്കുന്ന ഒരാളെയും അവൾ നിങ്ങളുടെ വിരിപ്പിലേക്ക് (വീട്ടിലേക്ക്) അടുപ്പിക്കരുത്. അങ്ങനെ അവർ ചെയ്താൽ, മുറിവാകാത്ത വിധം നിങ്ങൾക്ക് അവരെ അടിക്കാം. അവർക്ക് മാന്യമായ നിലക്ക് ഭക്ഷണവും, വസ്ത്രവും നൽകൽ നിങ്ങളുടെ കടമയാണ്.

മുറുകെ പിടിക്കുന്നേടത്തോളം കാലം നിങ്ങൾ വഴിപിഴച്ചു പോകാത്ത രണ്ടുകാര്യങ്ങൾ ഞാനിതാ നിങ്ങളിൽ ഉപേക്ഷിച്ചു പോകുന്നു. അല്ലാഹുവിൻെറ കിതാബും, പ്രവാചകൻെറ ചര്യയും.

ജനങ്ങളേ, എനിക്കു ശേഷം പ്രവാചകനില്ല. നിങ്ങൾക്കു ശേഷം ഒരു സമുദായമില്ല. നിങ്ങൾ

നിങ്ങളുടെ രക്ഷിതാവിനെ ആരാധിക്കുക, അഞ്ചുനേരം നമസ്കരിക്കുക, റമദാനിൽ നോമ്പനുഷ്ടിക്കുക, നിങ്ങളുടെ സമ്പത്തിൻെറ സകാത് നൽകുക, നിങ്ങളുടെ ആത്മശുദ്ധീകരണാർത്ഥം. നിങ്ങളുടെ നാഥൻെറ ഭവനത്തിലേക്ക് നിങ്ങൾ തീർത്ഥാടനം നടത്തുക., നിങ്ങളുടെ നേതാക്കളെ നിങ്ങൾ അനുസരിക്കുക, എന്നാൽ നിങ്ങൾക്ക് നാഥൻെറ സ്വർഗ്ഗത്തിൽ പ്രവേശിക്കാം.

എന്നെക്കുറിച്ച് നിങ്ങൾ ചോദിക്കപ്പെടും. അപ്പോൾ നിങ്ങളെന്തു പറയും? സ്വഹാബികൾ പറഞ്ഞു: താങ്കൾ ഗുണകാംക്ഷ കാണിച്ചു, ദൗത്യം നിർവ്വഹിച്ചു, എല്ലാം ഞങ്ങൾക്ക് എത്തിച്ചുതന്നു എന്നതിന് ഞങ്ങൾ സാക്ഷ്യം വഹിക്കുന്നു. തൻെറ ചൂണ്ടുവിരൽ ആകാശത്തേക്ക് ഉയർത്തിക്കൊണ്ട് പ്രവാചകൻ ﷺ മൂന്നു പ്രാവശ്യം പറഞ്ഞു; "അല്ലാഹുവേ നീ സാക്ഷി". *[പരിഭാഷകൻ]*

പ്രസംഗം അവസാനിച്ചു. ദൈവിക വചനം ഇറങ്ങി:

﴿..الْيَوْمَ أَكْمَلْتُ لَكُمْ دِينَكُمْ وَأَتْمَمْتُ عَلَيْكُمْ نِعْمَتِي وَرَضِيتُ لَكُمُ الْإِسْلَامَ دِينًا...﴾ (المائدة:٣)

ഇന്നു ഞാൻ നിങ്ങൾക്ക് നിങ്ങളുടെമതം പൂർത്തിയാക്കി തന്നിരിക്കുന്നു. എൻെറ അനുഗ്രഹം ഞാൻ നിങ്ങൾക്ക് നിറവേറ്റിത്തരികയും ചെയ്തിരിക്കുന്നു. മതമായി ഇസ്ലാമിനെ ഞാൻ നിങ്ങൾക്ക് തൃപ്തിപ്പെട്ടു തന്നിരിക്കുന്നു.(മാഇദ-3)

പ്രസംഗം അവസാനിച്ചപ്പോൾ ഉമർ رضي الله عنه കരഞ്ഞു. അദ്ദേഹത്തോട് ചോദിക്കപ്പെട്ടു, എന്തുപറ്റി ഉമറേ? ഉമർ പറഞ്ഞു; പൂർണ്ണതക്കു ശേഷം അപൂർണ്ണതയല്ലേ ഉണ്ടാകുകയുള്ളൂ.

ഹജ്ജ് കഴിഞ്ഞു പ്രവാചകൻ മദീനയിലേക്ക് മടങ്ങി.

മരണം

ഏകദേശം രണ്ടരമാസം കഴിഞ്ഞപ്പോൾ നബി ﷺ ക്ക് രോഗം ബാധിച്ചു. ദിനേനയെന്നോണം രോഗം മൂർഛിച്ചു. നമസ്കാരത്തിൽ ജനങ്ങൾക്ക് നേതൃത്വം നൽകാൻ പോലും വയ്യാതായി. അപ്പോൾ അബൂബകറിനോട് നേതൃത്വം നൽകാൻ നിർദ്ദേശിച്ചു. ഹിജ്റ പതിനൊന്നാം വർഷം റബീഉൽഅവ്വൽ പന്ത്രണ്ട്, തിങ്കളാഴ്ച പ്രവാചകൻ ﷺ പരലോകം പൂകി. നബിക്ക് അറുപത്തിമൂന്ന് വയസ്സായിരുന്നു അന്ന്. വാർത്ത സ്വഹാബികൾക്കിടയിൽ കാട്ടുതീ പോലെ പരന്നു. പലർക്കും സ്വമനില തെറ്റി. ചിലർ വാർത്ത വിശ്വസിച്ചില്ല. അബൂബകർ മിമ്പറിൽ കയറി പ്രസംഗം ആരംഭിച്ചു. ജനങ്ങളെ അദ്ദേഹം സമാശ്വസിപ്പിച്ചു. ആദ്ദേഹം അവരോട് പറഞ്ഞു: പ്രവാചകൻ മനുഷ്യനാണ്. മറ്റു മനുഷ്യരെപ്പോലെ പ്രവാചകനും മരിക്കും. ഇതു കേട്ട ജനങ്ങൾ ശാന്തരായി. പലർക്കും സ്വബോധം തിരിച്ചു കിട്ടി. പ്രവാചകൻെറ ജനാസ കുളിപ്പിച്ചു. കഫൻ ചെയ്തു, മുസ്ലിംകൾ ഇമാമില്ലാതെ ഓരോരുത്തരായി ജനാസ നമസ്കരിച്ചു. മറവ് ചെയ്തു.

മുസ്ലിംകൾ അബൂബകറിനെ അവരുടെ ഖലീഫയായി തെരഞ്ഞെടുത്തു. അദ്ദേഹമാണ് ഖുലഫാഉർ-റാഷിദുകളിൽ പ്രഥമൻ. നബി ﷺ മക്കയിൽ പ്രവാചകത്വത്തിനു മുമ്പ് നാൽപതു വർഷവും, ശേഷം പതിമൂന്ന് വർഷവും താമസിച്ചു. മദീനയിൽ പത്തുവർഷവും.

നബിയുടെ സ്വഭാവങ്ങൾ

പ്രവാചകൻ അപാര ധൈര്യവാനായിരുന്നു. അലി رضي الله عنه പറയുന്നു: യുദ്ധം ശക്തമാകുമ്പോൾ, ശത്രുവുമായി ഏറ്റുമുട്ടുമ്പോൾ നബി ﷺ നായകത്വം ഏറ്റെടുക്കും. വളരെ ഔദാര്യവാനായിരുന്നു. ഒരാളും നബിയോട് ഒരുവസ്തു ചോദിച്ചിട്ട്; നബി 'ഇല്ല' എന്നു പറഞ്ഞിട്ടില്ല. അങ്ങേയറ്റത്തെ വിവേകിയായിരുന്നു. സ്വന്തം കാര്യത്തിന് ഒരാളെ ശിക്ഷിക്കുകയോ, കോപിക്കുകയോ ചെയ്തിരുന്നില്ല. ദൈവീക ആദരവുകൾ പിച്ചിച്ചീന്തപ്പെട്ടപ്പോളല്ലാതെ. അത് അല്ലാഹുവിൻെറ മാർഗ്ഗത്തിലുള്ള ശിക്ഷയായിരുന്നു.

ബന്ധുവും അകന്നവനും ശക്തനും അശക്തനും നബി ﷺ യുടെ അടുക്കൽ അവകാശത്തിൽ തുല്യരായിരുന്നു. ഒരാൾക്കും മറ്റൊരാളെക്കാൾ യാതൊരു ശ്രേഷ്ഠതയുമില്ല, ധർമ്മനിഷ്ഠയിലല്ലാതെ, മനുഷ്യരെല്ലാം സമന്മാർ എന്നദ്ദേഹം ഉറപ്പ് വരുത്തി. മുൻ സമുദായങ്ങളിൽ മാന്യൻ മോഷ്ടിച്ചാൽ വെറുതെ വിടും, അശക്തൻ മോഷ്ടിച്ചാൽ ശിക്ഷിക്കപ്പെടും. ഇതാണവരെ നശിപ്പിച്ചതും. അദ്ദേഹം പ്രഖ്യാപിച്ചു: മുഹമ്മദിൻെറ മകൾ ഫാത്വിമയാണ് മോഷ്ടിച്ചതെങ്കിൽ, അവളുടെ കയ്യും ഞാൻ വെട്ടും.

ഭക്ഷണത്തിന് കുറ്റം പറഞ്ഞിരുന്നില്ല. ഇഷ്ടപ്പെട്ടെങ്കിൽ ഭക്ഷിക്കും, ഇല്ലെങ്കിൽ വേണ്ടെന്ന്വക്കും. മുഹമ്മമ്മദി ﷺ ൻെറ വീട്ടിൽ രണ്ടും മൂന്നും മാസം തുടർച്ചയായി അടുപ്പിൽ തീ എരിയാത്ത ദിവസ

ങ്ങൾ കടന്നു പോയിട്ടുണ്ട്. ഉണങ്ങിയ ഒരു കാരക്കയും പച്ചവെള്ളവുമായിരുന്നു അന്നത്തെ ഭക്ഷണം. വിശപ്പിൻെറ കാഠിന്യത്താൽ വയറിൽ കല്ലു വച്ചുകെട്ടി ജീവിച്ചിട്ടുണ്ട്. ചെരുപ്പ് നന്നാക്കിയിരുന്നു, കീറിയവസ്ത്രം തുന്നിയിരുന്നു. വീട്ടുജോലികളിൽ വീട്ടുകാരിയെ സഹായിച്ചിരുന്നു. രോഗികളെ സന്ദർശിച്ചിരുന്നു. വിനയത്തിൻെറ നിറകുടമായിരുന്നു. ആരു ക്ഷണിച്ചാലും ക്ഷണം സ്വീകരിക്കും. ധനിക, ദരിദ്ര വ്യത്യാസമന്യെ. അഗതികളെ സ്നേഹിച്ചിരുന്നു. അവരുടെ കൂട്ടത്തിലെ രോഗികളെ സന്ദർശിക്കുക, അവരുടെ ജനാസയിൽ പങ്കെടുക്കുക എന്നിവ പതിവാക്കിയിരുന്നു. ഒരാളെയും അയാളുടെ ദാരിദ്ര്യം നിമിത്തം അവഗണിച്ചിരുന്നില്ല. ഒരു ഭരണാധികാരിയെയും അയാളുടെ അധികാരം നിമിത്തം ഭയപ്പെട്ടിരുന്നില്ല. കുതിര, ഒട്ടകം, കഴുത, കോവർ കഴുത ഇവയെല്ലാം വാഹനമായി ഉപയോഗിച്ചിരുന്നു.

അധികവും പുഞ്ചിരിക്കുന്ന ആളായിരുന്നു. ദുഃഖവും വിഷമവുമെല്ലാം നേരിട്ടപ്പോഴും പ്രസന്നവദനനായിരുന്നു. സുഗന്ധം ഇഷ്ടപ്പെട്ടിരുന്നു. മോശപ്പെട്ട വാസനകൾ വെറുത്തിരുന്നു. എല്ലാ സൽസ്വഭാവങ്ങളും സൽപ്രവൃത്തികളും അദ്ദേഹത്തിൽ സമ്മേളിച്ചിരുന്നു. ലോകത്ത് ഒരാൾക്കും ലഭിക്കാത്ത അറിവ് അല്ലാഹു അദ്ദേഹത്തിനു നൽകി. എന്നാലും അദ്ദേഹം നിരക്ഷരനായിരുന്നു. മനുഷ്യസമൂഹത്തിൽ അദ്ദേഹത്തിന് ഒരു ഗുരുനാഥനില്ല. അല്ലാഹുവിൽ നിന്നാണ് ഖുർആൻ കൊണ്ടുവന്നത്. അതിൽ അല്ലാഹു പറഞ്ഞു:

﴿ قُلْ لَئِنِ اجْتَمَعَتِ الْإِنْسُ وَالْجِنُّ عَلَى أَنْ يَأْتُوا بِمِثْلِ هَذَا الْقُرْآنِ لَا يَأْتُونَ بِمِثْلِهِ وَلَوْ كَانَ بَعْضُهُمْ لِبَعْضٍ ظَهِيرًا ﴾ (الإسراء:٨٨)

(നബിയേ) പറയുക, ഈ ഖുർആൻ പോലൊന്ന് കൊണ്ടു വരുന്നതിനായി മനുഷ്യരും ജിന്നുകളും ഒന്നിച്ചുചേർന്നാലും തീർച്ചയായും അതു പോലൊന്ന് അവർ കൊണ്ടു വരികയില്ല. അവരിൽ ചിലർ ചിലർക്ക് പിന്തുണ നൽകുന്നതായാൽ പോലും. (വി.ഖു-17:88)

ഇത് മുഹമ്മദ് എഴുതിയുണ്ടാക്കിയതാണ്, അവൻ സ്വയം പഠിച്ചതാണ്, മറ്റു പലരിൽനിന്നും വായിച്ചു മനസ്സിലാക്കിയതാണ് എന്ന് നിഷേധികൾക്ക് പറയുവാനുള്ള അവസരം നൽകാത്ത വിധം നിരക്ഷരനായി വളർന്നു.

അമാനുഷിക സംഭവങ്ങൾ

അദ്ദേഹത്തിൻെറ ഏറ്റവും വലിയ അമാനുഷിക ദൃഷ്ടാന്തം ഖുർആൻ തന്നെ. സർവ്വ സാഹിത്യകാരന്മാരും അതിൻെറ മുന്നിൽ പരാജിതരായി. ഇതുപോലെ പത്ത് അധ്യായം, വേണ്ട, ഒരദ്ധ്യായം, അതും വേണ്ട, ഒരുവാക്യം കൊണ്ടു വരുവാൻ അല്ലാഹു വെല്ലുവിളിച്ചു. മുശ്‌രികുകൾ പരാജയം സമ്മതിച്ചു. അല്ലാഹുവിൻെറ വെല്ലുവിളി ഇന്നും അവശേഷിക്കുന്നു. ബഹുദൈവ വാദികൾ അദ്ദേഹത്തോട് ദൃഷ്ടാന്തങ്ങൾ ആവശ്യപ്പെട്ടു. ചന്ദ്രൻ പിളർത്തി കാണിച്ചു കൊടുത്തു. കൈവിരലുകൾക്കിടയിൽ നിന്നും പലവട്ടം ജലം ഉറവയായി വന്നു. അദ്ദേഹത്തിൻെറ കയ്യിലുണ്ടായിരുന്ന ഒരുകല്ല് തസ്ബീഹ് ചൊല്ലി. പിന്നീട് ആ കല്ല് അബൂബകറിൻെറയും ഉമറിൻെറയും ഉഥ്മാൻെറയും കൈകളിൽ വച്ചപ്പോളും തസ്ബീഹ് ചൊല്ലി. നബി ഭക്ഷിച്ചുകൊണ്ടിരുന്ന ഭക്ഷണം തസ്ബീഹ് ചൊല്ലുന്നത് അവർ കേട്ടു. പ്രവാചകനായ രാത്രിയിൽ കല്ലും മരങ്ങളും അദ്ദേഹത്തോട് സലാം പറഞ്ഞു. നബിയെ കൊല്ലാൻ വേണ്ടി ഒരു ജൂതസ്ത്രീ സമ്മാനിച്ച വിഷം പുരട്ടിയ ആട്ടിൻകാൽ അദ്ദേഹത്തോട് സംസാരിച്ചു. ഒരു ഗ്രാമീണൻ വന്നു നബിയോട് ദൃഷ്ടാന്തം ആവശ്യപ്പെട്ടു. അപ്പോൾ നബി ഒരു മരത്തോട് അടുത്തു വരാൻ കൽപിച്ചു. മരം അടുത്തു വന്നു. തിരിച്ചു പോകാൻ കൽപിച്ചപ്പോൾ യഥാസ്ഥാനത്തേക്ക് തിരിച്ചുപോയി. പാലില്ലാത്ത അകിട് തടവി, അതിൽ പാൽ നിറഞ്ഞു. കറന്നെടുത്തു കുടിച്ചു, അബൂബകറിനും നൽകി. അലിയുടെ കണ്ണിന് സുഖക്കേട് ബാധിച്ചപ്പോൾ കണ്ണിൽ തുപ്പി, തൽക്ഷണം സുഖപ്പെട്ടു. മുറിവ് പറ്റിയ സ്വഹാബിയുടെ കാലിൽ ഒറ്റ തടവൽ കൊണ്ട് സുഖപ്പെടുത്തി.

അനസുബ്നു മാലികിന് ദീർഘായുസും, സന്താന, സാമ്പത്തിക സൗഭാഗ്യവും അനുഗ്രഹങ്ങളും ലഭിക്കാൻ പ്രാർത്ഥിച്ചു. അനസിന് നൂറ്റിരുപത്/120 സന്താനങ്ങളുണ്ടായി. എല്ലാ ഈത്തപ്പനയും വർഷത്തിൽ ഒരു പ്രാവശ്യം ഫലം കായിച്ചപ്പോൾ, അനസിൻെറ ഈത്തപ്പന മാത്രം വർഷത്തിൽ രണ്ടു പ്രാവശ്യം കായിച്ചു. അനസ് 120 വയസ്സു വരെ ജീവിച്ചു. ഒരാൾ വരൾച്ചയെ കുറിച്ച് ആവലാതി പറഞ്ഞു. നബി ﷺ അല്ലാഹുവിനോട് പ്രാർത്ഥിച്ചു. മാനത്ത് മഴക്കാറിൻെറ ഒരു ചീന്തു പോലുമില്ലായിരുന്നു. മലകണക്കെ മേഘം ഉരുണ്ടു കൂടി. അടുത്ത വെള്ളിയാഴ്ച വരെ കനത്ത മഴ പെയ്തു. അ

പ്പോൾ പേമാരിയെ കുറിച്ചായി പരാതി. അവിടുന്ന് അല്ലാഹുവിനോട് പ്രാർത്ഥിച്ചു. മഴനിലച്ചു. വെയിലത്തിറങ്ങി അവർ നടന്നു.

ഖന്തഖിലെ ആയിരക്കണക്കിന് ജോലിക്കാർക്ക് ഒരുസ്വാഅ് ഗോതമ്പും ഒരാടും കൊണ്ട് ഭക്ഷണം നൽകി. അവരെല്ലാവരും വയർ നിറച്ചു തിന്നിട്ടും ഭക്ഷണത്തിൽ യാതൊരു കുറവും കാണപ്പെട്ടില്ല. ബഷീറുബ്നു സഅ്ദിൻെറ മകൾ പിതാവിനും അമ്മാവനും കൊണ്ടുവന്ന അൽപം കാരക്ക കൊണ്ട് ഖന്തഖിലെ മുഴുവൻ ആൾക്കാർക്കും തിന്നാൻ കൊടുത്തു. അബൂഹുറയ്റയുടെ ഭക്ഷണപ്പൊതി കൊണ്ട് ഒരുവലിയ സൈന്യത്തിനു ഭക്ഷണം നൽകി. തന്നെ വധിക്കാൻ കാത്തിരുന്ന ശതക്കണക്കിനു ഖുറൈശികളുടെ മുഖത്ത് ഒരുപിടി മണ്ണ് വാരിയെറിഞ്ഞ് അദ്ദേഹം നടന്നു പോയി. ആരും അദ്ദേഹത്തെ കണ്ടതു പോലുമില്ല. കൊല്ലുവാൻ വേണ്ടി സുറാഖതുബ്നു മാലിക് നബിയെ പിൻതുടർന്നു. നബിയുടെ സമീപത്തെത്തി. നബി ﷺ സുറാഖതിനെതിരെ പ്രാർത്ഥിച്ചു. സുറാഖതിൻെറ കുതിരയുടെ കാലുകൾ മണലിൽ പൂണ്ടു പോയി.

أحكام الأطعمة

ഭക്ഷണങ്ങൾ

നല്ലതുമാത്രം ഭക്ഷിക്കുവാൻ അല്ലാഹു തൻെറ ദാസരോട് കൽപിച്ചിരിക്കുന്നു. മ്ളേഛമായവ വിലക്കുകയും ചെയ്തിരിക്കുന്നു. അല്ലാഹു പറയുന്നു:

﴿ يَا أَيُّهَا الَّذِينَ آمَنُوا كُلُوا مِنْ طَيِّبَاتِ مَا رَزَقْنَاكُمْ ﴾ (البقرة:١٧٢)

സത്യവിശ്വാസികളേ നിങ്ങൾക്കു നാം നൽകിയ വസ്തുക്കളിൽ നിന്ന് വിശിഷ്ടമായത് ഭക്ഷിച്ചു കൊള്ളുക. [വി.ഖു. 2:172]

ഭക്ഷണങ്ങളെല്ലാം അനുവദനീയങ്ങളാണ് എന്നാണ് പൊതുനിയമം. മതം വിലക്കിയവ ഒഴികെ. അല്ലാഹു തൻെറ ദാസന്മാർക്ക് വിശിഷ്ടമായത് അനുവദനീയമാക്കിയിട്ടുള്ളത് അവർക്കത് ഉപകരിക്കാൻ വേണ്ടിയാണ്. അല്ലാഹുവിൻെറ അനുഗ്രഹങ്ങൾ ദൈവധിക്കാരത്തിന് ഉപയോഗപ്പെടുത്തപ്പെട്ടുകൂടാത്തതാണ്. ഭക്ഷണ പാനീയങ്ങളിൽ നിഷിദ്ധമായവ അല്ലാഹു തൻെറ ദാസന്മാർക്ക് വിവരിച്ചു കൊടുത്തിട്ടുണ്ട്. അല്ലാഹു പറയുന്നു:

﴿ وَقَدْ فَصَّلَ لَكُمْ مَا حَرَّمَ عَلَيْكُمْ إِلاَّ مَااضْطُرِرْتُمْ إِلَيْهِ ﴾ (الأنعام:١١٩)

നിങ്ങളുടെ മേൽ നിഷിദ്ധമാക്കിയത് അവൻ നിങ്ങൾക്ക് വിശദമാക്കി തന്നിട്ടുണ്ട്. നിങ്ങൾ (തിന്നുവാൻ) നിർബന്ധിതരായി തീരുന്നതൊഴികെ. [വി.ഖു. 6:119]

ഹറാമാണെന്ന് പറയപ്പെടാത്തവ ഹലാലാകുന്നു.

قال رسول الله ﷺ **((إن الله فرض فرائض، فلا تضيعوها، وحدّ حدودا، فلا تعتدوها، وحـرّم أشـياء، فـلا تنتهكوها، وسكت عن أشياء رحمة لكم من غير نسيان، فلا تبحثوا عنها)** الطبراني

അബൂഥഅ്ലബതൻ വശനീ ﷺ യിൽ നിന്നു നിവേദനം, നബി ﷺ പറഞ്ഞു: അല്ലാഹു ചില കാര്യങ്ങൾ നിർബന്ധമാക്കിയിട്ടുണ്ട്. അവ നിങ്ങൾ പാഴാക്കരുത്. ചില അതിർത്തികൾ നിശ്ചയിച്ചിട്ടുണ്ട്. അവ നിങ്ങൾ ലംഘിക്കരുത്. ചിലതെല്ലാം നിഷിദ്ധമാക്കിയിട്ടുണ്ട്. അവ നിങ്ങൾ പിച്ചിച്ചീന്തരു

ത്. നിങ്ങളോടുള്ള കാരുണ്യം നിമിത്തം ചിലതിനെ കുറിച്ചെല്ലാം മൗനം ദീക്ഷിച്ചിട്ടുണ്ട്. മറന്നതു കൊണ്ടല്ല. അതിനെ കുറിച്ച് നിങ്ങൾ അന്വേഷിക്കരുത്. [ദാറഖുത്വ്നി]

അല്ലാഹുവും അവൻെറ റസൂലും നിഷിദ്ധമാക്കിയിട്ടില്ലാത്ത ഭക്ഷണ പാനീയങ്ങളും വസ്ത്രങ്ങളും നിഷിദ്ധമാക്കാൻ പാടില്ല. ഉപദ്രവകരമല്ലാത്തതും ശുദ്ധവുമായ എല്ലാ വസ്തുക്കളും ഭക്ഷ്യയോഗ്യമാണെന്നാണ് പൊതുനിയമം. നജസ് (മാലിന്യം) ആയ വസ്തുക്കൾ ഭക്ഷ്യയോഗ്യമല്ല. ഉദാ: ശവം, രക്തം, മദ്യം, പുക (സിഗററ്റ്, ബീഡി). മാലിന്യം കലർന്ന വസ്തുക്കളും അനുവദനീയമല്ല. കാരണം അവ ഉപദ്രവമുണ്ടാക്കിയേക്കും.

ശവം: നിയമ പ്രകാരം അറുക്കപ്പെടാതെ ജീവൻ നഷ്ടപ്പെട്ടത്.

രക്തം: അറുക്കപ്പെട്ടവയിൽ നിന്ന് ഒഴുകിവരുന്ന രക്തം. അറവിനു ശേഷവും മാംസത്തിലും ഞരമ്പുകളിലും അവശേഷിക്കുന്ന രക്തം അനുവദനീയമാകുന്നു.

ഭക്ഷ്യപദാർത്ഥങ്ങൾ രണ്ടിനം: ജീവികൾ, സസ്യങ്ങൾ. ഉപദ്രവകാരിയല്ലാത്തവയെല്ലാം അനുവദനീയമാകുന്നു.

ജീവികൾ രണ്ടിനം. ജലജീവി, കരജീവി.

കടലിൽ (ജലത്തിൽ) മാത്രം ജീവിക്കുന്ന ജീവികൾ നിരുപാധികം അനുവദനീയമാണ്. അവയെ അറുക്കൽ നിർബന്ധമില്ല. കടലിലെ (ജീവിയുടെ) ശവം അനുവദനീയമാകുന്നു.

കരജീവികളിൽ ഇസ്ലാം നിഷിദ്ധമാക്കിയിട്ടില്ലാത്തവ അനുവദനീയമാണ്, നിഷിദ്ധമായവ താഴെ പറയുന്നു.

1-നാടൻ കഴുത. 2-ഇരപിടിക്കാൻ തേറ്റ (ഉളിപ്പല്ല്) ഉപയോഗിക്കുന്നവ- മുള്ളൻപന്നി ഒഴികെ.
താഴെ പറയുന്നവ ഒഴികെയുള്ള പക്ഷികൾ അനുവദനീയമാണ്.
1-നഖംകൊണ്ട് വേട്ടയാടുന്നവ. ഇബ്നു അബ്ബാസ് (റ) പറഞ്ഞു:

((نهى رسول الله ﷺ عن كل ذي ناب من السباع، وعن كل ذي مخلب من الطيور)) مسلم

വന്യജീവികളിൽ തേറ്റ (ഉളിപ്പല്ല്) ഉള്ളവയും പക്ഷികളിൽ നഖമുള്ളവയും അല്ലാഹുവിൻെറ പ്രവാചകൻ വിരോധിച്ചിരിക്കുന്നു. [മുസ്ലിം, അബൂദാവൂദ്, നസാഈ]

2-ശവം തിന്നുന്ന പക്ഷികളും നിഷിദ്ധമാണ്. പരുന്ത്, കാക്ക, കഴുകൻ എന്നിവ. അവ ഭക്ഷിക്കുന്നതിലെ മ്ളേഛത നിമിത്തമാണത്. പാമ്പ്, എലി, പ്രാണികൾ പോലെയുള്ള മ്ളേഛമായവയും നിഷിദ്ധമാണ്.

മേൽപറയപ്പെട്ടവയല്ലാത്ത ജീവികളും പക്ഷികളും അനുവദനീയമാകുന്നു. കുതിര, ആട്, മാട്, ഒട്ടകം, കോഴി, കാട്ടുകഴുത (വരയൻ കുതിര), മാൻ, ഒട്ടകപ്പക്ഷി, മുയൽ എന്നിവ.

കൂടുതലായി നജസ് (മാലിന്യങ്ങൾ) ഭക്ഷിക്കുന്ന ജീവി (ജലാലത്ത്) ഭക്ഷ്യ യോഗ്യമല്ല. അവയെ മൂന്നു ദിവസം കൂട്ടിലടച്ചു, ശുദ്ധമായ വസ്തുക്കൾ മാത്രം തീറ്റ കൊടുക്കാതെ അറുത്തു ഭക്ഷിക്കൽ നിഷിദ്ധമാണ്.

ഉള്ളി, വെളുത്തുള്ളി പോലെ ദുഷിച്ച വാസനയുള്ളവ വേവിക്കാതെ ഭക്ഷിക്കുന്നത് വർജ്ജിക്കേണ്ടതാണ്. വിശിഷ്യാ പള്ളിയിലും സദസ്സുകളിലും വരുമ്പോൾ.

നിഷിദ്ധമായത് തിന്നാൻ ഒരാൾ നിർബന്ധിതനായി, അതു തിന്നില്ലെങ്കിൽ അവൻ മരിച്ചു പോകുമെന്ന അവസ്ഥയാണെങ്കിൽ ജീവൻ നിലനിർത്താൻ ആവശ്യമായത് കഴിക്കൽ അനുവദനീയമാകുന്നു. വിഷമൊഴികെ.

ഒരാൾ ഒരു തോട്ടത്തിൻെറ അരികിലൂടെ പോകുന്നു, അതിലെ മരത്തിൽ ഫലങ്ങളുണ്ട്. അല്ലെങ്കിൽ അവ താഴെ വീണുകിടക്കുന്നു. തോട്ടത്തിനു മതിലോ വേലിയോ കാവൽക്കാരനോ ഇല്ല. അയാൾക്ക് ആ ഫലമെടുത്ത് ഭക്ഷിക്കാം. ചുമന്നു കൊണ്ടു പോകാൻ പാടില്ല. മരത്തിൽ കയറി പറിക്കുകയോ എറിഞ്ഞു വീഴ്ത്തുകയോ ചെയ്യരുത്. ഉടമസ്ഥൻ പെറുക്കി കൂട്ടിവച്ച ഫലങ്ങളിൽ നിന്നു തിന്നാനും പാടില്ല. നിർബന്ധിത ഘട്ടങ്ങളിലൊഴികെ.

അറവ്; വിധികൾ

കരയിലെ ജീവികൾ നിയമപ്രകാരം അറുക്കപ്പെട്ടെങ്കിൽ മാത്രമേ അനുവദനീയമാകുകയുള്ളൂ. അതിനാൽ ചില നിർബന്ധ കാര്യങ്ങൾ അറിഞ്ഞിരിക്കൽ അനുപേക്ഷണീയമാണ്.

അറവ്:ഭക്ഷ്യയോഗ്യമായ കരജീവിയുടെ അന്നനാളവും ശ്വാസനാളവും അറുക്കുക. അറുക്കാൻ കഴിയുന്ന ജീവികളെ അറുക്കാതെ ഭക്ഷിക്കൽ അനുവദനീയമല്ല. കാരണം, അറുക്കപ്പെടാത്തത് ശ വമാകുന്നു.

അറവിന്റെ നിബന്ധനകൾ

1-**അറവുകാരൻ**: സ്ഥിര ബുദ്ധിയുള്ളവനും ദൈവിക മതവിശ്വാസി (മുസ്‌ലിം, ജൂതൻ, കൃസ്ത്യാനി) യും ആയിരിക്കണം. ഭ്രാന്തൻ, ലഹരി ബാധിച്ചവൻ, പ്രായപൂർത്തി എത്താത്ത കുട്ടി എന്നിവർ അറുത്തത് ഭക്ഷിക്കാൻ പാടില്ല. ബുദ്ധിസ്ഥിരത ഇല്ലാത്തവരായതു കൊണ്ട് ഇവരുടെ അറവിൻെറ ഉദ്ദേശ്യം ശരിയായിക്കൊള്ളണമെന്നില്ല. അഗ്നി, വിഗ്രഹം, ഖബ്ർ എന്നിവയെ പൂജിക്കുന്ന സത്യനിഷേധി അറുത്തതും തിന്നാൻ പാടില്ല.

2-**ആയുധം**: ഇരുമ്പ്, കല്ല് പോലെയുള്ള മൂർച്ച കൊണ്ട് രക്തം ഒഴുക്കാവുന്ന എല്ലാ മൂർച്ചയുള്ള വസ്തുക്കളും അറവിന് ഉപയോഗിക്കൽ അനുവദനീയമാകുന്നു. പല്ല്, എല്ല്, നഖം എന്നിവ കൊണ്ട് അറുക്കാൻ പാടില്ല.

3-ശ്വാസനാളവും അന്നനാളവും കണ്ഠനാഢികളിൽ ഒന്നും മുറിയണം. ഈ സ്ഥലത്ത്, ഈ വസ്തുക്കൾ തന്നെ മുറിയണം എന്നതിലെ തത്വം ഇത് എല്ലാ ഞരമ്പുകളും സന്ധിക്കുന്ന സ്ഥലമായതു കൊണ്ടാണ്. ജീവൻ വേഗത്തിൽ പോകാനും ഇതാണ് നല്ലത്. അങ്ങനെ മാംസം ഏറ്റവും രുചിയുള്ളതായിത്തീരുകയും ചെയ്യും. അറുക്കപ്പെടുന്ന ജീവിക്ക് വിഷമം കുറയുകയുംചെയ്യും. വേട്ടയാടുക തുടങ്ങിയ കാരണങ്ങളാൽ-കയ്യിൽകിട്ടിയ ശേഷം-നിശ്ചിത സ്ഥാനത്ത് അറുക്കാൻ സാധിക്കാതെ വന്നാൽ അതിൻെറ ശരീരത്തിൽ മുറിവായ ഭാഗം അതിൻെറ അറവായിരിക്കും. ശ്വാസം മുട്ടിയവ, അടിയേറ്റവ, ഉയരത്തിൽ നിന്നും വീണവ, കുത്തേറ്റവ, വന്യമൃഗങ്ങൾ പിടിച്ചവ എന്നിവയെല്ലാം ഭക്ഷ്യയോഗ്യമാകണമെങ്കിൽ അവയെ ജീവനോടെ പിടിച്ചു അറുത്തിരിക്കണം.

4-അറുക്കുന്നവൻ **'ബിസ്മില്ലാഹി'** എന്നു പറയണം. അതോടൊപ്പം **അല്ലാഹു അക്ബർ** എന്നു പറയൽ സുന്നത്താകുന്നു.

അറവിന്റെ മര്യാദകൾ

1-മൂർച്ചയില്ലാത്ത ആയുധം കൊണ്ട് മൃഗത്തെ അറുക്കൽ വർജ്യം (കറാഹത്ത്) ആകുന്നു.
2-ജീവിയുടെ കൺമുന്നിൽ വച്ച് അയുധം മൂർച്ച കൂട്ടൽ കറാഹത്താകുന്നു.
3-ഖിബ്‌ലയിലേക്കല്ലാതെ ജീവിയെ തിരിച്ചു കിടത്തുന്നതും കറാഹത്താകുന്നു.
4-ജീവനൊടുങ്ങും മുമ്പ് തല വെട്ടിമാറ്റുക, തൊലിയുരിക്കുക എന്നിവ കറാഹത്താകുന്നു.
5-പശു, ആട് എന്നിവയെ ഇടതുവശം ചരിച്ചു കിടത്തിയും, ഒട്ടകത്തെ ഇടതുകാൽ കെട്ടിനിറുത്തിയും അറുക്കൽ സുന്നത്താകുന്നു.

വേട്ടയാടൽ

ആവശ്യത്തിനു മാത്രം വേട്ടയാടൽ അനുവദനീയമാണ്. വിനോദത്തിനും കളിക്കും വേണ്ടി വേട്ടയാടൽ വർജ്ജിക്കേണ്ടതാണ്. വേട്ടയാടപ്പെട്ട ഒരുജീവി പിടിക്കപ്പെടുമ്പോൾ അതിനു രണ്ട് അവസ്ഥകൾ ഉണ്ടാകാം.

1-ജീവനോടെ പിടികൂടപ്പെടത്. ഇതിനെ അറുക്കൽ നിർബന്ധമാണ്.

2-ജീവൻ പോയ ശേഷം പിടിക്കപ്പെടുന്നത്, അല്ലെങ്കിൽ അവസാനത്തെ ശ്വാസത്തിൽ പിടിക്കപ്പെടുന്നത്. അവ അങ്ങനെത്തന്നെ അനുവദനീയമാണ്.

അറവുകാരനുള്ള നിബന്ധനകളെല്ലാം വേട്ടക്കാരനും ബാധകമാണ്.

1-ബുദ്ധിയുള്ളവനും മുസ്‌ലിമോ, വേദക്കാരനോ ആയിരിക്കണം. ഭ്രാന്തൻ, ലഹരി ബാധിച്ചവൻ, അഗ്നി, ബിംബം എന്നിവയെ ആരാധിക്കുന്ന സത്യനിഷേധി(കാഫിറു)കൾ എന്നിവർ വേട്ടയാടി പിടിച്ചതിനെ മുസ്‌ലിമിന് ഭക്ഷിക്കാൻ പാടില്ല.

2-രക്തം ഒഴുക്കാൻ തക്ക മൂർച്ചയുള്ള ആയുധമായിരിക്കണം. നഖം, എല്ല്, പല്ല് എന്നിവ ഒഴികെ. ആയുധത്തിൻെറ മൂർച്ച കൊണ്ട് മുറിവേൽക്കണം, ഭാരം കൊണ്ടാകരുത്.

വേട്ടക്കുപയോഗിക്കുന്ന നായ, പക്ഷികൾ -പരിശീലനം നൽകപ്പെട്ടവയാണെങ്കിൽ- അവ കൊന്ന വേട്ടജീവികളും അനുവദനീയമാകുന്നു.

ജീവികളെ പരിശീലിപ്പിക്കൽ

അതിനെ വിട്ടാൽ പോകുന്നതും, തിരിച്ചു വിളിച്ചാൽ തിരിച്ചു വരുന്നതുമായിരിക്കണം. ജീവിയെ പിടിച്ചാൽ ഉടമസ്ഥൻ വരുന്നതു വരെ പിടിച്ചു വക്കണം. അതിൻെറ സ്വന്തം ആവശ്യത്തിനായി പിടിക്കില്ല.

3-വേട്ടയുടെ ഉദ്ദേശ്യത്തോടെ ആയുധം പ്രയോഗിക്കണം. ആയുധം കയ്യിൽ നിന്ന് വീണു, അതേറ്റ ഒരുജീവി ചത്തുപോയാൽ അത് അനുവദനീയമല്ല. കാരണം, അവിടെ വേട്ട ഉദ്ദേശിക്കപ്പെട്ടിട്ടില്ല. നായ സ്വന്തമായി പോയി ജീവിയെ കൊന്നാൽ ഉടമസ്ഥൻ വിടാത്തതിനാലും വേട്ടയുടെ ഉദ്ദേശ്യം ഇല്ലാത്തതിനാലും അതും അനുവദനീയമല്ല. ഒരാൾ വേട്ടക്കായി ആയുധം പ്രയോഗിച്ചു, മറ്റൊരു ജീവിക്ക് കൊണ്ടു. അല്ലെങ്കിൽ ഒരു കൂട്ടം ജീവികൾക്കു കൊണ്ടു. എന്നാൽ അവയെല്ലാം അനുവദനീയങ്ങളാണ്.

4-ആയുധം പ്രയോഗിക്കുകയോ വേട്ടജീവിയെ വിടുകയോ ചെയ്യുമ്പോൾ **ബിസ്മില്ലാഹി** എന്നു പറയണം. **അല്ലാഹു അക്ബർ** എന്നു പറയൽ സുന്നത്താകുന്നു.

പ്രത്യേക ശ്രദ്ധക്ക്

നബി ﷺ അനുവാദം നൽകിയ മൂന്നു കാര്യങ്ങൾക്കല്ലാതെ നായ വളർത്തൽ ഹറാമാണ്. വേട്ട, കന്നുകാലി സംരക്ഷണം, കൃഷി സംരക്ഷണം.

أحكام العمرة

ഉംറ

ജീവിതത്തിലൊരിക്കൽ മാത്രം ഉംറ മുസ്ലിമിന് നിർബന്ധമാകുന്നു. അല്ലാഹു പറയുന്നു:

﴿ وَأَتِمُّوا الْحَجَّ وَالْعُمْرَةَ لِلَّهِ ﴾ (البقرة:١٩٦)

നിങ്ങൾ അല്ലാഹുവിനു വേണ്ടി ഹജ്ജും ഉംറയും പൂർണമായി നിർവ്വഹിക്കുക.[2:196]. ഓരോരുത്തരുടെയും കഴിവിനനുസരിച്ചു ആവർത്തിക്കൽ സുന്നത്താക്കപ്പെട്ടിട്ടുള്ള മഹൽ കർമ്മങ്ങളിൽ പെട്ടതുമാകുന്നു ഇത്. ഉംറയുടെ കർമ്മങ്ങളിൽ ആദ്യമായി ചെയ്യേണ്ടത് ഇഹ്റാം ആകുന്നു.

ഇഹ്റാം

ഇഹ്റാം എന്ത് ? എവിടെവച്ച് ?

ഉംറയുടെ കർമ്മങ്ങളിൽ പ്രവേശിക്കുന്നതിനാണ് ഇഹ്റാം എന്നു പറയുന്നത്. ഹജ്ജോ ഉംറയോ ചെയ്യാൻ ഉദ്ദേശിച്ചവൻ ഇഹ്റാം ചെയ്യൽ നിർബന്ധമാകുന്നു. മക്കയുടെ പുറത്തു നിന്നാണ് വരുന്നതെങ്കിൽ നബി ﷺ നിശ്ചയിച്ച ഏതെങ്കിലും ഒരു മീഖാത്തിൽ വച്ചാണ് ഇഹ്റാമിൽ പ്രവേശിക്കേണ്ടത്.

1-ദുൽഹുലൈഫ: മദീനയുടെ അടുത്തുള്ള ഒരു ചെറിയഗ്രാമം. ഇപ്പോൾ ഈ സ്ഥലത്തിൻെറ പേർ അബ്യാർ അലി എന്നാണ്. മദീനക്കാരുടെ മീഖാത്ത്.

2-ജുഹ്ഫ: റാബിഗിന്നടുത്തുള്ള ഒരു ഗ്രാമം. ഇപ്പോൾ ജനങ്ങൾ റാബിഗിൽ വച്ചാണ് ഇഹ്റാം ചെയ്യാറുള്ളത്. ശാം (സിറിയ) കാരുടെ മീഖാത്ത്.

3-ഖർനുൽ മനാസിൽ: (സയ്ലുൽ കബീർ) ത്വാഇഫിനടുത്തുള്ള സ്ഥലം. നജ്ദുകാരുടെ മീഖാത്ത്. (ഇന്ത്യയിൽ നിന്നു വിമാനത്തിൽ വരുന്നവരുടെ മീഖാത്ത് ഇതാണ്)

4-യലംലം: മക്കയിൽ നിന്നും ഏകദേശം 70 കി.മീ. അകലത്തിൽ. യമൻകാരുടെ മീഖാത്ത്. (ഇന്ത്യയിൽ നിന്നു കപ്പലിൽ വരുന്നവരുടെ മീഖാത്ത് ഇതാണ്)

5-ദാതുഇർഖ്: ഇറാഖുകാരുടെ മീഖാത്.

മേൽപറയപ്പെട്ട നാട്ടുകാർക്കും, ആ പ്രദേശങ്ങൾ കടന്നു ഹജ്ജിനും ഉംറക്കും വരുന്നവർക്കും നബി ﷺ നിശ്ചയിച്ച മീഖാത്തുകളാണിവ. മക്കയിലോ, മീഖാത്തുകൾക്കുള്ളിലായി ഹറമിനു പുറ

ത്തോ താമസിക്കുന്നവർ അവരുടെ താമസ സ്ഥലങ്ങളിൽ വച്ചു തന്നെയാണ് ഇഹ്റാമിൽ പ്രവേശിക്കേണ്ടത്.

ഇഹ്റാമിന്റെ സുന്നത്തുകൾ

ഇഹ്റാമിനു മുമ്പ് താഴെ പറയുന്ന സുന്നത്തായ കാര്യങ്ങൾ ചെയ്യുക.

1-നഖം മുറിക്കുക. കക്ഷം, ഗുഹ്യഭാഗം എന്നിവയിലെ രോമങ്ങൾ നീക്കം ചെയ്യുക. മീശ വെട്ടുക. കുളിക്കുക. സുഗന്ധം പൂശുക. സുഗന്ധം ശരീരത്തിൽ മാത്രമേ ഉപയോഗിക്കാവൂ. വസ്ത്രത്തിൽ പുരട്ടരുത്.

2-കൂട്ടിത്തുന്നിയ വസ്ത്രങ്ങൾ ഒഴിവാക്കുക. ഒരു തുണിയും മേൽ മുണ്ടും ധരിക്കുക. സ്ത്രീയാണെങ്കിൽ ശരീരം മറക്കുന്ന ഏതു വസ്ത്രവും ധരിക്കാം. സൗന്ദര്യം പ്രകടിപ്പിക്കാത്ത, അന്യ പുരുഷരുടെ അടുത്തെത്തുമ്പോൾ മുഖവും, മുൻകയ്യും മറക്കാൻ കഴിയുന്നതായിരിക്കണം ആ വസ്ത്രം. സ്ത്രീ കയ്യുറയും, മുഖംമൂടുന്ന വസ്ത്രവും ഒഴിവാക്കണം.

3-പള്ളിയിൽ പ്രവേശിച്ചു, നമസ്കാരത്തിൻെറ സമയമാണെങ്കിൽ ജമാഅത്തിൻെറ കൂടെ നമസ്കരിക്കുക. അല്ലെങ്കിൽ "വുദുവിൻെറ സുന്നത്ത്" രണ്ടുറക്അത്ത് നമസ്കരിക്കുക. തുടർന്ന് ഉംറക്കു വേണ്ടി ഇഹ്റാം ചെയ്യുക.

(വസ്ത്രം ധരിക്കുന്നതോടെ ഇഹ്റാമിൽ പ്രവേശിക്കുകയില്ല എന്നത് പ്രത്യേകം ഓർത്തിരിക്കുക.)

لَبَّيْكَ عُمْرَةً

ലബ്ബയ്ക ഉംറതൻ

എന്ന് പറഞ്ഞു കൊണ്ടാകുന്നു അതിൽ പ്രവേശിക്കുന്നത്.

വിമാനത്തിൽ ഉംറക്കു വരുന്നവരും മീഖാത്തിൽ വച്ചു തന്നെ ഇഹ്റാം ചെയ്യണം. മീഖാത്തിലെത്തുന്നത് അറിയാൻ വിഷമമാണെങ്കിൽ അതിനൽപം മുമ്പുമാകാം. മീഖാത്തിൽ വച്ചു ചെയ്തിരിക്കേണ്ട എല്ലാ കാര്യങ്ങളും വിമാനത്തിൽ കയറുന്നതിനു മുമ്പോ അല്ലെങ്കിൽ വിമാനത്തിൽ വച്ചോ ചെയ്യുക. മീഖാത്തിലെത്തുന്നതിനു മുമ്പോ അല്ലെങ്കിൽ അവിടെയെത്തുമ്പോഴോ ഇഹ്റാമിനുള്ള നിയ്യത്ത് ചെയ്യുക.

ഇഹ്റാമിനു ശേഷം തൽബിയ്യതു ചൊല്ലൽ സുന്നത്താകുന്നു. ഇഹ്റാമിൽ പ്രവേശിച്ചതു മുതൽ കഅ്ബയിലെത്തി ത്വവാഫ് ആരംഭിക്കുന്നതുവരെ ഇത് ആവർത്തിച്ചു കൊണ്ടിരിക്കണം.

لَبَّيْكَ اللَّهُمَّ لَبَّيْكَ ، لَبَّيْكَ لاَ شَرِيكَ لَكَ لَبَّيْكَ، إِنَّ الْحَمْدَ وَالنِّعْمَةَ لَكَ وَالْمُلْكُ لاَ شَرِيكَ لَكَ

ലബ്ബയ്കല്ലാഹുമ്മ ലബ്ബയ്ക്, ലബ്ബയ്ക ലാശരീകലക ലബ്ബയ്ക്, ഇന്നൽഹംദ വന്നിഅ്മത ലക, വൽമുൽകു ലാശരീകലക്

എന്നതാണ് തൽബിയ്യത്തിൻെറ വാക്കുകൾ.

അർത്ഥം: **അല്ലാഹുവേ, നിൻെറ വിളിക്കിതാ ഞാൻ ഉത്തരം നൽകിയിരിക്കുന്നു. നിൻെറ വിളി കേട്ടെത്തിയിരിക്കുന്നു. നിൻെറ വിളി ഞാനിതാ ചെവിക്കൊണ്ടിരിക്കുന്നു. നിനക്കു യാതൊരു പങ്കുകാരനുമില്ല. നിൻെറ വിളിക്ക് ഞാനുത്തരം നൽകിയിരിക്കുന്നു. സ്തുതിയും അനുഗ്രഹവും നിനക്ക്, രാജാധികാരവും നിനക്കു തന്നെ തീർച്ച. നിനക്കു പങ്കാളിയായി ആരും തന്നെയില്ല.**

ഇഹ്റാമിൽ നിഷിദ്ധമായ കാര്യങ്ങൾ

ഇഹ്റാമിനു മുമ്പ് അനുവദനീയമായിരുന്ന ചില കാര്യങ്ങൾ ഇഹ്റാമിനു ശേഷം നിഷിദ്ധമാകും. അവ താഴെപറയുന്നവയാകുന്നു.

1-തലയിൽ നിന്നോ ശരീരത്തിൻെറ മറ്റുഭാഗങ്ങളിൽ നിന്നോ മുടി നീക്കം ചെയ്യൽ. ആവശ്യമായി വരുമ്പോൾ പതുക്കെ തലചൊറിയുന്നതു കൊണ്ട് തെറ്റില്ല.

2-നഖം മുറിക്കൽ. നഖം പൊട്ടിപ്പോയി, അല്ലെങ്കിൽ കഠിനവേദനയെടുക്കുന്നു. അത്തരം സന്ദർഭങ്ങളിൽ നഖം നീക്കം ചെയ്യുന്നതിൽ തെറ്റില്ല.

3-സുഗന്ധം ഉപയോഗിക്കൽ. സുഗന്ധ സോപ്പുകളും ഇതിലുൾപ്പെടും.

4-ലൈംഗികബന്ധവും ഇതിൻെറ പ്രേരകങ്ങളും. വിവാഹം കഴിക്കുക, വികാരത്തോടെയുള്ള നോട്ടം, ആലിംഗനം, ചുംബനം എന്നിവ. 5-കയ്യുറധരിക്കൽ. 6-വേട്ടയാടൽ.

മേൽപറയപ്പെട്ടവയെല്ലാം സ്ത്രീകൾക്കും പുരുഷന്മാർക്കും പൊതുവായതാകുന്നു. ഇവക്കെല്ലാം പുറമെ പുരുഷന്മാർക്കു മാത്രം നിഷിദ്ധമാകുന്നവ താഴെ പറയുന്നു.

1-കൂട്ടിത്തുന്നിയവസ്ത്രം ധരിക്കൽ. എന്നാൽ ഇഹ്റാമിൽ ബെൽറ്റ്, വാച്ച്, കണ്ണട എന്നിവ ധരിക്കാം.
2-തലയിൽ ചേർന്നുനിൽക്കുന്ന വസ്തുക്കൾ കൊണ്ടു തലമറക്കൽ. കുട, കാർ, ടെൻറ് തുടങ്ങിയ തലയിൽതട്ടാത്ത വസ്തുക്കൾ കൊണ്ട് തലമറയുന്നതു തെറ്റില്ല.
3-കാലുറ ധരിക്കൽ. ചെരുപ്പ് ലഭ്യമായില്ലെങ്കിൽ നെരിയാണി മറയുന്ന കാലുറയും (ഖുഫ്ഫ) ധരിക്കാം.

<u>ഇതിൽ ഏതെങ്കിലുമൊന്നു ചെയ്തവർക്കു മൂന്നാൽ ഒരവസ്ഥയുണ്ടാകും</u>

1-അകാരണമായി ചെയ്യുന്നവൻ. അയാൾ കുറ്റക്കാരനാകുന്നു. അയാൾക്കു പ്രായശ്ചിത്തം നിർബന്ധം.

2-അത്യാവശ്യം നിമിത്തം ചെയ്തവൻ. അയാൾ കുറ്റക്കാരനാകില്ല. പക്ഷെ പ്രായശ്ചിത്തം ചെയ്യൽ നിർബന്ധം.

3-നിയമം അറിയാതെയോ മറന്നോ നിർബന്ധിതനായോ ചെയ്യുന്നവൻ. ഒഴികഴിവു ലഭിക്കുന്നവനാണ്. അവന് കുറ്റമൊന്നുമില്ല. പ്രായശ്ചിത്തവുമില്ല.

ത്വവാഫ്

മസ്ജിദുൽ ഹറാമിൽ പ്രവേശിക്കുമ്പോൾ വലതുകാൽ മുന്തിക്കുക.

بِسْمِ اللَّهِ وَالصَّلَاةُ والسلام عَلَى رَسُولِ اللَّهِ أَللَّهُمَّ اغْفِرْ لِي ذُنُوبِي وَافْتَحْ لِي أَبْوَابَ رَحْمَتِكَ

ബിസ്മില്ലാഹി വസ്സ്വലാതു വസ്സലാമു അലാറസൂലില്ലാഹി, അല്ലാഹുമ്മഗ്ഫിർലീ ദുനൂബീ, വഫ്തഹ്ലീ അബ്വാബ റഹ്മതിക എന്നു പറഞ്ഞു പ്രവേശിക്കുക.

അർത്ഥം: **അല്ലാഹുവിൻെറ പേരിൽ, അല്ലാഹുവിൻെറ തിരുദൂതരിൽ അവൻെറ കൃപാകടാക്ഷവും ശാന്തിയുമുണ്ടാകട്ടെ. അല്ലാഹുവേ, നിൻെറ കൃപാകവാടങ്ങൾ നീ എനിക്കു തുറന്നു തരേണമേ.**

ഇപ്രകാരം ചെയ്യൽ എല്ലാപള്ളികൾക്കും ബാധകമാകുന്നു. തുടർന്ന് ത്വാവാഫിനു വേണ്ടി കഅ്ബയുടെ നേരെ പോകുക.

അല്ലാഹുവിനുള്ള ഒരു ആരാധന എന്നനിലയിൽ കഅ്ബയെ ഇടതു വശത്താക്കി, ഹജറുൽ അസ്വദിൽ നിന്നും ആരംഭിച്ചു, അതിൽ തന്നെ അവസാനിക്കുന്ന ഏഴു പ്രദക്ഷിണം ചെയ്യലാകുന്നു ത്വവാഫ്. ഇതിനു വുദു നിർബന്ധമാണ ത്വവാഫിൻെറ രൂപം താഴെ പറയുന്നു.
1-ഹജറുൽ അസ്വദിൻെറ അടുത്തേക്കു പോകുക.

بِسْمِ اللَّهِ وأَللَّهُ أَكْبَرُ

ബിസ്മില്ലാഹി വല്ലാഹുഅക്ബർ എന്നു പറഞ്ഞു സാധ്യമെങ്കിൽ കല്ലിനെ ചുംബിക്കുക. സാധ്യമല്ലെങ്കിൽ വലതു കൈകൊണ്ടു അതിനെ തൊട്ടു മുത്തുക. തൊട്ടുമുത്താനും സാധിച്ചില്ലെങ്കിൽ ഹജറുൽ അസ്വദിൻെറ നേരെ തിരിഞ്ഞുനിന്നു അല്ലാഹുഅക്ബർ എന്നു പറഞ്ഞു കൊണ്ട് കൈകൊണ്ട് ആംഗ്യം കാണിക്കുക. കൈ ചുംബിക്കേണ്ടതില്ല. കഅ്ബയെ ഇടതു വശത്താക്കി **(നിലത്തു കാണുന്ന വീതിയുള്ള കറുത്തവരയിൽ നിന്നു)** ത്വവാഫ് ആരംഭിക്കുക. ഇഷ്ടമുള്ള പ്രാർത്ഥനകൾ നടത്താം. തനിക്കറിയാവുന്ന ഭാഷയിലാകാം. തനിക്കും മറ്റുള്ളവർക്കു വേണ്ടിയും പ്രാർത്ഥിക്കാം. ഖുർആൻ പാരയണമാകാം. ത്വവാഫിനു വേണ്ടി മാത്രം പ്രത്യേക പ്രാർത്ഥനകൾ ഇല്ല.
2-റുക്നുൽയമാനി(ഹജറുൽ അസ്വദിനു തൊട്ടുമുമ്പുള്ള മൂല) യിൽ എത്തിയാൽ,-സാധിക്കുമെങ്കിൽ

بِسْمِ اللَّهِ وأَللَّهُ أَكْبَرُ

ബിസ്മില്ലാഹി വല്ലാഹു അക്ബർ

എന്നു പറഞ്ഞുകൊണ്ട് അവിടെ തൊടുക. കൈ ചുംബിക്കേണ്ടതില്ല. സാധിച്ചില്ലെങ്കിൽ ത്വവാഫ് തുടരുക. കൈകൊണ്ടു ആംഗ്യം കാണിക്കുകയോ, തക്ബീർ ചൊല്ലുകയോ വേണ്ട. ഇവിടം മുതൽ ഹജറുൽ അസ്വദു വരെ

رَبَّنَا آتِنَا فِي الدُّنْيَا حَسَنَةً وَفِي الآخِرَةِ حَسَنَةً وَقِنَا عَذَابَ النَّارِ

റബ്ബനാ ആതിനാ ഫിദ്ദുൻയാ ഹസനതൻ വഫിൽ ആഖിറതി ഹസനതൻ വഖിനാ അദാബന്നാർ എന്ന് പ്രാർത്ഥിക്കൽ സുന്നത്താകുന്നു.

അർത്ഥം: **ഞങ്ങളുടെനാഥാ, ഇഹത്തിലും പരത്തിലും നീ ഞങ്ങൾക്കു നന്മ നൽകേണമേ, ഞങ്ങളെ നീ നരക ശിക്ഷയിൽ നിന്നു കാക്കേണമേ.**

3-ഹജറുൽ അസ്വദിൽ എത്തിയാൽ കൈകൊണ്ടു തൊടുക. സാധിച്ചില്ലെങ്കിൽ അല്ലാഹു അക്ബർ എന്നു പറഞ്ഞുകൊണ്ട് ആംഗ്യം കാണിക്കുക. ഇപ്പോൾ ഒരുത്വവാഫ് പൂർത്തിയായി. ബാക്കി പൂർത്തിയാക്കുവാൻ:

4-ഒന്നാമത്തെ വട്ടം ചെയ്തതു പോലെത്തന്നെ തുടരുക. അങ്ങനെ ഏഴുപ്രാവശ്യം പൂർത്തിയാക്കുക. ഹജറുൽ അസ്‌വദിൻെറ അടുത്തെത്തുമ്പോളും, ഏഴാം പ്രാവശ്യം അവസാനിക്കുമ്പോളും അല്ലാഹു അക്ബർ എന്നു പറയുക. ആദ്യത്തെ മൂന്നുവട്ടം കാലടികൾ അടുപ്പിച്ചു വച്ചുകൊണ്ട് അൽപം വേഗത കൂട്ടി നടക്കുക. ബാക്കിയുള്ള നാലെണ്ണത്തിൽ സാധാരണ നടത്തവുമായിരിക്കണം. ത്വവാഫിൻെറ സമയത്ത് മേൽമുണ്ട് വലതു കക്ഷത്തിനു താഴെയാക്കി രണ്ടറ്റങ്ങളും ഇടതു ചുമലിൽ വരത്തക്ക വിധം ആക്കുക. ഇതിന് إضطباع എന്നാണ് പറയുക. വേഗതയിലുള്ള നടത്തവും മേൽമുണ്ട് ഇപ്രകാരം ചെയ്യുന്നതും ആദ്യത്തെ ത്വവാഫിൽ മാത്രമേ സുന്നത്തുള്ളു.

ത്വവാഫിനു ശേഷം

ഇബ്റാഹീം മഖാമിൻെറ പിന്നിൽ നിന്നു, കഅ്ബയുടെ നേരെ തിരിഞ്ഞു രണ്ടുറക്അത് നമസ്കരിക്കൽ സുന്നത്താകുന്നു. മഖാമുഇബ്റാഹീം തൻെറയും കഅ്ബയുടെയും ഇടയിൽ വരണം. ഒന്നാമത്തെ റക്അത്തിൽ ഫാതിഹെക്കു ശേഷം സൂറത്തുൽ കാഫിറൂൻ (ഖുൽയാഅയ്യുഹൽ കാഫിറൂൻ) ഓതുക. രണ്ടാമത്തെതിൽ സൂറത്തുൽ ഇഖ്ലാസ്വ് (ഖുൽഹുവല്ലാഹു അഹദ്) ഓതുക. തിരക്കു കാരണം മഖാമിൻെറ പിന്നിൽ നിന്നു നമസ്കരിക്കാൻ സാധിച്ചില്ലെങ്കിൽ, മസ്ജിദുൽഹറാമിൽ എവിടെ വച്ചും ഇതു നിർവ്വഹിക്കാം. തുടർന്നു സംസം വെള്ളം കുടിക്കൽ സുന്നത്താകുന്നു. അതു വയറു നിറയെ കുടിക്കണം.

സഅ്യ്

ഇനി സഅ്യിനു വേണ്ടി സ്വഫയിലേക്കു പോകുക. അവിടെയെത്തിയാൽ

إِنَّ الصَّفَا وَالْمَرْوَةَ مِنْ شَعَائِرِ اللَّهِ (البقرة:١٥٨)

'ഇന്നസ്സ്വഫാ വലമർവത മിൻശആഇരില്ലാഹി'

എന്ന് ഓതുക.

സ്വഫയിൽ കയറി, കഅ്ബയെ കാണുന്ന രൂപത്തിൽ നിൽക്കുക. കഅ്ബക്കു നേരെ തിരിഞ്ഞു നിന്ന് അൽഹംദുലില്ലാഹി എന്ന് പറഞ്ഞു, രണ്ടു കൈകളും ഉയർത്തി

لاَإِلَهَ إِلاَّ اللَّهُ وَاللَّهُ أَكْبَرُ، وَلاَإِلَهَ إِلاَّ اللَّهُ وَحْدَهُ لاَ شَرِيكَ لَهُ لَهُ الْمُلْكُ وَلَهُ الْحَمْدُ يُحْيِي وَيُمِيتُ وَهُوَ عَلَى كُلِّ شَيْءٍ قَدِيرٌ لاَ إِلَهَ إِلاَّ اللَّهُ وَحْدَهُ أَنْجَزَ وَعْدَهُ وَنَصَرَ عَبْدَهُ وَهَزَمَ الأَحْزَابَ وَحْدَهُ.

'ലാഇലാഹ ഇല്ലല്ലാഹു, വല്ലാഹു അക്ബർ, ലാഇലാഹ ഇല്ലല്ലാഹു വഹ്ദഹൂ ലാശരീക ലഹൂ, ലഹുൽ മുൽകു വലഹുൽ ഹെംദു യുഹ്‌യീ വയുമീതു, വഹുവ അലാ കുല്ലിശയ്ഇൻ ഖദീർ. ലാഇലാഹ ഇല്ലല്ലാഹു വഹ്ദഹൂ, അൻജസ വഅ്ദഹൂ, വനസ്വറ അബ്ദഹൂ, വഹസമൽ അഹ്സാബ വഹ്ദഹൂ'

എന്നു ചൊല്ലി സുദീർഘമായി പ്രാർത്ഥിക്കുക.

അർത്ഥം: **അല്ലാഹുവല്ലാതെ മറ്റൊരാരാധ്യനുമില്ല. അല്ലാഹു ഏറ്റവും മഹാനാണ്. അല്ലാഹുവല്ലാതെ മറ്റൊരാരാധ്യനുമില്ല. അവൻ ഏകൻ, അവന്ന് ഒരു പങ്കുകാരുമില്ല. രാജാധിപത്യം അവന്നുള്ളതാണ്. സ്തുതിയും അവന്നുള്ളത് തന്നെ. അവൻ ജീവിപ്പിക്കുകയും മരിപ്പിക്കുകയും ചെയ്യുന്നു. അവൻ സർവ്വശക്തനാണ്. അല്ലാഹുവല്ലാതെ മറ്റൊരാരാധ്യനുമില്ല. അവൻ ഏകൻ മാത്രം. തൻെറ വാഗ്ദത്തം അവൻ നിറവേറ്റി., തൻെറ അടിമയെ സഹായിച്ചു, ശത്രുസേനകളെ അവൻ ഒറ്റക്ക് പരാജയപ്പെടുത്തി.**

പ്രാർത്ഥനകളെല്ലാം മൂന്നുപ്രാവശ്യം ആവർത്തിക്കുക.

അവിടെ നിന്നും ഇറങ്ങി മർവയുടെ നേരെ നടക്കുക. പച്ച അടയാളമുള്ള സ്ഥലത്തെത്തിയാൽ കഴിയും പ്രകാരം അൽപം വേഗത കൂട്ടുക. അടുത്ത പച്ചഅടയാളം വരെ മാത്രം. ഇതു മറ്റുള്ളവർക്കു വിഷമമാകുന്ന വിധത്തിലായിരിക്കരുത്. **സ്ത്രീകൾ ഓടാൻ പാടില്ല.** മർവയിൽ എത്തിയാൽ അതിൽ കയറി കഅ്ബക്കുനേരെ തിരിഞ്ഞു നിൽക്കുക. രണ്ടു കൈകളും ഉയർത്തി സ്വഫയിൽ പറഞ്ഞതു പോലെ പറയുക. ഇതോടെ ഒരുസഅ്യ് പൂർത്തിയായി. പ്രാർത്ഥനക്കു ശേഷം മർവയിൽ നിന്നും ഇറങ്ങി സ്വഫയിലേക്കു പോകുക. ഒന്നാം സഅ്യിൽ ചെയ്തതു പോലെ തന്നെ ചെയ്യുക. 7 സഅ്യിലും പ്രാർത്ഥനകൾ ധാരാളമായി ചൊല്ലുന്നത് സുന്നത്താകുന്നു.

സഅ്യിനു ശേഷം മുടിയെടുക്കുക. ഇതോടെ ഉംറ അവസാനിക്കും.

ഉംറയുടെ റുക്നുകൾ

1-ഇഹ്റാം. 2-ത്വവാഫ്. 3-സഅ്യ്.
ഇതിൽ ഏതെങ്കിലുമൊന്ന് വിട്ടുപോയാൽ, വിട്ടുപോയത് വീണ്ടും ചെയ്യാതെ ഉംറ സ്വഹീഹാകുകയില്ല.

ഉംറയുടെ വാജിബുകൾ

1-ഇഹ്റാം മീഖാത്തിൽ വച്ച് ചെയ്യുക. 2-മുടി മുറിക്കുക അല്ലെങ്കിൽ വടിക്കുക.
ഇതിൽ ഏതെങ്കിലുമൊന്ന് വിട്ടുപോയാൽ മൃഗത്തെ അറുത്ത് മാംസം ഹറമിലുള്ള അഗതികൾക്ക് നൽകണം.

المنهج التعليمي

പാഠക്കുറിപ്പുകൾ

<u>പ്രസാധകർ</u>

ഫോറിനേർസ് ഗൈഡൻസ് ഓഫീസ്,
പി.ബി. നമ്പർ: 182, അസ്സുൽഫീ. 11932
സുഊദി അറേബ്യ.

ഫോൺ: 00966-6-4225657, ഫാക്സ്: 064224234

പകർപ്പവകാശം പ്രസാധകർക്കു മാത്രം
രേഖാമൂലമുള്ള അനുവാദ പ്രകാരമല്ലാതെ പ്രസിദ്ധീകരിക്കാൻ പാടുള്ളതല്ല.

FOREIGNERS' GUIDANCE OFFICE,
P.B. No: 182, Azzulfi-11932, Phone: 06-4225657, Fax: 06-4224234
Kingdom of Saudi Arabia.

بسم الله الرحمن الرحيم

മുഖവുര

സർവസ്തുതിയും അല്ലാഹുവിനാകുന്നു. നാം അവനെ സ്തുതിക്കുന്നു. അവനോട് സഹായമർത്ഥിക്കുന്നു. അവനോട് പാപമോചനം തേടുന്നു. നമ്മുടെ മനസ്സുകളിലെ തിന്മകളിൽ നിന്നും ചീത്ത പ്രവൃത്തികളിൽ നിന്നും അല്ലാഹുവിൽ ശരണം തേടുകയും ചെയ്യുന്നു. അല്ലാഹു ആരെ സന്മാർഗത്തിലാക്കിയോ, അവനെ ദുർമാർഗത്തിലാക്കുന്നവനില്ല. അല്ലാഹു ആരെ ദുർമാർഗ്ഗത്തിലാക്കിയോ, അവനെ സന്മാർഗ്ഗത്തിലാക്കുന്നവനുമില്ല. ആരാധനക്കർഹൻ അല്ലാഹുവല്ലാതെ മററാരുമില്ല. അവൻ ഏകനും പങ്കുകാരനില്ലാത്തവനുമാണെന്ന് ഞാൻ സാക്ഷ്യം വഹിക്കുന്നു. മുഹമ്മദ് നബി ﷺ അല്ലാഹുവിന്റെ ദാസനും ദൂതനുമാണെന്നും ഞാൻ സാക്ഷ്യം വഹിക്കുന്നു.

അല്ലാഹുവിന്റെ മാർഗത്തിലുള്ള ഒരു സൽപ്രവൃത്തി ആയിത്തീരേണമേ എന്ന പ്രാർത്ഥനയോടെ, 'പാഠ കുറിപ്പുകൾ' എന്ന ഈ കൃതി നിങ്ങളുടെ മുന്നിൽ സമർപ്പിക്കുന്നതിൽ അതിയായ സന്തോഷമുണ്ട്.

ഇസ്ലാമിലെ വിശ്വാസ-അനുഷ്ഠാന കാര്യങ്ങളും, ഒരു മുസ്ലിം തന്റെ ജീവിതത്തിൽ അത്യാവശ്യമായി അറിഞ്ഞിരിക്കേണ്ട ചില കാര്യങ്ങളും അയത്നലളിതമായ ഭാഷയിലും ശൈലിയിലും തയ്യാറാക്കി അവതരിപ്പിക്കുകയാണ് ഈ കുറിപ്പുകളിലൂടെ.

മുസ്ലിംകളെ അവരുടെ മതത്തിന്റെ പ്രാഥമിക കാര്യങ്ങൾ പഠിപ്പിക്കുവാൻ ഉദ്ദേശിക്കുന്നവർക്ക് ഇതൊരു മാർഗ്ഗരേഖയാകട്ടെ എന്നു ഞങ്ങൾ ആശിക്കുന്നു.

ഇതിൽ ഞങ്ങൾ ഒരിക്കലും പരിപൂർണ്ണത അവകാശപ്പെടുന്നില്ല. മിറച്ച് ആവശ്യനിർവ്വഹണത്തിനുള്ള ഒരു ശ്രമം മാത്രമാണിത്. മുസ്ലിംകൾക്ക് മതവിജ്ഞാനം നൽകുന്ന കാര്യത്തിൽ ഞങ്ങളുടെയും എളിയ പങ്കാളിത്തം എന്ന ചാരിതാർത്ഥ്യവും.

ഇതിലുള്ള ശരികളെല്ലാം അല്ലാഹുവിന്റെ അനുഗ്രഹത്താലാകുന്നു. പിഴവുകൾ ഞങ്ങളിൽ നിന്നും പിശാചിൽ നിന്നും മാത്രമാകുന്നു.

മനുഷ്യരാരും സമ്പൂർണ്ണരല്ലല്ലോ. പിഴവുകൾ കണ്ടേക്കാം. ശ്രദ്ധയിൽ പെടുന്നവർ അറിയിക്കണമെന്ന് വിനീതമായി അപേക്ഷ. അടുത്ത പതിപ്പിൽ തിരുത്താമല്ലോ. إن شاء الله

وصلى الله وسلم وبارك على نبينا محمد وعلى آله وصحبه أجمعين